കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 5

# തിരുനാളുകൾ

ഡോ. മൈക്കിൾ കാരിമറ്റം



# തിരുനാളുകൾ

ഡോ. മൈക്കിൾ കാരിമറ്റം



വിശുദ്ധമായ ഓർമ്മകൾ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന അവസരങ്ങളാണ് തിരുനാളുകൾ. ഇവിടെ ദൈവ-മനുഷ്യബന്ധത്തിന് മുഖ്യസ്ഥാനം നൽകപ്പെടുന്നു. മനുഷ്യബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ സഹായകമാകുന്ന പെരുന്നാളുകളിൽ ബാഹ്യമായ ആഘോഷങ്ങൾക്കായിരിക്കും കൂടുതൽ പ്രാധാന്യം. സാമൂഹികജീവിതത്തിൽ ഇവ രണ്ടിനും സ്ഥാനമുണ്ട്. എന്നാൽ പലപ്പോഴും തിരുനാളുകൾ ബാഹ്യാഘോഷങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പെരുന്നാളുകളായി അധഃപതിക്കുന്ന ഒരു പ്രവണത മിക്കവാറും എല്ലാ മതങ്ങളിലും കാണാം.

ഈ സാഹചര്യത്തിൽ തിരുനാളുകളെക്കുറിച്ച് ബൈബിളും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളും എന്തു പഠിപ്പിക്കുന്നു എന്ന ഒരന്വേഷണമാണ് ഈ ഗ്രന്ഥം മുഖ്യമായും ലക്ഷ്യം വയ്ക്കുന്നത്. അതോടൊപ്പം നാട്ടിൽ നിലനിൽക്കുന്ന സാംസ്കാരികാചാരങ്ങളോടും ഉത്സവാഘോഷങ്ങളോടും ക്രൈസ്തവന്റെ നിലപാട് എന്തായിരിക്കണം എന്ന്, തിരുവോണം, ദീപാവലി എന്ന രണ്ട് ദേശീയോത്സവങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യാൻ ശ്രമിക്കുന്നു. അനുസ്മരണങ്ങളും ആഘോഷങ്ങളും ജനതകളെ പരസ്പരം ഐക്യത്തിലേക്കു നയിക്കാൻ സഹായകമാകണം എന്ന ഒരു ലക്ഷ്യവും ഈ വിശകലനങ്ങളുടെ പിന്നിലുണ്ട്.

**atma books**
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

atma
book with a soul

ISBN: 978-93-93969-42-2

₹ 160

Scripture

Available at: amazon.in & atmabooks.com

കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 5

# തിരുനാളുകൾ

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലൊരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും
18. സഹായകൻ

# തിരുനാളുകൾ

ഡോ. മൈക്കിൾ കാരിമറ്റം

pavan atma®
book with a soul

atmabooks@gmail.com

Malayalam
*Thirunalukal*
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: April 2022

ISBN: 978-93-93969-42-2

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


**ആമുഖം** 07

**1. തിരുനാളുകൾ** 11

ഇസ്രായേലിലെ തിരുനാളുകൾ - അധഃപതനം - പ്രവാചകപ്രതിഷേധം - പ്രവാസാനന്തരം - യേശുവിന്റെ നിലപാട് - തിരുനാളുകൾ സഭയിൽ - പള്ളിപ്പെരുന്നാളുകൾ - തിരുനാളുകളെ തിരിച്ചുകൊണ്ടുവരണം - ഉപസംഹാരം

**2. ഞായറാഴ്ച - കർത്താവിന്റെ ദിനം** 42

ഞായറാഴ്ചയാചരണത്തിന്റെ വിവിധ മാനങ്ങൾ

**3. ജൂബിലി അർത്ഥവും ലക്ഷ്യവും** 49

ജൂബിലി - അർത്ഥം - സാബത്തും ജൂബിലിയും - ജൂബിലി നിയമങ്ങൾ - യേശുവിന്റെ വീക്ഷണത്തിൽ - കൃതജ്ഞതയുടെ അവസരം - പങ്കുവയ്ക്കാൻ ആഹ്വാനം - വലിയൊരു പ്രതീകം - ഉറവിടങ്ങളിലേക്കു മടങ്ങണം

**4. ഉപവാസവും നോമ്പും പഴയനിയമ വീക്ഷണത്തിൽ** 57

പദപ്രയോഗം - അനുഷ്ഠാനങ്ങൾ - ലക്ഷ്യം - പ്രവാചക വീക്ഷണം - ഉപസംഹാരം

**5. പാഥേയം** 68

ഏലിയായുടെ അനുഭവം - മരുഭൂമിയിലെ മന്നാ - ഊട്ടുമേശ - കൂട്ടായ്മയുടെ ഉറവിടം - ഉപസംഹാരം

**6. ധ്യാനങ്ങളും വിശ്വാസപരിശീലനവും** 78

പാളം തെറ്റുന്ന പ്രവണതകൾ - ഉപസംഹാരം

**7. തിരുവോണം** 87

മതാന്തരസംവാദം - ഓണം - സാംസ്കാരികാഘോഷം - ആചാരങ്ങൾക്കു പിന്നിലെ വിശ്വാസങ്ങൾ - സഭയുടെ നിലപാട് - സത്യം കഥാരൂപത്തിൽ - പറുദീസാ നഷ്ടം - അധിനിവേശത്തിന്റെ അനുസ്മരണം - ഓണം ഒരു സ്വപ്നം - മഹാബലി - മർദ്ദിതന്റെ പ്രത്യാശ - ഉപസംഹാരം

8. ദീപാവലി - പ്രകാശത്തിന്റെ ആഘോഷം 103

ദീപാവലി - ഒരു കാർഷികോത്സവം - പ്രകാശത്തിന്റെ ആഘോഷം - പുരാണങ്ങളുടെ ഭാഷയിൽ - ആഘോഷങ്ങൾ - ചടങ്ങുകൾ - പ്രകാശത്തിന്റെ ആഘോഷം ബൈബിളിൽ - കൂടാരത്തിരുനാൾ (സുക്കോത്ത്) - പ്രതിഷ്ഠാതിരുനാൾ (ഹനുക്കാ) - യേശു ലോകത്തിന്റെ പ്രകാശം - ക്രിസ്മസ് - ദനഹാ - അസ്തമിക്കാത്ത പ്രകാശം - ഉപസംഹാരം

# തിരുനാൾ - പെരുന്നാൾ

## ആമുഖം

"*നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല. നിങ്ങൾ ദഹനബലികളും ധ്യാനബലികളും അർപ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല... നിങ്ങളുടെ ഗാനങ്ങളുടെ ശബ്ദം എനിക്കു കേൾക്കേണ്ടാ... നീതി ജലംപോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽപോലെയും*" (ആമോസ് 5, 21-24). തിരുനാളുകളും ഉത്സവങ്ങളും ആഘോഷിക്കണം എന്നു കല്പിച്ച ദൈവം തന്നെയാണോ ഉത്സവാഘോഷങ്ങൾക്കെതിരേ ഇത്ര ശക്തമായി പ്രതിഷേധിക്കുന്നത് എന്ന സംശയം തോന്നാം.

സാബത്ത്, പെസഹാ, പന്തക്കുസ്താ, പുതുവത്സരം, പാപപരിഹാരദിനം, കൂടാരത്തിരുനാൾ, പുരിംതിരുനാൾ, പ്രതിഷ്ഠാതിരുനാൾ എന്നിങ്ങനെ അനേകം തിരുനാളുകൾ ആഘോഷിക്കാൻ ദൈവം തന്നെ നല്കിയ നിർദ്ദേശങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ലേവ്യർ 23; എസ്തേർ 9, 20-32; 1 മക്ക 5, 59). പിന്നെ എന്തേ അതിനെതിരേ പ്രവാചകന്മാർ രൂക്ഷവിമർശനങ്ങളുമായി രംഗത്തു വരുന്നു? സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആമോസ് മാത്രമല്ല, വിശുദ്ധിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ഏശയ്യായും സമാനമായ വിമർശനങ്ങൾ ഉയർത്തുന്നുണ്ട്. "*നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു അവ എനിക്ക് ദുസ്സഹമായിരിക്കും*" (ഏശ 1, 14). എന്തേ ഇങ്ങനെ പരസ്പരവിരുദ്ധമായ വീക്ഷണങ്ങൾ ബൈബിളിൽ?

വിശുദ്ധ ദിവസം എന്നാണല്ലോ തിരുനാൾ എന്ന വാക്കിനർത്ഥം; ആഘോഷത്തിന്റെ ദിവസം എന്നു പെരുന്നാളിനും. തിരുനാളുകൾ വെറും പെരുന്നാളുകൾ മാത്രമായി ചുരുങ്ങിപ്പോകു

ന്നതിനെതിരേയുള്ള പ്രതിഷേധവും, ചോർന്നുപോയ അർത്ഥം വീണ്ടെടുക്കാനുള്ള ആഹ്വാനവുമാണ് പ്രവാചക വചനങ്ങളിൽ മുഴങ്ങുന്നത്. പഴയനിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും ഇപ്രകാരമുള്ള ഒരു പുനർവിചിന്തനത്തിനും മടക്കയാത്രയ്ക്കുമുള്ള ആഹ്വാനങ്ങൾ മുഴങ്ങുന്നുണ്ട്. തിരുനാളുകൾ എന്ന ആദ്യ അധ്യായത്തിൽ ഈ പ്രമേയം ആനുകാലികപ്രസക്തിയുടെ വെളിച്ചത്തിൽ സാമാന്യം വിശദമായി വിശകലനം ചെയ്യുന്നു.

തിരുനാളുകളിൽ സുപ്രധാനമാണ് പഴയനിയമത്തിൽ സാബത്താചരണം. ക്രിസ്തുസഭയിൽ, യേശുവിന്റെ പുനരുത്ഥാനം അനുസ്മരിച്ചാഘോഷിക്കുന്ന ഞായറാഴ്ച, അഥവാ കർത്താവിന്റെ ദിവസത്തെ രണ്ടാം അധ്യായത്തിൽ അപഗ്രഥിക്കുന്നു. ബൈബിൾ നിർദ്ദേശിക്കുന്നതും ഇന്നു വിപുലമായി ആഘോഷിക്കപ്പെടുന്നതുമായ ഒന്നാണ് ജൂബിലി. അതിന്റെ അർത്ഥവും ലക്ഷ്യവും പ്രസക്തിയുമാണ് മൂന്നാം അധ്യായത്തിന്റെ വിഷയം.

തിരുനാളുകളോടനുബന്ധിച്ചു നടത്തുന്ന വിവിധങ്ങളായ ഉപവാസവും നോമ്പും നാലാമത്തെ അധ്യായത്തിൽ വിശകലനം ചെയ്യുന്നു. തിരുനാളാഘോഷങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതാണ് യേശുവിന്റെ പെസഹാരഹസ്യം അനുദിനം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വിശുദ്ധ കുർബാന. ഒരേസമയം യേശുവിന്റെ മരണവും ഉത്ഥാനവും പ്രഘോഷിക്കുന്ന, യേശു തന്നെ തന്റെ ബലിയിലൂടെ നമുക്ക് ആഹാരമായി സ്വയം മുറിച്ചു വിഭജിച്ചു നല്കുന്ന തിരുനാളിന്റെ അർത്ഥതലങ്ങൾ “പാഥേയം” എന്ന അഞ്ചാം അധ്യായത്തിൽ പഠനവിഷയമാക്കുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണ് വിശ്വാസം. വിശ്വാസസത്യങ്ങൾ പഠിക്കണം, വിശ്വസിക്കണം, പരിശീലിക്കണം, അതനുസരിച്ച് ജീവിക്കണം. ഇതിനു സഹായകമാണ് മതബോധനം. മുതിർന്നവർക്കു നല്കുന്ന മതബോധനത്തിൽ വിവിധങ്ങളായ ധ്യാനങ്ങൾക്ക് ഏറെ പ്രസക്തിയും പ്രാധാന്യവുമുണ്ട്. അതേസമയം ചിലപ്പോഴെങ്കിലും ധ്യാനങ്ങളും ചില ധ്യാനഗുരുക്കളും വിശ്വാസികളെ വഴിതെറ്റിക്കുന്നുവോ എന്ന സംശയം നിലനില്ക്കുന്നു. എന്തായിരിക്കണം ധ്യാനങ്ങളുടെ യഥാർത്ഥലക്ഷ്യം എന്ന ആറാമത്തെ അധ്യായം അന്വേഷണ വിഷയമാക്കുന്നു.

കത്തോലിക്കാസഭ ഔദ്യോഗികമായി പ്രോത്സാഹിപ്പിക്കു

കയും അതേസമയം ആവശ്യകമായ നിർദ്ദേശങ്ങൾ നല്കി നിയന്ത്രിക്കുകയും ചെയ്യുന്നതാണ് സാംസ്കാരികാനുരൂപണം. ഭാരതത്തിൽ പൊതുവേ ആഘോഷിക്കപ്പെടുന്ന തിരുവോണം, ദീപാവലി എന്ന രണ്ട് ഉത്സവങ്ങളും അവയെക്കുറിച്ചുള്ള ക്രൈസ്തവകാഴ്ചപ്പാടും അവസാനത്തെ രണ്ട് അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നു.

രക്ഷാകര സംഭവങ്ങൾ അനുസ്മരിക്കാനും ദൈവ-മനുഷ്യ ബന്ധങ്ങൾ കൂടുതൽ ദൃഢപ്പെടുത്താനും തിരുനാളുകൾ ഉപകരിക്കണം. അതോടൊപ്പം സാമൂഹികബന്ധങ്ങളെ ഊട്ടിഉറപ്പിക്കാനും ശക്തിപ്പെടുത്താനും പെരുന്നാളുകൾ സഹായിക്കണം. ഇവ രണ്ടും ചേരുന്ന ഉത്സവങ്ങൾ അർത്ഥം ചോർന്നുപോകാതെ സൂക്ഷിക്കാൻ ഏവർക്കും കടമയുണ്ട്; പ്രത്യേകിച്ചും സംഘാടകർക്ക്. ദേശിയോത്സവങ്ങളും പെരുന്നാളുകളും, ജാതിമതഭേദമെന്നിയേ എല്ലാവർക്കും സസന്തോഷം ആഘോഷിക്കാനും, ഈ ആഘോഷങ്ങൾ തന്നെ മതസൗഹാർദ്ദവും സാഹോദര്യവും ഊട്ടി ഉറപ്പിക്കാനുള്ള അവസരങ്ങളാകാനും സർവ്വശക്തനായ ദൈവം ഇടവരുത്തട്ടെ!

# 1

## തിരുനാളുകൾ

**ആമുഖം**

*"നിന്റെ ദൈവമായ കർത്താവ് തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ച് നീയും നിന്റെ മകനും മകളും ദാസനും ദാസിയും നിന്റെ പട്ടണത്തിലുള്ള ലേവ്യനും നിന്റെ ഇടയിലുള്ള പരദേശിയും അനാഥനും വിധവയും അവിടുത്തെ മുമ്പിൽ സന്തോഷിക്കണം. ഈജിപ്തിൽ നീ അടിമയായിരുന്നു എന്ന് ഓർമ്മിക്കുക. ഈ കല്പനകളെല്ലാം ശ്രദ്ധാപൂർവ്വം അനുസരിക്കണം"* (നിയ 16, 11-2).

ആഘോഷങ്ങളില്ലാത്ത ജനതകളില്ല. ഏതെങ്കിലും വിധത്തിൽ, ഏതെങ്കിലുമൊക്കെ അവസരങ്ങളിൽ ആഘോഷിക്കുക സകല ജനതകളുടെയും ജീവിതത്തിന്റെ തന്നെ ഭാഗമാണ്. അനുദിന ജീവിതത്തിന്റെ വിരസതകളും അധ്വാനഭാരവും ദുഃഖങ്ങളും തകർച്ചയും നിരാശയും ഒക്കെ മറന്ന്, അല്പസമയത്തേക്കെങ്കിലും സന്തോഷിക്കാനുള്ള അവസരങ്ങളാണ് ആഘോഷങ്ങൾ. അതു വ്യക്തികളുടെയും കുടുംബങ്ങളുടെയും പശ്ചാത്തലത്തിലായിരിക്കാം. വിവാഹം, ജന്മദിനം, മുതലായവ ഇപ്രകാരമുള്ള ആഘോഷങ്ങളാകുന്നു. അല്ലെങ്കിൽ സമൂഹത്തിന്റെ മുഴുവൻ ആഘോഷമാകാം. അത് വിളവെടുപ്പുമായി ബന്ധപ്പെട്ടതോ, വർഷത്തിന്റെ ചില പ്രത്യേകതകളുടെ അടിസ്ഥാനത്തിലോ ആയിരിക്കാം - നമ്മുടെ നാട്ടിലെ ഒണവും വിഷുവും പോലെ.

ഈ ആഘോഷങ്ങൾക്ക് സാവകാശം മതാത്മകമായ വിശദീകരണങ്ങളും നിബന്ധനകളും ചട്ടക്കൂടുകളും കൈവന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും മതാത്മകതയുടെ സ്വാധീനം ഉണ്ടായതിന്റെ ഫലമാണിത്. അപ്പോൾ കാർഷികാഘോഷങ്ങൾ മതാചാരങ്ങളുമായി ബന്ധപ്പെട്ടു; പോരാ മതാചാരങ്ങളായി മാറി. ഓരോ മതത്തിന്റെയും വിശ്വാസസംഹിതകൾക്കനുസൃതമായി

തിരുനാളുകൾക്കു വിശദീകരണങ്ങൾ നല്കപ്പെട്ടു; ആഘോഷങ്ങൾക്ക് ആചാരക്രമങ്ങളും.

## 1. ഇസ്രായേലിലെ തിരുനാളുകൾ

ഇപ്രകാരമുള്ള തിരുനാളുകൾ ഇസ്രായേൽ ജനതയ്ക്കിടയിലുമുണ്ടായിരുന്നു. ഇസ്രായേൽ ജനം ആഘോഷിച്ചിരുന്ന തിരുനാളുകളുടെ പട്ടിക ലേവ്യർ 23, 25 അധ്യായങ്ങളിൽ കാണാം; നിയ 16-ാം അധ്യായത്തിലും. ഈ തിരുനാളുകളിൽ ചിലത് ക്രിസ്തുസഭയും ഏറ്റെടുത്ത് ആഘോഷിക്കുന്നുണ്ട്; അവയ്ക്കു പുറമേ പല തിരുനാളുകളും കത്തോലിക്കാസഭ ആഘോഷിക്കുന്നു.

പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുനാൾ എന്നിവയായിരുന്നു ഇസ്രായേലിലെ ഏറ്റം പഴയതും പ്രധാനപ്പെട്ടതുമായ തിരുനാളുകൾ. ഈജിപ്തിലെ ആദ്യജാതന്മാരെ വധിച്ച സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ഭവനങ്ങളെ തൊടാതെ കടന്നുപോയതിന്റെ അനുസ്മരണമാണ് പെസഹാത്തിരുനാളിന്റെ മുഖ്യവിഷയം. കടന്നുപോകുക എന്നാണ് "പാസഹ്" എന്ന ഹീബ്രുവാക്കിനർത്ഥം; പെസഹാ എന്നാൽ കടന്നുപോകൽ എന്നും. അതോടൊപ്പം ദാസ്യഭവനമായ ഈജിപ്തിൽനിന്ന് ചെങ്കടലും മരുഭൂമിയും കടന്നു സ്വാതന്ത്ര്യത്തിന്റെ നാടായ വാഗ്ദത്തഭൂമിയിലേക്കു യാത്രചെയ്തതും ഈ തിരുനാളിന്റെ ആഘോഷ വിഷയമാണ്. സീനായ് മലയിൽവച്ച് ദൈവം ഇസ്രായേൽ ജനവുമായി ചെയ്ത ഉടമ്പടിയുടെ അനുസ്മരണവും ആഘോഷവുമായിരുന്നു അമ്പതാം ദിവസം എന്നർത്ഥമുള്ള പന്തക്കുസ്താതിരുനാൾ. മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ ദൈവം നല്കിയ സംരക്ഷണത്തെ കൂടാരതിരുന്നാളിൽ, കൂടാരങ്ങളിൽ വസിച്ചുകൊണ്ട് ആഘോഷിക്കുന്നു.

എന്നാൽ ഈ മൂന്നു തിരുനാളുകളും തുടക്കത്തിൽ ആ ജനത്തിന്റെ അനുദിനജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ നിന്നു രൂപംകൊണ്ടതാണെന്ന് അധികമാർക്കും അറിയില്ല. പെസഹാത്തിരുനാൾ മരുഭൂമിയിൽനിന്ന് ആട്ടിൻപറ്റവുമായി കൊയ്ത്തു കഴിഞ്ഞ വിളഭൂമിയിലേക്കു കടന്നുപോകുന്ന ഇടയജനത്തിന്റെ ആഘോഷമായിരുന്നു. കർഷകരായിരുന്ന കാനാൻകാരുടെ പുത്തരിത്തിരുനാളാണ് ഇസ്രായേൽക്കാർ പെസഹായോടനുബന്ധിച്ച്

പുളിപ്പില്ലാത്ത അപ്പങ്ങളുടെ തിരുനാളായി ആഘോഷിച്ചത്. ധാന്യ ക്കൊയ്ത്ത് അവസാനിക്കുന്നതിന്റെ ആഘോഷമായിരുന്നു പന്ത ക്കുസ്താ - ആഴ്ചകളുടെ തിരുനാൾ. പഴവർഗ്ഗങ്ങൾ ശേഖരിച്ചു കഴിയുമ്പോൾ പുതുവീഞ്ഞുകുടിച്ച് ആഘോഷിച്ചിരുന്നതാണ് കൂ ടാരത്തിരുനാളായി പരിണമിച്ചത്.

ഇവയ്ക്കു പുറമെ സുപ്രധാനമായ ഒരു തിരുനാളായിരുന്നു പാപപരിഹാരദിനം (ലേവ്യർ 16), പ്രധാന പുരോഹിതൻ തന്റെയും പുരോഹിതരുടെയും ജനം മുഴുവന്റെയും പാപത്തിനു പരിഹാ രമായി ബലിയർപ്പിക്കുന്ന ദിവസം. ബലിയർപ്പണത്തിലൂടെ പാപം മറയ്ക്കുന്നു, ദൈവം ഇനി അവ അനുസ്മരിക്കുകയില്ല എന്നു സൂചിപ്പിക്കാനാണ് മറയ്ക്കുക എന്നർത്ഥമുള്ള "*കാപ്പെർ*" എന്ന ക്രിയയിൽനിന്നു രൂപംകൊണ്ട "*യോം കിപ്പൂർ*" എന്ന പേര് ഈ തിരുനാളിനു കൈവന്നത്; മറയ്ക്കപ്പെടുന്ന ദിവസം എന്നർത്ഥം. എസ്തേർ രാജ്ഞിയുടെ മാധ്യസ്ഥ്യത്തിലൂടെ ഇസ്രായേൽ ജന ത്തിനു കൈവന്ന രക്ഷയെ അനുസ്മരിപ്പിക്കുന്നതായിരുന്നു "*പൂരിം*" തിരുനാൾ. നമുക്ക് അഥവാ കുറി എന്നാണ് പൂരിം എന്ന ഹീബ്രുവാക്കിനർത്ഥം. ഇസ്രായേൽക്കാരെ ഒന്നടക്കം വധിക്കാൻ ദിവസം തീരുമാനിക്കാൻവേണ്ടി ഹാമാൻ നറുക്കിട്ട് തീരുമാനിച്ച അതേ ദിവസം ദൈവം ഇസ്രായേൽക്കാർക്ക് വലിയ സംരക്ഷണം നൽകിയതിന്റെ ഓർമ്മയാണ് ഈ തിരുനാളിൽ ആഘോഷിക്കു ന്നത് (എസ്തേർ 9, 20-28). ഗ്രീക്കു രാജാവായ അന്തിയോക്കസ് നാലാമൻ അശുദ്ധമാക്കിയ ജറുസലെം ദേവാലയം യൂദാസ് മ ക്കബേയൂസിന്റെ നേതൃത്വത്തിൽ വീണ്ടെടുത്ത്, വിശുദ്ധീകരിച്ച്, പുനഃപ്രതിഷ്ഠിച്ചതിനെ പ്രതിഷ്ഠയുടെ തിരുനാൾ (1 മക്ക 4, 36-61; 2 മക്ക 10, 1-9) ആഘോഷിക്കുന്നു.

ഇവയ്ക്കു പുറമേ ആഴ്ചതോറും ആഘോഷിച്ചിരുന്നതാണ് സാബത്ത്. ഇത് ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ദൈവം നല്കിയ വിടുതലിനെയും (നിയ 5, 12-15) ആറുദിവസംകൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം ഏഴാം ദിവസം വിശ്ര മിച്ചതിനെയും (പുറ 20, 8-11) അനുസ്മരിച്ച് ആഘോഷിക്കുന്നു. ഓരോ ഏഴാം വർഷവും ആചരിക്കേണ്ട സാബത്തുവർഷവും അമ്പതാം വർഷം ആചരിക്കേണ്ട ജൂബിലിവർഷവും (ലേവ്യർ 24) ആഘോഷാവസരങ്ങളുടെ പട്ടികയിൽപ്പെടുന്നു. ഈ തിരു നാളുകൾക്കെല്ലാം വ്യക്തമായ മതാത്മകവും സാമൂഹികവുമായ

മാനങ്ങളുണ്ടായിരുന്നു. രണ്ടു മാനങ്ങൾക്കും ഊന്നൽ നല്കുന്നതായിരുന്നു തിരുനാളുകളെക്കുറിച്ച് തുടക്കത്തിലുണ്ടായിരുന്നതും പ്രവാചകന്മാർ നല്കിയ വിമർശനാത്മക പ്രബോധനങ്ങളും.

## തിരുനാളുകളുടെ ലക്ഷ്യം

മുഖ്യമായും നാലു കാര്യങ്ങളാണ് തിരുനാളാചാരണങ്ങൾ ലക്ഷ്യം വച്ചിരുന്നത്. 1. അനുസ്മരണം. 2. കൃതജ്ഞത. 3. അനുസരണം - വിശ്വസ്തത. 4. സന്തോഷം - ആഘോഷം.

### 1. അനുസ്മരണം

ദൈവത്തെയും ദൈവം നല്കിയ അനുഗ്രഹങ്ങളെയും പ്രത്യേകമാംവിധം അനുസ്മരിക്കാനുള്ള അവസരങ്ങളായിരുന്നു തിരുനാളുകൾ. അതിനാൽത്തന്നെ എല്ലാ തിരുനാളുകളും ഏതെങ്കിലും വിധത്തിൽ രക്ഷാചരിത്രവുമായി ബന്ധപ്പെടുത്തിയിരുന്നു. തങ്ങളുടെ അസ്തിത്വവും നിലനില്പും എല്ലാം ദൈവത്തിന്റെ പ്രത്യേക ദാനവും അവിടുത്തെ സ്നേഹത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും പ്രകടനവുമാണെന്ന് ജനം അനുസ്മരിക്കണം. അതിനായി തിരുനാളാവസരങ്ങളിലെ ഒരു മുഖ്യകർമ്മമായിരുന്നു പുറപ്പാടിന്റെയും സീനായ് ഉടമ്പടിയുടെയും വിശദീകരണം. തങ്ങൾ ആരെന്ന അവബോധം ജനങ്ങളിൽ രൂഢമൂലമാക്കാനും അവരുടെ വിശ്വാസം ശക്തിപ്പെടുത്താനും തിരുനാളുകൾ അവസരമൊരുക്കി.

"*നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാനും ജീവിതകാലം മുഴുവനും അവ ഹൃദയത്തിൽ നിന്നു മായാതിരിക്കാനും ശ്രദ്ധിക്കുവിൻ; ജാഗരൂകരായിരിക്കുവിൻ. അവയെല്ലാം നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും അറിയിക്കണം*" (നിയ 4, 9). പെസഹാതിരുനാളിനെ സംബന്ധിച്ച് ഈ ലക്ഷ്യം വളരെ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്: "*ഇതിന്റെ അർത്ഥമെന്തെന്ന് നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം: ഇതു കർത്താവിനർപ്പിക്കുന്ന പെസഹാ ബലിയാണ്. അവിടുന്ന് ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾ കടന്നുപോയി, ഈജിപ്തുകാരെ സംഹരിച്ചപ്പോൾ ഇസ്രായേൽക്കാരെ രക്ഷിച്ചു*" (പുറ 12, 26-27).

**2. കൃതജ്ഞത**

ദൈവത്തിന്റെ അനന്തമായ കാരുണ്യവും കൃപയുമാണ് തങ്ങളെ ഒരു ജനമാക്കി നിലനിർത്തുന്നത് എന്ന അവബോധം അവരിൽ ജനിപ്പിക്കേണ്ട ആദ്യവികാരം നന്ദിയുടേതാണ്. "*കർത്താവു നിങ്ങളെ സ്നേഹിച്ചതും തിരഞ്ഞെടുത്തതും... നിങ്ങളെ സ്നേഹിക്കുകയും... ചെയ്യുന്നതുകൊണ്ടാണ്*" (നിയ 7, 6-8). കൃതജ്ഞതയായിരിക്കണം അവർ അർപ്പിക്കുന്ന ശ്രേഷ്ഠബലി. അതിനായി കഴിഞ്ഞ കാര്യങ്ങളെല്ലാം നന്ദിയോടെ ഓർമ്മിക്കണം; മക്കളെ പഠിപ്പിക്കണം. തലമുറതോറും ഈ പ്രബോധനവും നന്ദിപ്രകടനവും തുടരാൻ തിരുനാളുകൾ അവസരങ്ങളാകണം.

വിളവുകളുടെ ആദ്യഫലം അർപ്പിക്കുമ്പോൾ നടത്തേണ്ട വിശ്വാസ-കൃതജ്ഞതാ പ്രകടനത്തെക്കുറിച്ചു നല്കുന്ന നിർദ്ദേശം ഒരു ഉദാഹരണമാണ്. "*ദൈവമായ കർത്താവിന്റെ സന്നിധിയിൽ നീ ഇങ്ങനെ പറയണം: അലയുന്ന ഒരു അരമായനായിരുന്നു എന്റെ പിതാവ്. ചുരുക്കം പേരോടുകൂടെ അവൻ ഈജിപ്തിൽ ചെന്ന് അവിടെ പരദേശിയായി പാർത്തു... ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനോട് നിലവിളിച്ചപേക്ഷിച്ചു. അവിടുന്ന് അവരുടെ നിലവിളികേട്ടു... മോചിപ്പിച്ചു. ഇവിടേക്കു കൂട്ടിക്കൊണ്ടുവന്നു...*" (നിയ 26, 1-10).

**3. അനുസരണം - വിശ്വസ്തത**

ദൈവം നല്കിയ ദാനങ്ങളിൽ ഏറ്റം ശ്രേഷ്ഠമായ ദാനമാണ് ദൈവത്തിന്റെ സ്വന്തം ജനം എന്ന സ്ഥാനം. സീനായ് ഉടമ്പടിയിലൂടെ ഉറപ്പു നല്കിയിരിക്കുന്നതാണ് ഈ സ്ഥാനം. എന്നാൽ സീനായ് ഉടമ്പടി നിരുപാധികമായിരുന്നില്ല. ഉടമ്പടിയുടെ നിബന്ധനകളായ പ്രമാണങ്ങൾ അനുസരിക്കുന്നിടത്തോളം കാലം മാത്രമേ ഉടമ്പടി നിലനില്ക്കൂ; ദൈവജനം എന്ന സ്ഥാനവും. "*നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും*" (പുറ 19,5). ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചില്ലെങ്കിൽ ദൈവജനം എന്ന സ്ഥാനം നഷ്ടപ്പെടും എന്നു ചുരുക്കം. എല്ലാ തിരുനാളുകളും ഈ യാഥാർത്ഥ്യം അനുസ്മരിക്കാനും ദൈവത്തോടുള്ള അനുസരണവും വിശ്വസ്തതയും ഏറ്റുപറയാനുള്ള അവസരങ്ങളായിരിക്കണം.

**4. ആഘോഷം**

ജനഹൃദയങ്ങളിലും സമൂഹജീവിതത്തിലും മുന്നിട്ടു നില്ക്കേണ്ട വികാരം സന്തോഷത്തിന്റേതായിരിക്കണം. തിരുനാളുകൾ സന്തോഷത്തിന് ആഴവും വ്യാപ്തിയും അർത്ഥവും പകരുന്നു. ദൈവം എന്നെ, ഞങ്ങളെ, നമ്മെ സ്നേഹിക്കുന്നു എന്ന അവബോധമാണ് സന്തോഷത്തിന്റെ അടിത്തറ. തീർത്ഥാടനം, ഭക്ഷണം, പാനീയം, ഗാനാലാപം, നൃത്തം തുടങ്ങിയ ബാഹ്യ പ്രകടനങ്ങൾ ആന്തരികമായ സന്തോഷത്തെ പ്രകാശിപ്പിക്കണം. ഈ സന്തോഷത്തിൽ എല്ലാവർക്കും പങ്കുചേരാൻ കഴിയണം. ആരംഭത്തിൽ ഉദ്ധരിച്ച തിരുവചനം ഈ പ്രബോധനം അടിവരയിട്ടുറപ്പിക്കുന്നു. എല്ലാവർക്കും ദൈവസന്നിധിയിൽ സന്തോഷിക്കാനുള്ള അവസരമായിരിക്കണം തിരുനാളുകൾ. ആദ്യഫലങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചതിനുശേഷം ദൈവസന്നിധിയിൽവച്ച് സന്തോഷിച്ച് ആഘോഷിക്കണം എന്ന് പ്രത്യേകം അനുശാസിക്കുന്നത് ഈ വിഷയത്തിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. "*അവിടുന്ന് നിങ്ങൾക്കും കുടുംബങ്ങൾക്കും തന്നിട്ടുള്ള എല്ലാ നന്മയെയും പ്രതി നിങ്ങളും ലേവ്യരും നിങ്ങളുടെ മധ്യേയുള്ള പരദേശിയും സന്തോഷിക്കണം*" (നിയ 26, 11).

## 2. അധഃപതനം - പ്രവാചകപ്രതിഷേധം

മേൽ വിവരിച്ച ദിവ്യമായ ചതുർവിധ ലക്ഷ്യങ്ങളോടെ ആരംഭിച്ച തിരുനാളാഘോഷങ്ങൾ കാലക്രമത്തിൽ ആഘോഷങ്ങൾ മാത്രമായിത്തീർന്നു. വിശുദ്ധ ദിവസങ്ങളായ തിരുനാളുകൾ ആഘോഷങ്ങൾ മാത്രം പെരുകിയ പെരുന്നാളുകളായി അധഃപതിച്ചു. ആഘോഷങ്ങളിൽ അനേകർ അവഗണിക്കപ്പെട്ടു. ദൈവം നല്കിയ വിമോചനവും പരിപാലിച്ച വഴികളും നല്കിയ നിയമങ്ങളും സാവധാനം മറന്നു. തുല്യമഹത്വവും അവകാശങ്ങളും ഉള്ളവരായി ദൈവം രൂപംകൊടുത്ത ദൈവജനത്തിൽത്തന്നെ ഉച്ചനീചത്വങ്ങൾ ഉടലെടുത്തു. അധികാരികളും അധീനരുമുണ്ടായി. ഭൂമിയും അതിലെ വിഭവങ്ങളും ചിലരുടെ സ്വകാര്യസ്വത്തായി പരിണമിച്ചു. മനുഷ്യാധ്വാനത്തിനു വിലപേശൽ നടന്നു. ക്രമേണ ധനികരും ദരിദ്രരുമുണ്ടായി; ഭൂവുടമകളും അടിമകളും ഉണ്ടായി. എന്നാലും തിരുനാളാഘോഷങ്ങൾ ഓരോ വർഷവും പൂർവ്വാധികം ആഡംബരങ്ങളോടെ അരങ്ങേറി. അപ്പോഴാണ് തീ പാറുന്ന ദൈവവചനവുമായി പ്രവാചകന്മാർ രംഗപ്രവേശം

ചെയ്തത്. ഏശയ്യാ മുതൽ മലാക്കി വരെ 16 പ്രവാചകന്മാരിലും ഈ വചനത്തിന്റെ മുഴക്കം കേൾക്കാം. ഏലിയായിൽ തുടങ്ങിയ താണ് ദൈവത്തിന്റെ പ്രതിഷേധം.

*"കർത്താവ് ചോദിക്കുന്നു: നീ അവനെ കൊലപ്പെടുത്തി, അവന്റെ വസ്തു കയ്യേറിയോ?... നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കിക്കുടിക്കും"* (1 രാജാ 21, 19). സ്വന്തം പേരിൽ പുസ്തകമുള്ള 16 പ്രവാചകന്മാരിൽ, ചരിത്രപരമായി നോക്കുമ്പോൾ, ഒന്നാമനായ ആമോസിന്റെ വാക്കുകൾ സിംഹഗർജ്ജനം പോലെ ആയിരുന്നു: "*നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല*". പകരം "*നീതി ജലം പോലെ ഒഴുകട്ടെ, ന്യായവിധി ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും*" (ആമോ 5, 21-25). രാജാക്കന്മാരോടു കൂട്ടുചേർന്ന പുരോഹിതന്മാർ ആഘോഷങ്ങൾക്കും ആർഭാടങ്ങൾക്കും നേതൃത്വം നല്കിയപ്പോൾ ഒരു പുരോഹിതനായിരുന്ന ഹോസിയായിലൂടെ ദൈവം നിർദ്ദേശിച്ചു, "*ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല, ദൈജ്ഞാനമാണ് എനിക്കിഷ്ടം*" (ഹോസി 6,6).

പ്രവാചകന്മാരിൽ അഗ്രഗണ്യൻ എന്നറിയപ്പെടുന്ന ഏശയ്യായുടെ വാക്കുകൾ കൂടുതൽ മൂർച്ചയുള്ളതാണ്. "..... *നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്കു സഹിക്കാനാവില്ല. നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുഃസഹമായിത്തീർന്നിരിക്കുന്നു... നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ... നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ. കർത്താവ് അരുളിച്ചെയ്യുന്നു. വരുവിൻ നമുക്ക് രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും*" (ഏശ 1, 10-20).

ഏശയ്യായുടെ സമകാലികനായ മിക്കായ്ക്കും പറയാനുള്ളതു മറ്റൊന്നുമല്ല; അധികാരവും സ്വത്തും കയ്യടക്കി, അനേകരെ ദരിദ്രരും അടിമകളുമാക്കി ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്ന ധനികരായ നേതാക്കന്മാർ ഉത്സവങ്ങളാഘോഷി

ക്കുന്നത് ദൈവത്തെ പ്രസാദിപ്പിക്കുകയല്ല, പ്രകോപിപ്പിക്കുക യത്രേ ചെയ്യുന്നത്. "*അവർ വയലുകൾ മോഹിക്കുന്നു. അവ പിടിച്ചടക്കുന്നു; വീടുകൾ മോഹിക്കുന്നു, അവ സ്വന്തമാക്കുന്നു...*" (മിക്കാ 2, 1-2). "*നന്മയെ ദ്വേഷിക്കുകയും തിന്മയെ സ്നേഹിക്കു കയും ചെയ്യുന്ന നിങ്ങൾ എന്റെ ജനത്തിന്റെ തൊലി ഉരിഞ്ഞെ ടുക്കുന്നു; അവരുടെ അസ്ഥികളിൽ നിന്നു മാംസവും...*" (മിക്കാ 3, 1-4). ഇതെല്ലാമാണെങ്കിലും ബലിയർപ്പണങ്ങളിലൂടെയും ഉത്സവാഘോഷങ്ങളിലൂടെയും ദൈവപ്രീതി നേടാമെന്നു കരു തിയവർക്കെതിരേ മിക്കാ ഉദ്ഘോഷിച്ചു: "*നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക...*" (മക്കാ 6, 6-8).

കാനോനിക പ്രവചാകന്മാരിൽ അവസാനത്തെ ആളായ മലാക്കി വഴി പിഴച്ച പുരോഹിതർക്കും ലക്ഷ്യം തെറ്റിയ ആചാ രാനുഷ്ഠാനങ്ങൾക്കും എതിരേ ആഞ്ഞടിച്ചു. "*നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങ ളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ!*" (മലാ 1, 10). കർത്താവിന്റെ നിയമം മറന്ന്, അക്രമങ്ങൾക്കും അനീതിക്കും കൂട്ടുനിന്ന്, ദുഷ്കർമ്മികൾക്കു വ്യർത്ഥമായ സുരക്ഷിതത്വബോധം നല്കിയ പുരോഹിതന്റെമേൽ ചൊരിയുന്ന ശാപവർഷം ഭയാ നകമാണ്: "*നിങ്ങളുടെ ബലിമൃഗങ്ങളുടെ ചാണകം നിങ്ങളുടെ മുഖത്തു തേയ്ക്കും. എന്റെ സന്നിധിയിൽ നിന്നു ഞാൻ നിങ്ങ ളെ നിഷ്കാസനം ചെയ്യും*". അതു സംഭവിക്കാതിരിക്കണമെങ്കിൽ "*പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്ര ബോധനം തേടി അവനെ സമീപിക്കണം*" (മലാ 2, 7).

പ്രവാചക പ്രബോധനങ്ങൾ സംശയത്തിനു പഴുതിടുന്നില്ല. ദൈവജനത്തിന്റെ മുഖ്യമായ ദൗത്യം ദൈവരാധനയാണ്. ആരാ ധനയെന്നാൽ ഏതെങ്കിലും ചില കർമ്മങ്ങളുടെ കണിശമായ അനുഷ്ഠാനങ്ങൾ മാത്രമല്ല. ആചാരങ്ങൾക്കും അനുഷ്ഠാന ങ്ങൾക്കും ഉപരി, ദൈവത്തെ സ്രഷ്ടാവും നാഥനും ആയി ഹൃദ യത്തിൽ അംഗീകരിക്കുകയും, ജീവിതവും പ്രവൃത്തികളും വഴി ഏറ്റുപറയുകയുമാണ്. എല്ലാ പ്രവാചകന്മാരുടെയും സന്ദേശം ഒറ്റ വാക്യത്തിൽ മിക്കാ ഒതുക്കുന്നു: "*നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി രിക്കുക*" (മിക്കാ 6, 8).

അനീതിക്കു കൂട്ടുനില്ക്കുന്ന ആചാരാനുഷ്ഠാനങ്ങൾ ലക്ഷ്യം തെറ്റിയ ശരംപോലെയാണ്. ദൈവത്തിന്റെ സാന്നിധ്യം എല്ലാവർക്കും ഒരുപോലെ അനുഭവവേദ്യമാക്കേണ്ട ദേവാലയം അനീതിയുടെയും അധർമ്മത്തിന്റെയും കേന്ദ്രവും ഉറവിടവുമായി. ഇനി ആരും അതിൽ പ്രവേശിക്കാതിരിക്കാൻ വാതിലടച്ചാൽ മാത്രം (മലാ 1, 10) പോരാ, തല്ലിത്തകർക്കുക തന്നെവേണം. "*ബലിപീഠത്തിനരികേ കർത്താവു നില്ക്കുന്നതു ഞാൻ കണ്ടു. അവിടുന്ന് അരുളിച്ചെയ്തു: പൂമുഖം കുലുങ്ങുമാറ് പോതികയെ ഊക്കോടെ അടിക്കുക. എല്ലാവരുടെയും മേൽ അതു തകർന്നു വീഴട്ടെ. അവശേഷിക്കുന്നവരെ ഞാൻ വാളിനിരയാക്കും. ഒരുവനും ഓടിയൊളിക്കുകയില്ല; ഒരുവനും രക്ഷപ്പെടുകയുമില്ല*" (ആമോ 9, 12).

അനീതി പ്രവർത്തിക്കാതെ, സമൂഹത്തിൽ ന്യായവും നീതിയും നടപ്പിലാക്കുന്നതിനുപകരം ഉല്ലാസയാത്രകളായിത്തീർന്ന തീർത്ഥാടനങ്ങളിലും മേളക്കൊഴുപ്പാർന്ന ഉത്സവാഘോഷങ്ങളിലും ആഘോഷപൂർണ്ണങ്ങളായ ബലിയർപ്പണങ്ങളിലും അഭിരമിച്ച പുരോഹിതന്മാരും ജനവും അടിമകൾക്കു വിടുതൽ നല്കുന്ന, നിലവിളി കേൾക്കുന്ന ദൈവത്തെ മറന്നു; മാത്രമല്ല ദൈവത്തെ അറിയുന്നുപോലുമില്ല. പകരം തങ്ങളുടെ തന്നെ ഭാവനാസൃഷ്ടികളായ ദൈവങ്ങളെ പൂജിച്ചു. ജനം ചെന്നെത്തിയ നാശത്തിന്റെ പടുകുഴിയുടെ ആഴം ഇവിടെ തെളിയുന്നു. അന്ധരായ മാർഗ്ഗദർശികളാൽ നയിക്കപ്പെട്ട ജനം ആ കുഴിയിൽ വീണു:

"*ഇസ്രായേൽ ജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരേ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനു പിറകെ ഒന്നായി കൊലപാതകം നടക്കുന്നു... എന്നാൽ ആരും തർക്കിക്കേണ്ടാ. കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോഹിതാ, നിനക്കെതിരേയാണ് എന്റെ ആരോപണം... അജ്ഞത നിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽനിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു... എന്റെ ജനത്തിന്റെ പാപംകൊണ്ട് അവർ ഉപജീവനം കഴിക്കുന്നു... പുരോഹിതനെപ്പോലെ ജനവും*"

(ഹോസി 4, 1-14). തിരുനാളാഘോഷങ്ങളും ബലിയർപ്പണങ്ങളും വഴി സമ്പത്തു സ്വരുക്കൂട്ടുകയും അതേസമയം ജനത്തെ വഴി തെറ്റിക്കുകയും ചെയ്ത പുരോഹിതന്മാർക്കെതിരേയാണ് മുഖ്യ മായും പ്രവാചകന്മാർ വഴി ദൈവമായ കർത്താവ് ശക്തമായ താക്കീതുകൾ നല്കിയതും വിധി പ്രസ്താവിച്ചതും. ലക്ഷ്യം മറന്ന മതാത്മകത ഇവിടെ പ്രതിക്കൂട്ടിലാകുന്നു.

## 3. പ്രവാസാനന്തരം

പ്രവാചകന്മാർ നല്കിയ താക്കീതുകൾ അവഗണിക്കപ്പെട്ടു. ബി.സി. 587-ൽ ജറുസലെം ദേവാലയം അഗ്നിക്കിരയായി. ബലി യർപ്പണങ്ങൾ നിലച്ചു; തിരുനാളാഘോഷങ്ങളും. എന്നിട്ടും നേതാ ക്കൾ പഠിച്ചില്ല. പ്രവാസത്തിൽനിന്നു മടങ്ങിവന്നവർ ദേവാലയം പണിതു; കർമ്മാനുഷ്ഠാനങ്ങൾ കൂടുതൽ ക്രമബദ്ധമാക്കി. രാജാവും പ്രവാചകനുമില്ലാതായ സാഹചര്യത്തിൽ പുരോഹി തന്മാർ സർവ്വാധികാരികളായി. അവർ ആത്മീയ നവീകരണ ത്തിനു കഠിനശ്രമം നടത്തി. തിരുനാളുകൾ കൂടുതൽ സജീവ മായി, ആഘോഷപൂർണ്ണവും. ബലിയർപ്പണങ്ങൾ മുടങ്ങാതെ നടന്നു. ആഘോഷങ്ങളും ആചാരാനുഷ്ഠാനങ്ങളും ആധ്യാത്മി കതയുടെ മാനദണ്ഡങ്ങളായി പരിഗണിക്കപ്പെട്ടു. തിരഞ്ഞെടു ക്കപ്പെട്ടവരായ തങ്ങൾ മാത്രം വിശുദ്ധർ എന്ന ഒരു മനോഭാവം വളർന്നു.

പ്രവാസത്തിൽനിന്നു പഠിച്ച തിക്തമായ പാഠങ്ങൾ അവർ വേഗം മറന്നു. ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസനായത് ലോകജനതകൾക്കു പ്രകാശവും അനുഗ്രഹത്തിന്റെ മാർഗ്ഗവും ആകാൻ വേണ്ടിയാണെന്ന പാഠം എങ്ങനെയോ മറന്നു പോയി. പകരം ഇതര ജനതകളിൽ നിന്നും അവരുടെ ആചാര ങ്ങളിൽനിന്നും കർശനമായ നിഷ്ഠയോടെ അകന്നുനില്ക്കാൻ പുരോഹിതനേതാക്കൾ ജനത്തെ പഠിപ്പിച്ചു; നിർബ്ബന്ധിച്ചു. അനു ഷ്ഠാനങ്ങളിലും ബാഹ്യാചാരങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരാധ്യാത്മികതയ്ക്കാണ് അവർ രൂപം കൊടുത്തത്.

ഈ കാഴ്ചപ്പാടിനെതിരേ ചില വിമർശനങ്ങൾ ഉയർന്നുവ രാതിരുന്നില്ല. നീതിരഹിതവും ധാർമ്മികജീവിതത്തെ പ്രോത്സാ ഹിപ്പിക്കാത്തതുമായ ആഘോഷങ്ങളും അനുഷ്ഠാനങ്ങളും രക്ഷ ണീയമാവില്ല, മറിച്ച് ശിക്ഷ വിളിച്ചുവരുത്തും എന്ന പ്രവാചക വീക്ഷണം ചുരുക്കമായി മുഴങ്ങുന്നത് ഈ കാലഘട്ടത്തിലും

കേൾക്കാം. "*അന്യായ സമ്പത്തിൽനിന്നുള്ള ബലി പങ്കിലമാണ്. നിയമനിഷേധകന്റെ കാഴ്ചകൾ സ്വീകാര്യമല്ല... ദരിദ്രന്റെ സമ്പത്തു തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുമ്പിൽവച്ച് പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്... ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്. അത് അപഹരിക്കുന്നവൻ കൊലപാതകിയാണ്. അയല്ക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അവനെ കൊല്ലുകയാണ്, വേലക്കാരന്റെ കൂലികൊടുക്കാതിരിക്കുക രക്തച്ചൊരിച്ചിലാണ്*" (പ്രഭാ 34, 18–22). എന്നാൽ പുരോഹിതന്മാരും നിയമജ്ഞരും നയിച്ച മുഖ്യധാരാമതാത്മകതയിൽ നീതിനിർവ്വഹണത്തിനും കരുണയ്ക്കുമല്ല, ഉത്സവാഘോഷങ്ങൾക്കും കണിശമായ ആരാധനാനുഷ്ഠാനങ്ങൾക്കുമായിരുന്നു പ്രാധാന്യം.

## 4. യേശുവിന്റെ നിലപാട്

ഇസ്രായേൽ ജനത്തിന്റെ പ്രധാന തിരുനാളുകളിലും തീർത്ഥാടനങ്ങളിലും ഒരു ഇസ്രായേൽക്കാരൻ എന്ന നിലയിൽ യേശുവും പങ്കെടുത്തിരുന്നു. എന്നാൽ അന്നു നിലവിലിരുന്ന ആർഭാടപൂർണ്ണമായ ആഘോഷങ്ങളിൽ പൂർണ്ണമായി പങ്കുചേരുകയല്ല, ആഘോഷങ്ങൾക്കും ആചാരങ്ങൾക്കും പുതിയ അർത്ഥവും മാനവും നല്കുകയാണ് യേശു ചെയ്തത്. തീർത്ഥാടനങ്ങളും തിരുനാളുകളും എന്തിനുവേണ്ടി, എന്തായിരിക്കണം, എങ്ങനെ ആയിരിക്കണം എന്ന് തന്റെ വാക്കും ചെയ്തികളും വഴി യേശു പഠിപ്പിച്ചു.

അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമായ പരിഛേദനം യേശുവും സ്വീകരിച്ചു; നിയമവിധിപ്രകാരം നാൽപതാം ദിവസം ദേവാലയത്തിൽ സമർപ്പിതനായി (ലൂക്കാ 2, 21–24). നിയമാനുസൃതമുള്ള തീർത്ഥാടനതിരുനാളുകളിൽ യേശുവും പങ്കുചേർന്നു. യഹൂദബാലന്മാർ പന്ത്രണ്ടുവയസ്സു തിരയുമ്പോൾ പൂർണ്ണമായ അവകാശങ്ങളും ഉത്തരവാദിത്വങ്ങളുമുള്ള പൗരന്മാരായി കരുതപ്പെട്ടിരുന്നു. അതിനാലാവണം "*അവനു പന്ത്രണ്ടു വയസായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിനു പോയി*" (ലൂക്കാ 2, 42) എന്ന് ലൂക്കാ സുവിശേഷകൻ എടുത്തു പറയുന്നത്. പരസ്യജീവിതം ആരംഭിച്ചതിനുശേഷം യഹൂദരുടെ പ്രധാന തിരുനാളുകൾക്കെല്ലാം തന്നെ യേശു ജറുസലെമിലേക്കു തീർത്ഥാടനം നടത്തിയിരുന്നു എന്ന് യോഹന്നാൻ എഴുതിയ

സുവിശേഷത്തിൽ സൂചനകളുണ്ട് (യോഹ 2, 13; 5,1; 7,10.37; 10,22 –23;12,1).

പരസ്യജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ പെസഹാത്തിരുനാളിനോടനുബന്ധിച്ചുള്ള തീർത്ഥാടനവും ദേവാലയസന്ദർശനവും സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 2,13–23). എന്നാൽ മറ്റു ഭക്തർ ചെയ്തതുപോലെ ഒരു യാത്രയും സന്ദർശനവുമായിരുന്നില്ല അത്. തീർത്ഥാടനത്തിന്റെയും ദേവാലയത്തിന്റെയും അർത്ഥവും പ്രസക്തിയും പ്രാധാന്യവും വ്യക്തമായി പഠിപ്പിക്കുന്നതായിരുന്നു ദേവാലയത്തിലെ യേശുവിന്റെ പ്രവർത്തനം: "*അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി, അവരെയെല്ലാം, ആടുകളോടും കാളകളോടും കൂടെ ദേവാലയത്തിൽ നിന്നു പുറത്താക്കി; നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു. പ്രാവുകളെ വില്ക്കുന്നവരോട് അവൻ കല്പിച്ചു. ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടുപോകുവിൻ. എന്റെ പിതാവിന്റെ ആലയം നിങ്ങൾ ചന്തയാക്കരുത്*" (യോഹ 2, 15–16). ഇതേ തുടർന്ന് യഹൂദനേതാക്കന്മാരുമായുണ്ടായ സംഘട്ടനത്തിൽ ഭൗതികമായ ദേവാലയത്തിന്റെ നാശവും അഭൗമികമായ പുതിയൊരു ദേവാലയത്തിന്റെ സ്ഥാപനവും യേശു പ്രവചിച്ചു. അനാചാരങ്ങളും അധർമ്മവും വഴി അശുദ്ധമാക്കപ്പെട്ട ജറുസലെം ദേവാലയം നശിപ്പിക്കപ്പെടും.

ഇനി അങ്ങോട്ട് മണ്ണും കല്ലും മരവും ഉപയോഗിച്ച് മനുഷ്യൻ നിർമ്മിക്കുന്ന ആലയമല്ല, ദൈവവചനം മാംസം ധരിച്ച് മനുഷ്യമധ്യേ വസിച്ച യേശുതന്നെ ആയിരിക്കും യഥാർത്ഥ ദൈവാലയം. ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനിന്ന പഴയ മതാത്മകതയുടെ സ്ഥാനത്ത് സത്യത്തിലും ആത്മാവിലും അർപ്പിക്കുന്ന, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, യേശുക്രിസ്തു വഴി പിതാവായ ദൈവത്തിന് അർപ്പിക്കുന്ന, പുതിയ ആരാധന രൂപം കൊള്ളുന്നു. ബാഹ്യമായ മതാത്മകതയിൽനിന്ന് ആഴമേറിയ ആധ്യാത്മികതയിലേക്കു നയിക്കുന്നതായിരുന്നു യേശുവിന്റെ വാക്കും പ്രവൃത്തിയും.

യേശുവിനെ ജറുസലെത്തു വീണ്ടും കാണുന്നത് മറ്റൊരു തിരുനാളിനാണ്; ഏതെന്നു സുവിശേഷകൻ പറയുന്നില്ല (യോഹ 5,1). ആ സന്ദർശനവേളയിൽ പിതാവിന്റെ ജോലിയിൽ സദാ വ്യാപൃതനായിരിക്കുന്ന ദൈവപുത്രനായി സ്വയം വെളിപ്പെടുത്തി.

മുപ്പത്തെട്ടുവർഷമായി തളർന്ന്, കരുണാലയമെന്നർത്ഥമുള്ള “ബേത്എസ്ദാ” കുളക്കരയിൽ സൗഖ്യം കാത്തുകിടന്ന നിരാശനായ രോഗിയെ സാബത്തു ദിവസം സുഖപ്പെടുത്തിക്കൊണ്ട് നിയമത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കി. നിയമത്തിന്റെ അക്ഷരങ്ങളിൽനിന്ന് ആത്മാവിലേക്ക് ശ്രദ്ധ ക്ഷണിച്ചു.

അടുത്ത പെസഹാതിരുനാളിന്റെ പശ്ചാത്തലത്തിലാണ് മരുഭൂമിയിൽ വച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് ആയിരങ്ങളെ തൃപ്തരാക്കിക്കൊണ്ട് പുതിയൊരു പുറപ്പാടിലേക്കു ശ്രദ്ധ ക്ഷണിക്കുകയും സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ യഥാർത്ഥ അപ്പമായി സ്വയം വെളിപ്പെടുത്തുകയും ചെയ്തത് (യോഹ 6).

ഒരാഴ്ച ദീർഘിച്ച കൂടാരത്തിരുനാളിന്റെ അവസാനദിവസം ദേവാലയാങ്കണത്തിൽ സ്ഥാപിച്ചിരുന്ന ഭീമാകാരമായ നാലു നിലവിളക്കു(*മെനോറ* എന്ന് ഹീബ്രുവിൽ)കളുടെ പശ്ചാത്തലത്തിൽ ലോകത്തെ പ്രകാശിപ്പിക്കുന്ന യഥാർത്ഥ പ്രകാശമായി യേശു സ്വയം വെളിപ്പെടുത്തി (യോഹ 7, 1-51; 8, 12-20). ഇവിടെയും തിരുനാളിന്റെ അർത്ഥവും ലക്ഷ്യവും മാറുകയാണ്. വാഗ്ദത്ത ഭൂമിയിലേക്ക് മരുഭൂമിയിലൂടെ നടത്തിയ ഐതിഹാസികമായ യാത്രാമധ്യേ പിതാക്കന്മാർ കൂടാരങ്ങളിൽ വസിക്കുകയും ദൈവം അഗ്നിത്തൂണിൽ അവർക്കു വഴികാട്ടുകയും ചെയ്തതിന്റെ അനുസ്മരണമായിരുന്നു യഹൂദർക്ക് കൂടാരത്തിരുനാൾ. എന്നാൽ യേശുവിന്റെ വരവോടെ അർത്ഥം മാറി. ദൈവവചനം മനുഷ്യശരീരം ധരിച്ച് ഈ ഭൂമിയിൽ കുടിയിരുന്നതിന്റെ, അഥവാ കൂടാരമടിച്ചതിന്റെ ഓർമ്മയും ആഘോഷവുമായിരിക്കും ഇനി കൂടാരത്തിരുനാൾ. മരുഭൂമിയിൽ പ്രകാശിച്ച അഗ്നിസ്തംഭമല്ല, യേശു തന്നെ ആയിരിക്കും പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ മനുഷ്യന് വഴിവിളക്ക്.

യൂദാസ് മക്കബേയൂസിന്റെ നേതൃത്വത്തിൽ ദേവാലയം ശുദ്ധീകരിച്ച്, പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മയാചരിച്ചിരുന്ന പ്രതിഷ്ഠാതിരുനാളിലും യേശു ജറുസലെമിലേക്കു വന്നു. മനുഷ്യമധ്യേ ദൈവം വസിക്കുന്ന യഥാർത്ഥദൈവാലയം താൻ തന്നെയാണ് എന്ന യേശുവിന്റെ വെളിപ്പെടുത്തൽ കേൾവിക്കാരായ യഹൂദ നേതാക്കളെ വിശ്വാസത്തിലേക്കല്ല അക്രമാസക്തിയിലേക്കാണു നയിച്ചത്. അവനെ എറിയാൻ അവർ കല്ലെടുത്തു (യോഹ 10, 22-30).

അവസാനമായി യേശു ജറുസലെമിലേക്കു വന്നത് പെസഹാത്തിരുനാളിനോടനുബന്ധിച്ചാണ്. മരിച്ച് മൂന്നു ദിവസമായി കല്ലറയിലായിരുന്ന ലാസറിനെ ഉയിർപ്പിച്ച്, താനാണ് ജീവന്റെ നാഥൻ എന്ന് വെളിപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ തുടക്കം. ബെഥാനിയായിലെ തൈലാഭിഷേകത്തിലൂടെ, യേശുവിന്റെ രാജത്വം തികച്ചും പ്രതീകാത്മകമായ അർത്ഥത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു (യോഹ 12, 1-11). രാജാവിനെ അഭിഷേകം ചെയ്യുന്നത് പുരോഹിതനാണ്. തലയിൽ തൈലം പൂശിക്കൊണ്ടായിരുന്നു അഭിഷേകം. എന്നാൽ ഇവിടെ യേശുവിനെ അഭിഷേചിക്കുന്നത് ലാസറിന്റെ സഹോദരി മറിയമാണ്; തൈലം പൂശിയത് പാദങ്ങളിലും. മരിച്ചവരുടെ പാദങ്ങളിലാണ് സാധാരണ തൈലം പൂശുക; അത് ശരീരം മുഴുവൻ പൂശുന്നതിന്റെ പ്രതീകമായിരുന്നു; മൃതസംസ്കാരത്തിനുള്ള ഒരുക്കവും. അതിനാൽ ബെഥാനിയായിലെ തൈലാഭിഷേകം യേശുവിന്റെ രാജത്വത്തിന്റെ പ്രത്യേകത പ്രകടമാക്കുന്നു. മരണത്തിലൂടെയാണ് അവൻ രാജാവാകുന്നത്; സിംഹാസനം കുരിശും.

തുടർന്ന് ജറുസലെം നഗരത്തിലേക്കു നടത്തിയ ഘോഷയാത്രയും നഗരപ്രവേശനവും പെസഹാത്തിരുനാളിന്റെയും തീർത്ഥാടനത്തിന്റെയും അർത്ഥം വീണ്ടും വ്യക്തമാക്കി. കഴുതപ്പുറത്തുകയറി, ഹോസാനാവിളികൾക്കു മധ്യേ വരുന്നവൻ പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ച മിശിഹാരാജാവാണ്. എന്നാൽ ദാവീദിനെപ്പോലെ യുദ്ധം ചെയ്ത് ശത്രുക്കളെ കീഴടക്കിയും രാജ്യങ്ങൾ പിടിച്ചടക്കിയും ഭൗതികമായൊരു സാമ്രാജ്യം സ്ഥാപിക്കുന്ന രാജാവല്ല അവൻ, മറിച്ച് സത്യത്തിലും നീതിയിലും, സ്നേഹത്തിലും സാഹോദര്യത്തിലും മനുഷ്യസമൂഹത്തെ മുഴുവൻ ഒന്നിപ്പിച്ച് ദൈവഭരണം ഈ ഭൂമിയിൽ സ്ഥാപിക്കുന്ന ദൈവപുത്രനാണ് എന്ന് ജറുസലെമിലേക്കുള്ള രാജകീയ പ്രവേശം വ്യക്തമാക്കി. അവൻ രാജാവാകുന്നത് കുരിശുമരണത്തിലൂടെ ആയിരിക്കും.

പെസഹായ്ക്കു തന്നെ പുതിയ അർത്ഥവും മാനങ്ങളും നല്കുന്നതായിരുന്നു യേശു ആഘോഷിച്ച അവസാനത്തെ പെസഹാ. "*ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു. അവസാനംവരെ സ്നേഹിച്ചു*" (യോഹ

13,1) എന്ന മുഖവുരയോടെ ആരംഭിക്കുന്ന പെസഹാ ആഘോഷത്തിന്റെ വിവരണം സുവിശേഷകൻ സമാപിക്കുന്നത് മനുഷ്യപുത്രൻ കുരിശിൽ ഉയർത്തപ്പെടുന്നതിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ്. അതിനിടയിൽ യേശു നല്കുന്ന സ്നേഹത്തിന്റെ പുതിയ പ്രമാണമുണ്ട്; ദാസന്റെ ചിത്രം പ്രകടമാക്കുന്ന കാൽ കഴുകുന്ന മാതൃകയുണ്ട്. സ്വയം അപ്പമായി പകുത്തു നല്കുന്ന പുതിയ പെസഹാക്കുഞ്ഞാടിന്റെയും പുളിപ്പില്ലാത്ത അപ്പത്തിന്റെയും കൂദാശയുടെ സ്ഥാപനമുണ്ട്; തന്റെ ശിഷ്യർക്കുണ്ടായിരിക്കേണ്ട മനോഭാവത്തെയും ജീവിതശൈലിയെയും കുറിച്ചുള്ള സുദീർഘമായ പ്രബോധനമുണ്ട് (യോഹ 14-16); എല്ലാ തിരുനാളുകളും ലക്ഷ്യംവയ്ക്കുന്നതും ആ ലക്ഷ്യം യേശുവിൽ പൂർത്തിയാകുന്നതുമായ, ദൈവത്തോടുള്ള സമ്പൂർണ്ണ ഐക്യം വെളിപ്പെടുത്തുന്ന പുരോഹിത പ്രാർത്ഥനയുമുണ്ട് (യോഹ 17).

പന്തക്കുസ്താതിരുനാളിനെ മുമ്പിൽ കണ്ടും അതിനു പുതിയ അർത്ഥം നല്കിയും കൊണ്ട് വിടപറയുമ്പോൾ ഇസ്രായേൽ ജനം ആഘോഷിച്ചിരുന്ന എല്ലാ തിരുനാളുകൾക്കും യേശു പുതിയ അർത്ഥവും മാനവും നല്കുന്നതായി കാണാം. വാസ്തവത്തിൽ പുതിയ അർത്ഥം നല്കുകയല്ല, ജനം അർത്ഥമറിയാതെ ആചരിച്ചുവന്ന തിരുനാളുകളുടെ യഥാർത്ഥമായ അർത്ഥവും ലക്ഷ്യവും വെളിപ്പെടുത്തുകയും വിശദീകരിക്കുകയുമാണ് യേശു ചെയ്തത്. ഇതിൽനിന്നു പ്രചോദനം ഉൾക്കൊണ്ട സഭ രക്ഷാചരിത്രത്തിന്റെ വിവിധ മുഹൂർത്തങ്ങളെ തിരുനാളുകളായി ആചരിച്ചു; ഇന്നും ആചരിക്കുന്നു. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

## 5. തിരുനാളുകൾ സഭയിൽ

യേശുക്രിസ്തുവിലൂടെ ദൈവം മാനവചരിത്രത്തിൽ നിർണ്ണായകമാംവിധം ഇടപെട്ട മുഹൂർത്തങ്ങളാണ് സഭയിൽ തിരുനാളുകളായി ആഘോഷിക്കപ്പെടുന്നത്. അതിൽ ഏറ്റം മുന്നിൽ നില്ക്കുന്നതു പെസഹാതിരുനാൾ തന്നെ.

ഇസ്രായേൽ ആചരിച്ചിരുന്ന പെസഹാ വലിയൊരു വിമോചനത്തെ, ദാസ്യഭവനമായ ഈജിപ്തിൽ നിന്നുള്ള വിമോചനത്തെയാണ് മുഖ്യമായും അനുസ്മരിച്ചതും ആചരിച്ചതും. അതേ തിരുനാൾ അവസാനമായി ആചരിച്ചുകൊണ്ട് പെസഹായ്ക്കുതന്നെ യേശു പുതിയ അർത്ഥം നല്കി. രാഷ്ട്രീയമായൊരു

മോചനത്തിന്റെ അനുസ്മരണമായിരിക്കുകയില്ല ഇനിമേൽ പെസഹാ. മറിച്ച് പാപത്തിന്റെയും മരണത്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും നിത്യജീവനിലേക്കുമുള്ള കടന്നുപോകലിനാണ് യേശുവിന്റെ പെസഹാ തുടക്കം കുറിക്കുന്നത്.

കട്ടിളക്കാലുകളിലും മേൽപ്പടിയിലും കുഞ്ഞാടിന്റെ രക്തം കണ്ട സംഹാരദൂതൻ ഇസ്രായേൽ ഭവനങ്ങളെ കടന്നുപോയി. ആ സ്ഥാനത്ത് ഇന്ന് യേശുവിന്റെ രക്തം പാപത്തിന്റെയും മരണത്തിന്റെയും ആധിപത്യത്തിൽനിന്നു മനുഷ്യനു മോചനം നല്കുന്നു. അത്ഭുതകരമായി കടൽകടന്ന് മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേൽ ജനം കാനാൻദേശം അവകാശമാക്കി വാസമുറപ്പിച്ചു. ആദ്യം മോശയും തുടർന്ന് ജോഷ്വായും അവരെ നയിച്ചു. ഈ രണ്ടുപേരിലൂടെയും സൂചിപ്പിക്കപ്പെട്ട യഥാർത്ഥ മോചനവും വാഗ്ദത്തഭൂമിയിലേക്കുള്ള പ്രവേശനവും പുതിയ മോശയും യഥാർത്ഥ ജോഷ്വയുമായ യേശുക്രിസ്തുവിലൂടെ യാഥാർത്ഥ്യമായി. ഇതിന്റെ ഓർമ്മയാണ് യേശുവിന്റെ കല്പനയനുസരിച്ച് പെസഹാതിരുനാളിൽ ആഘോഷിക്കുന്നത്.

പെസഹാതിരുനാളിനെ കേന്ദ്രമാക്കിക്കൊണ്ടാണ് മറ്റുപ്രധാന തിരുനാളുകളുടെ ദിവസംപോലും നിശ്ചയിക്കുന്നത്. യേശുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ ഉൾക്കൊള്ളുന്ന, ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ ആരാധനവർഷത്തിന്റെ ഒരു ചുഴിക്കുറ്റിപോലെ വർത്തിക്കുന്ന, പെസഹായ്ക്ക് ഒരുക്കമായി ഏഴാഴ്ചകൾ നോമ്പാചരണം; പെസഹായ്ക്കുശേഷം അമ്പതാംദിവസം പന്തക്കുസ്താ തിരുനാൾ. ഇസ്രായേൽ ജനം സീനായ് ഉടമ്പടി അനുസ്മരിച്ചിരുന്ന പന്തക്കുസ്താ തിരുനാൾ ക്രൈസ്തവർക്കു പരിശുദ്ധാത്മാവിന്റെ ആഗമനം അനുസ്മരിക്കുന്ന ദിവസമായി മാറി. അന്നാണ് തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് ശിഷ്യസമൂഹത്തിന്മേൽ ആവസിച്ചത്. പെസഹാ, പന്തക്കുസ്ത - ഈ രണ്ടു തിരുനാളുകളാണ് ക്രിസ്തീയ സഭയ്ക്ക് ഏറ്റം പ്രധാനപ്പെട്ട തിരുനാളുകൾ. രണ്ടിന്റെയും വേരുകൾ പഴയ നിയമത്തിൽ ഉറച്ചിരിക്കുന്നു; പക്ഷേ അർത്ഥവും ഫലവും പുതുതാണ്.

ആണ്ടിൽ ഒരു തവണ മാത്രം ആചരിക്കുന്നതല്ല ക്രൈസ്തവനെ സംബന്ധിച്ച് പെസഹാ തിരുനാൾ. അന്ത്യഅത്താഴവേള

യിൽ യേശു നല്കിയ കല്പന ക്രൈസ്തവരുടെ പെസഹാ ആഘോഷത്തിന് അടിസ്ഥാനമായി നില്ക്കുന്നു: "*അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രം ചെയ്ത്, മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ*" (ലൂക്കാ 22, 19). പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടുന്ന ഓരോ അവസരത്തിലും ഈ ഓർമ്മയാണ് ശിഷ്യസമൂഹം പുതുക്കിയത്.

എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ എന്ന നാഥന്റെ കല്പന ഔപചാരികമായി അപ്പം മുറിച്ച് പങ്കിട്ടുതിന്നുന്നതിൽ ഒതുങ്ങുന്നില്ല. "**എന്റെ ഓർമ്മ**" എന്നുപറയുമ്പോൾ ഈ ഒറ്റപ്പെട്ട സംഭവം മാത്രമല്ല യേശു ഉദ്ദേശിച്ചത്. തന്റെ ജീവിതം മുഴുവൻ അവർ അനുസ്മരിക്കണം. സത്രത്തിൽ സ്ഥലം നിരസിക്കപ്പെട്ടതിനാൽ കന്നുകാലികൾ രാപാർക്കുന്ന ഗുഹയിലെ ജനനം (ലൂക്കാ 2, 7), അന്തിയുറങ്ങാൻ ഇടമില്ലാത്ത നിരന്തരപ്രയാണം (ലൂക്കാ 9, 58), വിശപ്പും ദാഹവും മാത്രമല്ല ഒറ്റപ്പെടുത്തലും ദുരാരോപണങ്ങളും നിരന്തരമായ വധഭീഷണിയും അനുഭവിച്ചുള്ള ജീവിതം, അതേസമയം ദൈവരാജ്യത്തിന്റെ സാന്നിധ്യത്തെയും അതിന്റെ സവിശേഷതകളെയും കുറിച്ചുള്ള പ്രബോധനം, അവശരോടും അധഃകൃതരോടും പീഡിതരോടുമുള്ള പ്രത്യേക കാരുണ്യം, അവർക്കുവേണ്ടി നല്കിയ സേവനങ്ങൾ ഇവയെല്ലാം ഓർക്കണം.

മാത്രമല്ല, മനുഷ്യരെ പല തട്ടുകളായി തിരിക്കുന്ന, തമ്മിലടിപ്പിക്കുന്ന വ്യവസ്ഥാപിത മതത്തിന്റെയും രാഷ്ട്രീയ സമൂഹത്തിന്റെയും നീതിയില്ലാത്ത നിയമങ്ങൾക്കെതിരായ കലഹം, അതിൽ പങ്കുചേരാൻ ശിഷ്യർക്കു നല്കിയ ആഹ്വാനം, അതിന്റെ പരിണിതഫലങ്ങൾ, കുരിശുമെടുത്തു പിന്നാലെ വരാനുള്ള ആഹ്വാനം - ഇങ്ങനെ യേശു ജീവിച്ചതും പഠിപ്പിച്ചതും ആഹ്വാനം ചെയ്തതുമായ എല്ലാ കാര്യങ്ങളും അവർ ഓർമ്മിക്കണം.

പെസഹാ എന്നാൽ കടന്നുപോകൽ എന്നാണർത്ഥം. ഈ ഭൂമിയിൽ സ്ഥിരമായൊരു വാസസ്ഥലമില്ലെന്നും നാം കടന്നുപോകുന്ന യാത്രക്കാർ മാത്രമാണെന്നും യഥാർത്ഥ ലക്ഷ്യമായ വാഗ്ദത്തഭൂമി മരണത്തിനുമപ്പുറം ചെന്നെത്താനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പിതാവിന്റെ ഭവനമാണെന്നും പെസഹാ

ആചരണം അനുസ്മരിപ്പിക്കണം. ആ അനുസ്മരണം ജീവിത ശൈലിയെ നിയന്ത്രിക്കണം, സ്വയം മുറിച്ചു പങ്കുവച്ചവന്റെ ഓർമ്മ പങ്കുവയ്ക്കുന്ന സ്നേഹത്തിനു പ്രേരകമാകണം.

മുഖ്യമായും ആഴ്ചയുടെ ഒന്നാം ദിവസമായ ഞായറാഴ്ചകളിലായിരുന്നു ഇപ്രകാരമുള്ള സമ്മേളനങ്ങൾ; വിശ്വാസികളുടെ വീടുകളിലായിരുന്നു അപ്പം മുറിക്കൽ ശുശ്രൂഷ നടന്നിരുന്നത്. "*ആഴ്ചയുടെ ഒന്നാം ദിവസം അപ്പം മുറിക്കാൻ ഞങ്ങൾ ഒരുമിച്ചു കൂടി*" (അപ്പ 20. 7) എന്ന് ലൂക്കാ പറയുന്നത് ഒറ്റപ്പെട്ട ഒരു സംഭവം മാത്രമല്ല, ക്രൈസ്തവരുടെ പതിവായ ഒരു സമ്മേളനമായിരുന്നു എന്നു സൂചിപ്പിക്കുന്നു. യേശുവിന്റെ ഉത്ഥാനം അനുസ്മരിക്കുകയും അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുകയും ചെയ്തിരുന്ന ഞായറാഴ്ച ക്രൈസ്തവരെ സംബന്ധിച്ച യഹൂരുടെ സാബത്താചരണത്തിനു പകരമായി മാറി. അടിമകൾക്കു വിശ്രമം നല്കുക, കർത്താവിന്റെ വിശ്രമത്തിൽ പങ്കുചേരുക എന്നീ ദ്വിവിധ ലക്ഷ്യങ്ങൾ യേശുവിന്റെ അന്ത്യഅത്താഴവും ഉത്ഥാനവും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതിലൂടെ പൂർത്തിയായി. അങ്ങനെ ഞായറാഴ്ച ആചരണം ക്രൈസ്തവരുടെ തിരുനാളാഘോഷത്തിൽ പ്രമുഖസ്ഥാനത്തു നില്ക്കുന്നു.

യേശുവിന്റെ ജനനം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതാണ് പിറവിത്തിരുനാൾ, അഥവാ ക്രിസ്മസ്. യേശു ജനിച്ചത് ഡിസംബർ 25-ാം തിയതി ആണെന്നതിന് തെളിവൊന്നുമില്ലെങ്കിലും ചില പ്രത്യേക പരിഗണനകളുടെയും ആചാരങ്ങളുടെയും വെളിച്ചത്തിൽ അങ്ങനെ ഒരു തിയതി നിശ്ചയിക്കുകയാണ് സഭ ചെയ്തത്. പിറവിത്തിരുനാളിനൊരുക്കമായി നാലാഴ്ചകൾ ആഗമനകാലം, അഥവാ മംഗലവാർത്തക്കാലം എന്നപേരിൽ ആചരിക്കുന്നു. യേശുവിന്റെ ജനനത്തിയതിയെ മുന്നിൽക്കണ്ട് മാർച്ച് 25 മംഗലവാർത്ത തിരുനാളായി സഭ ആചരിക്കുന്നു. പെസഹാ - പന്തക്കുസ്താതിരുനാളുകളുടെ പിൻതുടർച്ച എന്നതുപോലെയാണ് പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ, യേശുവിന്റെ തിരുഹൃദയതിരുനാൾ, മാതാവിന്റെ വിമലഹൃദയ തിരുനാൾ, വിശുദ്ധ കുർബാനയുടെ തിരുനാൾ എന്നിവ സഭ ആചരിക്കുന്നത്.

ഇവയിൽ നിന്നെല്ലാം വ്യത്യസ്തവും എന്നാൽ രക്ഷാചരിത്രത്തോടു ബന്ധപ്പെട്ടതുമായ ഒരു ചരിത്ര സംഭവം ആഘോ

ഷിക്കുന്ന ഒരു തിരുനാളുണ്ട്, സെപ്തംബർ 14-ാം തിയതി ആഘോഷിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. മൂന്നു ചരിത്ര സംഭവങ്ങളാണ് ഈ തിരുനാളിൽ സഭ അനുസ്മരിക്കുന്നത്. ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചുകൊണ്ട് മതപീഡനം അവസാനിപ്പിച്ച്, ക്രൈസ്തവർക്കു മതസ്വാതന്ത്ര്യവും അനേകം ആനുകൂല്യങ്ങളും നല്കിയ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാതാവ് ഹെലേനാ രാജ്ഞി ജറുസലെമിൽ യേശുവിന്റെ കുരിശു കണ്ടെത്തിയതാണ് ഒരു സംഭവം. യേശുവിനെ കുരിശിൽ തറച്ച ഇടത്തുതന്നെ ഒരു ദേവാലയം നിർമ്മിച്ച് തിരുക്കുരിശ് പ്രതിഷ്ഠിച്ചത് രണ്ടാമത്തെ സംഭവം. നൂറ്റാണ്ടുകൾക്കുശേഷം പേർഷ്യാക്കാർ ബലമായി എടുത്തുകൊണ്ടുപോയ തിരുക്കുരിശ് ജറുസലെമിലേക്ക് ആഘോഷപൂർവ്വം തിരിച്ചുകൊണ്ടുവന്ന് വീണ്ടും പ്രതിഷ്ഠിച്ചതിന്റെ ഓർമ്മയും ഈ തിരുനാളിനു പിന്നിലുണ്ട്. യേശുവിന്റെ കുരിശു കണ്ടെത്തി, തിരിച്ചുപിടിച്ചു, പ്രതിഷ്ഠിച്ചു എന്നിവയേക്കാൾ എല്ലാം കുരിശിന്റെ തന്നെ അർത്ഥവും ക്രിസ്തീയ ജീവിതത്തിൽ കുരിശിന്റെ പ്രസക്തിയുമാണ് ഈ തിരുനാളിൽ അടിവരയിട്ട് എടുത്തു കാണിക്കുന്നത്.

ഇവയ്ക്കു പുറമേ നവംബർ ഒന്നാം തിയതി സകല വിശുദ്ധരുടെയും ഓർമ്മ ആചരിക്കുന്നതിനും നവംബർ രണ്ടാം തിയതി സകല മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനുമായി കത്തോലിക്കാസഭ മാറ്റിവച്ചിരിക്കുന്നു. മാത്രമല്ല, നവംബർ മാസം മുഴുവൻ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനായി സഭ ആഹ്വാനം ചെയ്യുന്നു. മരിച്ചവരെ ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതോടുകൂടി നാമും ഒരിക്കൽ മരിച്ച് അവരോടു ചേരും എന്നും അതിനാൽ ജാഗ്രതയോടെ ജീവിക്കണം എന്നും അനുസ്മരിപ്പിക്കാനും ഈ ദിവസങ്ങൾ പ്രത്യേകം സഹായമാകും.

ആരാധനക്രമവത്സരത്തിന്റെ അവസാനത്തെ ഞായറാഴ്ച യേശുക്രിസ്തുവിന്റെ രാജത്വതിരുനാളായി സഭ ആഘോഷിക്കുന്നു. 1925 ഡിസംബർ 11-ാം തിയതി IX-ാം പിയൂസ് മാർപ്പാപ്പയാണ് ഈ തിരുനാൾ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. മറ്റു തിരുനാളുകളെ അപേക്ഷിച്ച് പ്രായേണ പുതുതാണെങ്കിലും രക്ഷാചരിത്രത്തിന്റെ എന്നല്ല, ലോകചരിത്രത്തിന്റെ തന്നെ

സമാപനം കുറിക്കുന്ന ക്രിസ്തുരാജ തിരുനാളിന് ഏറെ പ്രാധാന്യമുണ്ട്. ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ സംസ്ഥാപിതമാകുന്ന, തിന്മയുടെ സകല ശക്തികളും ഉന്മൂലനം ചെയ്യപ്പെടുന്ന, ആത്യന്തികമായ ലക്ഷ്യപ്രാപ്തിയെ കുറിക്കുന്ന ഈ തിരുനാൾ ഭാവിയെ സംബന്ധിച്ച ഉറപ്പും അതോടൊപ്പം അനുദിന ജീവിതത്തെ സമചിത്തതയോടും പ്രത്യാശയോടുംകൂടി സ്വീകരിക്കാൻ ശക്തിയും പ്രദാനം ചെയ്യും. ഇതിനെക്കുറിച്ചാണ് വി. പൗലോസ് പറയുന്നത്: "*അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്ത് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോൾ എല്ലാറ്റിന്റെയും അവസാനമാകും*" (1 കോറി 15, 23-28).

ഇവയാണ് തിരുസഭയിലെ പ്രധാനതിരുനാളുകൾ. ഇവയെല്ലാം തന്നെ ആത്മീയ ഉണർവിനും ഉൽക്കർഷത്തിനും ഉതകും വിധം ആചരിക്കപ്പെടുന്നു; ആഘോഷിക്കപ്പെടുന്നു. ഈ തിരുനാളുകൾ രക്ഷാചരിത്രത്തെ അനുസ്മരിപ്പിക്കുന്നു. വിശ്വാസം ശക്തിപ്പെടുത്താനും സ്നേഹത്തിൽ വളരാനും പ്രത്യാശയിൽ ഉറപ്പു നേടാനും സഹായിക്കുന്നു. അതിനാൽ ഈ തിരുനാളുകളെല്ലാം തിരുനാളിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിൽ സഹായിക്കുന്നു. എന്നാൽ ഇന്ന് സഭയിൽ, പ്രത്യേകിച്ചും കേരളസഭയിൽ, താല്പര്യപൂർവ്വം ആഘോഷിക്കപ്പെടുന്നത് ഈ തിരുനാളുകളല്ല, മറിച്ച്, പള്ളിപ്പെരുന്നാളുകൾ എന്നറിയപ്പെടുന്ന ഉത്സവങ്ങളാണ്. ഈ ഉത്സവാഘോഷങ്ങൾ കൊണ്ട് ദൈവജനത്തിന് എന്തു നേട്ടമുണ്ടാകുന്നു, എന്തിനുവേണ്ടി ഈ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെടുന്നു എന്നത് വിശദമായൊരു പഠനത്തിനും ചർച്ചയ്ക്കും വിഷയമാക്കേണ്ടതുണ്ട്. ഏതാനും ചില വിചിന്തനങ്ങൾ മാത്രം പങ്കുവയ്ക്കാനേ ഇവിടെ തുടർന്നു ശ്രമിക്കുന്നുള്ളൂ.

## 6. പള്ളിപ്പെരുന്നാളുകൾ

രക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തിന്റെ അറിയിപ്പോടുകൂടി ആരംഭിച്ച് ക്രിസ്തുരാജ തിരുനാളിൽ സമാപിക്കുന്ന ആരാധനക്രമ വർഷവുമായി കാര്യമായ ബന്ധമൊന്നുമില്ലാത്തവയാണ് പള്ളിപ്പെരുന്നാളുകൾ. ഏതെങ്കിലും ഒരു വിശുദ്ധന്റെ പേരിലാണ് ഓരോ ഇടവകയും അറിയപ്പെടുക. ആ വിശുദ്ധനെ ഇടവക മധ്യസ്ഥൻ എന്നു വിളിക്കുന്നു. വിശുദ്ധന്റെ മാധ്യസ്ഥ്യം സഹായകമാകും എന്ന വിശ്വാസമാണ് ഇടവകയെ വിശുദ്ധന്റെ മാധ്യസ്ഥ്യ

ത്തിനായി പ്രതിഷ്ഠിക്കുന്നതിലൂടെ പ്രകടമാക്കുന്നത്. ഈ വിശുദ്ധന്റെ തിരുനാൾ വിശ്വാസത്തോടും ഭക്തിയോടും കൂടെ ആചരിക്കുകയും വിശുദ്ധന്റെ ജീവിതം സ്വന്തം ജീവിതത്തിന് മാതൃകയാക്കുകയും വിശുദ്ധന്റെ പ്രാർത്ഥനാസഹായം യാചിക്കുകയും എല്ലാം ഈ പെരുന്നാളുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പെടുന്നു.

കത്തോലിക്കാസഭ മരിച്ച ഒരു വിശ്വാസിയെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന്റെ മുഖ്യലക്ഷ്യം ആ വ്യക്തിയുടെ ജീവിതത്തെ മാതൃകയാക്കി എടുത്തു കാട്ടുകയും ആ മാതൃകയനുസരിച്ച് ജീവിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയുമാണ്. എന്നാൽ ഫലത്തിൽ മറ്റൊന്നാണ് സംഭവിക്കുന്നത്. വിശുദ്ധന്റെ മാതൃക അനുകരിക്കുന്നതിനുപകരം വിശുദ്ധന്റെ മാധ്യസ്ഥ്യത്തിലൂടെ അനുഗ്രഹങ്ങൾ നേടിയെടുക്കുക മുഖ്യലക്ഷ്യമായി മാറുന്നു, പ്രത്യേകിച്ചും തിരുനാളാഘോഷത്തിന്റെ അവസരങ്ങളിൽ. അപ്പോൾ വിശ്വാസത്തിലേക്കും ജീവിതനവീകരണത്തിലേക്കും അതുവഴി വിശുദ്ധിയിലേക്കും നയിക്കേണ്ട തിരുനാളുകൾ ആഘോഷങ്ങളും ആർഭാടങ്ങളും മുറ്റുനില്ക്കുന്ന പെരുന്നാളുകളായി മാറുന്നു. *വിശുദ്ധമായ ദിനം* എന്നാണല്ലോ തിരുനാൾ എന്ന വാക്കിനർത്ഥം, *വലിയ ദിവസം* എന്ന് പെരുന്നാളിനും. തിരുനാൾ എങ്ങനെ പെരുന്നാളായി എന്ന ചോദ്യത്തിനുത്തരമാണ് ആഘോഷങ്ങളുടെ പെരുപ്പം.

ഇടവക ജനത്തിന്റെ കൂട്ടായ്മ വളർത്താനും, അനുദിന ജീവിതത്തിന്റെ വിരസതയിൽനിന്നും പിരിമുറുക്കങ്ങളിൽ നിന്നും തല്ക്കാലത്തേക്കെങ്കിലും ഒന്നു മാറിനില്ക്കാനുമൊക്കെ പള്ളിപ്പെരുന്നാളുകൾ സഹായകമാകും എന്നതിൽ തർക്കമില്ല. എന്നാൽ വിനോദങ്ങൾക്കും ഉല്ലാസങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കുമെല്ലാം ഇന്ന് അവസരങ്ങൾ ധാരാളം വേറെയുണ്ടല്ലോ. അതിനാൽ ദൈവജനത്തെ ദൈവത്തോടും സഹജീവികളോടുമുള്ള സ്നേഹത്തിൽ വളർത്താനും ദൈവരാജ്യം പ്രഘോഷിക്കാനുമായി സ്ഥാപിതമായിരിക്കുന്ന സഭ തന്നെ ഇപ്രകാരമുള്ള ഉല്ലാസോദ്യമങ്ങൾക്കു വേദിയൊരുക്കേണ്ടതുണ്ടോ എന്ന ചോദ്യം പ്രസക്തമാകുന്നു.

ഇടവകയിൽ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുപകരം പള്ളിപ്പെരുന്നാളുകൾ ഭിന്നതകളിലേക്കും ശത്രുതയിലേക്കും പലരുടെയും ഒറ്റപ്പെടുത്തലുകളിലേക്കും നയിക്കുക വിരളമല്ല. ആഘോഷങ്ങളുടെ സ്വഭാവം നിർണ്ണയിക്കുന്നത് പലപ്പോഴും ഇടവകയിലെ

സമ്പത്തും സ്വാധീനവുമുള്ള വ്യക്തികളായിരിക്കും. ആവശ്യമായ തുക നിർബന്ധിത പിരിവിലൂടെ കണ്ടെത്തുക സാധാരണമാണ്. കഴിവില്ലെങ്കിലും കൊടുക്കാൻ നിർബന്ധിതരാകുന്നവർക്ക് പെരുന്നാളാഘോഷം താങ്ങാനാവാത്ത ഭാരമായിത്തീരുന്നു. നിശ്ചിത തുക കൊടുക്കാത്തപ്പോൾ കുടിശ്ശികയാകുന്നു; അതു വീട്ടാതെ വിവാഹം, മാമ്മോദീസാ, മൃതസംസ്കാരം മുതലായ പല മത കർമ്മങ്ങളും ലഭ്യമല്ലാതാകുന്നു. പലർക്കും ഇടവക നേതൃത്വത്തോടു മാത്രമല്ല, കത്തോലിക്കാ സഭയോടുതന്നെ താൽപര്യം കുറയാനും അകന്നുപോകാനും ഇതു കാരണമായിത്തീരാറുണ്ട്.

പെരുന്നാളാഘോഷങ്ങളിൽ കാണുന്ന ദോഷകരമായ മറ്റൊന്നാണ് മത്സരപ്രവണത. നമ്മുടെ പെരുന്നാൾ ഗംഭീരമാക്കണം; മറ്റിടവകകളുടേതിനേക്കാൾ കേമമാക്കണം. അതിനായി പുതിയ പുതിയ ആഘോഷരീതികൾ കണ്ടെത്തുന്നു. ദീപാലങ്കാരങ്ങൾ, വർണ്ണശഭളമായ പ്രദക്ഷിണങ്ങൾ, കരിമരുന്ന് കലാപ്രകടനങ്ങൾ, നാടകങ്ങൾ എന്നിങ്ങനെ ആഘോഷങ്ങളുടെ പട്ടിക നീളുമ്പോൾ അതിനുവേണ്ടി മുടക്കേണ്ടിവരുന്ന തുകയുടെ വലുപ്പമോ, അതിലൂടെ നല്കുന്ന സന്ദേശത്തിന്റെ സ്വഭാവമോ ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

പെരുന്നാളുകളുടെ ഒരവശ്യഘടകമാണല്ലോ പ്രദക്ഷിണങ്ങൾ. പിതാവിൽനിന്ന് വന്ന്, രക്ഷാകർമ്മം പൂർത്തിയാക്കി പിതാവിലേക്കു മടങ്ങിപ്പോയ യേശുവിന്റെ രക്ഷാകരയാത്രയെ അനുസ്മരിപ്പിക്കാൻ സഹായിക്കുന്നതാണ് ദേവാലയത്തിൽ നിന്നിറങ്ങി, ഇടവകയിലൂടെ സഞ്ചരിച്ച്, ദേവാലയത്തിൽ തിരിച്ചെത്തുന്ന പ്രദക്ഷിണം. എന്നാൽ ഈ തീർത്ഥാടനം അനുസ്മരിപ്പിക്കുന്നതാണോ നമ്മുടെ പെരുന്നാൾ പ്രദക്ഷിണങ്ങൾ എന്ന സംശയം നിലനില്ക്കുന്നു. പെരുവഴിയിലൂടെ നടത്തുന്ന ഘോഷയാത്രകൾ വാഹനങ്ങൾ തടഞ്ഞ് യാത്രക്കാർക്കു വരുത്തുന്ന ശല്യം നിസ്സാരമല്ല – രാഷ്ട്രീയ പാർട്ടികളുടെ ജാഥയെ വെല്ലുന്നതാവുന്നു പലപ്പോഴും ഇപ്രകാരമുള്ള ഉത്സവപ്രദക്ഷിണങ്ങൾ.

പെരുന്നാളുകളുമായി ബന്ധപ്പെട്ടു നടക്കുന്ന "എഴുന്നള്ളിക്കൽ" പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വിശുദ്ധന്മാരുടെ പ്രതിമകളായിരിക്കും മുഖ്യമായും എഴുന്നള്ളിക്കുന്നത്. ദൈവത്തോടൊന്നിച്ചു കഴിയുന്ന വിശുദ്ധർ നമ്മുടെ സഹോദരങ്ങളും വഴികാട്ടികളും മധ്യസ്ഥരും ആണെന്നും അവരും നാമും ചേർന്ന ഒറ്റ കുടും

ബമാണ് സഭയെന്നും അനുസ്മരിപ്പിക്കാൻ ഇതു സഹായിക്കും. അതാണ് തിരുസ്വരൂപങ്ങൾ പ്രദക്ഷിണത്തിൽ കൊണ്ടുപോകുന്നതിന്റെ മുഖ്യലക്ഷ്യം. എന്നാൽ ഇവിടെയും ഈ ലക്ഷ്യം സാധാരണ ജനത്തിന്റെ ചിന്തയിൽ ഉണർത്താൻ കഴിയുന്നുണ്ടോ എന്നു സംശയിക്കണം.

പ്രതിമകൾ മാത്രമല്ല എഴുന്നള്ളിക്കുക, അത് പ്രദക്ഷിണങ്ങളിൽ മാത്രമല്ല താനും. ക്രിസ്തു വിശ്വാസം ഉപേക്ഷിക്കാഞ്ഞതിന്റെ പേരിൽ അമ്പെയ്തു കൊല്ലപ്പെട്ട വി. സെബസ്ത്യാനോസിനെ അനുസ്മരിക്കാൻ അമ്പ് എഴുന്നള്ളിക്കുക പലേടത്തും പതിവാണ്. ചില സ്ഥലങ്ങളിൽ കുരിശിൻ തൊട്ടിക്കു ചുറ്റും വ്യക്തികൾ ഒരു നേർച്ചയായി അമ്പെഴുന്നള്ളിക്കും. ചിലേടങ്ങളിൽ തിരുനാൾ പ്രദക്ഷിണത്തിന്റെ ഭാഗമായിരിക്കും ഇത്. എന്നാൽ ചില സ്ഥലങ്ങളിൽ ഇടവകയിലെ ഓരോ കുടുംബക്കൂട്ടായ്മയിലും ഇപ്രകാരമുള്ള അമ്പു പ്രദക്ഷിണമുണ്ടാകും. കൂട്ടായ്മയിലെ ഓരോ വീട്ടിലും അമ്പുമായി പ്രദക്ഷിണം എത്തും. “വീട്ടിൽ അമ്പു കയറ്റുക” എന്ന പ്രയോഗം ആദ്യം കേട്ടപ്പോൾ എനിക്കു മനസിലായില്ല. വീട്ടിൽ അമ്പു കയറ്റാതിരിക്കുന്നത് എന്തോ ഭീകരമായ ദുരന്തത്തിനു കാരണമാകും എന്ന ഭയവും പലരിലും നിലനില്ക്കുന്നുണ്ട്. ഇപ്രകാരമുള്ള കുടുംബക്കൂട്ടായ്മയുടെ പ്രദക്ഷിണങ്ങൾക്കും നിർബന്ധിത പിരിവ് സാധാരണമാണ്. അമ്പുകൊണ്ട വി. സെബസ്ത്യാനോസ് മരിച്ചില്ല, പിന്നീട് ഗദകൊണ്ട് അടിച്ചു കൊല്ലുകയാണുണ്ടായത് എന്ന് ചില ചരിത്രകാരന്മാർ വാദിക്കുന്നുണ്ട്. അമ്പുകൊണ്ടാണ് മരിച്ചതെങ്കിൽ പോലും വിശുദ്ധന്റെ വിശ്വാസത്തിനു വേണ്ടിയുള്ള രക്തസാക്ഷിത്വവും ഇന്നു നടത്തുന്ന ഈ ഭക്താഭ്യാസവും തമ്മിൽ എന്തു ബന്ധം?

യേശുവിനോടൊന്നിച്ചും യേശുവിനുവേണ്ടിയുമുള്ള ജീവിതത്തിൽ ഏറ്റം അധികം വേദനിച്ച വ്യക്തിയാണ് പരിശുദ്ധ കന്യകാമറിയം. അമ്മ അനുഭവിച്ച വേദനകളുടെയും ദുഃഖങ്ങളുടെയും കാഠിന്യം അനുസ്മരിപ്പിക്കുന്നതാണ്. “*വ്യാകുലമാതാവ്*” എന്ന വിശേഷണം. “*നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും*” (ലൂക്കാ 2, 35) എന്ന വൃദ്ധനായ ശിമയോന്റെ പ്രവചനം ഹൃദയത്തിൽ വാൾ തറച്ച അമ്മയായി മറിയത്തെ ചിത്രീകരിക്കാൻ കലാകാരന്മാർക്കു പ്രേരണ നല്കി. അമ്മയുടെ ജീവിതത്തിലെ വിവിധ

ദുഃഖമുഹൂർത്തങ്ങൾ കണക്കിലെടുത്ത് "ഏഴു വ്യാകുലങ്ങൾ" എന്ന പ്രയോഗം നിലവിൽ വന്നു. ഏതൊക്കെയാണ് ഈ ഏഴു വ്യാകുലങ്ങൾ എന്നതിനെക്കുറിച്ച് ഭക്തരുടെ ഇടയിൽ ഇപ്പോഴും അഭിപ്രായ ഐക്യമില്ലെങ്കിലും ഹൃദയത്തിൽ ഏഴു വാൾ തറച്ച സ്ത്രീ ആയി അമ്മയെ ചിത്രീകരിക്കുന്ന പതിവുമുണ്ടായി. മാതാവിനോടുള്ള പ്രത്യേകമായ ആദരം പ്രകടമാക്കാൻ "വ്യാകുലം എഴുന്നള്ളിക്കൽ" എന്ന ഭക്താഭ്യാസം ഇന്നു പലേടങ്ങളിലും നിലവിലുണ്ട്. താലത്തിൽ വച്ച വാളോ, ഏഴു വാളുകൾ ഹൃദയത്തിൽ തറച്ച പ്രതിമയോ ആയിരിക്കും എഴുന്നള്ളിക്കുക. ഇവിടെയും അമ്മയുടെ രക്ഷാകരസഹനവും ആ സഹനത്തിൽ പങ്കുചേരാനുള്ള ആഹ്വാനവും ഒന്നും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ആഘോഷം മാത്രം നിലനില്ക്കുന്നു, അർത്ഥമറിയാതെ.

ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുമ്പോൾ ആ വ്യക്തിയിൽ പ്രത്യേകമാംവിധം ദൃശ്യമായിരുന്ന എന്തെങ്കിലും ഒരു സ്വഭാവ വിശ്വാസ സവിശേഷതയ്ക്ക് ഊന്നൽ നല്കുക പതിവാണ്. വിശ്വാസതീക്ഷ്ണത, സഹനം, സഹോദരസ്നേഹം, ദീനാനുകമ്പ, സുവിശേഷപ്രഘോഷണത്തിലുള്ള ഉത്സാഹം, നീതിബോധം, കാരുണ്യം എന്നിങ്ങനെ നിരവധി പ്രത്യേകതകൾക്ക് ഊന്നൽ നല്കാറുണ്ട്. എന്നാൽ വിശുദ്ധരോടുള്ള ഭക്തിയിലും അവരുടെ പെരുന്നാളാഘോഷങ്ങളിലും ഇപ്രകാരമുള്ള ഗുണവിശേഷങ്ങൾക്കോ അവയെ അനുകരിക്കാനുള്ള കടമയ്ക്കോ അല്ല ഊന്നൽ നല്കുക. മറിച്ച് അവർ വഴി ലഭിക്കാവുന്ന ഏതെങ്കിലും അനുഗ്രഹങ്ങൾ, പലപ്പോഴും അതിശയോക്തി കലർത്തി അവതരിപ്പിക്കപ്പെടുന്നു.

വസൂരി രോഗത്തിൽ നിന്നു മുക്തിയായിരുന്നു കുറേക്കാലം മുമ്പുവരെ വി. സെബസ്ത്യാനോസിന്റെ ഭക്തിയുടെ ഒരു മുഖ്യ ലക്ഷ്യം. പാമ്പുകടിയിൽ നിന്നു മോചനം കിട്ടാൻ വി. ഗീവർഗീസിനോടും, കാണാതെ പോയവ കണ്ടുകിട്ടാൻ വി. അന്തോണീസിനോടും അസാധ്യകാര്യങ്ങൾ സാധ്യമാകാൻ വി. യൂദാതദേവൂസിനോടും പ്രാർത്ഥിക്കുക സർവ്വസാധാരണമായിത്തീർന്നു. പെരുന്നാൾ പരസ്യങ്ങൾ ഇപ്രകാരമുള്ള അത്ഭുതസിദ്ധികൾക്ക് ഊന്നൽ നല്കുക പതിവാണ്.

വിശുദ്ധരെ പുകഴ്ത്തുന്ന പല പാട്ടുകളും അവരോടുള്ള ചില

പ്രാർത്ഥനകളും തെറ്റിധാരണ ജനിപ്പിക്കുന്നവ മാത്രമല്ല, വിശ്വാസ വിരുദ്ധം തന്നെയെന്നു തോന്നിപ്പോകും. "പാപികൾ ഞങ്ങൾക്കു സ്വർഗ്ഗരാജ്യം തരാൻ പീഡകളേറ്റു മരിച്ചവനേ" എന്നു സെബസ്ത്യാനോസിനെ വിളിക്കുന്നത് ഉദാഹരണമാണ്. രക്ഷ നല്കുന്നത് ദൈവമാണ്, വിശുദ്ധരല്ല. അത്ഭുതം പ്രവർത്തിക്കുന്നതും ദൈവം മാത്രം. ഒരു വിശുദ്ധനും അത്ഭുതപ്രവർത്തകനല്ല. ദൈവത്തിന്റെ മുമ്പിൽ മാധ്യസ്ഥ്യം വഹിക്കുക മാത്രമാണ് വിശുദ്ധർ ചെയ്യുന്നത്.

പാട്ടുകളും പ്രാർത്ഥനകളും മാത്രമല്ല, വിശുദ്ധരോടുള്ള ഭക്തി പ്രകടനങ്ങൾ തന്നെ പലപ്പോഴും ദൈവത്തെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും തെറ്റായ ബോധ്യങ്ങൾ നല്കുന്നതായി തോന്നും. പഴയനിയമത്തിലെ ചില സംഭവങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച്, നിഷ്കരുണനും ക്രൂരനുമായ ഒരു വിധിയാളനായി ദൈവത്തെ ചിത്രീകരിക്കുന്നവരുണ്ട്. വിശുദ്ധരുടെ നിർബന്ധം മൂലമാണ് ദൈവം കനിഞ്ഞ് ശിക്ഷ പിൻവലിക്കുന്നതും അനുഗ്രഹിക്കുന്നതും എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് പല ഭക്തിപ്രകടനങ്ങളും. അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കില്ല (ഏശ 49, 14-15) എന്നു പറഞ്ഞ ദൈവമാണ് ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്നത്. തന്റെ ഏകജാതനെ നല്കാൻ മാത്രം നമ്മെ സ്നേഹിച്ച, സ്നേഹിക്കുന്ന പിതാവാണ് ദൈവം (യോ 3, 16). അതിനാൽ ദൈവത്തെക്കുറിച്ച് വികലമായ ധാരണകൾ പ്രചരിപ്പിക്കുന്ന ഭക്തിപ്രസ്ഥാനങ്ങൾ ദോഷകരമായിരിക്കും.

വിശുദ്ധരോടുള്ള ഭക്തിപ്രകടനങ്ങളിൽ ഒട്ടും പിന്നിലല്ലാത്ത ഒന്നാണ് നൊവേനകൾ. ചില വിശുദ്ധരുടെ നൊവേനകൾ ചില പള്ളികളിൽ പ്രത്യേകം ഫലദായകമാകുന്നു എന്ന വിശ്വാസം നിലനില്ക്കുന്നുണ്ട്. ലഭിക്കാനാഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ അധികപങ്കും ഭൗതികം മാത്രമായിരിക്കും. ഇവിടെയും ചില വിശുദ്ധർ ചില പ്രത്യേക അനുഗ്രഹങ്ങൾക്ക് ചുമതല ഏല്പിക്കപ്പെട്ടിരിക്കുന്നു എന്ന പ്രതീതിയാണ് ജനമനസിൽ നിലനില്ക്കുന്നത്. വിവാഹം, സന്താനഭാഗ്യം, രോഗശാന്തി, നല്ല ജോലി, സാമ്പത്തികോന്നമനം, നഷ്ടപ്പെട്ടതു കണ്ടെത്തൽ, ബാധയൊഴിപ്പിക്കൽ എന്നിങ്ങനെ നീളുന്ന അനുഗ്രഹങ്ങളുടെ പട്ടിക. അതോടൊപ്പം രോഗവും ദാരിദ്ര്യവും വേദനയുമെല്ലാം ദൈവശാപത്തിന്റെ അടയാളങ്ങളാണെന്ന ധാരണയും വളരുന്നു. അപ്പോൾ മറന്നുപോ

കുന്നത് ക്രൂശിതനായ യേശുവിനെയും കുരിശെടുത്ത് അനുഗമിക്കാനുള്ള ആഹ്വാനത്തെയുമല്ലേ?

ആദ്യരക്തസാക്ഷിയായ വി. സ്റ്റീഫനെ കല്ലെറിഞ്ഞു കൊന്നതിന്റെ ഓർമ്മയാചരിക്കാൻ താലത്തിൽ വഹിക്കുന്ന കല്ല്, തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തെ അനുസ്മരിക്കാൻ കുന്തം, എന്നിങ്ങനെ എത്രയെത്ര പ്രതീകങ്ങൾ! യേശുവിനെ എറിയാൻ യഹൂദർ കല്ലുകളെടുത്തു (യോഹ 10,31) എന്ന സംഭവത്തെ അനുസ്മരിക്കാനായി ഓശാന ഞായറാഴ്ചയുടെ തലേദിവസം കൊഴിക്കൊട്ട പുഴുങ്ങിത്തിന്നുന്ന ഒരു പതിവ് ചില സ്ഥലങ്ങളിൽ ഇന്നും നിലനില്ക്കുന്നു. കൊഴിക്കൊട്ട ശനിയാഴ്ച എന്ന പേരും ഉണ്ട്. ഉള്ളിൽ ശർക്കരയും തേങ്ങയും നിറച്ച അരിയുണ്ടയും യേശുവിന്റെ പീഡാസഹനവും തമ്മിലെ ബന്ധം കണ്ടെത്താൻ അസാധാരണമായ ഭാവനാശക്തി തന്നെ വേണം!

എല്ലാം ഒരാഘോഷമാക്കാൻ നമുക്കുള്ള കഴിവ് അത്ഭുതാവഹമെന്നേ പറയാൻ കഴിയൂ. കുരിശിന്റെ നിഴലിലിരുന്ന് ശിഷ്യന്മാരുമൊത്ത് യേശു ആചരിച്ച അവസാനത്തെ പെസഹാ ഇന്ന് വിശുദ്ധ കുർബ്ബാനയായി, ബലിയായി ദിവസേന ലോകമെങ്ങുമുള്ള കത്തോലിക്കാ ദേവാലയങ്ങളിൽ അർപ്പിക്കപ്പെടുന്നു. ഇവിടെയും ആഘോഷങ്ങൾ അർത്ഥം ചോർത്തിക്കളയുന്നില്ലേ എന്ന സംശയം തല പൊക്കുന്നു. രാജകീയമായ വേഷഭൂഷാദികളണിഞ്ഞ് നൃത്ത-സംഗീതനാടകത്തിന്റെ അന്തരീക്ഷം ജനിപ്പിക്കുന്ന ശബ്ദഘോഷങ്ങളോടെ, അർപ്പിക്കപ്പെടുന്ന ആഘോഷപൂർണ്ണമായ ദിവ്യബലികൾ, യേശുവിന്റെ ആത്മബലിയേക്കാൾ പാട്ടുകച്ചേരിയുടെയും നാടകമേളയുടെയും പ്രതീതിയാണ് ജനിപ്പിക്കുന്നത് എന്ന് ആരെങ്കിലും കുറ്റപ്പെടുത്തിയാൽ അയാളെ ദോഷൈകദൃക്കോ നിരീശ്വരനോ ക്രിസ്തുവിരോധിയോ ആയി മുദ്രകുത്തേണ്ടതില്ല.

## 7. തിരുനാളുകളെ തിരിച്ചുകൊണ്ടുവരണം

പെരുന്നാളുകളെ വീണ്ടും തിരുനാളുകളായി തിരിച്ചുകൊണ്ടുവരേണ്ടതില്ലേ? ആഘോഷങ്ങൾക്കായുള്ള അമിതാവേശത്തിൽ നഷ്ടപ്പെട്ടുപോകുന്ന ആത്മീയതയെ തിരിച്ചുപിടിക്കാൻ സഭാധികാരികളും വിശ്വാസിസമൂഹവും ഒന്നടങ്കം, നിശിതമായ ഒരാത്മശോധനയ്ക്കും ആത്മവിമർശനത്തിനും തയ്യാറാകേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. ഇസ്രായേൽ ജനത്തിന്റെ ആദി

പാപമായി അറിയപ്പെടുന്നത് സീനായ്മലയുടെ അടിവാരത്തുവച്ച് നടത്തിയ വിഗ്രഹാരാധനയാണ്. അതിനു നേതൃത്വം നല്കിയ താകട്ടെ, ഇസ്രായേലിലെ ആദ്യ പുരോഹിതൻ എന്നറിയപ്പെടുന്ന അഹറോൻ.

"*അഹറോൻ പറഞ്ഞു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലുള്ള സ്വർണ്ണവളയങ്ങൾ ഊരിയെടുത്ത് എന്റെ അടുത്തു കൊണ്ടുവരുവിൻ... അവൻ അവ വാങ്ങി, മൂശയിലുരുക്കി, ഒരു കാളക്കുട്ടിയെ വാർത്തെടുത്തു. അപ്പോൾ അവർ പറഞ്ഞു: ഇസ്രായേലേ, ഇതാ ഈജിപ്തിൽ നിന്നു നിന്നെ കൊണ്ടുവന്ന ദൈവങ്ങൾ! അതു കണ്ടപ്പോൾ അഹറോൻ കാളക്കുട്ടിയുടെ മുമ്പിൽ ഒരു ബലിപീഠം പണിതിട്ട് ഇപ്രകാരം പ്രഖ്യാപിച്ചു: നാളെ കർത്താവിന്റെ ഉത്സവദിനമായിരിക്കും. അവർ പിറ്റേന്ന് അതിരാവിലെ ഉണർന്ന് ദഹനയാഗങ്ങളും അനുരഞ്ജന ബലികളും അർപ്പിച്ചു. ജനം തീനുംകുടിയും കഴിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെട്ടു*" (പുറ 32, 1-6).

മോശ പിടിച്ചു നിർത്തി ചോദ്യം ചെയ്തപ്പോൾ ഒഴിഞ്ഞുമാറാനാണ് ആ ആദ്യപുരോഹിതൻ ശ്രമിച്ചത് (പുറ 32, 22-24). ജനം സ്വർണ്ണം കൊണ്ടുവന്നു, ഞാനതു തീയിലിട്ടു, കാളക്കുട്ടി പുറത്തു വന്നു എന്ന അഹറോന്റെ മറുപടി ഒഴിഞ്ഞുമാറ്റമല്ലാതെ മറ്റെന്ത്? ദൈവം വിമോചിപ്പിച്ച്, മരുഭൂമിയിലൂടെ നയിച്ചുകൊണ്ടുവന്ന "*ഈ ജനത്തിന്റെ മേൽ ഇത്ര വലിയൊരു പാപം വരുത്തിവയ്ക്കാൻ അവർ നിന്നോട് എന്തുചെയ്തു?*" (പുറ 32, 21) എന്ന ചോദ്യം അന്നത്തേതുപോലെ ഇന്നും പ്രസക്തമാണ്. ജനങ്ങൾക്കു താൽപര്യമാണ്, അവർ ആവശ്യപ്പെടുന്നു എന്നിങ്ങനെയുള്ള വിശദീകരണങ്ങൾ നല്കി ഒഴിഞ്ഞുമാറാൻ നേതാക്കൾക്കാവില്ല. കത്തോലിക്കാ സഭയിൽ, പ്രത്യേകിച്ചും മതാത്മക കാര്യങ്ങളിൽ, പുരോഹിതർക്കാണല്ലോ നിർണ്ണായകമായ അധികാരമുള്ളത്. നേർവഴിക്കു നയിക്കേണ്ടവർക്കുതന്നെ ദിശാബോധം നഷ്ടപ്പെട്ടാലോ?

അനേകം തിരുനാളുകൾക്കും മതാത്മകമായ ആഘോഷങ്ങൾക്കും നിർദ്ദേശം നല്കുന്ന പഴയ നിയമത്തിൽത്തന്നെ നേതാക്കന്മാർക്കുണ്ടാകുന്ന അപചയത്തെപ്പറ്റി ശക്തമായ താക്കീതും അവർ നേരിടേണ്ടിവരുന്ന കഠിനമായ ശിക്ഷാവിധിയും അനേകം തവണ രേഖപ്പെടുത്തിയിട്ടുണ്ട്. ഉടമ്പടിയുടെ സകല പ്രമാണ

ങ്ങളും ലംഘിച്ച്, സമൂഹത്തിൽ അക്രമവാഴ്ച അരങ്ങേറുമ്പോൾ താക്കീതുമായി കടന്നുവരുന്ന ഹോസിയാ പ്രവാചകന്റെ വാക്കുകൾ ഇവിടെ ശ്രദ്ധയർഹിക്കുന്നു: "*ആരും തർക്കിക്കേണ്ടാ; കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോഹിത, നിനക്കെതിരെയാണ് എന്റെ ആരോപണം... അജ്ഞത നിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽ നിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു... പുരോഹിതനെപ്പോലെ തന്നെ ജനവും*" (ഹോസി 4, 4-9).

ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളെ അനുസ്മരിക്കാൻ ദൈവം തന്നെ ഉണ്ടാക്കാൻ നിർദ്ദേശിച്ച ഉപകരണങ്ങൾ കാലക്രമത്തിൽ വിഗ്രഹങ്ങളായി പരിണമിക്കാമെന്നും അപ്പോൾ അവ എന്തു ചെയ്യണമെന്നും വ്യക്തമാക്കുന്ന ഒരു ഉദാഹരണം ബൈബിളിലുണ്ട്. ഹെസെക്കിയാ (ബി.സി. 716-687) രാജാവിന്റെ മതനവീകരണ ശ്രമങ്ങളുമായി ബന്ധപ്പെട്ടാണ് ഈ പരാമർശം പ്രത്യക്ഷമാകുന്നത്: "*മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നു വിളിക്കപ്പെടുന്ന ഓട്ടുസർപ്പത്തിന്റെ മുമ്പിൽ ഇസ്രായേൽ ജനം ധൂപാർച്ചന നടത്തിയതിനാൽ അവൻ അതു തകർത്തു*" (2 രാജാ 18, 47).

മരുഭൂമിയിൽ വച്ചു പാമ്പുകടിയേറ്റവർ മരിക്കാതിരിക്കാൻ വിശ്വാസത്തോടെ നോക്കേണ്ട ഒരു ഉപകരണമായിട്ടാണ് ഓടുകൊണ്ട് സർപ്പത്തിന്റെ രൂപമുണ്ടാക്കി വടിയിൽ ഉയർത്തി നിർത്താൻ കർത്താവു കല്പിച്ചത് (സംഖ്യ 21, 8). പ്രതിമയോ സർപ്പമോ അല്ല, ദൈവമാണ് സൗഖ്യം നല്കുന്നത്. അതു സ്വീകരിക്കാൻ ജനത്തെ ഒരുക്കുന്നത് അവരുടെ വിശ്വാസമാണ്. വിശ്വാസത്തിലേക്കു നയിക്കുന്ന ഉപകരണം മാത്രമാണ് സർപ്പപ്രതിമ. എന്നാൽ ഈ സത്യം മറന്ന് സർപ്പപ്രതിമതന്നെ രക്ഷയുടെ ഉറവിടം എന്നു കരുതുമ്പോൾ അന്ധവിശ്വാസം ജനിക്കുന്നു, വിഗ്രഹാരാധന ഉടലെടുക്കുന്നു. അപ്പോൾ ആ വിഗ്രഹം തച്ചുടയ്ക്കുക തന്നെ വേണം എന്നല്ലേ ഹെസെക്കിയായുടെ പ്രവൃത്തി രേഖപ്പെടുത്തുന്നതിലൂടെ ദൈവം ആവശ്യപ്പെടുന്നത്?

പഴയനിയമത്തിൽ ജനം സർപ്പപ്രതിമയ്ക്കു നല്കിയതുപോലെ അമിതപ്രാധാന്യം ഇന്ന് തിരുശേഷിപ്പുകൾക്കു നല്കുന്നതായി കാണാം. ദൈവപ്രമാണങ്ങൾ വീരോചിതമായി ജീവിച്ച് മാതൃക നല്കിയവരാണ് വിശുദ്ധർ. അവരുടെ ശരീരത്തിന്റെ ഭാഗ

ങ്ങളോ, അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ അംശങ്ങളോ ഒക്കെ തിരുശേഷിപ്പുകളായി സൂക്ഷിക്കുകയും വണങ്ങുകയും കത്തോലിക്കാസഭയിൽ പതിവാണ്. ഇതിന്റെ സാധുതയ്ക്കു ബൈബിളിൽത്തന്നെ സാക്ഷ്യങ്ങളുണ്ട്. "*എലീഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻ പ്രാപിച്ച് എണീറ്റു നിന്നു*" (2 രാജാ 13, 21). എഫേസൂസിൽവച്ച് പൗലോസിന്റെ "*ശരീരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽ നിന്നു പുറത്തുവരുകയും ചെയ്തിരുന്നു*" (അപ്പ 19, 12).

എന്നാൽ ഇവിടെയും അമിതാവേശവും അന്ധവിശ്വാസങ്ങളും കടന്നുവന്ന് ഭക്തിക്കു മാർഗ്ഗഭ്രംശം സംഭവിക്കുന്നില്ലേ എന്നു സംശയിക്കണം. വിശുദ്ധരായി ജീവിക്കാൻ ശ്രമിക്കുന്നതിനുപകരം വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുകയോ സ്പർശിക്കുകയോ ചെയ്യുന്നത് എങ്ങനെ രക്ഷണീയമാകും? വിശുദ്ധരുടെ തിരുശേഷിപ്പുകൾ സംഭരിക്കുന്നതിൽ ചില ഭക്തികേന്ദ്രങ്ങൾ മത്സരബുദ്ധിയോടെ ശ്രമിക്കുന്നതായി തോന്നും. തങ്ങളുടെ പ്രാർത്ഥനാലയത്തിൽ ഇരുനൂറോളം വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നു എന്ന് വീരവാദം മുഴക്കുന്നവരുണ്ട്. വിശുദ്ധരായി ജീവിക്കുന്നതിനുപകരം വിശുദ്ധരെക്കൊണ്ടു ജീവിക്കാനുള്ള ശ്രമവും നടക്കുന്നതുപോലെ തോന്നും. തീർത്ഥാടക - സന്ദർശരുടെ എണ്ണമാണല്ലോ വിശുദ്ധരുടെ മാധ്യസ്ഥശക്തിക്കു മാനദണ്ഡമായി പരിഗണിക്കപ്പെടുക. എല്ലാം വാണിജ്യവല്കരിക്കപ്പെടുകയാണോ? ഭൗതികലാഭം എല്ലായിടത്തും വഴിനയിക്കുന്നുവോ? വിശുദ്ധരോടുള്ള ഭക്തിയിൽ പോലും?

അടയാളങ്ങൾ അടയാളങ്ങളായിത്തന്നെ നില്ക്കണം. ആദരവ് ആരാധനയായി മാറിക്കൂടാ. ആചാരങ്ങൾ അനാചാരങ്ങളായി അധഃപതിക്കരുത്. പ്രതിമകൾ വിഗ്രഹങ്ങളായിത്തീരരുത്. എന്നാൽ ഇത് വലിയൊരു പരിധിവരെ നമ്മുടെ പെരുന്നാളാഘോഷങ്ങളിലും ഭക്തിപ്രകടനങ്ങളിലും സംഭവിക്കുന്നില്ലേ എന്ന് സൂക്ഷ്മമായി പരിശോധിക്കണം. "മേഘങ്ങളെ കീഴടങ്ങുവിൻ" എന്ന കവിതയിൽ മധുസൂധനൻനായരുടെ ഒരു പരാമർശമുണ്ട്: "യജ്ഞം പിഴച്ച് ആഭിചാരമായി" എന്ന്. വിശുദ്ധമായ ലക്ഷ്യത്തോടെ ആരംഭിക്കുന്ന കർമ്മങ്ങൾ ഇടയ്ക്കുവച്ച് വഴി

തെറ്റി ആരാധനാഭാസങ്ങളായി മാറുന്നത് അത്യന്തം ആപല്ക്കരമാണ്.

മധ്യകേരളത്തിലെ ഒരു പുരാതന ദേവാലയത്തിൽ റഫായേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച് "തുള്ളൽ" എന്നൊരു ചടങ്ങ് അരങ്ങേറിയിരുന്നു. ബാധിച്ചിരിക്കുന്ന പിശാച് വിട്ടുപോകുന്നതിന്റെ അടയാളമാണ് ഈ തുള്ളൽ എന്നു കരുതപ്പെട്ടിരുന്നു. യുവതികളാകും അധിപങ്കും ഇപ്രകാരം തുള്ളൽ നടത്തുക. അത് അത്ര ആശാസ്യമല്ല എന്നു മനസിലാക്കിയ രൂപതാധ്യക്ഷൻ കല്പനയിറക്കി, തുള്ളൽ നിരോധിച്ചു. ആദ്യമാദ്യം കുറെ എതിർപ്പുകളും വിമർശനങ്ങളും ഉണ്ടായി. എന്നാൽ മെത്രാൻ കല്പന പിൻവലിച്ചില്ല. സാവധാനം പ്രതിഷേധം കെട്ടടങ്ങി. ഭക്തിപ്രകടനങ്ങളുമായി ബന്ധപ്പെട്ട് അരങ്ങേറുന്ന അനാചാരങ്ങളും എതിർസാക്ഷ്യങ്ങളും നിർത്തലാക്കാൻ കഴിയും എന്നതിന് ഒരുദാഹരണമാണിത്. അതിന് കൃത്യമായ ദിശാബോധവും ദൃഢമായ ഇഛാശക്തിയും വിശ്വാസത്തിൽ അടിയുറച്ച ആർജ്ജവത്വവും ഉണ്ടാകണം. "*അന്യായസമ്പത്തിൽനിന്നുള്ള ബലി പങ്കിലമാണ്*" (പ്രഭാ 34, 18) എന്ന കാര്യം മറക്കാതിരിക്കാം.

**ഉപസംഹാരം**

തിരുനാളുകൾ ആവശ്യമാണ്. കടന്നുപോന്ന വഴികൾ അനുസ്മരിക്കാൻ, മുൻപേ പോയവരുടെ കാൽപാടുകൾ കണ്ടെത്തി പിൻതുടരാൻ തിരുനാളുകൾ സഹായിക്കും. ദൈവം സ്നേഹത്തിന്റെ ഉറവിടമായ പിതാവാണ്. വിശുദ്ധരെല്ലാം നമ്മുടെ ജ്യേഷ്ഠസഹോദരങ്ങളും. അവർ നമുക്കു വഴി കാട്ടുന്നു, മാതൃക നല്കുന്നു; നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ അനുഗ്രഹിക്കാൻ വിസമ്മതിച്ച് വാശി പിടിച്ചിരിക്കുന്ന ഒരു ദൈവത്തിന്റെ മനസു മാറ്റുകയല്ല അവരുടെ മധ്യസ്ഥ പ്രാർത്ഥനകൾ ചെയ്യുന്നത്. ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തിലേക്ക് നമ്മുടെ കണ്ണുതുറക്കാൻ, അവിടുത്തെ ഹിതമനുസരിച്ച് നമ്മുടെ ആഗ്രഹങ്ങളെയും ഉദ്യമങ്ങളെയും ചിട്ടപ്പെടുത്താൻ സഹായിക്കുന്നതാണ് വിശുദ്ധരുടെ പ്രാർത്ഥന.

മാറേണ്ടത് ദൈവത്തിന്റെയല്ല, എന്റെ മനസാണ്, യേശുവിന്റെ പ്രാർത്ഥനപോലെ: "*പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ! എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ*" (ലൂക്കാ 22, 42). പാനപാത്രം മാറ്റി

ക്കൊടുത്തില്ല, മറിച്ച് അതു കുടിക്കാൻ ശക്തി കൊടുത്തു എന്നത് രക്ഷാചരിത്രത്തിന്റെ ഭാഗം. വിശുദ്ധരോടുള്ള ഭക്തിയും പ്രാർത്ഥനകളും എല്ലാം ഈ ദിശയിലേക്ക് തിരിഞ്ഞെങ്കിലേ രക്ഷണീയമാകൂ!

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ വിശുദ്ധരോടുള്ള ഭക്തിക്കും പ്രാർത്ഥനയ്ക്കും സ്ഥാനമുണ്ട്; തിരുനാളുകൾക്കും തീർത്ഥാടനങ്ങൾക്കും പ്രസക്തിയുണ്ട്; വിശുദ്ധ വസ്തുക്കൾക്കും തിരുശേഷിപ്പുകൾക്കും അർത്ഥമുണ്ട്. എന്നാൽ ഇവയ്ക്കെല്ലാം പരിധികളുണ്ട്; പരിമിതികളുമുണ്ട്. ദൈവം സ്നേഹിക്കുന്നതുപോലെ, നിസ്സീമവും നിരുപാധികവും നിത്യവുമായി നമ്മെ സ്നേഹിക്കുന്നതു ദൈവം മാത്രം. ജീവിതം തന്നെ ഒരു തീർത്ഥാടനമാണെന്ന കാര്യം മറക്കാതിരിക്കാം. ദിവ്യബലിയ്ക്കു തുല്യമായ മറ്റൊരു പ്രാർത്ഥനയില്ല; യേശുവിന്റെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്ന വിശുദ്ധകുർബാനയ്ക്കു തുല്യമായൊരു തിരുശേഷിപ്പുമില്ല. ഈ സത്യം മറന്നാൽ വിശുദ്ധരോടുള്ള ഭക്തി വിഗ്രഹാരാധനയായി പരിണമിക്കാം. തിരുനാളുകൾ അർത്ഥവും ലക്ഷ്യവും ചോർന്നുപോയ വെറും പെരുന്നാളുകൾ മാത്രമായി അധഃപതിക്കാം. അതുണ്ടാകാതിരിക്കാൻ സർവ്വശക്തൻ സഹായിക്കട്ടെ!

# 2

## ഞായറാഴ്ച - കർത്താവിന്റെ ദിനം

*"ചിലർ സാധാരണമായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തുവരുന്നതു കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം"* (ഹെബ്രാ 10, 25).

കത്തോലിക്കാസഭ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന തിരുനാളുകളുടെ പട്ടികയിൽ ഒന്നാം സ്ഥാനം ഞായറാഴ്ചയ്ക്കാണ്. ആഴ്ചയുടെ ആദ്യദിവസം വിശുദ്ധദിനമായി ആചരിക്കുന്നു. സഭയുടെ ആരംഭം മുതലേ ഈ ആചാരം നിലനിന്നിരുന്നു എന്നതിന് പുതിയ നിയമത്തിൽത്തന്നെ വ്യക്തമായ തെളിവുകളുണ്ട്. എ.ഡി. 70-ൽ ജറുസലെം ദേവാലയം നശിപ്പിക്കപ്പെടുന്നതുവരെ ക്രൈസ്തവർ പ്രാർത്ഥിക്കാനായി ആ ദേവാലയത്തിൽ ഒരുമിച്ചു കൂടുമായിരുന്നു. എന്നാൽ യേശുവിന്റെ അന്ത്യ അത്താഴത്തിന്റെ ഓർമ്മ ആചരിച്ചും അവിടുത്തെ കല്പനയനുസരിച്ചും അപ്പം മുറിക്കാനായി അവർ ഒരുമിച്ചുകൂടിയിരുന്നത് ആഴ്ചയുടെ ഒന്നാം ദിനമായിരുന്നു, അതും വീടുകളിൽ (അപ്പ 2, 46; 20,7). ഇപ്രകാരമുള്ള സഭായോഗങ്ങളെക്കുറിച്ചാണ് ആരംഭത്തിൽ ഉദ്ധരിച്ച ഹെബ്രായ ലേഖനം അനുസ്മരിപ്പിക്കുന്നത്. "ആ ദിവസം" എന്നു പറയുന്നത് അപ്പം മുറിക്കാനായി ഒരുമിച്ചു കൂടിയിരുന്ന ആഴ്ചയുടെ ആദ്യദിവസത്തെയാണ്.

പത്തു പ്രമാണങ്ങളിൽ മൂന്നാമത്തേതായ സാബത്താചരണത്തെക്കുറിച്ചുള്ള പ്രമാണത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ജനം ആഴ്ചയുടെ അവസാനത്തെ ദിവസം സാബത്തായി ആചരിച്ചിരുന്നു. ദേവാലയവും ബലിയർപ്പണവും ഇല്ലാതായ ബാബിലോൺ പ്രവാസകാലത്ത് ഈ പ്രമാണത്തിനു അതുല്യമായ പ്രാധാന്യം നല്കപ്പെട്ടു. കാരണം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന തങ്ങളുടെ അനന്യതയും സവിശേഷതയും ബാഹ്യമായി പ്രകടമാക്കാൻ അവസരം ഒരുക്കുന്നതായിരുന്നു

ഈ പ്രമാണം. പഞ്ചഗ്രന്ഥത്തിലെ രണ്ടു പുസ്തകങ്ങളിൽ പത്തു പ്രമാണങ്ങളുടെ പട്ടിക അവതരിപ്പിക്കുന്നുണ്ട് (പുറ 20, 1-17; നിയ 5, 6-21).

സാബത്താചരണത്തെ സംബന്ധിച്ച കല്പനയിൽ രണ്ടു പട്ടികകളും തമ്മിൽ ഊന്നലിൽ വ്യത്യാസമുണ്ട്. പുറപ്പാടു പുസ്തകത്തിലെ പ്രമാണപ്പട്ടിക പുരോഹിത രചന(P)യുടെ ഭാഗമായി കരുതപ്പെടുന്നു. ആ പട്ടികയിൽ സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്നതാണ് സാബത്താചരണത്തിന് അടിസ്ഥാനമായി എടുത്തുകാട്ടുന്നത്. ഇവിടെ രണ്ടു കാര്യങ്ങൾ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. 1. സാബത്തു ദിവസം ഒരു ജോലിയും ചെയ്യരുത്. 2. അന്നേ ദിവസം കർത്താവിന്റെ വിശ്രമത്തിൽ പങ്കുചേരുന്നതിനായി മാറ്റിവയ്ക്കണം, അഥവാ വിശുദ്ധമായി ആചരിക്കണം. ഇത് കർത്താവിന്റെ ദിവസമാണ്; അവിടുത്തേക്ക് മാത്രമായി മാറ്റിവയ്ക്കപ്പെട്ട ദിവസം.

നിയമാവർത്തന പുസ്തകത്തിലെ പട്ടിക സാബത്താചരണത്തിനടിസ്ഥാനമായി എടുത്തുകാട്ടുന്നത് ഈജിപ്തിലെ അടിമത്തവും അവിടെനിന്നു ദൈവം നല്കിയ മോചനവുമാണ്. നിയമാവർത്തനഗ്രന്ഥകാരന്റെ (D) തൂലികയിൽനിന്നു വരുന്ന ഈ പ്രമാണം വിശ്രമത്തിന് ഊന്നൽ നല്കുന്നു. എല്ലാവരും വിശ്രമിക്കണം. അടിമകളായിരുന്ന നിങ്ങളെ ദൈവം വിമോചിപ്പിച്ച് സ്വതന്ത്രരാക്കിയതിനെ അനുസ്മരിച്ചുകൊണ്ട് നിങ്ങൾ നിങ്ങളുടെ അടിമകൾക്കും മൃഗങ്ങൾക്കും സാബത്തുദിവസം വിശ്രമിക്കാൻ അവസരം നല്കണം; നിങ്ങളും വിശ്രമിക്കണം.

പ്രത്യക്ഷത്തിൽ രണ്ടു പട്ടികകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്നു തോന്നിയാലും ഊന്നലുകളിലെ വ്യത്യാസങ്ങൾ കാണാതെ പോകരുത്. പുറപ്പാടിലെ പട്ടിക കഠിനമായ ജോലി ഒന്നും ചെയ്യരുത്, എന്നു പറയുമ്പോൾ നിയമാവർത്തന പുസ്തകത്തിലെ നിയമത്തിൽ വിശ്രമത്തിനു പ്രാധാന്യം നല്കുന്നു. കാലക്രമത്തിൽ വിശ്രമം എന്ന ആശയം മറക്കുകയും ജോലിയരുത് എന്ന നിയമത്തിന് അമിതപ്രാധാന്യം നല്കപ്പെടുകയും ചെയ്തു. ഈ വ്യാഖ്യാനരീതിയോടാണ് യേശു കലഹിച്ചത്, "*സാബത്തു മനുഷ്യനുവേണ്ടിയാണ്*" (മർക്കോ 2, 27) എന്നു പഠിപ്പിച്ചതും.

ആഴ്ചയുടെ അവസാനത്തെ ദിവസമായിരുന്നു സാബത്തായി

ആചരിച്ചിരുന്നത്. ഇത് ഇസ്രായേൽക്കാർക്കു ദൈവം നല്കിയ പ്രമാണങ്ങളുടെ ഭാഗമാകുന്നതിനു മുമ്പുതന്നെ, പൊതുവേ ഒരു വിശ്രമദിവസമായി കരുതപ്പെട്ടിരുന്നു. ജോലിയിൽനിന്നു വിരമിക്കുക എന്നർത്ഥമുള്ള "ഷാപ്പാതു" എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് സാബത്ത് എന്ന ഹീബ്രു വാക്കിന്റെ നിഷ്പത്തി എന്നു കരുതപ്പെടുന്നു. ഒരു പ്രത്യേക ദേവതയ്ക്കായി മാറ്റിവയ്ക്കപ്പെട്ടിരുന്ന ദിവസമാണത്രേ ഇത്. അന്ന് യാതൊരു ജോലിയും ചെയ്യരുത്. അഥവാ എന്തെങ്കിലും ജോലി ചെയ്താൽത്തന്നെ അതു വിജയിക്കുകയില്ല എന്നു കരുതപ്പെട്ടിരുന്നു.

സാബത്തിന്റെ സ്ഥാനത്താണ് നമ്മുടെ നാട്ടിൽ ശനി. ആഴ്ചയുടെ 7-ാം ദിവസം ശനിയാഴ്ച എന്നാണല്ലോ നാം വിളിക്കുക. "ശനി" എന്നാൽത്തന്നെ മോശമായത്, നഷ്ടം വരുത്തുന്നത്, പരാജയത്തിലേക്കു നയിക്കുന്നത് എന്നൊക്കെയാണല്ലോ സൂചന. അതാണല്ലോ "ശനിദശ" എന്ന പദം തന്നെ സൂചിപ്പിക്കുക. സാമൂഹികമായൊരു ലക്ഷ്യം വച്ചുകൊണ്ട് നല്കുന്ന മതാത്മകമായൊരു വിശദീകരണമായി ഇതിനെ മനസിലാക്കാനാവും. അധ്വാനിക്കുന്ന മനുഷ്യന് ആഴ്ചയിൽ ഒരു ദിവസമെങ്കിലും പൂർണ്ണ വിശ്രമം ഉറപ്പുവരുത്തണം എന്നതാണ് ലക്ഷ്യം.

ബൈബിളിലെ സാബത്താചരണത്തെക്കുറിച്ചുള്ള നിയമത്തിന്റെ പിന്നിലും ഇപ്രകാരം ഒരു ലക്ഷ്യം കാണാനാവും. എന്നാൽ മതാത്മകവിശദീകരണത്തിൽ "വിശ്രമം" എന്ന ആശയത്തിനുതന്നെ പുതുതായൊരു മാനം ലഭിച്ചു. ഒന്നും ചെയ്യാതെ അലസമായിരിക്കുന്ന നിഷ്ക്രിയത്വമല്ല, ദൈവത്തിന്റെ വിശ്രമത്തിൽ പങ്കുചേരുന്നതിന്റെ ഒരു മുന്നാസ്വാദനമാണ് സാബത്താചരണം. അതിനാൽ അന്ന് ദൈവാരാധനയ്ക്കു മാത്രമായി മാറ്റിവയ്ക്കണം എന്ന കാഴ്ചപ്പാടാണ് പുരോഹിതഗ്രന്ഥകാരൻ പുറപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സാബത്തു നിയമത്തിനു നല്കിയിരിക്കുന്നത്. ഈ ആശയമാണ് കത്തോലിക്കാ സഭയിലെ ഞായറാഴ്ച ആചരണത്തിൽ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ കത്തോലിക്കർ എന്തുകൊണ്ട് ആഴ്ചയുടെ ഏഴാം ദിവസമായ സാബത്തിനുപകരം ഒന്നാം ദിവസമായ ഞായറാഴ്ച ആചരിക്കുന്നു എന്ന ചോദ്യം പ്രസക്തമാണ്.

ആഴ്ചയുടെ ഓരോ ദിവസവും ഓരോ ഗ്രഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഒന്നാം ദിവസം സൂര്യന്റെ പേരിൽ അറിയപ്പെ

ടുന്നു. “ഞായർ” എന്നാൽ സൂര്യൻ എന്നാണല്ലോ അർത്ഥം. ഇതിനെ “സൂര്യവാരം” എന്നും “രവിവാരം” എന്നും മലയാളത്തിൽ പറയാറുണ്ട്. റോമാക്കാർ ഇതിനെ ദിയെസ് സോളിസ് (Dies Solis) അഥവാ സൂര്യന്റെ ദിവസം എന്നു വിളിച്ചു. അതിൽ നിന്നാണ് ഇംഗ്ലീഷിലെ സൺഡെ (Sunday) രൂപപ്പെട്ടത്. പ്രകാശത്തിന്റെ ഉറവിടമാണ് സൂര്യൻ. അങ്ങനെ സൂര്യനെ ദൈവമായി, പ്രത്യേകിച്ചും പ്രകാശത്തിന്റെ ദൈവമായി അനേകം പുരാതന മതങ്ങൾ ആരാധിച്ചു പോന്നു. റോമക്കാരും സൂര്യനെ ദൈവമായി ആരാധിച്ചിരുന്നു.

എന്നാൽ സൂര്യൻ ദൈവമല്ല, ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ് എന്നു ബൈബിൾ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ പ്രകാശത്തിന്റെ ഉറവിടവും സൂര്യനല്ല എന്നു പഠിപ്പിക്കാൻ വേണ്ടിയാണ് പ്രകാശത്തെ ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടിയായും സൂര്യനെ ദിവസത്തെ നയിക്കാൻവേണ്ടി നാലാം ദിവസം സൃഷ്ടിച്ചതായും ബൈബിൾ വിവരിക്കുന്നത് (ഉൽപ 1, 3-5. 14-19). അതേ സമയം യേശു ലോകത്തിന്റെ പ്രകാശമായി സ്വയം വെളിപ്പെടുത്തുകയുണ്ടായി (യോഹ 8, 12; 9, 5). ഈ വെളിപ്പെടുത്തൽ യേശുവിന്റെ പുനരുത്ഥാനവുമായി ബന്ധപ്പെടുത്തിയപ്പോൾ ഞായറാഴ്ച പ്രകാശത്തിന്റെ യഥാർത്ഥ ഉറവിടമായ യേശുവിന്റെ ദിവസമായി കാണാൻ കഴിഞ്ഞു. അങ്ങനെ റോമാക്കാർ സൂര്യന്റെ ദിവസം എന്നു വിളിച്ച ഞായറാഴ്ചയെ ക്രൈസ്തവർ കർത്താവിന്റെ ദിവസം - ദിയെസ് ദൊമിനിക്കാ (Dies Dominica) എന്നു വിളിച്ചു. ഇത് ആഴ്ചയുടെ അവസാനത്തെ ദിവസമല്ല, ഒന്നാമത്തെ ദിവസമാണ്.

ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിലാണ് സാബത്തിൽ നിന്നു കർത്താവിന്റെ ദിവസമായ ഞായറാഴ്ചയിലേക്ക് ക്രൈസ്തവർ മാറിയത്. ക്രിസ്തു വിശ്വാസികളെ സംബന്ധിച്ച് കർത്താവിനായി മാറ്റിവയ്ക്കപ്പെടുന്നത് ആഴ്ചയുടെ അവസാന ദിവസമല്ല, ആദ്യത്തെ ദിവസമാണ്. ആ ദിവസം അനുസ്മരിക്കുന്നത് ദൈവം സൃഷ്ടികർമ്മം പൂർത്തിയാക്കി വിശ്രമിച്ചതിനെയല്ല, മറിച്ച് യേശുവിന്റെ പുനരുത്ഥാനത്തിലൂടെ ആരംഭിച്ച പുതിയ സൃഷ്ടികർമ്മത്തെയാണ്. വാസ്തവത്തിൽ പഴയനിയമത്തിൽ സാബത്താചരണം ലക്ഷ്യംവച്ചത് യേശുവിന്റെ പുനരുത്ഥാനത്തിൽ പൂർത്തിയായി.

ദൈവത്തിന്റെ വിശ്രമത്തിൽ പങ്കുചേരുകയെന്നാൽ നിഷ്ക്രിയമായിരിക്കലല്ല, ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ്, എന്നും അവിടുത്തോടൊന്നിച്ച് സന്തോഷമായി കഴിയുക എന്നാണ് അർത്ഥമാക്കുക. ഈ നിത്യവിശ്രമത്തിലേക്ക്, അഥവാ നിത്യജീവനിലേക്കു വഴിതുറക്കുന്നതാണ് യേശുവിന്റെ പുനരുത്ഥാനം. അതിനാൽ ഞായറാഴ്ചയാചരണം പുതിയ ചില ലക്ഷ്യങ്ങൾ നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നു; പുതിയമാനങ്ങൾ അവതരിപ്പിക്കുന്നു; അതിലേക്കുള്ള വഴിയും കാട്ടിത്തരുന്നു.

## ഞായറാഴ്ചയാചരണത്തിന്റെ വിവിധ മാനങ്ങൾ

കത്തോലിക്കർ എപ്രകാരമാണ് ഞായറാഴ്ച ആചരിക്കേണ്ടത് എന്ന് സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥം 2168 –2193 ഖണ്ഡികകളിൽ വിശദമായി പഠിപ്പിക്കുന്നുണ്ട്. മൂന്നാം പ്രമാണത്തിന്റെ വ്യാഖ്യാനത്തിന്റെ ഭാഗമാണ് ഈ പ്രബോധനം. സാബത്താചരണത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ "*അത് ജോലിയുടെ അടിമത്തത്തോടും പണത്തിന്റെ ആരാധനയോടുമുള്ള പ്രതിഷേധത്തിന്റെ ദിനമാണ്*" (§2172) എന്ന ഉദ്ബോധനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സാബത്തിനുപകരം ക്രൈസ്തവർ കർത്താവിന്റെ ദിനമായി ഞായറാഴ്ച ആചരിക്കുന്നു. യേശുവിന്റെ ഉത്ഥാനം ആഴ്ചയുടെ ഒന്നാം ദിവസമാണ് സംഭവിച്ചത്. അതിനാൽ അത് പഴയ സൃഷ്ടിയെയും സാബത്തിനുശേഷം വരുന്നതിനാൽ പുതിയ സൃഷ്ടിയെയും സൂചിപ്പിക്കുന്നു "*ക്രിസ്ത്യാനികൾക്ക് ആ ദിവസം എല്ലാ തിരുനാളുകളുടെയും ആദ്യത്തേതായി, കർത്താവിന്റെ ദിനമായി ഭവിച്ചു*" (§2174).

ദൈവാരാധനയ്ക്കുവേണ്ടി പ്രത്യേകം മാറ്റിവയ്ക്കേണ്ട ദിവസമാണ് ഞായറാഴ്ച എന്ന് മതബോധനഗ്രന്ഥം തുടർന്നു പഠിപ്പിക്കുന്നു. "*ആഴ്ചതോറും സ്രഷ്ടാവിനെയും അവിടുത്തെ ജനത്തിന്റെ രക്ഷകനെയും സ്തുതിച്ച് ആഘോഷിച്ചുകൊണ്ടാണ് അതു ചെയ്യുന്നത്*" (§2176). ഞായറാഴ്ചയാചരണത്തിന്റെ കേന്ദ്രമായി സഭ അവതരിപ്പിക്കുന്നത് വിശുദ്ധ കുർബാനയിലുള്ള സജീവമായ പങ്കുചേരലാണ്. ആരംഭകാലം മുതലേ സഭ ഇപ്രകാരമുള്ള ഞായറാഴ്ചയാചരണം നടത്തിയിരുന്നു. ഇപ്രകാരമുള്ള പ്രാർത്ഥനയും ആഘോഷവും വിശ്വാസികൾ ഒറ്റയ്ക്ക് വീട്ടിലിരുന്ന് ചെയ്താൽ പോരാ, ഒരു സമൂഹമായി ദേവാലയത്തിൽ (പ്രാർത്ഥനാലയത്തിൽ)

ഒന്നിച്ചുചേർന്നു നിർവ്വഹിക്കണം. ഈ കടമയെ ഞായറാഴ്ചക്കടം എന്നു തുടർന്നു വിശേഷിപ്പിക്കുന്നു (§2178 – 83).

ഞായറാഴ്ച കടത്തിന്റെ വിശദീകരണത്തിൽ, ദൈവാരാധനയ്ക്കും ദൈവസന്നിധിയിലുള്ള വിശ്രമത്തിനും തടസ്സമാകാവുന്ന എല്ലാ ജോലികളിൽ നിന്നും മാറിനില്ക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നു. എന്നാൽ "*കുടുംബത്തിന്റെ അത്യാവശ്യങ്ങളെ സുപ്രധാന സാമൂഹിക നന്മയോ ഞായറാഴ്ച വിശ്രമത്തിനുള്ള കടമയിൽനിന്ന് നൈയാമികമായ ഒഴിവു നല്കാൻ കഴിയുന്ന കാരണങ്ങളാണ്*" (§2185). ദൈവശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കുക എന്നാൽ സമയം മുഴുവൻ ദേവാലയത്തിൽ ചിലവഴിക്കണം എന്ന് അർത്ഥമില്ല. "*സൽപ്രവൃത്തികൾക്കും, രോഗികൾ, അശക്തർ, വൃദ്ധർ എന്നിവർക്കുവേണ്ടിയുള്ള വിനീതസേവനങ്ങൾക്കുമായി, പരമ്പരാഗതമായി ഞായറാഴ്ച ദിവസം ക്രൈസ്തവ ഭക്തിയാൽ സമർപ്പിക്കപ്പെട്ടിരുന്നു*" (§2186) എന്നു പ്രബോധനരേഖ തുടർന്ന് അനുസ്മരിപ്പിക്കുന്നു.

ആഴ്ചയിലെ ആറു ദിവസം ബഹുകാര്യ വ്യഗ്രതകളാൽ ക്ലേശിച്ച് അധ്വാനിക്കുന്ന മനുഷ്യർക്ക് ഒരു ദിവസം സ്വസ്ഥമായി, ദിവ്യബലിയിൽ പങ്കുചേരാനും കുടുംബാംഗങ്ങളോടൊന്നിച്ച് ഭവനത്തിൽ സന്തോഷമായി ചിലവഴിക്കാനും ഞായറാഴ്ചയാചരണം സഹായകമാകും. അതോടൊപ്പം ഫരിസേയ മനോഭാവം അടിച്ചേല്പിച്ച നിയമത്തിന്റെ യാന്ത്രികവും അക്ഷരാർത്ഥത്തിലുള്ളതുമായ വ്യാഖ്യാനത്തിന് അടിമയാകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. നല്ല സമറിയാക്കാരന്റെ ഉപമയിൽ യേശു എടുത്തുകാട്ടിയതാണ് മനോഭാവത്തിലുണ്ടാകാവുന്ന ഈ വൈരുധ്യം.

ദൈവശുശ്രൂഷയ്ക്കായി തിരക്കിട്ടുപോയ പുരോഹിതനും ലേവായനും, സമയത്തിന് ദേവാലയത്തിൽ എത്താൻ കഴിയാതെ പോയേക്കും എന്നു കരുതിയിട്ടോ, വഴിയിൽ രക്തം വാർന്നുകിടക്കുന്നവനെ തൊട്ടാൽ അശുദ്ധനാകുമെന്നു ഭയന്നിട്ടോ, കണ്ടിട്ടും കടന്നുപോയത് ഞായറാഴ്ചയാചരണത്തിന്റെ എന്നല്ല, എല്ലാ നിയമാനുസരണത്തിന്റെയും വഴിതെറ്റിയ വ്യാഖ്യാനമാണ്. എന്നാൽ മതനിയമാനുഷ്ഠാനങ്ങളിൽ നിഷ്ഠ പാലിക്കാത്ത സമറിയാക്കാരൻ മുറിവേറ്റു കിടന്നവനെ പരിചരിച്ചു, രക്ഷിച്ചു. അതു തന്നെയാണ് ദൈവശുശ്രൂഷയുടെ മഹത്തായ മാതൃക; നിത്യജീവൻ അവകാശമാക്കാൻ ആവശ്യകമായ നിയമാനുസരണം.

സഹോദരസ്നേഹത്തിലൂടെ ക്രിയാത്മകമാകുന്ന ദൈവ സ്നേഹം - അതിനു പ്രത്യേകം ഊന്നൽ നല്കുന്ന ദിവസമായിരിക്കണം കർത്താവിന്റെ ദിനം എന്നറിയപ്പെടുന്ന ഞായറാഴ്ച. പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ചു പോകണം. വിശ്വാസം സ്നേഹത്തിലേക്കു നയിക്കണം. സഹോദരനിൽ ദൈവത്തെ കാണണം. അപ്പോൾ നിയമത്തിന്റെ പൂർത്തീകരണമാകും. ഇതാണ് യേശു കാട്ടിത്തരുന്ന പുതിയ മാതൃക. പുതിയ സൃഷ്ടിയുടെ ഭാഗമാകാനുള്ള മാർഗ്ഗം. "*നീയും പോയി അതുപോലെ ചെയ്യുക*" (ലൂക്കാ 10, 37). മനുഷ്യൻ അധ്വാനത്തിനടിമയാകരുത്. ദൈവിക സാന്നിധ്യം അനുഭവിച്ച്, കുടുംബാംഗങ്ങളോടൊത്ത് വിശ്രമിക്കാനും പ്രാർത്ഥിക്കാനും പ്രത്യേകസമയം കണ്ടെത്താൻ സഹായിക്കുന്നതാണ് ഞായറാഴ്ചയാചരണം. ജീവന്റെയും പ്രകാശത്തിന്റെയും ഉറവിടമായ, യഥാർത്ഥ സൂര്യനായ യേശുവിനോടുകൂടെ ജീവിതം ചിലവഴിക്കാൻ ഞായറാഴ്ച സഹായിക്കണം.

# 3

## ജൂബിലി
## അർത്ഥവും ലക്ഷ്യവും

*"വർഷങ്ങളുടെ ഏഴു സാബത്തുകൾ എണ്ണുക, ഏഴു പ്രാവശ്യം ഏഴു വർഷങ്ങൾ. വർഷങ്ങളുടെ ഏഴു സാബത്തുകളുടെ ദൈർഘ്യം നാല്പത്തിയൊമ്പതു വർഷങ്ങൾ. ഏഴാം മാസം പത്താം ദിവസം നിങ്ങൾ എല്ലായിടത്തും കാഹളം മുഴക്കണം. പാപപരിഹാരദിനമായ അന്ന് ദേശം മുഴുവൻ കാഹളം മുഴക്കണം. അമ്പതാംവർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. അത് നിങ്ങൾക്ക് ജൂബിലി വർഷമായിരിക്കും. ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികെ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്ക് മടങ്ങിപ്പോകട്ടെ. അമ്പതാം വർഷം നിങ്ങൾക്കു ജൂബിലി വർഷമായിരിക്കണം"* (ലേവ്യർ 25, 8-11).

**ആമുഖം**

ജൂബിലിയാഘോഷം ഇന്നു സർവ്വസാധാരണമായിരിക്കുന്നു. വ്യക്തികളും സ്ഥാപനങ്ങളും സഭകളും എന്തിനേറെ, രാഷ്ട്രീയ പാർട്ടികളും വ്യവസായ സ്ഥാപനങ്ങളും എല്ലാം ജൂബിലി ആഘോഷിക്കുന്നു. 25 വർഷം ആകുമ്പോൾ രജതജൂബിലി; 50 വർഷത്തിന് സുവർണ്ണജൂബിലി; 60 വർഷത്തിന് വജ്രജൂബിലി; 75 വർഷത്തിന് പ്ലാറ്റിനംജൂബിലി. ഇതിനും പുറമെ 10 വർഷത്തിന് തകരജൂബിലിയും 40 വർഷത്തിന് മാണിക്യ(റൂബി)ജൂബിലിയും വരെ ആഘോഷിക്കുന്നു. ഇതൊക്കെ കാണുമ്പോൾ ജൂബിലിയെന്നാൽ ഒരു പ്രത്യേക വാർഷികാഘോഷമാണ് എന്ന പ്രതീതി ലഭിക്കുന്നു. ഈ പശ്ചാത്തലത്തിൽ ജൂബിലിയാഘോഷത്തിന്റെ അർത്ഥവും ലക്ഷ്യവും പ്രസക്തിയും വ്യക്തമാക്കുക ആവശ്യമായിരിക്കുന്നു. മൂന്നാം സഹസ്രാബ്ദത്തിന്റെ ആഗമനത്തിനൊരുക്കമായി 2000-ാം ആണ്ടിനെ മഹാജൂബിലി വർഷമായി കരുതി വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പുറപ്പെടു

വിച്ച ചാക്രികലേഖനത്തിൽ ജൂബിലിയുടെ വിവിധ അർത്ഥങ്ങളും മാനങ്ങളും വിശദമായി അവതരിപ്പിച്ചിട്ടുണ്ട്.

## ജൂബിലി – അർത്ഥം

ഇസ്രായേൽ ജനം ആഘോഷിക്കണം എന്ന് ദൈവം നിർദ്ദേശിച്ച തിരുന്നാളുകളിൽ ഒന്നാണ് ജൂബിലി. പെസഹാ, പന്തക്കുസ്താ, കൂടാരതിരുന്നാൾ, പാപപരിഹാരദിനം, കാഹളതിരുനാൾ, പൂരിം തിരുനാൾ, പ്രതിഷ്ഠയുടെ തിരുനാൾ എന്നിങ്ങനെ ആണ്ടുതോറും ആഘോഷിക്കുന്ന സുപ്രധാനമായ ഏഴു തിരുനാളുകൾക്കു പുറമേ വേറെയുമുണ്ടായിരുന്നു ആഘോഷങ്ങൾ. ആഴ്ചയുടെ ഏഴാംദിവസം സാബത്തായും ഏഴാംവർഷം സാബത്തുവർഷമായും ആചരിക്കണം. ഏഴു സാബത്തുവർഷങ്ങൾ കഴിയുമ്പോൾ ആചരിക്കുന്ന വർഷമാണ് ജൂബിലി വർഷം.

"യോബേൽ" എന്ന ഹീബ്രു വാക്കിൽ നിന്നാണ് ജൂബിലി (യൂബിലി) എന്ന വാക്കിന്റെ ഉത്ഭവം. മുട്ടാട് എന്നാണ് "യോബേൽ" എന്ന വാക്കിന്റെ മൂലാർത്ഥം. പ്രയോഗത്തിൽ നിന്ന് മുട്ടാടിന്റെ കൊമ്പ് എന്ന അർത്ഥമുണ്ടായി. മുട്ടാടിന്റെ കൊമ്പ് കാഹളമായി ഉപയോഗിച്ചിരുന്നതിനാൽ ഈ പദത്തിന് കാഹളം എന്ന അർത്ഥവും ലഭിച്ചു. ദേശത്തു മുഴുവൻ കൊമ്പു വിളിച്ച് അഥവാ കാഹളം മുഴക്കി വിളംബരം ചെയ്തുകൊണ്ട് ആരംഭിച്ചിരുന്നതിനാൽ ആ വർഷത്തിന് ജൂബിലി വർഷം എന്ന പേരുണ്ടായി. ഈ വർഷത്തെക്കുറിച്ചുള്ള ഏറ്റം പ്രധാനപ്പെട്ട ബൈബിൾ ഭാഗമാണ് ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഇസ്രായേലിൽ വർഷാരംഭത്തെക്കുറിച്ച് രണ്ടു തരത്തിലുള്ള കണക്കുകൂട്ടലുകൾ നിലവിലിരുന്നു. വസന്തകാലത്ത് ആരംഭിക്കുന്ന വർഷപഞ്ചാംഗമുണ്ട്: ശരത്കാലത്താരംഭിക്കുന്ന വർഷപഞ്ചാംഗവുമുണ്ട്. ആദ്യത്തെ കണക്കനുസരിച്ച് ഏഴാം മാസമാണ് ജൂബിലി വർഷം ആരംഭിക്കേണ്ടത്; രണ്ടാമത്തെ കണക്കനുസരിച്ച് അത് ആദ്യമാസമാകുന്നു. "തിർഷി" എന്നാണ് ഈ മാസം അറിയപ്പെട്ടിരുന്നത്. പുരോഹിതന്മാരും ജനവും അടക്കം ഇസ്രായേൽ സമൂഹം മുഴുവനും വേണ്ടി പരിഹാരമനുഷ്ഠിക്കുന്ന ദിവസമായിരുന്നു പാപപരിഹാരദിനം (ലേവ്യർ 16). അന്നേദിവസം ദേശത്തു മുഴുവൻ കാഹളം മുഴക്കിക്കൊണ്ടാണ് ജൂബിലിവർഷം ആരംഭിക്കുന്നത്. അങ്ങനെ ജൂബിലി വർഷത്തെ ഒരു വിശുദ്ധീകരണ വർഷമായി അവതരിപ്പിക്കുന്നു. ദൈവജനത്തിനിടയിൽ

എല്ലാവർക്കും തുല്യതയും അംഗീകാരവും അവകാശങ്ങളും ഉറപ്പുവരുത്തുന്ന സാമൂഹികവും സാമ്പത്തികവുമായ സംവിധാനങ്ങളുടെ ഭാഗമായിരുന്നു ജൂബിലിവർഷാചരണം

## സാബത്തും ജൂബിലിയും

പ്രഥമവും പ്രധാനവുമായി അധ്വാനിക്കുന്നവർക്ക് ആഴ്ചയിൽ ഒരു ദിവസം വിശ്രമം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ളതായിരുന്നു സാബത്തു നിയമം (നിയ 5, 12–15) ക്രമേണ അതു ദൈവാരാധനയുമായി ബന്ധപ്പെടുത്തി. അങ്ങനെ പൂർണ്ണവിശ്രമത്തിനും ദൈവാരാധനയ്ക്കും വേണ്ടി മാറ്റിവയ്ക്കപ്പെട്ട ദിവസമായി മാറി സാബത്ത്. പിന്നീട് വിശ്രമം എന്ന ആശയത്തിന് പ്രാധാന്യം കുറയുകയും ആരാധനയ്ക്കും ജോലി ഒന്നും ചെയ്യരുത് എന്ന വിലക്കിനും പ്രാധാന്യം വർദ്ധിക്കുകയും ചെയ്തു.

സാബത്തുവർഷവും മുഖ്യമായും സാമൂഹികവും സാമ്പത്തികവുമായ തുല്യത ലക്ഷ്യം വച്ചുള്ളതായിരുന്നു. സാബത്തു വർഷത്തിൽ കൃഷി ചെയ്യരുത്, കൃഷിഭൂമിയിൽനിന്ന് വിളവെടുക്കരുത്. വിളവെടുക്കാനുള്ള അവകാശം അനാഥർക്കും വിധവകൾക്കും പരദേശിക്കും ആയിരിക്കും (ലേവ്യർ 25, 1–7). ഭൂമിക്കു വിശ്രമവും ദരിദ്രർക്ക് ഭക്ഷണവും നല്കുന്നതിന് ഈ നിയമം പ്രാധാന്യം കല്പിച്ചു. അതിനുപുറമേ, സാബത്തുവർഷം കടം ഇളവുചെയ്യണം എന്നും ഹെബ്രായ അടിമകൾക്കു സ്വാതന്ത്ര്യം നല്കണം എന്നും നിയമമുണ്ടായിരുന്നു (നിയ 15, 1–18). സാബത്തുവർഷത്തിന്റെ നിയമങ്ങൾക്കു പുറമേ മറ്റു ചില നിയമങ്ങൾ കൂടി ജൂബിലി വർഷത്തിനുണ്ടായിരുന്നു.

## ജൂബിലി നിയമങ്ങൾ

എല്ലാ കടവും ഇളവു ചെയ്യണം; എല്ലാ അടിമകൾക്കും സ്വാതന്ത്ര്യം നല്കണം; ഭൂമി ആദ്യ ഉടമയ്ക്കു തിരിച്ചുകൊടുക്കണം എന്നിങ്ങനെ മൂന്നു നിയമങ്ങളാണ് ജൂബിലി വർഷവുമായി ബന്ധപ്പെടുത്തി നല്കിയിരിക്കുന്നത് (ലേവ്യ 25, 8–55). ദൈവം സ്വതന്ത്രരാക്കിയ ജനം വീണ്ടും അടിമകളാകരുത്. ഏതെങ്കിലും സാഹചര്യത്തിൽ അടിമയാകാൻ ഇടയായാൽ ആ അടിമത്തം എന്നേക്കുമായി ദീർഘിക്കരുത്. അതുപോലെ തന്നെ അവകാശമായി കുടുംബങ്ങൾക്കു ദൈവം നല്കിയ ഭൂമി അന്യാധീനപ്പെട്ടുപോകരുത്. ഈ രണ്ടു ലക്ഷ്യങ്ങളാണ് ജൂബിലി വർഷാ

ചരണത്തിന് മുഖ്യമായും ഉണ്ടായിരുന്നത്. ദൈവജനത്തെയും വാഗ്ദത്ത ഭൂമിയെയും സംബന്ധിച്ച ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാട് ഈ നിയമങ്ങൾക്കു പിന്നിലുണ്ട്.

ഇസ്രായേൽ ജനം ഒരു കുടുംബമാണ്. അബ്രാഹം എന്ന ഒരേ പിതാവിൽനിന്ന് ജനിച്ച്, യാക്കോബിന്റെ പന്ത്രണ്ടുമക്കളിലൂടെ പന്ത്രണ്ടു ഗോത്രങ്ങളായി വളർന്ന ജനം മുഴുവൻ ഒറ്റ കുടുംബവും പരസ്പരം സഹോദരങ്ങളുമാണ്. അതിനാൽ പരസ്പരം സഹായിക്കാൻ അവർക്കു കടപ്പാടുണ്ട്. ആരും തന്റെ സഹോദരനെ അടിമയാക്കുകയോ അടിമയാകാൻ അനുവദിക്കുകയോ അരുത്. കടമിളവും അടിമകൾക്കു മോചനവും നല്കുന്നതിന്റെ പിന്നിലുള്ള അടിസ്ഥാനപരമായ കാഴ്ചപ്പാടിതാണ്. സാബത്തു വർഷവും ജൂബിലി വർഷവും സമ്പൂർണ്ണമായ വിമോചനത്തിന്റെയും തുല്യതയുടെ പുനഃസ്ഥാപനത്തിന്റെയും അവസരമായിരിക്കണം.

ഗോത്രം, കുലം, കുടുംബം എന്ന മൂന്നു തലങ്ങളായാണ് ജനം വിഭജിക്കപ്പെട്ടിരുന്നത്. പന്ത്രണ്ടു ഗോത്രങ്ങൾ; ഓരോ ഗോത്രത്തിലും അനേകം കുലങ്ങൾ; ഓരോ കുലത്തിലും അനേകം കുടുംബങ്ങൾ. പിതൃഭവനം എന്നാണ് കുടുംബത്തെ വിശേഷിപ്പിച്ചിരുന്നത്. മൂന്നോ നാലോ തലമുറകൾ ഉൾക്കൊള്ളുന്ന കൂട്ടുകുടുംബമായിരുന്നു പിതൃഭവനം. ഇങ്ങനെയുള്ള അനേകം കുടുംബങ്ങൾ ചേർന്ന് ഒരു കുലമാകുന്നു. ഇവരെ ചാർച്ചക്കാർ എന്നും വിശേഷിപ്പിക്കും. കുടുംബാംഗങ്ങൾക്കും ചാർച്ചക്കാർക്കും പരസ്പരം സംരക്ഷിക്കാൻ ഉത്തരവാദിത്വമുണ്ട്.

ഭൂമിയെ സംബന്ധിച്ച കാഴ്ചപ്പാടാണ് ജൂബിലി വർഷത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു ഘടകം. "*ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്*" (ലേവ്യ 25, 23) എന്ന പ്രഖ്യാപനം ഭൂമിയെ സംബന്ധിച്ച ബൈബിളിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. ഭൂമിയുടെ മുഴുവൻ ഉടമയും അധിപനുമായ ദൈവം ഓരോ ജനതയ്ക്കും ഓരോ കുടുംബത്തിനും സ്വന്തമായി ഭൂമി വിഭജിച്ച് നല്കിയിരിക്കുന്നു. അതിനാൽ സ്വന്തമായി ഭൂമി ഇല്ലാത്ത ആരും ഉണ്ടാകരുത് എന്നത് ബൈബിളിന്റെ അടിസ്ഥാനപ്രമാണമാണ്. സ്വന്തം എന്നാൽ "സ്വന്തം ഉപയോഗത്തിന്" എന്നർത്ഥം. ഉടമസ്ഥാവകാശമില്ല; ഉപയോഗാവകാശം മാത്രം. അതിനാൽ ഭൂമിവില്ക്കാനോ വാങ്ങാനോ ആർക്കും അനുവാദമില്ല.

കാനാൻദേശം ഇസ്രായേൽ ജനത്തിനു നല്കിയപ്പോൾ ഗോത്രം, കുലം, കുടുംബം എന്നിവയുടെ അംഗസംഖ്യ അനുസരിച്ചു വിസ്തീർണ്ണം കണക്കാക്കിയാണ് അവകാശം നല്കിയത് (ജോഷ്വാ 12-21). വാഗ്ദത്ത ഭൂമിയിൽ എല്ലാ കുടുംബങ്ങൾക്കും ദൈവദത്തമായ അവകാശമുണ്ട്. അത് ഒരു കാരണവശാലും അന്യാധീനപ്പെടുത്താൻ പാടില്ല. നാബോത്ത് തന്റെ മുന്തിരിത്തോട്ടം വില്ക്കാൻ വിസമ്മതിച്ചതിന്റെ പിന്നിലുള്ള കാഴ്ചപ്പാടിതാണ് (1 രാജാ 21). അബ്രാഹത്തിനു വാഗ്ദാനം ചെയ്തതാണ് ഭൂമി. അത് കൈവശമാക്കാൻ വേണ്ടിയാണ് ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചത്. സീനായ് ഉടമ്പടിയിലൂടെ ഭൂമി അവർക്കു നല്കി. ജോഷ്വായുടെ നേതൃത്വത്തിൽ ജനം അതു കീഴടക്കി സ്വന്തമാക്കി. ഇസ്രായേൽ ദൈവത്തിന്റെ സ്വന്തം ജനമാണ്. ദൈവം ഇസ്രായേൽ ദേശത്തു വസിക്കുന്നു. ജനവും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ ദൃശ്യമായ അടയാളമാണ് വാഗ്ദത്തഭൂമി. വാഗ്ദത്ത ഭൂമിയിൽ വസിക്കുകയെന്നാൽ ദൈവത്തോടൊന്നിച്ചു ജീവിക്കുക എന്നാണർത്ഥം. വാഗ്ദത്തഭൂമിയിൽനിന്നു പുറന്തള്ളപ്പെടുന്നത് മരണത്തിനു തുല്യമായിരുന്നു.

ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ ഭൂമി വില്ക്കാൻ പാടില്ല എന്ന നിയമം (ലേവ്യർ 25, 23) മനസിലാക്കാൻ കഴിയും. അഥവാ ആരെങ്കിലും തന്റെ അവകാശഭൂമി മറ്റൊരാൾക്കു പണത്തിനു വേണ്ടി കൈമാറുകയാണെങ്കിൽ അത് സ്ഥിരമായ വില്പനയല്ല, കാലബന്ധിതമായ ഒരു കൈമാറൽ മാത്രമായിരിക്കും. അടുത്ത ജൂബിലിവർഷം വരെയുള്ള വർഷങ്ങളുടെ കണക്കുകൂട്ടി, ആ വർഷങ്ങളിൽ കിട്ടാവുന്ന വിളവിന്റെ ലാഭത്തുകയായിരിക്കും ഭൂമിയുടെ വിലയായി നിശ്ചയിക്കുക. ജൂബിലിവർഷത്തിനുമുമ്പ് ആനുപാതികമായ തുക തിരിച്ചടച്ച് ഭൂമി വീണ്ടെടുക്കാൻ കഴിയുന്നില്ലെങ്കിൽ ജൂബിലിവർഷത്തിൽ ഭൂമി നിരുപാധികം ഉടമയെ തിരിച്ചേല്പിക്കണം.

എല്ലാ കടവും ഇളവു ചെയ്യുക, എല്ലാ അടിമകൾക്കും സ്വാതന്ത്ര്യം നല്കുക, എല്ലാ കുടുംബങ്ങൾക്കും തങ്ങളുടെ പൈതൃകാവകാശമായ ഭൂമി തിരിച്ചുകൊടുക്കുക - ഈ മൂന്നു നിയമങ്ങളാണ് ജൂബിലി വർഷത്തിന്റെ അടിസ്ഥാന നിയമങ്ങൾ. ദൈവജനം എന്ന നിലയിലുള്ള ജനത്തിന്റെ മഹത്വവും അവകാശ

ങ്ങളും ഉറപ്പുവരുത്തുന്നതാണ് ഈ നിയമങ്ങൾ. പല കാരണങ്ങ ളാൽ സമൂഹത്തിൽ വന്നു ഭവിച്ചേക്കാവുന്ന ഉച്ചനീചത്വങ്ങൾക്കു പരിധി നിർണ്ണയിക്കുന്നു ഈ നിയമങ്ങൾ. മാതാപിതാക്കന്മാ രുടെ അലസതയും ധൂർത്തും, പിടിപ്പുകേടും കെടുകാരസ്ഥതയും മൂലം മക്കൾ നിത്യദാരിദ്ര്യത്തിൽ ആണ്ടുപോകാതിരിക്കാൻ ഈ നിയമങ്ങൾ സഹായിക്കുന്നു.

## യേശുവിന്റെ വീക്ഷണത്തിൽ

എല്ലാവർക്കും ദൈവം നല്കുന്ന സമ്പൂർണ്ണ വിമോചനത്തി ന്റെയും സ്വാതന്ത്ര്യത്തിന്റെയും വർഷമാണ് ജൂബിലിവർഷം. ഈ നിയമങ്ങൾ ഇസ്രായേൽ ജനം എന്നെങ്കിലും പ്രാവർത്തികമാ ക്കിയിരുന്നോ എന്നതിനു വ്യക്തമായ തെളിവുകളൊന്നും ബൈ ബിളിലില്ല. എന്നാലും ഇത് ഒരു ആദർശമായി നിലനിന്നു. സാമ്പ ത്തികവും സാമൂഹികവുമായ മോചനത്തിനുപരി, ഭൗതികവും ആദ്ധ്യാത്മികവുമായ സകല മേഖലകളിലും ദൈവം നല്കുന്ന സമഗ്രമോചനത്തിന്റെ അവസരമായി പ്രവാചകന്മാർ ജൂബിലി വർഷത്തെ കണ്ടു (ഏശ 61, 1-2). ഈ കാഴ്ചപ്പാടാണ് യേശുനാ ഥൻ നസ്രത്തിലെ നയപ്രഖ്യാപനത്തിൽ തന്റെ ആഗമനലക്ഷ്യ മായി അവതരിപ്പിച്ചത് (ലൂക്കാ 4, 16-21) "കർത്താവിനു സ്വീകാ ര്യമായ വത്സരം" എന്ന വിശേഷണം ജൂബിലി വർഷത്തെ അനു സ്മരിപ്പിക്കുന്നു.

യേശുവിന്റെ ജീവിതവും വാക്കും പ്രവൃത്തിയും എല്ലാം ദൈ വത്തിനു സ്വീകാര്യമായ വത്സരത്തിന്റെ, ജൂബിലി വർഷത്തിന്റെ, സാക്ഷാൽക്കാരവും പ്രകടനവുമായിരുന്നു. "ദരിദ്രർക്കു സദ്വാർത്ത" എന്നാണ് ജൂബിലിവർഷത്തിന്റെ സന്ദേശത്തെ ചുരുക്കി അവതരിപ്പിക്കുന്നത്. അത് എല്ലാത്തരത്തിലുമുള്ള ബന്ധിതർക്കു മോചനം നല്കലാണ്; പുതിയ കാഴ്ചയും കാഴ്ച പ്പാടും നല്കലാണ് (ലൂക്കാ 4, 18-19). എല്ലാ കടങ്ങളും ഇളവു ചെയ്യുന്നു; എല്ലാ ബന്ധനങ്ങൾക്കും അറുതി വരുത്തുന്നു. അങ്ങനെ യേശുവിലൂടെ ജൂബിലി വർഷാചരണത്തിനു പുതിയ അർത്ഥവും മാനവും കൈവന്നു. പഞ്ചഗ്രന്ഥത്തിലെ നിയമങ്ങ ളിൽ നിർദ്ദേശിച്ചതും പ്രവാചകന്മാർ ദർശിച്ചതുമായ മോചനം യേശുവിലൂടെ ലഭ്യമാകുന്നതാണ് ജൂബിലി. അതു ദൈവം നല്കുന്ന ദാനമാണ്; ഒപ്പം ഒരു വലിയ ദൗത്യവും അത് ഉൾക്കൊ ള്ളുന്നു.

## കൃതജ്ഞതയുടെ അവസരം

ദൈവം നല്കിയതും നല്കുന്നതുമായ ദാനങ്ങളെ നന്ദിയോടെ അനുസ്മരിക്കാനുള്ള അവസരമാണ് ജൂബിലി. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകളെ നന്ദിയോടെ അനുസ്മരിക്കുകയും സന്തോഷത്തോടെ ആഘോഷിക്കുകയും ചെയ്യാൻ ജൂബിലിയാചരണം അനുശാസിക്കുന്നു. ഇതു വ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിതത്തിൽ പ്രസക്തമാണ്. അതിനാൽ ജൂബിലിയാഘോഷങ്ങൾ പ്രഥമവും പ്രധാനവുമായി ദൈവത്തോടു നന്ദി പ്രകാശിപ്പിക്കാനും അവിടുന്നു സൗജന്യമായി നല്കുന്ന കൃപകളിൽ സന്തോഷിക്കാനും ആ സന്തോഷവും നന്ദിയും ഹൃദയത്തിൽ മാത്രം സൂക്ഷിക്കാതെ പരസ്യമായി പ്രകടിപ്പിക്കാനുമുള്ള അവസരമാണ്.

## പങ്കുവയ്ക്കാൻ ആഹ്വാനം

ദൈവം നല്കുന്ന മോചനവും കൃപകളും സന്തോഷത്തോടെ അനുസ്മരിക്കുന്നതോടൊപ്പം ഈ കൃപകൾ സഹോദരങ്ങളുമായി പങ്കുവയ്ക്കാനുള്ള അവസരവുമാണ് ജൂബിലിയാഘോഷം. എല്ലാ കടവും ഇളവു ചെയ്യണം. സാമ്പത്തികതലത്തിൽ മാത്രമല്ല, എല്ലാ തലങ്ങളിലും, ക്ഷമിക്കുന്ന സ്നേഹത്തിലൂടെ സഹോദരങ്ങളുമായി സമ്പൂർണ്ണ ഐക്യത്തിലേക്കു വരാനുള്ള അവസരമാണിത്. എല്ലാവരും ദൈവമക്കളും, അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളും ആണെന്ന അവബോധത്തിൽ നിന്ന് എല്ലാവരുടെയും തുല്യതയും മഹത്വവും അംഗീകരിക്കാനും ഉറപ്പുവരുത്താനും ജൂബിലിവർഷാചരണം ആഹ്വാനം ചെയ്യുന്നു.

## വലിയൊരു പ്രതീകം

എല്ലാ ജൂബിലിയാഘോഷങ്ങളും ഒരു മഹാജൂബിലിയ്ക്കു വേണ്ടിയുള്ള ദാഹവും കാത്തിരിപ്പും ഉൾക്കൊള്ളുന്നുണ്ട്. എല്ലാ കടങ്ങളും ഇളച്ച്, എല്ലാ ബന്ധനങ്ങളും തകർത്ത് ദൈവം ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും (വെളി 21, 1–8). ആ മഹാജൂബിലിക്കു വേണ്ടിയുള്ള കാത്തിരുപ്പാണ് ഓരോ ജൂബിലിയുടെയും പിന്നിൽ നില്ക്കുന്നത്. തിന്മ പൂർണ്ണമായും ഉന്മൂലനം ചെയ്യപ്പെടുകയും അവസാന ശത്രുവായ മരണവും ഇല്ലാതാവുകയും, അങ്ങനെ മനുഷ്യകുലത്തിന്റെയും സൃഷ്ടപ്രപഞ്ചത്തിന്റെയും വിമോചനം സമ്പൂർണ്ണമാവുകയും ചെയ്യുന്ന

തുവരെ ജൂബിലിയാഘോഷങ്ങൾ ഒരനുസ്മരണവും പ്രത്യാശയുടെ പ്രഖ്യാപനവുമായി തുടരണം. പ്രാർത്ഥനയും, കുരുണയുടെയും നീതിയുടെയും പ്രവർത്തനങ്ങളും, സർവ്വോപരി ക്ഷമിക്കുന്ന, കരുതൽ കാട്ടുന്ന സ്നേഹവും വഴി ആ പുതുയുഗപിറവിയെ ത്വരിതപ്പെടുത്താൻ ഓരോ ജൂബിലിയാഘോഷവും ആഹ്വാനം ചെയ്യുന്നു.

## ഉറവിടങ്ങളിലേക്കു മടങ്ങണം

അതോടൊപ്പം ഒരു ഓർമ്മപ്പെടുത്തലിന്റെയും മടക്കയാത്രയുടെയും അവസരവുമാണ് ജൂബിലിയാഘോഷം. ഭൂമി ആദ്യ ഉടമയ്ക്കു തിരിച്ചുകൊടുക്കണം എന്നും ഓരോരുത്തരും താന്താങ്ങളുടെ പിതൃസ്വത്തിലേക്കു തിരിച്ചുപോകണം എന്നും ജൂബിലി നിയമം അനുശാസിക്കുന്നു. ഉറവിടങ്ങളെയും അവിടെനിന്നു കടന്നുപോന്ന വഴികളെയും അനുസ്മരിക്കാനുള്ള അവസരമാണ് ജൂബിലി. വ്യക്തികളും സമൂഹങ്ങളും സ്ഥാപനങ്ങളും എല്ലാം തങ്ങളുടെ ആരംഭം അനുസ്മരിക്കണം. വഴിതെറ്റി നടന്നിട്ടുണ്ടെങ്കിൽ ആദ്യ പരിശുദ്ധിയിലേക്കു തിരിച്ചു നടക്കണം. ലക്ഷ്യത്തിലേക്കു നയിക്കാത്തതും ലക്ഷ്യത്തിനു ചേരാത്തതുമായ എന്തെങ്കിലും ജീവിതയാത്രയിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിത്യജിച്ച്, സ്വയം ശുദ്ധീകരിക്കാനും ജൂബിലി ആഘോഷങ്ങൾ ആഹ്വാനം ചെയ്യുന്നു. അങ്ങനെ ജൂബിലി ഒരു കർശനമായ ആത്മശോധനയുടെയും ജീവിതനവീകരണത്തിന്റെയും അവസരമായി മാറുന്നു. ഉറവിടങ്ങളിലേക്കു മടങ്ങി, അവിടെനിന്ന് ഊർജ്ജം സ്വീകരിച്ച്, പുതിയൊരു ജീവിതത്തിന് ജൂബിലിയാഘോഷം അവസരമൊരുക്കണം.

വെളിപാടു പുസ്തകത്തിൽ മനുഷ്യപുത്രൻ എഫേസോസിലെ സഭയ്ക്കു നല്കുന്ന ഉപദേശം ഇവിടെ മാർഗ്ഗദർശകമായി സ്വീകരിക്കാവുന്നതാണ്. "*നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്: നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്ന് ഓർമ്മിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക*" (വെളി. 2, 4-5).

# 4

# ഉപവാസവും നോമ്പും പഴയനിയമ വീക്ഷണത്തിൽ

*"സീയോനിൽ കാഹളം മുഴക്കുവിൻ. ഉപവാസം പ്രഖ്യാപിക്കുവിൻ. മഹാസഭ വിളിച്ചുകൂട്ടുവിൻ. ജനത്തെ ഒരുമിച്ചു കൂട്ടുവിൻ. സമൂഹത്തെ വിശുദ്ധീകരിക്കുവിൻ... കർത്താവിന്റെ ശുശ്രൂഷകരമായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേ നിന്നു കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കട്ടെ: കർത്താവേ, അങ്ങയുടെ ജനത്തെ ശിക്ഷിക്കരുതേ..."* (ജോയേൽ 2, 15-17).

**ആമുഖം**

മിക്കവാറും എല്ലാ ലോകമതങ്ങളിലും സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ഒന്നാണ് നോമ്പാചരണവും ഉപവാസവും. തിരുനാളുകൾക്കൊരുക്കമായും തീർത്ഥാടനത്തിന്റെ ഭാഗമായും ഉപവാസമനുഷ്ഠിക്കുക ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലും സാധാരണമാണ്.

പെസഹാത്തിരുനാളിനൊരുക്കമായി വലിയ നോമ്പ് അഥവാ അമ്പതു നോമ്പ്, പിറവിത്തിരുനാളിനൊരുക്കമായി ഇരുപത്തഞ്ചു നോമ്പ്, മാതാവിന്റെ സ്വർഗ്ഗാരോപണത്തിനു മുമ്പ് പതിനഞ്ചു നോമ്പ്, മാതാവിന്റെ പിറവിത്തിരുനാളിന് ഒരുക്കമായി എട്ടു നോമ്പ്, യോനാ പ്രവാചകന്റെ വാക്കുകേട്ട് അനുതപിച്ച് പരിഹാരമനുഷ്ഠിച്ച നിനവേ നിവാസികളുടെ മാനസാന്തരത്തെ അനുസ്മരിക്കുന്ന മൂന്നു നോമ്പ് എന്നിങ്ങനെ നിരവധി നോമ്പാചരണങ്ങൾ കത്തോലിക്കരുടെ, പ്രത്യേകിച്ചും സീറോ മലബാർ കത്തോലിക്കരുടെ, ഇടയിൽ പ്രചാരത്തിലുണ്ട്. എന്താണ് ഈ നോമ്പാചരണങ്ങളുടെ ലക്ഷ്യം, അർത്ഥം, എപ്രകാരമാണതനുഷ്ഠിക്കേണ്ടത്, ബൈബിളിൽ, പ്രത്യേകിച്ചും പഴയനിയമത്തിൽ എന്താണ് ഇതിനെക്കുറിച്ചു പഠിപ്പിക്കുന്നത് എന്നു ചുരുക്കമായി പ്രതിപാദിക്കുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്. നോമ്പ്, ഉപവാസം എന്ന രണ്ടു പദങ്ങൾ പൊതുവേ ഉപയോഗിക്കാറുണ്ട്.

ഇതു രണ്ടും ഒന്നുതന്നെയോ അതോ ഇവ തമ്മിൽ വ്യത്യാസമുണ്ടോ എന്നും അന്വേഷിക്കണം.

**പദപ്രയോഗം**

നോമ്പാചരിക്കുക, ഉപവാസം അനുഷ്ഠിക്കുക എന്നു പറയുമ്പോൾ ഒരേ കാര്യം തന്നെയാണ് സൂചിപ്പിക്കുന്നത് എന്നു തോന്നാമെങ്കിലും രണ്ടും തമ്മിൽ നേരിയ വ്യത്യാസമുണ്ട്. മാംസം, മത്സ്യം, മുട്ട, പാൽ എന്നിങ്ങനെ ചില ഭക്ഷണസാധനങ്ങൾ വർജ്ജിക്കുക, ലൈംഗികവൃത്തിയിൽ ഏർപ്പെടാതിരിക്കുക എന്നാണ് നോമ്പാചരിക്കുക എന്നതുകൊണ്ട് പൊതുവേ അർത്ഥമാക്കുക. ഇത് നിശ്ചിത ദിവസങ്ങളോ, ഒരു കാലയളവോ വരെ ദീർഘിക്കാം. Abstinence എന്ന പദമാണ് ഈ ആശയത്തിനു ഇംഗ്ലീഷിൽ ഉപയോഗിക്കുക. എന്തിൽനിന്നെങ്കിലും അകന്നുനില്ക്കുക, എന്തെങ്കിലും വർജ്ജിക്കുക എന്നാണ് അർത്ഥസൂചന. എന്നാൽ ഉപവസിക്കുക എന്നതുകൊണ്ട് പൊതുവേ ഭക്ഷണ-പാനീയങ്ങൾ പൂർണ്ണമായി വർജ്ജിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഇത് ദിവസം ഒരു നേരത്തെ ആഹാരം ഉപേക്ഷിക്കുന്നതാവാം, അല്ലെങ്കിൽ ദിവസം മുഴുവൻ ഭക്ഷണം കഴിക്കാതിരിക്കുന്നതും ആകാം. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ ഭക്ഷണപാനീയങ്ങൾ വർജ്ജിക്കുന്നതിനെ പൂർണ്ണ ഉപവാസമായി പരിഗണിക്കുന്നു. ഈ ആശയത്തെ സൂചിപ്പിക്കാൻ fasting എന്ന പദമാണ് ഇംഗ്ലീഷിൽ ഉപയോഗിക്കുക. നോമ്പുകാലം മുഴുവൻ ഒരുനേരം മാത്രം ഭക്ഷിക്കുകയോ, ഒരുനേരം ഭക്ഷിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഉപവാസവും നോമ്പും ഒന്നിച്ച് ആചരിക്കുന്നു. ഈ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് ബൈബിളിൽ, പ്രത്യേകിച്ചും പഴയ നിയമത്തിൽ എന്താണ് പഠിപ്പിക്കുന്നത് എന്നു നോക്കാം.

**അനുഷ്ഠാനങ്ങൾ - ലക്ഷ്യം**

നോമ്പ്, ഉപവാസം എന്നീ രണ്ടു പദങ്ങളും തമ്മിൽ കാര്യമായ വ്യത്യാസമില്ലാതെയാണ് ബൈബിളിൽ ഉപയോഗിച്ചുകാണുന്നത്; നോമ്പിനെക്കാൾ ഉപവാസത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നതായും കാണാം. ഇതുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ അനേകം തവണ വിവരിക്കുന്നുണ്ട്. ഭക്ഷണം ഉപേക്ഷിക്കുക, തലയിൽ പൂഴി വിതറുക, വസ്ത്രം വലിച്ചു കീറുക, ചാക്കുടുക്കുക, ദേഹത്തു ചാരം പൂശുക, ചാരത്തിൽ കിടക്കുക, മുഖം

കഴുകാതിരിക്കുക, മുഖം വികൃതമാക്കുക മുതലായവയാണ് ഉപവാസവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ. അതോടൊപ്പം രാത്രിമുഴുവൻ ഉറങ്ങാതിരിക്കുന്നതും ഉപവാസത്തിന്റെ ഭാഗമായി കരുതപ്പെടുന്നു.

ഇപ്രകാരമുള്ള ആചാരങ്ങൾ ഒറ്റപ്പെട്ട വ്യക്തികൾ നടത്തുന്നതാവാം; സമൂഹം മുഴുവൻ ഒരുമിച്ച് ഒരിടത്തു സമ്മേളിച്ചു നടത്തുന്നതും ആവാം. ബത്ഷേബായുമായി നടത്തിയ വ്യഭിചാരത്തിൽനിന്നു ജനിച്ച കുഞ്ഞിനെ മരണത്തിൽ രക്ഷിക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ദാവീദു നടത്തിയ ഉപവാസം ഏറെ ശ്രദ്ധേയമാണ്.

"*ഊറിയായുടെ ഭാര്യ പ്രസവിച്ച ദാവീദിന്റെ കുഞ്ഞിന് കർത്താവിന്റെ പ്രഹരമേറ്റു. അതിനു രോഗം പിടിപെട്ടു. കുഞ്ഞിനുവേണ്ടി ദാവീദ് ദൈവത്തോടു പ്രാർത്ഥിച്ചു. അവൻ ഉപവസിച്ചു. രാത്രി മുഴുവൻ മുറിയിൽ നിലത്തു കിടന്നു. കൊട്ടാരത്തിലെ ശ്രേഷ്ഠന്മാർ അവനെ നിലത്തുനിന്ന് എഴുന്നേല്പിക്കാൻ ശ്രമിച്ചു; അവൻ അതു കൂട്ടാക്കിയില്ല; അവരോടൊത്തു ഭക്ഷണം കഴിച്ചതുമില്ല*" (2 സാമു 12, 15–17). ഭക്ഷണം ഉപേക്ഷിക്കുക, നിലത്തു കിടക്കുക, വിലപിച്ചു പ്രാർത്ഥിക്കുക - ഇതെല്ലാമാണ് ഉപവാസത്തിന്റെ ബാഹ്യാചാരങ്ങളായി ഇവിടെ എടുത്തുകാട്ടുന്നത്. ഈ ഉപവാസം, പക്ഷെ, ഉദ്ദേശിച്ച ഫലം കണ്ടില്ല. ഏഴാം ദിവസം കുഞ്ഞു മരിച്ചു. അപ്പോൾ ദാവീദ് നിലത്തുനിന്നെണീറ്റ് "*കുളിച്ച്, തൈലം പൂശി, ദേവാലയത്തിൽ ചെന്ന് ആരാധിച്ചു. കൊട്ടാരത്തിൽ തിരിച്ചെത്തി ഭക്ഷണം കഴിച്ചു*" (2 സാമു 12, 20).

ഇതു കണ്ട് ആശ്ചര്യപ്പെട്ട സേവകരോട് ദാവീദു പറയുന്ന വിശദീകരണം ഉപവാസത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. "*കുഞ്ഞു ജീവിച്ചിരുന്നപ്പോൾ ഞാൻ ഉപവസിച്ചു കരഞ്ഞു; ശരിതന്നെ. കർത്താവു കൃപ തോന്നി കുഞ്ഞിന്റെ ജീവൻ രക്ഷിച്ചെങ്കിലോ എന്നു ഞാൻ കരുതി. എന്നാൽ ഇപ്പോൾ അവൻ മരിച്ചു. ഇനി ഞാൻ ഉപവസിക്കുന്നതെന്തിന്?*" (2 സാമു 12, 21–22). ഉപവാസത്തിന്റെ സ്വഭാവവും ലക്ഷ്യവും വ്യക്തമാക്കുന്ന ഒരുദാഹരണമാണിത്. ചെയ്തുപോയ തെറ്റിനു മാപ്പിരക്കുക, പരിഹാരമനുഷ്ഠിക്കുക, ശിക്ഷ പിൻവലിക്കണമേ എന്നു പ്രാർത്ഥിക്കുക.

സമൂഹം ഒന്നടങ്കം ഉപവസിച്ചു പ്രാർത്ഥിക്കുന്നതിന്റെ അനേകം ഉദാഹരണങ്ങൾ പഴയ നിയമത്തിൽ കാണാം. ആയി

പട്ടണം ആക്രമിക്കാൻ പോയ ഇസ്രായേൽ സൈന്യം തോറ്റോടിയപ്പോൾ ജോഷ്വായും നേതാക്കന്മാരും "*ശിരസ്സിൽ പൊടിവാരിയിട്ട് സായാഹ്നം വരെ കർത്താവിന്റെ വാഗ്ദാനപേടകത്തിനു മുമ്പിൽ സാഷ്ടാംഗം വീണു കിടന്നു... പ്രാർത്ഥിച്ചു*" (ജോഷ്വാ 7, 4-9). ഇവിടെ കർത്താവു പ്രാർത്ഥന കേട്ടു. പരാജയ കാരണം വെളിപ്പെടുത്തിക്കൊടുത്തു. തെറ്റു പരിഹരിച്ചപ്പോൾ യുദ്ധം ജയിച്ചു.

ഇപ്രകാരമുള്ള ഉപവാസവും പരിഹാരപ്രവൃത്തികളും ഇസ്രായേൽ ജനത്തിനിടയിൽ സാധാരണമായിരുന്നു. "അവർ രോഗികളായിരുന്നപ്പോൾ ഞാൻ ചാക്കുടുത്ത്, ഉപവസിച്ച്, ആത്മപീഡനമേറ്റു" (സങ്കീ 35, 19); "*ഉപവാസം കൊണ്ട് ഞാൻ എന്നെത്തന്നെ വിനീതനാക്കി... ഞാൻ ചാക്കുടുത്തു. അതുനിമിത്തം ഞാൻ അവർക്കു പഴമൊഴിയായി*" (സങ്കീ 69, 10-11). "*ഉപവാസം കൊണ്ട് എന്റെ കാൽമുട്ടുകൾ ദുർബ്ബലമായിരിക്കുന്നു. ഞാൻ എല്ലും തോലുമായിരിക്കുന്നു*" (സങ്കീ 109, 24) ഇപ്രകാരമുള്ള സങ്കീർത്തനഭാഗങ്ങൾ ഉപവാസത്തിന്റെ സ്വഭാവവും ലക്ഷ്യവും വ്യക്തമാക്കുന്നു.

ബാബിലോൺ പ്രവാസത്തിൽനിന്നു മടങ്ങിവന്ന ജനത്തെ നയിച്ച എസ്രായും നെഹെമിയായും ഇപ്രകാരമുള്ള ഉപവാസത്തിനു വലിയ പ്രാധാന്യം നല്കിയിരുന്നു. "*ദൈവസന്നിധിയിൽ ഞങ്ങളെത്തന്നെ എളിമപ്പെടുത്തുന്നതിനും, മക്കളോടും വസ്തുവകകളോടും കൂടിയുള്ള ഞങ്ങളുടെ യാത്ര സുഗമമാകുന്നതിനുംവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നതിന് ആഹാ നദീതീരത്തുവച്ച് ഞാൻ ഒരു ഉപവാസം പ്രഖ്യാപിച്ചു... ഞങ്ങൾ ഉപവസിച്ച് ദൈവത്തോടു പ്രാർത്ഥിക്കുകയും അവിടുന്ന് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു*" (എസ്രാ 8, 21-23).

ഉപവാസത്തിന്റെ വ്യക്തമായൊരു ചിത്രം എസ്രാ തന്നെ നാടകീയമായി അവതരിപ്പിക്കുന്നുണ്ട്. ബാബിലോണിലേക്കു നാടുകടത്തപ്പെടാതെ ജറുസലെമിലും പ്രാന്തപ്രദേശങ്ങളിലും വസിച്ചിരുന്ന യഹൂദർ വിജാതീയരുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയും അവരുടെ വിഗ്രഹാരാധനയിൽ പങ്കുചേരുകയും ചെയ്തു എന്നുകേട്ടപ്പോൾ എസ്രാ "*വസ്ത്രവും മേലങ്കിയും കീറി; മുടിയും താടിയും വലിച്ചുപറിച്ചു സ്തബ്ധനായി ഇരുന്നു... സായാഹ്നബലിയുടെ സമയത്ത് ഞാൻ ഉപവാസത്തിൽ നിന്നെഴുന്നേറ്റ്,*

*കീറിയ വസ്ത്രവും മേലങ്കിയുമായി മുട്ടിന്മേൽ വീണ്, എന്റെ ദൈവമായ കർത്താവിന്റെ നേർക്ക് കൈകളുയർത്തി അപേക്ഷിച്ചു...*" (എസ്രാ 9, 3-5).

നെഹെമിയായുടെ പ്രതികരണവും സമാനമായിരുന്നു. "*ഇതു കേട്ട് ഞാൻ നിലത്തുവീണു കരഞ്ഞു. ദിവസങ്ങളോളം വിലപിക്കുകയും ഉപവസിക്കുകയും ചെയ്തു. സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ മുമ്പിൽ ഞാൻ പ്രാർത്ഥിച്ചു*" (നെഹെ 1, 4). ബാബിലോണിലേക്കു നാടുകടത്തപ്പെടാതെ ജറുസലെമിൽ അവശേഷിച്ചവരുടെ ദയനീയാവസ്ഥയെക്കുറിച്ചു കേട്ടുണ്ടായ ദുഃഖമാണ് നെഹെമിയായുടെ ഈ പ്രതികരണത്തിനു കാരണം. വിജാതീയരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയും അവരുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സ്വീകരിക്കുകയും ചെയ്ത ഇസ്രായേൽക്കാരുടെ പാപത്തിനു പരിഹാരമായി ഉപവാസത്തെ നെഹെമിയാ തന്നെ അവതരിപ്പിക്കുന്നുണ്ട്: "*ആ മാസം ഇരുപത്തിനാലാം ദിവസം ഇസ്രായേൽ ജനം സമ്മേളിച്ചു. അവർ ചാക്കുടുത്ത്, തലയിൽ പൂഴി വിതറി ഉപവസിച്ചു. അവർ അന്യജനതകളിൽ നിന്നു വേർപിരിയുകയും എഴുന്നേറ്റുനിന്ന് തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്തു*" (നെഹെ 9, 1-2).

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ദൈവജനത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ഇസ്രായേൽ ജനത്തെ നയിച്ച, വിമോചകനായ ദൈവത്തെ അവർക്കു പരിചയപ്പെടുത്തുകയും ദൈവത്തിന്റെ പ്രമാണങ്ങൾ പഠിപ്പിക്കുകയും അതനുസരിച്ചു ജീവിക്കാൻ പരിശീലിപ്പിക്കുകയും ചെയ്ത മോശ തന്നെയാണ് പഴയ നിയമത്തിൽ ഉപവാസത്തിന്റെ ഏറ്റം ശ്രദ്ധേയമായ ഉദാഹരണം. നാല്പതു ദിനരാത്രങ്ങൾ, മലമുകളിൽ, ഭക്ഷണപാനീയങ്ങൾ വർജ്ജിച്ച് മോശ ദൈവതിരുമുമ്പിൽ രണ്ടുതവണ ചിലവഴിച്ചതായി പുറപ്പാടു പുസ്തകം രേഖപ്പെടുത്തിയിട്ടുണ്ട്. ഉടമ്പടിയുടെ പ്രമാണങ്ങൾ സ്വീകരിക്കാനുള്ള ഒരുക്കമായിരുന്നു ആദ്യത്തെ ഉപവാസം (പുറ 24, 18). പ്രധാന പുരോഹിതനായ അഹറോന്റെ നേതൃത്വത്തിൽ ജനം സ്വർണ്ണംകൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച് വിശ്വാസത്യാഗത്തിൽ മുഴുകിയപ്പോൾ ദൈവത്തിനു മുമ്പിൽ പരിഹാരം അനുഷ്ഠിച്ച് മാപ്പിരക്കാൻ വേണ്ടിയായിരുന്നു രണ്ടാമത്തെ ഉപവാസം. "*മോശ നാല്പതു രാവും നാല്പതു പകലും കർത്താവിനോടു കൂടെ അവിടെ ചെലവഴിച്ചു. അവൻ ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്തില്ല*" (പുറ 34, 28).

ജനം മുഴുവൻ കർത്താവായ ദൈവത്തെ തിരസ്കരിച്ച് ബാൽ ആരാധനയിൽ മുഴുകാൻ നിർബ്ബന്ധിതമായ സാഹചര്യത്തിൽ കർത്താവിന്റെ സാന്നിധ്യം തേടി ഹോറെബിലേക്കു യാത്ര ചെയ്ത ഏലിയായും നാല്പതു രാപ്പകൽ, ആഹാരമൊന്നും കഴിക്കാതെ ഉപവസിക്കുകയായിരുന്നു (1 രാജാ 19, 8). ദേശത്തെ മുഴുവൻ മാരകഭീതിയിൽ ആഴ്ത്തിയ വെട്ടുക്കിളി ശല്യത്തിന്റെ പശ്ചാത്തലത്തിൽ ജോയേൽ പ്രവാചകൻ വഴി ദൈവം ജനത്തെ ആഴമേറിയ അനുതാപത്തിലേക്കും പ്രായശ്ചിത്ത പ്രവൃത്തികളിലേക്കും ക്ഷണിച്ചു. "*പുരോഹിതന്മാരേ, ചാക്കുടുത്തു വിലപിക്കുവിൻ. ബലിപീഠശുശ്രൂഷകരേ വിലപിക്കുവിൻ; എന്റെ ദൈവത്തിന്റെ സേവകരേ, അകത്തുചെന്ന് ചാക്കുടുത്ത് രാത്രി കഴിക്കുവിൻ*" (ജോയേൽ 1, 13).

ദൈവഹിതം അറിയാൻ കാത്തിരിക്കുന്ന ദാനിയേൽ ഉപവാസത്തിന്റെ മറ്റൊരു ഉദാഹരണമാണ്. "*അപ്പോൾ ഞാൻ ചാക്കുടുത്ത്, ചാരം പൂശി, ഉപവസിച്ച്, ദൈവമായ കർത്താവിനോട് തീക്ഷ്ണമായി പ്രാർത്ഥിച്ചു*" (ദാനി 9, 3).

**ചുരുക്കത്തിൽ:** നോമ്പ്, ഉപവാസം എന്നീ രണ്ടു വാക്കുകളും ഏതാണ്ട് ഒരേ അർത്ഥത്തിൽത്തന്നെയാണ് ബൈബിൾ ഉപയോഗിക്കുന്നത്. രണ്ടിനും ബാഹ്യവും ആന്തരികവുമായ മാനങ്ങൾ ഉണ്ട്. വസ്ത്രം കീറുക, തലയിൽ പൂഴി വിതറുക, ദേഹത്തു ചാരം പൂശുക, ചാരത്തിൽ ഇരിക്കുക, കീറിയ വസ്ത്രം ധരിക്കുക, ഭക്ഷണം ഉപേക്ഷിക്കുക, മുഖം കഴുകാതിരിക്കുക, ഉച്ചത്തിൽ വിലപിക്കുക, ഉറക്കമിളയ്ക്കുക മുതലായവയാണ് ബാഹ്യാനുഷ്ഠാനങ്ങൾ. ഇതെല്ലാം ആന്തരികമായ ഒരു മനോഭാവത്തിന്റെ പ്രകടനമാകണം. ചെയ്തുപോയ തെറ്റിനെക്കുറിച്ചു പശ്ചാത്താപം, ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി, അവശ്യകാര്യങ്ങൾ ലഭിക്കാൻ പ്രാർത്ഥന, മാപ്പിരക്കൽ എന്നിവയൊക്കെയാകാം ആന്തരികഭാവങ്ങൾ. ആത്യന്തികമായി സമൂല ഹൃദയ പരിവർത്തനത്തിന്റെ അടയാളമാകണം ബാഹ്യാചാരങ്ങൾ. എന്നാൽ കാലക്രമത്തിൽ അനുഷ്ഠാനങ്ങൾക്കു പ്രാധാന്യമേറുകയും മനോഭാവങ്ങൾ അവഗണിക്കപ്പെടുകയും ചെയ്തു. അപ്പോഴാണ് പാറയെ തകർക്കുന്ന കൂടംപോലെ, ചുട്ടുചാമ്പലാക്കുന്ന അഗ്നിപോലെ, മൂർച്ചയേറിയ വാൾപോലെ ശക്തമായ ദൈവവചനവുമായി പ്രവാചകന്മാർ രംഗത്തുവന്നത്.

## പ്രവാചക വീക്ഷണം

അനുഷ്ഠാനങ്ങൾക്ക് അമിതമായ ഊന്നൽ നല്കുമ്പോൾ ആന്തരികത നഷ്ടപ്പെടാൻ സാധ്യത ഏറെയുണ്ട്. എല്ലാ മതങ്ങളും അറിഞ്ഞോ അറിയാതെയോ നേരിടുന്ന ഒരു പ്രതിസന്ധിയാണിത്. പുരോഹിതർ നേതൃത്വം നല്കുന്ന മതാത്മകത സ്വാഭാവികമായും അനുഷ്ഠാനങ്ങൾക്കായിരിക്കും ഊന്നൽ നല്കുക. ആരാധനയ്ക്ക് ഉപയോഗിക്കുന്ന വസ്തുക്കൾ, അനുഷ്ഠിക്കുന്ന ആചാരക്രമങ്ങൾ, നയിക്കുന്നവരുടെ ചേഷ്ടകൾ, ചൊല്ലുന്ന പ്രാർത്ഥനകൾ മുതലായവയിലായിരിക്കും മുഖ്യശ്രദ്ധ.

ബൈബിളിൽ കാണുന്ന നിയമം അനുസരിച്ച് ആണ്ടുവട്ടത്തിൽ ഒരു ദിവസം മാത്രമായിരുന്നു ജനം നിർബ്ബന്ധമായും ഉപവസിക്കാൻ കടപ്പെട്ടിരുന്നത്, "*യോംകിപ്പൂർ*" എന്നറിയപ്പെടുന്ന പാപപരിഹാരദിനത്തിൽ. "*അന്ന് ഉപവസിക്കുകയും കർത്താവിന് ദഹനബലി അർപ്പിക്കുകയും വേണം... അന്ന് ഉപവസിക്കാത്തവൻ ജനത്തിൽ നിന്ന് വിഛേദിക്കപ്പെടണം. അന്ന് എന്തെങ്കിലും ജോലി ചെയ്യുന്നവനെ ഞാൻ ജനത്തിൽ നിന്ന് ഉന്മൂലനം ചെയ്യും*" (ലേവ്യ 23, 27-30). പ്രവാസാനന്തരം, എസ്രായുടെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ച പുരോഹിതമതത്തിന്റെ കണിശമായൊരു കല്പനയാണിത്. ഈ നിയമം പാലിക്കാത്തവനെ കല്ലെറിഞ്ഞു കൊല്ലണം എന്നാണ് സൂചന.

ബാഹ്യാനുഷ്ഠാനങ്ങൾക്കു കൊടുക്കുന്നതിനു സമാനമായ പ്രാധാന്യം ആന്തരിക ഭാവങ്ങൾക്കും ജീവിതശൈലിക്കും നല്കാതെ പോയി. അപ്പോൾ മതാനുഷ്ഠാനങ്ങൾ തന്നെ അനീതിക്കും അക്രമത്തിനും മൂടുപടം സൃഷ്ടിച്ചു. ഒരു ഭാഗത്ത് മതകർമ്മങ്ങൾ ആഡംബരപൂർണ്ണങ്ങളായപ്പോൾ മറുഭാഗത്ത് അനാഥരും വിധവകളും പരദേശികളും ഉൾപ്പെടുന്ന ദരിദ്രർ അവഗണിക്കപ്പെടുക മാത്രമല്ല, ചൂഷണത്തിനും മർദ്ദനത്തിനും ഇരയാവുകയും ചെയ്തു. പൗരോഹിത്യവും രാജത്വവും ഒരേ കുടക്കീഴിൽ നിന്നപ്പോൾ അടിമകളുടെ വിമോചകനും അനാഥരുടെയും ദരിദ്രരുടെയും സംരക്ഷകനുമായ ദൈവം പ്രവാചകന്മാരിലൂടെ അതിശക്തമായി പ്രതികരിച്ചു. ആന്തരികത നഷ്ടപ്പെട്ട അനുഷ്ഠാനങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടി, യഥാർത്ഥ മാനസാന്തരത്തിനു ക്ഷണിച്ചു.

വലിയ പ്രതീക്ഷകളോടെ പ്രവാസത്തിൽനിന്നു മടങ്ങിവന്ന

ജനം വാഗ്ദത്തഭൂമിയിൽ വീണ്ടും കൊടിയ ദാരിദ്ര്യവും കഠിനമായ അടിമത്തവും അനുഭവിക്കേണ്ടിവന്ന സാഹചര്യത്തിൽ (നെഹെ 5, 1-5) ജനത്തെ ഒന്നടങ്കം മാനസാന്തരത്തിനു ക്ഷണിക്കാൻ അയയ്ക്കപ്പെട്ട, മൂന്നാം ഏശയ്യാ (ഏശ 56-66) എന്നറിയപ്പെടുന്ന പ്രവാചകനിലൂടെയാണ് ഈ പ്രതിഷേധവും, പകരം അവതരിപ്പിക്കുന്ന പുതിയ വീക്ഷണവും ഏറ്റം വ്യക്തവും ശക്തവുമായി പ്രത്യക്ഷപ്പെടുന്നത്.

"*ആവുന്നത്ര ഉച്ചത്തിൽ വിളിച്ചുപറയുക. കാഹളം പോലെ സ്വരം ഉയർത്തുക*" (ഏശ 58, 1) എന്ന ആമുഖത്തോടെ ആരംഭിക്കുന്ന താക്കീതുകളും കുറ്റാരോപണങ്ങളും അന്തഃസത്ത അറ്റുപോയ മതാനുഷ്ഠാനങ്ങളുടെ വ്യർത്ഥത എടുത്തു കാട്ടുന്നു. "*ഞങ്ങൾ എന്തിനുപവസിച്ചു? അങ്ങ് അതു കാണുന്നില്ലല്ലോ! ഞങ്ങൾ എന്തിനു ഞങ്ങളെത്തന്നെ എളിമപ്പെടുത്തി? അങ്ങ് അതു ശ്രദ്ധിക്കുന്നില്ലല്ലോ!*" എന്നു പരാതിപ്പെടുന്ന ജനത്തോട് കർത്താവു പറയുന്നു: "*ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണു തേടുന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഡിപ്പിക്കുന്നു. കലഹിക്കാനും ശണ്ഠകൂടാനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കാനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്... ഇപ്രകാരം ഒരുപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം? ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്കുവിരിച്ച് ചാരവും വിതറി കിടക്കുന്നതുമാണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസമെന്നും വിളിക്കുക?*" (ഏശ 58, 3-5).

ഉപവാസവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ അക്കമിട്ട് എണ്ണിപ്പറഞ്ഞതിനുശേഷം ഇതൊന്നുമല്ല യഥാർത്ഥ ഉപവാസം എന്ന് ഉദ്ബോധിപ്പിക്കുന്നു. അകത്താണ് മാറ്റം വരേണ്ടത്, പുറത്തല്ല. ഹൃദയത്തിൽ പരിവർത്തനം ഉണ്ടാകുമ്പോൾ അതു ജീവിതത്തിൽ പ്രകടമാകും. പരസ്പര ബന്ധങ്ങളിലാണ് ഈ മാറ്റം ഏറ്റം വ്യക്തമാവുക. അടിമകൾക്കു വിടുതൽ നല്കുന്നവനാണ് ഇസ്രായേൽ ജനം പരിചയപ്പെട്ട ദൈവം. "*ദാസ്യഭവനമായ ഈജിപ്തിൽനിന്നും നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദൈവങ്ങൾ നിനക്കുണ്ടാകരുത്*" (പുറ 20, 2-3) എന്ന ഉടമ്പടിയുടെ ഒന്നാം

പ്രമാണം തന്നെ വ്യക്തമാക്കുന്നതാണ് ദൈവത്തിന്റെ സ്വഭാവവും ഹിതവും. അതിനാൽ ഉപവസിക്കുക എന്നു പറഞ്ഞാൽ ദൈവ ഹിതം പൂർണ്ണമായനുസരിച്ചു ജീവിക്കുക എന്നാണർത്ഥമെന്നു പ്രവാചകൻ ജനത്തെ പഠിപ്പിക്കുന്നു.

"*ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?*" (ഏശ 58, 6-7). എന്താണ് ഉപവാസം എന്നു അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമായി അവതരിപ്പിക്കുന്ന ഈ പ്രവാചക വചനങ്ങൾ യാതൊരു വ്യാഖ്യാനവും ആവശ്യപ്പെടുന്നില്ല. ആരാധനാഭാസങ്ങളായി മാറുന്ന, അന്തഃസത്ത നഷ്ടപ്പെട്ട അനുഷ്ഠാനങ്ങളിൽ നിന്ന് ക്രിയാത്മകമായ സഹോദരസ്നേഹത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഉപവാസം ആവശ്യപ്പെടുന്നു.

ആരോഗ്യപരമായ കാരണങ്ങളാൽ, ഉദാ. അമിതവണ്ണം ഒഴിവാക്കാൻ, ഭക്ഷണം ക്രമീകരിക്കുന്നതല്ല ഉപവാസം. മറ്റുള്ളവരുടെ മുമ്പിൽ ദൈവഭക്തനായി പ്രത്യക്ഷപ്പെടാൻവേണ്ടി നടത്തുന്ന വെറും ഒരു ഭക്തഭ്യാസവുമല്ല അത്. ആഹാരം, വസ്ത്രം, പാർപ്പിടം മുതലായ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്താൻ സഹായിക്കുന്നതാകണം ഉപവാസവും നോമ്പും. അത് ഉള്ളും ഉള്ളതും പങ്കുവയ്ക്കുന്ന സ്നേഹത്തിലേക്കും, നിഷേധിക്കപ്പെട്ട ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ പ്രേരിപ്പിക്കുന്ന നീതിക്കുവേണ്ടിയുള്ള ക്രിയാത്മക പ്രവർത്തനങ്ങളിലേക്കും നയിക്കണം. ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നതോടൊപ്പം അവ നല്കിയ ദൈവത്തിന്റെ ഹിതമനുസരിച്ച്, ഇല്ലാത്തവരുമായി പങ്കുവയ്ക്കുന്നതിനു പ്രേരിപ്പിക്കണം.

അനുഷ്ഠാനങ്ങൾക്കു പ്രാധാന്യം നല്കുന്ന ജോയേൽ പ്രവാചകനും മനോഭാവത്തിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ച് പഠിപ്പിക്കുന്നതു ശ്രദ്ധിക്കാതെ പോകരുത്. "*നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചു വരുവിൻ. നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്*" (ജോയേൽ 2, 12-13). ഹൃദയം തകർന്നുള്ള ജനത്തിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നു

പ്രവാചകൻ തുടർന്നു പ്രഖ്യാപിക്കുന്നു (ജോയേൽ 2, 18–27). ദൈവത്തോടും സഹോദരങ്ങളോടും പൂർണ്ണമായ രമ്യതയിൽ എത്തുന്നതിന്റെ സുനിശ്ചിതമായ മാർഗ്ഗവും വ്യക്തമായ അടയാളവുമാണ്, ആയിരിക്കണം നോമ്പും ഉപവാസവും. ഉപവാസത്തെ വെറും ഒരചാരം മാത്രമാക്കി മാറ്റുന്നതിനെതിരേ സഖറിയാ പ്രവാചകനും ശക്തമായി പ്രതികരിക്കുന്നുണ്ട് (സഖ 7, 1–4).

**ഉപസംഹാരം**

ഉപവാസത്തെയും നോമ്പിനെയും കുറിച്ചു പഴയ നിയമത്തിൽ നല്കുന്ന പ്രബോധനത്തിന്റെയും തിരുത്തലുകളുടെയും ആഹ്വാനങ്ങളുടെയും ഒരു സംക്ഷിപ്തരൂപം മലയിലെ പ്രസംഗത്തിന്റെ ഭാഗമായി മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. “*നിങ്ങൾ ഉപവസിക്കുമ്പോൾ കടപനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നു എന്നു മറ്റുള്ളവരെ കാണിക്കാൻ അവർ മുഖം വികൃതമാക്കുന്നു. അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കേണ്ടതിന്, ശിരസിൽ തൈലം പൂശുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നല്കും*” (മത്താ 6, 16–18).

മറ്റു പല ഭാഷകളിലും കാണാത്ത ഒരു സവിശേഷത നോമ്പ്, ഉപവാസം എന്നീ മലയാള പദങ്ങൾക്കുണ്ട്. ഈ പദങ്ങളുടെ മൂലാർത്ഥം ബൈബിളിൽ കാണുന്ന പ്രബോധനത്തിന്റെ രത്നച്ചുരുക്കം അവതരിപ്പിക്കുന്നു എന്നു പറയാം. നോവ്+അൻപ് എന്ന രണ്ടു പദങ്ങൾ ചേർന്നതാണ് നോമ്പ്. നോവിന് “നൊയ്” എന്നും പറയും. അതിൽനിന്നാണ് “നോയമ്പ്” വരുന്നത്. വേദന എന്നാണ് ഈ പദത്തിന്റെ അർത്ഥം; അൻപ് എന്നാൽ സ്നേഹം എന്നും. നൊന്തു സ്നേഹിക്കുക എന്നു ചുരുക്കം. സ്നേഹത്തിന്റെ ആഴം അളക്കുന്നത് സ്നേഹിതനുവേണ്ടി ഏറ്റെടുക്കുന്ന ത്യാഗത്തിന്റെ തോതുവച്ചാണ്. “*സ്നേഹിതനുവേണ്ടി ജീവൻ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല*” (യോഹ 15, 13) എന്ന ഗുരുമൊഴി ഇതിനു സാക്ഷ്യം നല്കുന്നു. ദൈവത്തെയും സഹോദരങ്ങളെയും നൊന്തു സ്നേഹിക്കുന്നതാണ് യഥാർത്ഥ നോമ്പ്. ഭക്ഷണപാനീയങ്ങളും മറ്റു ജീവിതസുഖങ്ങളും പരിത്യജിക്കുന്നത് ഈ സ്നേഹത്തിന്റെ ബാഹ്യപ്രകടനമാകണം.

ഉപവാസത്തെക്കുറിച്ചും ഇതുപോലൊരു വിചിന്തനം ആവശ്യമാണ്. ഉപ+വസിക്കുക എന്ന രണ്ടു വാക്കുകൾ ചേരുന്നതാണ് ഉപവാസം. അടുത്തു വസിക്കുക, അടുത്തായിരിക്കുക എന്നർത്ഥം. അതും ദൈവത്തോടും സഹോദരങ്ങളോടും അടുത്തായിരിക്കുന്നതിനെത്തന്നെയാണ് സൂചിപ്പിക്കുക. ഇവിടെയും അടിസ്ഥാന ഭാവം സ്വയം ത്യജിക്കുന്ന സ്നേഹത്തിന്റേതുതന്നെ.

ഇതു രണ്ടും മറ്റുള്ളവരെ കാണിക്കാനുള്ള പ്രകടനങ്ങളായി അധഃപതിക്കാതിരിക്കാൻ ശ്രദ്ധിക്കണം എന്ന് പ്രവാചകന്മാരുടെ താക്കീതുകൾ അനുസ്മരിപ്പിക്കുന്നു. അടയാളങ്ങളുടെ അർത്ഥം ചോർന്നുപോകാൻ അനുവദിക്കരുത്. തലയിൽ പൂഴി വിതറുന്നതും പൂഴിയിൽ കിടക്കുന്നതും ശരീരത്തിന്റെ, ഈ ലോകജീവിതത്തിന്റെ, നശ്വരതയെ സൂചിപ്പിക്കുന്നു. ഭക്ഷണം ത്യജിക്കുന്നതും വിശപ്പനുഭവിക്കുന്നതും ദൈവത്തിനുവേണ്ടി, നീതിക്കുവേണ്ടി, വിശപ്പും ദാഹവും അനുഭവിക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു. അതോടൊപ്പം ഭക്ഷണപാനീയങ്ങൾ ദൈവത്തിന്റെ ദാനമാണെന്നും അതു പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ എല്ലാവർക്കും ലഭ്യമാക്കണം എന്നും ഇതിലൂടെ ഓർമ്മപ്പെടുത്തുന്നു.

ആഹാരം ലഭിക്കാത്തതിനാൽ പട്ടിണിയാകുന്ന മനുഷ്യരുടെ വിശപ്പിന്റെ കാഠിന്യം എന്തെന്ന് അല്പം ഒന്നു രുചിച്ചറിയാനും ഇതു സഹായിക്കും. കീറിയ വസ്ത്രം ധരിക്കുന്നതും മുഖം കഴുകാതിരിക്കുന്നതും മാറത്തടിക്കുന്നതും ശരീരത്തിൽ മുറിവേല്പിക്കുന്നതുമെല്ലാം പാപം വഴി ദൈവത്തെയും സഹോദരങ്ങളെയും വേദനിപ്പിച്ചതിന്റെ പേരിലുള്ള ആത്മാർത്ഥമായ ദുഃഖത്തിന്റെ അടയാളമായിരിക്കണം. എന്നാൽ ബാഹ്യമായ അടയാളങ്ങളെക്കാൾ പ്രധാനം ആന്തരിക ഭാവമാണെന്നതു മറക്കാതിരിക്കാനും ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾ വെറും അഭ്യാസങ്ങളായി അധഃപതിക്കാതിരിക്കാനും നോമ്പിനെയും ഉപവാസത്തെയും കുറിച്ചുള്ള പഴയ നിയമപ്രബോധനം, പ്രത്യേകിച്ചും പ്രവാചക വചനങ്ങൾ അനുശാസിക്കുന്നു. "നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്" (ജോയേൽ 2, 13).

# 5

## പാഥേയം

"എഴുന്നേറ്റു ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും" (1 രാജാ 19, 7).

*സ്വർഗ്ഗോന്മുഖമായ യാത്രയിൽ തളർന്നു വീണുപോകാതിരിക്കാൻ ദൈവം നല്കിയിരിക്കുന്ന യാത്രാ ഭക്ഷണമാണ് വി. കുർബ്ബാന. ഏലിയായ്ക്കു ദൈവം വിവിധ സാഹചര്യങ്ങളിൽ നല്കിയ അപ്പവും മരുഭൂമിയിലെ യാത്രാമധ്യേ ഇസ്രായേൽക്കാർക്ക് സ്വർഗ്ഗത്തിൽനിന്നു വർഷിച്ച മന്നായും ഇവിടെ പഠനവിഷയമാക്കുന്നു; അവയുടെ സാമൂഹിക മാനങ്ങളും ആനുകാലിക പ്രസക്തിയും 1 കോറി 11, 17-34 ന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്നു.*

### 1. ഏലിയായുടെ അനുഭവം

തികച്ചും അസാധാരണവും അപ്രതീക്ഷിതവുമായിരുന്നു അയാളുടെ മാനസികാവസ്ഥയും പ്രവർത്തനങ്ങളും. *"ഏലിയാ ഭയപ്പെട്ട് ജീവരക്ഷാർത്ഥം പലായനം ചെയ്തു. അവൻ യൂദയായിലെ ബേർഷെബായിലെത്തി. അവിടെവച്ച് ഭൃത്യനെ വിട്ടുപിരിഞ്ഞു. അവിടെനിന്ന് അവൻ തനിയേ മരുഭൂമിയിലൂടെ ഒരു ദിവസത്തെ വഴിനടന്ന്, ഒരു വാടാമുൾച്ചെടിയുടെ തണലിലിരുന്നു. അവൻ മരണത്തിനായി പ്രാർത്ഥിച്ചു: "കർത്താവേ, മതി; എന്റെ പ്രാണനെ സ്വീകരിച്ചാലും. ഞാൻ എന്റെ പിതാക്കന്മാരേക്കാൾ മെച്ചമല്ല. അവൻ ആ ചെടിയുടെ തണലിൽ കിടന്നുറങ്ങി"* (1 രാജാ 19, 3-5).

പഴയനിയമ പ്രവാചകത്വത്തിന്റെ ഏറ്റം ഉന്നതമായ മാതൃകയും ശക്തനായ പ്രതിനിധിയുമാണ് ഏലിയാ. കർത്താവായ ദൈവത്തിന്റെ പേരിൽ രാജാവിനെയും ജനം മുഴുവനെയും ഒന്നടങ്കം പ്രതിക്കൂട്ടിലാക്കിയവൻ. മൂന്നരവർഷത്തേക്ക് ആകാശമടച്ച് മഴ തടഞ്ഞവൻ. അവസാനം കർമ്മലമലയിൽ രാജാവിനെയും രാജാവിന്റെ ഔദ്യോഗിക പുരോഹിതരും പ്രവാചകരു

മായ 850 പേരെയും കർത്താവിന്റെ നാമത്തിൽ അഗ്നിപരീക്ഷയ്ക്കു വെല്ലുവിളിച്ചവൻ. മഴയുടെ ദൈവം എന്നു കരുതിയിരുന്ന ബാലിന്റെ പുരോഹിത പ്രവാചകർ പരാജയപ്പെട്ടിടത്ത് ആകാശത്തുനിന്ന് അഗ്നിയിറക്കി ബലി ദഹിപ്പിച്ച് കർത്താവു മാത്രം ദൈവം എന്ന് ജനം ഒന്നടങ്കം വിളിച്ചു പറയാൻ ഇടവരുത്തിയ ഏലിയാ. ജെസബെൽ രാജ്ഞിയുടെ സ്വാധീനത്തിൽപ്പെട്ട് ബാൽ ആരാധനയിലേക്കു വഴുതിവീണ ജനത്തെ കർത്താവിനുവേണ്ടി തിരിച്ചു പിടിച്ചതിലുള്ള ആവേശത്തിൽ ബാലിന്റെ പുരോഹിതരെ ഒന്നടങ്കം കൊന്നൊടുക്കിയ അഗ്നിപ്രവാചകൻ.

അയാളാണ് ഇപ്പോൾ കേവലം ഒരു ഭീരുവിനെപ്പോലെ ഒളിച്ചോടുന്നത്. കാർമ്മലിൽനിന്ന് ഇരുനൂറിലേറെ കിലോമീറ്റർ ദൂരം നിർത്താതെ ഓടി ബേർഷെബായിലെത്തി. കാരണം അയാൾ ജസബെൽ രാജ്ഞിയെ ഭയന്നു. പുരോഹിതവധത്തിൽ ക്രുദ്ധയായ ആ ടയിർ രാജകുമാരി 24 മണിക്കൂറിനകം തന്നെ വധിക്കും എന്നു ശപഥം ചെയ്തത് പ്രവാചകൻ അറിഞ്ഞു. യൂദയായിൽ ഒരുപക്ഷേ സുരക്ഷിതനായിരിക്കും എന്നു കരുതിയാണോ ഏലിയാ ബേർഷെബാ വരെ എത്തിയത്? പക്ഷേ യുദയായിൽ ഭരിക്കുന്നത് ജെസബെലിന്റെ മകൾ അത്താലിയായാണ്. ഓടി ഒളിക്കാൻ ഇടമില്ല. ഇതാണ് ഏലിയായുടെ അവസ്ഥ.

ഇനി ഒന്നേ ആഗ്രഹിക്കുന്നുള്ളൂ: മരിക്കണം. "***കർത്താവേ, മതി*** " എന്ന നിലവിളിയിൽ ഒരുപാട് ദുഃഖവും നിരാശയും ഭയവും മുഴങ്ങുന്നുണ്ട്. ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നില്ല. ഇനി ഒരിക്കലും തുറക്കരുതേ എന്ന പ്രാർത്ഥനയോടെ അയാൾ കണ്ണടച്ചു. തണലു തരാൻ കഴിവില്ലാത്ത ചൂരൽച്ചെടിയുടെ ചുവട്ടിൽ! തികച്ചും തകർന്ന ഒരു ജീവിതം. പ്രത്യാശയറ്റ പ്രവാചകൻ. ജീവിതം പറ്റേ പരാജയപ്പെട്ടു എന്നു കരുതി, നിരാശയുടെ നീർക്കയത്തിൽ താണുപോകുന്ന ദൈവദാസൻ!

മരണം കാത്ത്, മരണത്തിനുവേണ്ടി യാചിച്ച്, മരുഭൂമിയിൽ കിടന്നുറങ്ങുന്ന പ്രവാചകൻ ഒരു പ്രതീകമാണ്. ഏതു ദൈവഭക്തർക്കും, എത്ര ശക്തനായ പ്രവാചകനും സംഭവിക്കാവുന്ന വലിയ പരീക്ഷണത്തിന്റെയും പരാജയത്തിന്റെയും പ്രതീകം. ദൈവത്തിനുവേണ്ടി, ദൈവത്തിനും അവിടുത്തെ വചനത്തിനും മാത്രം വേണ്ടി, ഉഴിഞ്ഞുവച്ച ജീവിതം കരയറാനാവാത്ത ഗർത്തത്തിൽപ്പെട്ടതു പോലുള്ള ഒരനുഭവം. ഇനി ഒന്നേ അവശേഷി

ക്കുന്നുള്ളൂ: മരണം. അതു ദൈവത്തിന്റെ കയ്യിൽനിന്നുതന്നെ ഏറ്റുവാങ്ങണം.

എന്നാൽ നിരാശയുടെ ചുഴിയിൽ തകർന്നമരാൻ ദൈവം തന്റെ പ്രവാചകനെ കൈവിടുന്നില്ല. "*കർത്താവിന്റെ ദൂതൻ അവനെ തട്ടിയുണർത്തി, എഴുന്നേറ്റു ഭക്ഷിക്കുക എന്നു പറഞ്ഞു. എഴുന്നേറ്റു നോക്കിയപ്പോൾ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും ഇതാ തലയ്ക്കരുകിൽ ഇരിക്കുന്നു. അതു കഴിച്ച് അവൻ വീണ്ടും കിടന്നുറങ്ങി. കർത്താവിന്റെ ദൂതൻ വീണ്ടും അവനെ തട്ടിയുണർത്തി പറഞ്ഞു: എഴുന്നേറ്റു ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും*" (1 രാജാ 19, 6-7).

മണൽക്കാട്ടിൽ അലിഞ്ഞുതീരാനുള്ളതല്ല പ്രവാചകന്റെ ജീവിതം. നിരാശയിൽ ആണ്ടുപോകാൻ ദൈവം അയാളെ അനുവദിക്കുന്നില്ല. ഇനിയും ഏറെ ദൂരം യാത്ര ചെയ്യാനുണ്ട്. ഒരുപറ്റം അടിമകൾ ഒരു ജനമായി മാറിയ ഹേറെബ്/സീനായ് മലയിലേക്ക് അയാൾ പോകണം. ഇസ്രായേൽ ജനത്തിന്റെ ഉറവിടങ്ങളിൽ നിന്നു പുതുശക്തിയാർജ്ജിക്കണം. വിമോചകനായ കർത്താവിൽ നിന്നു പുതിയ ദൗത്യം ഏറ്റെടുക്കണം. ദൈവത്തെ മറന്ന്, വിഗ്രഹാരാധനയിലും അനീതിയിലും മുഴുകിയ രാജസിംഹാസനങ്ങളെ തകിടം മറിക്കണം. ഇസ്രായേലിലും സിറിയായിലും ഭരിക്കുന്ന രാജാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കി പുതിയ രാജാക്കന്മാരെ വാഴിക്കണം. അങ്ങനെ ദേശത്ത് വിപ്ലവത്തിനു തീ കൊളുത്തണം. ആ അഗ്നിയിൽ താൻ ആകാശത്തിലേക്ക് ആവാഹിക്കപ്പെടുന്നതിനുമുമ്പേ, തന്റെ ദൗത്യം ഏറ്റെടുക്കാനായി പിൻഗാമിയെ കണ്ടെത്തി ചുമതല ഏല്പിക്കണം. അതിനാൽ എണീറ്റു ഭക്ഷിക്കുക!

"*അവൻ എഴുന്നേറ്റ് ഭക്ഷണപാനീയങ്ങൾ കഴിച്ചു. അതിന്റെ ശക്തികൊണ്ട് നാല്പതുരാവും നാല്പതുപകലും നടന്ന് കർത്താവിന്റെ മലയായ ഹോറെബിലെത്തി*" (1 രാജാ 19, 8). ദൗത്യനിർവ്വഹണത്തിന്റെ പാതയിൽ തളർന്നു വീണുപോകാതിരിക്കാൻ ഏലിയായ്ക്കു ദൈവം നല്കിയ അപ്പവും വെള്ളവും വരാനിരുന്ന വലിയൊരു ദാനത്തിന്റെ പ്രതീകമായിരുന്നു. ദൈവത്തിന്റെ തന്നെ സമ്പൂർണ്ണമായ ആത്മദാനം - അതാണ് പാഥേയമായി, വഴിച്ചോറായി, യേശു വിളമ്പിയത്: "*വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്*" (മത്താ 26, 26). "*എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും*" (യോഹ 6, 57).

മരുഭൂമിയിൽ മരിക്കാനാഗ്രഹിച്ച് ഉറങ്ങിക്കിടന്നപ്പോൾ മാത്ര മല്ല ദൈവം ഏലിയായ്ക്കു അപ്പം നല്കിയത്. മൂന്നര വർഷം ദീർഘിച്ച വരൾച്ചയുടെ കാലത്ത് വനത്തിൽ കെരീത്ത് അരുവി യുടെ കരയിൽ ഒളിച്ചു താമസിച്ച പ്രവാചകന് കാക്കകൾ വഴി ദൈവം അപ്പം കൊടുത്തയച്ചു (1 രാജാ 17, 3-6). അരുവിയിലെ വെള്ളം വറ്റിയപ്പോൾ സറേഫ്ത്തായിലെ വിധവ അയാൾക്ക് അപ്പം കൊടുക്കാൻ ദൈവം ഇടവരുത്തി. മഴ പെയ്യുന്നതുവരെ അവളുടെ കലത്തിലെ മാവു തീർന്നുപോയില്ല. ഭരണിയിലെ എണ്ണ വറ്റിയതുമില്ല (1 രാജാ 17, 8-16)

അപ്പം, അതല്ലേ എല്ലാം? ഒന്നോർത്താൽ ബൈബിൾ മുഴു വൻ പറയുന്നത് അപ്പത്തിന്റെ കഥയാണെന്നു തോന്നും. പക്ഷി മൃഗാദികളെ സൃഷ്ടിക്കുന്നതിനുമുമ്പേ ദൈവം അവയ്ക്കാഹാര മായി വൃക്ഷലതാദികൾ സൃഷ്ടിച്ചു. മനുഷ്യനെ പറുദീസായിലാ ക്കുമ്പോഴും ഭക്ഷണത്തിന് മുൻഗണന നല്കുന്നു. ജീവന്റെ വൃക്ഷം പറുദീസായിലുണ്ടായിരുന്നു. അതിൽനിന്നു ഭക്ഷിക്കു ന്നതിനുപകരം വിലക്കപ്പെട്ട അറിവിന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിച്ചു എന്നത് പതനത്തിന്റെ തുടക്കം, സ്വാതന്ത്ര്യത്തിന്റെ ദുരു പയോഗം; രക്ഷാചരിത്രം ആവശ്യമാക്കിയ പാപത്തിന്റെ ഉത്ഭവം. ആ ചരിത്രം അവസാനിക്കുമ്പോൾ വീണ്ടും കാണും ഭക്ഷണ മായി ജീവന്റെ വൃക്ഷം: "നഗരവീഥിയുടെ മധ്യത്തിൽ നദിയുടെ ഇരുഭാഗങ്ങളിലുമായി പന്ത്രണ്ടുതരം ഫലങ്ങൾ കായ്ക്കുന്ന ജീവന്റെ വൃക്ഷം നില്ക്കുന്നു. അത് മാസംതോറും ഫലം തരുന്നു" (വെളി 22, 2). ഇവയ്ക്കു മധ്യേ, ചരിത്രത്തിന്റെ നടുമധ്യത്തിൽ ദൈവം തന്നെ അപ്പമായി അവതരിക്കുന്നു, അപ്പത്തിന്റെ വീ ടെന്നറിയപ്പെടുന്ന ബേത്ലെഹെമിൽ. ശിശുവായി കിടന്നതോ കന്നുകാലികൾക്കു തീറ്റി സൂക്ഷിക്കുന്ന പുൽത്തൊട്ടിയിൽ. അവ സാനം അവൻ തന്നെത്തന്നെ അപ്പമായി നല്കുകയും ചെയ്തു; അപ്പമായി ഇന്നും നമ്മുടെ മധ്യേ വസിക്കുന്നു.

## 2. മരുഭൂമിയിലെ മന്നാ

അത്ഭുതങ്ങളുടെ അകമ്പടിയോടെ ദാസ്യഭവനമായ ഈജിപ്തിൽ നിന്നു സ്വതന്ത്രരായി പുറത്തുവന്ന ജനം നേരിട്ട ഏറ്റം വലിയ പ്രശ്നമായിരുന്നു വിശപ്പ്. "*സമൂഹം മുഴുവനെയും പട്ടിണിയിട്ട് കൊല്ലാനായിട്ടാണോ നീ ഞങ്ങളെ ഈ മരുഭൂമിയി ലേക്കു കൊണ്ടുവന്നിരിക്കുന്നത്?*" (പുറ 16,3). ജനം മോശയ്

ക്കെതിരേ ഉയർത്തിയ നിലവിളിയാണിത്. മറുപടി ഉടനെ വന്നു. ദൈവം ആകാശം തുറന്നു. പിറ്റേന്നു പ്രഭാതത്തിൽ മരുഭൂമിയിൽ അപ്പം വർഷിച്ചു. വാരിത്തിന്നവർ അത്ഭുതം കൂറി. ഇതെന്ത്? അവർ ചോദിച്ചു. അതുതന്നെയാണതിന്റെ പേര്, മോശ പറഞ്ഞു. മന്നാ(മൻ = എന്ത്, ഹു = ഇത് എന്ന ഹീബ്രു മൂലം) മരുഭൂമിയിലൂടെ സഞ്ചരിച്ച നാല്പതു വർഷവും ദൈവം അവർക്ക് മന്നാ വർഷിച്ചുകൊണ്ടേയിരുന്നു, അവരുടെ യാത്രക്ക് ആവശ്യമായ പാഥേയമായി (പുറ 16,13-30).

ദൈവം നല്കിക്കൊണ്ടിരുന്ന ഭക്ഷണത്തിന്റെ ഓർമ്മ എന്നേക്കും നിലനിർത്താനായി, കർത്താവിന്റെ കല്പനയനുസരിച്ച് ഒരു ഓമർ (4.5 ലിറ്റർ) മന്ന അവർ ഉടമ്പടിയുടെ പേടകത്തിൽ സൂക്ഷിച്ചുവച്ചു (പുറ 16, 31-34). ബി.സി. 587-ൽ ജറുസലെം നശിപ്പിക്കപ്പെടുന്നതിനുമുമ്പ് ജറെമിയാ ഉടമ്പടിയുടെ പേടകം നേബോ മലയിലെ ഒരു ഗുഹയിൽ ഒളിച്ചുവച്ചു. മിശിഹാ വരുമ്പോൾ ഈ പേടകം വീണ്ടെടുക്കും എന്ന ഉറപ്പും നല്കി (2 മക്ക 2, 4-7). അന്ന് പേടകത്തിലെ മന്ന മിശിഹാ എല്ലാവർക്കുമായി വിതരണം ചെയ്യും. അങ്ങനെ സ്വർഗ്ഗത്തിൽനിന്നുള്ള ആഹാരം നല്കിക്കൊണ്ട് താൻ മിശിഹായാണെന്നു സാക്ഷ്യപ്പെടുത്തും - ഇത് യേശുവിന്റെ കാലത്തു പ്രചാരത്തിലിരുന്ന ഒരു ഐതിഹ്യമായിരുന്നു മന്ന തരുന്ന മിശിഹാ. ആ പ്രതീക്ഷയുടെ പൂർത്തീകരണവും യേശുവിൽ കാണാം.

വിശക്കുന്നവന് ദൈവം നല്കിയ ആഹാരമാണ് മരുഭൂമിയിൽ വർഷിച്ച മന്ന. എന്നാൽ ആ മന്നാ തന്നെ ഒരു പ്രലോഭന ഹേതുവും ശിക്ഷയുടെ കാരണവും ആയിത്തീരുന്നതും ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. മന്ന പെയ്തപ്പോൾ മൂന്നു നിബന്ധനകളും ദൈവം നല്കിയിരുന്നു. 1. ആവശ്യത്തിനു മാത്രമേ എടുക്കാവൂ. 2. നാളത്തേക്ക് ഒന്നും നീക്കിവയ്ക്കരുത്. 3. സാബത്തു ദിവസം മന്നാ ശേഖരിക്കാൻ ശ്രമിക്കരുത്. ഓരോ ദിവസത്തിനും ആവശ്യമായ ആഹാരം ദൈവം നല്കും. അതിനാൽ നിരന്തരം ദൈവത്തിൽ ആശ്രയിക്കുക. അതാണല്ലോ കർത്തൃപ്രാർത്ഥനയിൽ യേശു പഠിപ്പിച്ചത്. "*അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ*" (മത്താ 6,12).

എന്നാൽ ഈ നിബന്ധനയെ മറികടക്കാൻ പലരും ശ്രമിച്ചു. ചിലർ ആർത്തിപൂണ്ട് വാരിക്കൂട്ടി. പക്ഷേ കൂടാരത്തിൽ കൊണ്ടുചെന്ന് അളന്നു നോക്കിയപ്പോൾ എല്ലാവർക്കും തുല്യം! "*കൂടു*

*തൽ ശേഖരിച്ചവർക്ക് കൂടുതലോ കുറച്ചു ശേഖരിച്ചവർക്കു കുറവോ ഉണ്ടായിരുന്നില്ല. ഓരോരുത്തനും ശേഖരിച്ചത് അവന് ഭക്ഷിക്കാൻ മാത്രമുണ്ടായിരുന്നു*" (പുറ 16, 16-18). മന്നാ നല്കുന്ന സുപ്രധാനമായൊരു പാഠമാണിത്, തുല്യത. എല്ലാവർക്കും ആവശ്യമായ ആഹാരം നല്കാൻ ഭൂമിയും അതിലെ വിഭവങ്ങളും പര്യാപ്തമാണ്. എന്നാൽ എല്ലാവർക്കും സുഭിക്ഷമായി ദൈവം നല്കുന്ന ദാനം ചിലർ വാരിക്കൂട്ടി സ്വന്തമാക്കാൻ ശ്രമിക്കരുത്. ആർത്തിയുടെ സംസ്കാരത്തിനു തടയിടുന്ന നിയമമാണിത്.

നാളത്തേക്ക് ഒന്നും മാറ്റിവയ്ക്കരുത് എന്നതായിരുന്നു രണ്ടാമത്തെ നിബന്ധന. അനുദിനം, നിരന്തരം, ദൈവത്തിൽ ആശ്രയിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു ഈ നിയമത്തിന്റെ ലക്ഷ്യം. എന്നാൽ ചിലർ ദൈവ പരിപാലനയിൽ വിശ്വസിക്കാതെ കുറെ സൂക്ഷിച്ചുവച്ചു. പക്ഷേ പിറ്റേ ദിവസം "*അതു പുഴുത്തു മോശമായി*" (പുറ 16, 19-20). സമൂഹത്തിൽ അനേകരുടെ ദാരിദ്ര്യത്തിനും പട്ടിണിക്കും കാരണമാകുന്ന പൂഴ്ത്തിവയ്പ് സംസ്കാരത്തിനാണ് ഈ നിബന്ധന തടയിട്ടത്. അനുഭവത്തിലൂടെ അവരെ ദൈവം പഠിപ്പിച്ചു, പൂഴ്ത്തിവയ്ക്കുന്നതു പുഴുത്തുപോകും. ബൈബിളിൽ ഉടനീളം, പ്രത്യേകിച്ചും യേശുവിന്റെ പ്രബോധനങ്ങളിൽ, നിരന്തരം മുഴങ്ങി കേൾക്കുന്നതാണ് ഈ സത്യം. സ്വർണ്ണവും വെള്ളിയും തുരുമ്പെടുക്കും; പട്ടുവസ്ത്രങ്ങൾ ചിതലരിക്കും. അതിനാൽ സമ്പത്ത് ദാനം ചെയ്ത് സ്വർഗ്ഗത്തിൽ നിക്ഷേപം സൂക്ഷിക്കുക (മത്താ 6, 25-34; ലൂക്കാ 6, 34-35, 12, 33; 16, 9-13).

അധ്വാനിക്കുന്ന മനുഷ്യന് വിശ്രമം ആവശ്യമാണ്. മനുഷ്യൻ അധ്വാനത്തിനടിമയാകരുത്. അതിനുവേണ്ടിയാണ് സാബത്തു നിയമം. അതിനാൽ സാബത്തിൽ മന്നാ ശേഖരിക്കാൻ പോകരുത്. അന്നത്തേക്കു വേണ്ടത് തലേദിവസം ദൈവം തരും. എന്നാൽ ഇവിടെയും ഉണ്ടായി പ്രലോഭനം. ചിലർ സാബത്തിലും ശേഖരിക്കാൻ പാത്രവുമായി അന്വേഷിച്ചു നടന്നെങ്കിലും മന്നാ കണ്ടില്ല (പുറ 16, 23-29). 24/7 എന്ന ആധുനിക മനുഷ്യന്റെ ആർത്തിയുടെ സംസ്കാരത്തിന് തടയിടുന്നതായിരുന്നു ഈ നിയമവും. അനുദിനാഹാരം ദൈവം എല്ലാവർക്കും ഉറപ്പുവരുത്തുന്നു. അത് എല്ലാവർക്കും ലഭ്യമാകുന്നതിനാവശ്യമായ മനോഭാവവും ജീവിതക്രമവും കരുപ്പിടിപ്പിക്കാൻ മന്നായെക്കുറിച്ചുള്ള ഈ വിവരണങ്ങൾ ഉദ്ബോധിപ്പിക്കുന്നു.

സമൂഹത്തിൽ തുല്യതയും പങ്കുവയ്ക്കാനുള്ള ഉത്തരവാദിത്വവും അനുശാസിക്കുന്നതും പഠിപ്പിക്കുന്നതുമായിരുന്നു മന്നാദാനം എന്ന് പൗലോസ് അനുസ്മരിപ്പിക്കുന്നു: "*മറ്റുള്ളവർ കഷ്ടപ്പെടരുതെന്നും നിങ്ങൾ കഷ്ടപ്പെടണം എന്നുമല്ല ഞാൻ അർത്ഥമാക്കുന്നത്; അവരുടെ സമൃദ്ധിയിൽനിന്ന് നിങ്ങളുടെ കുറവു നികത്തപ്പെടുന്നതിന് നിങ്ങളുടെ ഇപ്പോഴത്തെ സമൃദ്ധിയിൽനിന്ന് അവരുടെ കുറവു നികത്തണമെന്നും അപ്രകാരം സമത്വമുണ്ടാകണമെന്നുമാണ്. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അധികം സമ്പാദിച്ചവന് ഒന്നും മിച്ചമുണ്ടായിരുന്നില്ല; അല്പം സമ്പാദിച്ചവന് കുറവുമുണ്ടായിരുന്നില്ല*" (2 കോറി 8, 13-15).

ആദ്യമായി കണ്ടപ്പോൾ മന്നാ വലിയൊരു സമ്മാനമായിരുന്നു; രുചികരമായ ആഹാരവും. മരുഭൂമിയിൽ വിശന്നു പൊരിഞ്ഞവർക്ക് സന്തോഷമായി; സംതൃപ്തിയായി. എന്നാൽ പിന്നെപ്പിന്നെ മന്നാ പോരാ എന്നൊരു തോന്നൽ. എല്ലാ ദിവസവും ഒരേ ആഹാരം; ഒരേ രുചി. കൂടുതൽ സ്വാദുള്ള ആഹാരത്തിനു വേണ്ടിയുള്ള ആഗ്രഹം ഉടലെടുത്തു. അത് അഭിലാഷമായി; ആസക്തിയായി. ദൈവം നല്കിയ ആഹാരം വിലകെട്ടതായി കരുതാൻ തുടങ്ങി. ഇത് പ്രതിഷേധത്തിലേക്കു നയിച്ചു:

"*ആരാണ് ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക? ഈജിപ്തിൽ വെറുതെ കിട്ടിയിരുന്ന മത്സ്യം, വെള്ളരിക്ക, മത്തങ്ങ, സവോള, ചെമന്നുള്ളി, വെള്ളുള്ളി ഇവയൊക്കെ ഞങ്ങൾ ഓർക്കുന്നു...*" (സംഖ്യ 11, 5-6). "*ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പംതിന്നു ഞങ്ങൾ മടുത്തു*" (സംഖ്യ 21, 5). ആരംഭത്തിൽ മാലാഖമാരുടെ അപ്പം എന്നു വിശേഷിപ്പിച്ച വിശിഷ്ട ഭോജ്യം ഇപ്പോൾ മടുപ്പിക്കുന്ന, വിലകെട്ട അപ്പമായിത്തീർന്നു. "പാഥേയം" നേരിടുന്ന, അഥവാ ഉയർത്തുന്ന ഒരു വെല്ലുവിളിയാണിത്.

അന്നന്നയപ്പം കൊണ്ടു തൃപ്തിപ്പെടാത്ത ഉപഭോഗസംസ്കാരത്തിന്റെ ആസക്തിയാണിവിടെ പത്തി വിടർത്തുന്നത്. മാംസം വേണം: രുചികരമായ ആഹാരം കിട്ടിയേ തീരൂ എന്നു ശഠിച്ചവർ ഇതുവരെ നടന്ന വഴികളെല്ലാം മറന്നു. ഈജിപ്തിലെ ഇഷ്ടികകളങ്ങളും ചാട്ടവാറിന്റെ ശീൽക്കാരവും മറന്നു; വിയർപ്പും രക്തവും മറന്നു; ദൈവം ചെയ്ത അത്ഭുതങ്ങളും മറന്നു. ഇറച്ചി വേണം; മാംസദാഹത്തിനു ദൈവം തന്നെ മറുപടി നല്കി.

*"കർത്താവു നിങ്ങൾക്കു മാംസം തരും, നിങ്ങൾ ഭക്ഷിക്കു കയും ചെയ്യും. ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസത്തേക്കല്ല നിങ്ങൾ അതു തിന്നുക. നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്ക് നിങ്ങൾ അതു ഭക്ഷിക്കും"* (സംഖ്യ 11, 19-20). കർത്താവു വാക്കു പാലിച്ചു. കടലിൽ നിന്നു കാറ്റടിച്ചു. കാറ്റിന്റെ ചിറകിൽ കോടിക്കണക്കിന് കാടപ്പക്ഷികൾ വന്ന് കൂടാരങ്ങൾക്കു ചുറ്റും വീണു. ഇരുപതു കിലോമീറ്റർ ചുറ്റളവിൽ മൂന്നടി കനത്തിൽ കാടപ്പക്ഷികൾ കുന്നു കൂടി. ആർത്തിപൂണ്ട ജനം വാരിക്കൂട്ടി. *"ഏറ്റം കുറച്ചു ശേഖരി ച്ചവനു പോലും പത്തു ഹോമർ കിട്ടി"* (സംഖ്യ 11, 32) (ഒരു ഹോമർ = 40 ലിറ്റർ). വാരിക്കൂട്ടുക മാത്രമല്ല, വാരി വിഴുങ്ങു കയും ചെയ്തു. തിന്നുതിന്ന് ഛർദ്ദിച്ച്, ഛർദ്ദിയിൽക്കിടന്ന് ചത്തു. *"അത്യാഗ്രഹികളെ സംസ്കരിച്ചതുകൊണ്ട് ആ സ്ഥലത്തിന് കിബ്രോത്ത് ഹത്താവാ (അത്യാഗ്രഹികളുടെ ശവക്കുഴി എന്നർത്ഥം) എന്ന പേരിട്ടു"* (സംഖ്യ 11, 34).

മന്നായും കീബ്രോത്ത് ഹത്താവായും പാഥേയത്തിന്റെ രണ്ട റ്റങ്ങൾ രേഖപ്പെടുത്തുന്നു. പിതൃഭവനത്തിലേക്കുള്ള യാത്രയിൽ വഴിയിൽ തളർന്നുവീണുപോകാതിരിക്കാൻ ദൈവം നല്കുന്ന അപ്പമാണ് പാഥേയം. അത് ഏലിയായ്ക്ക് നല്കിയ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പമാകാം; മരുഭൂമിയിൽ വർഷിച്ച മന്നായാകാം. എന്നാൽ ജീവന്റെ ആഹാരമായ മന്നാ തന്നെ മാരക വിഷമായി ത്തീരാം എന്നും കീബ്രോത്ത് ഹത്താവാ അനുസ്മരിപ്പിക്കുന്നു. ദൈവം തരുന്നതു സന്തോഷത്തോടെ സ്വീകരിച്ച് സംതൃപ്തരാ കുക. അമിതാഗ്രഹങ്ങളും സുഖഭോഗാസക്തികളും സർവ്വനാശം വിളിച്ചു വരുത്തും. ഇതു പഴയനിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും നല്കുന്ന പാഠമാണ്. അതാണ് കോറിന്തുകാർക്ക് വി. കുർബാനയെക്കുറിച്ച് എഴുതുമ്പോൾ പൗലോസ് അപ്പസ് തോലൻ അനുസ്മരിപ്പിക്കുന്നത്.

## 3. ഊട്ടുമേശ – കൂട്ടായ്മയുടെ ഉറവിടം

കോറിന്തിലെ സഭ നേരിട്ട നിരവധി പ്രശ്നങ്ങളിൽ സുപ്ര ധാനമായ ഒന്നായിരുന്നു സഭയിലെ ഭിന്നിപ്പ്. അത് ഏറ്റം കൂടു തൽ പ്രകടമായത് അത്താഴ മേശയ്ക്കു ചുറ്റുമാണ്. യേശുവിന്റെ അന്ത്യ അത്താഴത്തിന്റെ ഓർമ്മയാചരിച്ചുകൊണ്ട് ഭക്ഷണത്തിൽ പങ്കുചേർന്ന ക്രിസ്തീയ സമൂഹം ആരംഭത്തിൽ *"ഒരു ഹൃദയവും*

*ഓരാത്മാവുമായിരുന്നു*" (അപ്പ 4, 32). "*അവർ ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു*" (അപ്പ 2, 46). "*അവരുടെ ഇടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല*" (അപ്പ 4, 34). ലൂക്കാ വരച്ചുകാട്ടുന്ന ആദിമസഭയുടെ ഈ ചിത്രമായിരുന്നു ആരംഭത്തിൽ കോറിന്തിലും നിലനിന്നത്.

എന്നാൽ കാലക്രമത്തിൽ ഉച്ചനീചത്വം ഉടലെടുത്തു. ഉള്ളവരും ഇല്ലാത്തവരും തമ്മിൽ വിടവു വർദ്ധിച്ചു. കൂട്ടായ്മയുടെ കേന്ദ്രവും പ്രകടനവുമായിരുന്ന അത്താഴമേശയിലും ഈ ഭിന്നിപ്പു ദൃശ്യമായി. ആദ്യമാദ്യം ഒരുമിച്ചു ഭക്ഷിച്ചിരുന്നവർ പിന്നെപ്പിന്നെ ചെറിയ ഗ്രൂപ്പുകളായി പിരിഞ്ഞു. സമ്പന്നരുടെ ഗ്രൂപ്പ് ഭവനത്തിന്റെ പ്രത്യേക സ്വീകരണമുറിയിൽ സമൃദ്ധമായ വിരുന്നുണ്ടാഘോഷിച്ചപ്പോൾ ദരിദ്രർ മുറ്റത്തും ഇടനാഴികളിലുമൊക്കെയായി തങ്ങളുടെ കല്ലരിക്കഞ്ഞി കുടിച്ചു തൃപ്തരാകേണ്ടിവന്നു. യേശുവിന്റെ അത്താഴമേശ വിഭാഗീയതയുടെ പ്രകടനമായിത്തീർന്നു. ഈ സാഹചര്യത്തിലാണ് അപ്പസ്തോലന്റെ പ്രവാചകശബ്ദം ശക്തമായ താക്കീതായി ഉയരുന്നത്:

"*നിങ്ങൾ ഒന്നിച്ചു കൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ല ഭക്ഷിക്കുന്നത്. കാരണം ഓരോരുത്തരും നേരത്തെതന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു. തദ്ഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു. എന്ത്? തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നുമില്ലാത്തവരെ അവഹേളിക്കുകയും ചെയ്യുന്നുവോ?*" (1 കോറി 11, 20-22). തുടർന്ന് വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷം അപ്പസ്തോലൻ ശക്തമായ താക്കീതു നല്കുന്നു.

"*തന്മൂലം ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു കുടിക്കുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു. അതിനാൽ ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യട്ടെ. എന്തെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യു*

*ന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചു പോയതിനും കാരണമിതാണ്"* (1 കോറി 11, 27-30).

നിത്യജീവന്റെ ഔഷധമായി, വിശ്വാസയാത്രയിൽ പാഥേയമായി യേശു നല്കിയ അപ്പം മാരകവിഷമായി മാറാം എന്ന ഭീതിജനകമായ ഈ താക്കീത് കേൾക്കാതെ പോകരുത്. വിവേചിച്ചറിയാതെ ഭക്ഷിച്ചത് പലർക്കും മരണകാരണമായിത്തീർന്നു എന്ന അപ്പസ്തോലന്റെ നിരീക്ഷണം തീവ്രമായൊരു ആത്മപരിശോധനയ്ക്ക് വ്യക്തികളെയും സഭാ സമൂഹങ്ങളെയും പ്രേരിപ്പിക്കണം. ഗോതമ്പപ്പം കൂദാശ വചനങ്ങളിലൂടെ യേശുവിന്റെ ശരീരമായി മാറുന്നു എന്ന വിശ്വാസം മാത്രമല്ല ഇവിടെ ആത്മശോധനയ്ക്കു വിഷയമാകേണ്ടത്; മറിച്ച് ഞാൻ പങ്കെടുക്കുന്ന സമൂഹം യേശുവിന്റെ മൗതികശരീരവും ഞാനടക്കം ഓരോ വ്യക്തിയും ആ ശരീരത്തിന്റെ അവയവവും ആണെന്ന അവബോധത്തിനാണ് അപ്പസ്തോലൻ ഇവിടെ ഊന്നൽ നല്കുന്നത്.

അതിനാൽ യേശുവിന്റെ കൗദാശിക ശരീരം ഭക്ഷിക്കാൻ ഒരുമിച്ചു കൂടുന്നവർ പരസ്പരം പങ്കുവയ്ക്കുന്ന ഒരു കൂട്ടായ്മയായിരിക്കണം എന്ന് അപ്പസ്തോലൻ നിർദ്ദേശിക്കുന്നു. പരസ്പരം സ്നേഹിക്കുന്ന, തുല്യരായ സഹോദരങ്ങളുടെ കൂട്ടായ്മയാണ് സഭ. അവിടെ ഉച്ചനീചത്വമുണ്ടാകുന്നത് മാരകമായ തെറ്റായിരിക്കും. ഐക്യത്തിന്റെ അടയാളവും ഉറവിടവും ആയിരിക്കേണ്ട വിശുദ്ധ കുർബാന വിഭാഗീയതയുടെ വേദിയാകരുത്.

**ഉപസംഹാരം**

ലത്തീൻ ഭാഷയിൽ *വിയാത്തിക്കും* (*Viatecum*) എന്നൊരു വാക്കുണ്ട്. രോഗിയായി കഴിയുന്ന വ്യക്തിക്ക് നല്കുന്ന വിശുദ്ധ കുർബാനയെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്. എന്നാൽ അതു മാത്രമല്ല, പിതാവിന്റെ ഭവനത്തെ ലക്ഷ്യംവച്ചു യാത്രചെയ്യുന്നവരാണ് നാമെല്ലാം. ആ യാത്രയിൽ തളർന്നുവീണുപോകാതിരിക്കാൻ നാഥൻ തന്നെത്തന്നെ നമുക്കു വഴിച്ചോറായി, പാഥേയമായി നല്കുന്നു. എണീറ്റു ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും എന്ന് ദൂതൻ ഏലിയായോടു പറഞ്ഞ് നാഥൻ നമ്മോടും പറയുന്നു. ശരീരം വിവേചിച്ചറിയാനും പരസ്പരം പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ സമൂഹമായി വളരാനും നാഥൻ തന്നെ കൃപ ചെയ്യട്ടെ.

6

## ധ്യാനങ്ങളും വിശ്വാസപരിശീലനവും

ക്രിസ്തീയ വിശ്വാസ പരിശീലനത്തിൽ ഇടവകകൾ തോറും നടത്തിവരുന്ന വാർഷികധ്യാനങ്ങൾ സുപ്രധാനമായൊരു പങ്ക് വഹിച്ചുപോന്നിട്ടുണ്ട്. സ്കൂൾപ്രായത്തിൽ നടക്കുന്ന മതബോധനത്തിനുശേഷം മുതിർന്നവർക്കു വിശ്വാസപരിശീലനം ലഭിക്കുന്ന ഏറ്റം പ്രധാനപ്പെട്ട അവസരമാണ് വാർഷികധ്യാനങ്ങൾ. കുഞ്ഞുനാളിൽ പഠിച്ച വിശ്വാസസത്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങി ഉറച്ച ബോധ്യങ്ങൾ രൂപപ്പെടുത്താനും ധാർമ്മികതയുടെ വിവിധ വശങ്ങൾ മനസിലാക്കി ജീവിതത്തെ ക്രമീകരിക്കാനും സാധാരണ ക്രൈസ്തവർക്ക് ഇന്നും ഏറ്റം വ്യാപകമായി ഉപകരിക്കുന്നതും ഫലപ്രദവുമായ മാർഗ്ഗം വാർഷികധ്യാനങ്ങൾ തന്നെ. ദൈവപ്രമാണങ്ങളുടെയും തിരുസഭയുടെ പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്താനും ജീവിതത്തെ സമൂലം നവീകരിക്കാനും വാർഷികധ്യാനങ്ങൾ നല്കുന്ന സഹായം വിലമതിക്കാനാവില്ല.

വിശ്വാസത്തിലും വിജ്ഞാനത്തിലും വിശുദ്ധിയിലും വിവേകത്തിലും പക്വതയാർജ്ജിച്ച വൈദികർ, പ്രത്യേകിച്ചും സന്യാസവൈദികർ, ആയിരുന്നു മുമ്പൊക്കെ ഇടവകതോറും വാർഷികധ്യാനങ്ങൾക്കു നേതൃത്വം വഹിച്ചിരുന്നത്. വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന വിഷയങ്ങൾ സമഗ്രമായി അവതരിപ്പിച്ച് ക്രിസ്തീയ വിശ്വാസികളെ ജിവിതനവീകരണത്തിലേക്കു നയിക്കുകയായിരുന്നു ഈ ധ്യാനങ്ങളുടെ മുഖ്യലക്ഷ്യം. വ്യക്തിപരമായ ജീവിതത്തിലുണ്ടാകുന്ന നവീകരണം കുടുംബങ്ങളുടെയും ഇടവകയുടെ തന്നെയും നവീകരിണത്തിനു സഹായിച്ചുപോന്നു. ഇടവക ഒരു കുടംബമാണെന്നും ഇടവകാംഗങ്ങൾ ഒരു കുടുംബത്തിലെ അംഗങ്ങൾ എന്നപോലെ പരസ്പരം ബന്ധപ്പെട്ടവരും ഉത്തരവാദിത്വമുള്ളവരുമാണെന്ന ബോധ്യം ഊട്ടിയുറപ്പിക്കാനും ഈ ധ്യാനങ്ങൾ സഹായിച്ചിരുന്നു.

കരിസ്മാറ്റിക് നവീകരണത്തിന്റെ ആവിർഭാവത്തോടെ ധ്യാനങ്ങൾ കൂടുതൽ വൈവിധ്യപൂർണ്ണമായി. ദൈവവചനത്തിന് കൂടുതൽ പ്രാധാന്യം നല്കുന്ന ധ്യാനരീതികൾ രംഗത്തുവന്നു. വ്യക്തിയുടെ ജീവിതനവീകരണത്തിന് കൂടുതൽ പ്രാധാന്യം നല്കപ്പെട്ടു. ഇടവകകളിൽ നടക്കുന്ന ധ്യാനങ്ങൾക്കു പുറമെ പല ഇടവകകൾ ഒരുമിച്ചു നടത്തുന്ന വലിയ ബൈബിൾ കൺവെൻഷനുകൾ രംഗപ്രവേശം ചെയ്തു. വ്യക്തികൾക്ക് സൗകര്യപൂർവ്വം ധ്യാനിക്കാൻവേണ്ടി വിവിധ ധ്യാനകേന്ദ്രങ്ങൾ രൂപപ്പെട്ടു. അധികപങ്കും സന്യാസ വൈദികരാണ് ഇപ്രകാരമുള്ള ധ്യാനകേന്ദ്രങ്ങൾക്ക് നേതൃത്വം നല്കിയത്. ക്രൈസ്തവരും അക്രൈസ്തവരുമായ ആയിരക്കണക്കിന് ആളുകൾ വിവിധ ധ്യാനകേന്ദ്രങ്ങളിൽ ചെന്ന് ധ്യാനത്തിൽ പങ്കെടുത്ത് ജീവിതനവീകരണം സാധിക്കുന്നു; പതിനായിരങ്ങൾ പങ്കെടുക്കുന്ന കൺവെൻഷനുകൾ ദൈവവചനം സമൃദ്ധമായി വിളമ്പുന്നു; ജനങ്ങളെ മാനസാന്തരത്തിലേക്കു നയിക്കുന്നു.

കൺവെൻഷനുകളുടെയും ധ്യാനകേന്ദ്രങ്ങളുടെയും എണ്ണം പെരുകിയതിന് ആനുപാതികമായി ധ്യാനഗുരുക്കന്മാരുടെ എണ്ണത്തിലും സ്വഭാവത്തിലും മാറ്റമുണ്ടായി. സന്യാസ വൈദികരോടൊപ്പം ഇടവക വൈദികരിലും അനേകം പേർ ധ്യാനപ്രസംഗങ്ങൾ നടത്തിത്തുടങ്ങി. അത്മായരായ ധ്യാനഗുരുക്കന്മാരുടെ രംഗപ്രവേശമാണ് കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി കേരളസഭയിൽ ദൃശ്യമായിരിക്കുന്ന ഒരു പുതിയ പ്രതിഭാസം. ധ്യാനപ്രസംഗങ്ങൾ, കൗൺസിലിംഗ്, ഗാനശുശ്രൂഷ, മുതലായ അനേകം ആധ്യാത്മിക ശുശ്രൂഷകളിൽ അത്മായർ ഇന്നു വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ആദ്യമാദ്യം വൈദികരോട് ചേർന്നും അവരുടെ നേതൃത്വത്തിലുമായിരുന്നു അത്മായർ ആത്മീയശുശ്രൂഷകൾ നടത്തിയിരുന്നത്. എന്നാൽ കാലക്രമത്തിൽ പല അത്മായരും സ്വതന്ത്രമായി ധ്യാനങ്ങളും മറ്റു ശുശ്രൂഷകളും നടത്തിത്തുടങ്ങി. ചിലപ്പോൾ ഒറ്റപ്പെട്ട വ്യക്തികളായും ചിലപ്പോൾ സഹപ്രവർത്തകരെ ചേർത്ത് ഒരു ടീം ആയും അത്മായർ ശുശ്രൂഷകൾ നടത്തുക ഇന്നു സാധാരണമാണ്.

വിശ്വാസ പരിശീലനത്തിൽ ഈ ധ്യാനകേന്ദ്രങ്ങളും ധ്യാനഗുരുക്കന്മാരും അവരുടെ ടീമുകളും വലിയൊരു പങ്കുവഹിക്കുന്നുണ്ട്. അനേകരെ വിശ്വാസത്തിൽ ഉറപ്പിക്കാനും മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നയിക്കാനും ഇവ

യെല്ലാം വളരെയേറെ സഹായിക്കുന്നു. അക്രൈസ്തവരോടു സുവിശേഷം പ്രസംഗിക്കാനും യേശു മാത്രമാണ് ഏകരക്ഷകൻ എന്ന വിശ്വാസപ്രഖ്യാപനത്തിലേക്ക് അനേകരെ നയിക്കാനും ഈ ധ്യാനങ്ങളും കൺവെൻഷനുകളും സഹായിക്കുന്നു. ദൈവ വചനത്തോടുള്ള താൽപര്യം, വ്യക്തിഗതമായ മാനസാന്തരം, പ്രാർത്ഥനാനുഭവം, ദുഃശീലങ്ങളിൽ നിന്നു വിടുതൽ, കൂദാശക ളിൽ സജീവ ഭാഗഭാഗിത്വം എന്നിങ്ങനെ അനേകം സദ്ഫലങ്ങൾ ഈ ധ്യാനങ്ങളിലൂടെ സമൂഹത്തിനു കൈവന്നുകൊണ്ടിരിക്കുന്നു. എന്നാൽ അവയോടൊപ്പം സഭയുടെ സത്വരശ്രദ്ധയർഹിക്കുന്ന മറ്റു ചില പ്രതിഭാസങ്ങളും ഇന്നു ധ്യാനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യക്ഷപ്പെടുന്നുണ്ട്.

## പാളം തെറ്റുന്ന പ്രവണതകൾ

ഇടവകകളായിട്ടാണ് കത്തോലിക്കാസഭ നിലനില്ക്കുന്നത്. ആഗോളസഭ വിവിധ റീത്തുകളായും രൂപതകളായും വിഭജിക്ക പ്പെട്ടിരിക്കുന്നു. അവയിൽ ഏറ്റം അടിസ്ഥാനപരമായ യൂണിറ്റാണ് ഇടവക. ക്രിസ്തുവിന്റെ പ്രതിനിധിയായ വൈദികന്റെ നേതൃത്വ ത്തിൽ സമ്മേളിക്കുന്ന സഭയാണ് ഇടവക. പുതിയ ധ്യാനകേന്ദ്ര ങ്ങളും ധ്യാനരീതികളും ഗുരുക്കന്മാരും രംഗപ്രവേശം ചെയ്ത തോടെ ധ്യാനത്തിന്റെ കേന്ദ്രം ഇടവകയിൽ നിന്നുമാറി. ജീവിത നവീകരണ ധ്യാനങ്ങൾ ഇടവകയുടെ നവീകരണത്തെ സഹാ യിക്കാതായി. അകലെ എവിടെയെങ്കിലും ഒരു കേന്ദ്രത്തിൽ പോയി ധ്യാനിച്ചു നവീകരിക്കപ്പെട്ടുവരുന്ന വിശ്വാസികളുടെ കൂട്ടാ യ്മയും പ്രതിബദ്ധതയും താൻ അംഗമായിരിക്കുന്ന ഇടവക യോടല്ല, മറ്റേതെങ്കിലും സ്ഥാപനത്തോടോ വ്യക്തികളോടോ ആയിത്തീരുന്നു. ധ്യാനകേന്ദ്രങ്ങളുടെ സംഖ്യ വർദ്ധിക്കുന്നതിന് ആനുപാതികമായി ഇടവക കൂട്ടായ്മ ബലപ്പെടുന്നില്ല. തന്നെ യുമല്ല, ഇടവകയിൽ നടക്കുന്ന ധ്യാനങ്ങളെയും നവീകരണസം രംഭങ്ങളെയുംകാൾ മറ്റ് പരിപാടികൾക്കാണ് നവീകരണത്തി ലേക്കു വന്നവർ പലപ്പോഴും താൽപര്യം കാണിക്കുക. ഇത് ചില പ്പോഴൊക്കെ ധ്യാനകേന്ദ്രങ്ങളോട് നിഷേധാത്മകമായ ഒരു നില പാടു സ്വീകരിക്കാൻ ഇടവക നേതൃത്വത്തെ പ്രേരിപ്പിക്കാറുമുണ്ട്.

ധ്യാനപ്രസംഗങ്ങളുടെ വിഷയങ്ങളിലും കാതലായ മാറ്റങ്ങൾ സംഭവിച്ചു. ക്രിസ്തീയ വിശ്വാസത്തിന്റെയും ധാർമ്മികതയു ടെയും അടിസ്ഥാന സത്യങ്ങളായിരുന്നു ധ്യാനവിഷയമെങ്കിൽ

ഇന്ന് ഒരുതരം സ്പെഷലൈസേഷൻ ദൃശ്യമാണ്. പ്രാരംഭധ്യാനം, ആത്മനവീകരണം, വിശുദ്ധീകരണം, വചനാഭിഷേകം, ആത്മാഭിഷേകം, രക്താഭിഷേകം, അഭിഷേകാഗ്നി എന്നിങ്ങനെ അനേകം പേരുകളിൽ നടക്കുന്ന ധ്യാനങ്ങൾ ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക മൂലം അതിപ്രധാനമായ വിശ്വാസ വിഷയങ്ങൾ പരിഗണിക്കപ്പെടാതെ പോകുന്നു.

അലോപതി ചികിത്സാരീതിയിൽ ആധുനിക കാലത്തുണ്ടായ പുതിയ പ്രവണതപോലെ ഒന്ന് ധ്യാനകേന്ദ്രങ്ങളിലും, ധ്യാനവിഷയങ്ങളിലും ദൃശ്യമാകുന്നു. വ്യക്തികൾ നേരിടുന്ന ഏതെങ്കിലും ഒരു പ്രശ്നത്തിനു പരിഹാരം നിർദ്ദേശിക്കുന്നതിനപ്പുറത്ത് വ്യക്തിയുടെ വിശ്വാസജീവിതത്തെ സമഗ്രമായി കാണാതെ പോകുന്നത് ഗൗരാവഹമായ പല പ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നു.

മാനസാന്തരത്തെ ലക്ഷ്യംവച്ചുള്ള ധ്യാനങ്ങൾക്കുപകരം കാര്യസാധ്യത്തിന് മുൻതൂക്കം കൊടുക്കുന്ന ധ്യാനരീതികളും പ്രബോധനങ്ങളും ഇന്നു വ്യാപകമായിക്കൊണ്ടിരിക്കുന്നു. രോഗശാന്തി, സാമ്പത്തിക ഉന്നമനം, ജീവിതക്ലേശങ്ങളുടെയും പ്രശ്നങ്ങളുടെയും ദൂരീകരണം മുതലായവ പലപ്പോഴും ധ്യാനങ്ങളുടെ മുഖ്യലക്ഷ്യങ്ങളായി പ്രത്യക്ഷപ്പെടുന്നു. മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിച്ചാൽ രോഗം മാറും, കടബാധ്യതകൾ തീരും, ജോലികിട്ടും എന്നിങ്ങനെ അനേകം ഭൗതികനേട്ടങ്ങൾ വാഗ്ദാനം ചെയ്യുകയും ഇതൊക്കെ ലഭിച്ചതായ സാക്ഷ്യങ്ങൾ പ്രചരണമാധ്യമങ്ങളുടെ സഹായത്തോടെ പ്രഘോഷിക്കുകയും ചെയ്യുമ്പോൾ ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ ലക്ഷ്യങ്ങളിലും കാതലായ വ്യതിയാനങ്ങൾ സംഭവിക്കുന്നു. പല കേന്ദ്രങ്ങളും മത്സരബുദ്ധിയോടെയെന്നു തോന്നുമാറ് സാക്ഷ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് യേശുവിലുള്ള വിശ്വാസത്തിലേക്കെന്നതിനേക്കാൾ തങ്ങളിലേക്കും തങ്ങളുടെ സ്ഥാപനങ്ങളിലേക്കും ആളുകളെ ആകർഷിക്കാനാണോ എന്ന സംശയം ജനിപ്പിക്കുന്നു. ധ്യാനകേന്ദ്രങ്ങളും ഗുരുക്കന്മാരും മനഃപൂർവ്വം പ്രോത്സാഹിപ്പിച്ചിട്ടില്ലെങ്കിലും ജനങ്ങളുടെ ഇടയിൽ ഈ മത്സരബുദ്ധി ഉതപ്പിനു കാരണമാകാറുണ്ട്.

ആത്മീയ ശുശ്രൂഷാ രംഗങ്ങളിലേക്ക് അത്മായർ കടന്നുവന്നത് വളരെ നല്ല ഒരു കാര്യമാണ്. അതേസമയം വേണ്ടത്ര അറിവും പരിശീലനവും പക്വതയുമില്ലാത്ത പലരും ഈ രംഗത്ത് വലിയ ആശയകുഴപ്പങ്ങൾ സൃഷ്ടിക്കുകയും അനേകർക്ക് വിശ്വാ

സത്തിൽ ഇടർച്ചയ്ക്കു കാരണമാവുകയും ചെയ്യുന്നുണ്ട്. കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ എന്തെന്നു ശരിക്കു മനസിലാക്കാത്തുകൊണ്ടോ, അല്ലെങ്കിൽ ഈ പ്രബോധനങ്ങൾ തങ്ങൾക്കു ബാധകമല്ലെന്നു കരുതുന്നതുകൊണ്ടോ, ചില ധ്യാനഗുരുക്കന്മാരുടെ പ്രബോധനങ്ങളിൽ പലതും സഭയുടെ പരമ്പരാഗതമായ വിശ്വാസത്തിനു വിരുദ്ധമായിത്തീരുന്നു. വൈദികരുടെ നേതൃത്വമില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന അത്മായഗുരുക്കന്മാരിൽ ഈ പ്രവണത കൂടുതൽ പ്രകടമാകുന്നുണ്ട്. ഇപ്രകാരമുള്ള അത്മായ ശുശ്രൂഷകർ വിശുദ്ധബലി, കുമ്പസാരം എന്നിവയ്ക്കു മാത്രം ചില വൈദികരെ ഉപയോഗിക്കുകയും ധ്യാനവിഷയവുമായി യാതൊരു തരത്തിലും വൈദികരെ ബന്ധപ്പെടുത്താതിരിക്കുകയും ചെയ്യുന്നതായും കാണാം.

ദൈവവചനത്തിന്റെ ഉപയോഗവും വ്യാഖ്യാനവുമായി ബന്ധപ്പെട്ട അനേകം തെറ്റിധാരണകളും തെറ്റായ പ്രബോധനങ്ങളും ഇന്നു പലരും അറിഞ്ഞോ അറിയാതെയോ പ്രചരിപ്പിക്കുന്നുണ്ട്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവാവിഷ്കരണമാണ്. ദൈവാവിഷ്കരണമാകട്ടെ ലിഖിതഗ്രന്ഥമായ ബൈബിളിലൂടെയും അലിഖിതമായ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലൂടെയുമാണ് ഇന്നു ലഭിക്കുക. ദൈവാവിഷ്കരണത്തിന്റെ കൈമാറലിലും വ്യാഖ്യാനത്തിലും അവസാനത്തെ വാക്ക് സഭയുടെ പ്രബോധനാധികാരത്തിന്റേതാണ്. എന്നാൽ ബൈബിളിൽ എഴുതപ്പെട്ടതു മാത്രമേ വിശ്വാസത്തിന് അടിസ്ഥാനമായി സ്വീകരിക്കാൻ കഴിയൂ എന്നു കരുതുന്നവരുണ്ട്. ബൈബിളിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ച് ദൈവാത്മാവിന്റെ പ്രചോദനമാണ് ആത്യന്തികമാനദണ്ഡം എന്നും ഇവർ കരുതുന്നു. അങ്ങനെ ഓരോരുത്തരും താന്താങ്ങളുടെ തോന്നലുകളും ബോധ്യങ്ങളും അനുസരിച്ച് സുവിശേഷ പ്രഘോഷണങ്ങൾ നടത്തുമ്പോൾ വിശ്വാസികളുടെ ഇടയിൽ ഏറെ ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നു.

ബൈബിൾ വ്യാഖ്യാനത്തിൽത്തന്നെ കാതലായ പല പിഴവുകളും സംഭവിക്കുന്നതായി കാണാം. ബൈബിൾ മാത്രം എന്ന നിലപാടു മാത്രമല്ല, അക്ഷരാർത്ഥത്തിൽ മാത്രമുള്ള വ്യാഖ്യാനവും സത്യം ഗ്രഹിക്കുന്നതിന് ചിലപ്പോഴൊക്കെ തടസമാകുന്നു. പഴയനിയമത്തിനു കൊടുക്കുന്ന അമിതമായ ഊന്നൽ, വചനങ്ങൾ സാഹചര്യത്തിൽനിന്നു വേർതിരിച്ചുള്ള വ്യാഖ്യാനം എന്നിവയും പ്രസക്തമാണ്. പഴയനിയമമല്ല പുതിയ നിയമമാണ് ജീവി

ത്തിന് മാനദണ്ഡം. യേശു നല്കിയ പുതിയ വ്യാഖ്യാനമാണ് ഇന്നു നാം സ്വീകരിക്കേണ്ടത് (മത്താ 5.17.20.22.28).

കൂദാശകളുടെ പ്രാധാന്യം, ക്രിസ്തീയ പൗരോഹിത്യം, വിശുദ്ധരുടെ മാധ്യസ്ഥ്യം, മരണാനന്തരജീവിതം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, പൂർവ്വികരുടെ പാപം, വിഗ്രഹാരാധന, ഇതര മതങ്ങളും സംസ്കാരങ്ങളുമായുള്ള ബന്ധം എന്നിങ്ങനെ അനേകം മേഖലകളിൽ ഈ ആശയക്കുഴപ്പം ഇന്നു ദൃശ്യമാണ്.

ധ്യാനകേന്ദ്രങ്ങളോടനുബന്ധിച്ചു നടത്തപ്പെടുന്ന കൗൺസിലിംഗ് വ്യക്തികളുടെ ജീവിതനവീകരണത്തിനും, മാനസികവും ആത്മീയവുമായ പ്രശ്നങ്ങളുടെ പരിഹാരത്തിനും ഏറെ സഹായകമാണ്. എന്നാൽ വേണ്ടത്ര അറിവും പക്വതയും പരിശീലനവുമില്ലാത്തവർ ഈ രംഗത്തു പ്രവർത്തിക്കുമ്പോൾ ഗുണത്തേക്കാളേറെ ദോഷം ഉണ്ടാകുന്ന അനുഭവങ്ങളും വിരളമല്ല. തങ്ങൾക്കുണ്ടാകുന്ന തോന്നലുകളെല്ലാം പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളായി തെറ്റിധരിക്കുകയും തെറ്റിധരിപ്പിക്കുകയും ചെയ്യുന്ന കൗൺസിലർമാർ നല്കുന്ന വ്യാഖ്യാനങ്ങളും നിർദ്ദേശിക്കുന്ന പ്രതിവിധികളും പലരെയും കൂടുതൽ രൂക്ഷമായ പ്രശ്നങ്ങളിലേക്കും പ്രതിസന്ധികളിലേക്കും തള്ളിവിടാറുണ്ട്. ആത്മാക്കളെ വിവേചിച്ചറിയാൻ കഴിയണം.

ഭൗതികോന്നമനം ലക്ഷ്യംവച്ചുള്ള ആധ്യാത്മികപ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാകുന്നതായി തോന്നും. ധ്യാനത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമല്ല, ധ്യാനങ്ങൾ നയിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തികമായ ഉയർച്ച ഇതിനു തെളിവായി നില്ക്കുന്നു. ദൈവത്തിൽ നിന്നു ലഭിച്ച കൃപയ്ക്ക് കൃതജ്ഞതയായി ദാനം ചെയ്യുന്നത് തീർച്ചയായും നല്ല കാര്യം തന്നെ. എന്നാൽ ചിലരെങ്കിലും ധ്യാനത്തിനും മറ്റ് ആത്മീയ ശുശ്രൂഷകൾക്കും വലിയ തുകകൾ ഫീസായി ഈടാക്കുകയും ലഭിക്കുന്ന കൃപയ്ക്ക് ആനുപാതികമായി തുക ഉയർത്തുകയും ചെയ്യുന്നതായി കാണുന്നത് യേശുവിന്റെ സുവിശേഷത്തിനു നിരക്കാത്ത പ്രവൃത്തിയാണ്.

കുരിശിന്റെ സുവിശേഷമായിരുന്നു യേശുവും അപ്പസ്തോലന്മാരും പ്രഘോഷിച്ചത്. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ അനുദിനം കുരിശു വഹിക്കാൻ സന്നദ്ധരാകണം എന്നതായിരുന്നു യേശു നല്കിയ ആഹ്വാനം. എന്നാൽ ഇന്നത്തെ

ധ്യാനങ്ങളിൽ കുരിശിനും സഹനങ്ങൾക്കും വേണ്ടത്ര പ്രാധാന്യം നല്കപ്പെടാതെ പോകുന്നോ എന്ന സംശയം ഉണ്ടാകുന്നു. സുവിശേഷനിയമങ്ങൾക്കനുസരിച്ചു ജീവിക്കുമ്പോൾ നേരിടേണ്ടിവരുന്ന ത്യാഗങ്ങളും നഷ്ടങ്ങളും ഒക്കെയാണ് ഈ കുരിശുകളിൽ ഏറ്റം പ്രധാനം. അതോടൊപ്പം ജീവിതത്തിൽ ഉണ്ടാകുന്ന അത്യാഹിതങ്ങളും നഷ്ടങ്ങളും രോഗങ്ങളും എല്ലാം കുരിശിന്റെ ഭാഗമാകാം. അത്ഭുതകരമായ രോഗശാന്തിയും സാമ്പത്തികലാഭവും എപ്പോഴും ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളാകണമെന്നില്ല എന്ന തിരിച്ചറിവ് ധ്യാനങ്ങളിൽ നിന്നു പലപ്പോഴും ലഭിക്കാതെ പോകുന്നു. സമ്മാനവും ശിക്ഷയുമെല്ലാം ഈ ലോകത്തിൽ വച്ചുതന്നെ ലഭിക്കുന്നു എന്ന ഒരു ധാരണ ജനഹൃദയത്തിൽ രൂഢമൂലമാകാൻ ഭൗതികതയിലുള്ള ഈ ഊന്നൽ കാരണമായിത്തീരാം.

ധ്യാനപ്രസംഗകർ ബൈബിളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ സഭയുടെ പ്രബോധനം സമഗ്രമായി അവതരിപ്പിക്കാൻ കഴിയാതെ പോകാറുണ്ട്. ബൈബിളിൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ ആവശ്യമായ വിശദീകരണങ്ങളും നിർദ്ദേശങ്ങളുമാണ് സഭ നല്കുന്നത്. അതിനാൽ വിശ്വാസം, കൗദാശികജീവിതം, സാമൂഹ്യബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും ധ്യാനപ്രസംഗങ്ങളുടെ വിഷയമാകണം.

മരണാനന്തര ജീവിതത്തെക്കുറിച്ച് ഇന്ന് അധികമൊന്നും ധ്യാനങ്ങളിൽ കേൾക്കാറില്ല എന്ന ഒരു പരാതി പലരും ഉന്നയിക്കാറുണ്ട്. ദൈവത്തിന്റെ കരുണയ്ക്ക് അതിരില്ല എന്ന സത്യത്തിന് ഊന്നൽ നല്കുമ്പോൾ ദൈവികനീതിയെക്കുറിച്ചും മാനസാന്തരപ്പെടാത്തവർക്കു ലഭിക്കാവുന്ന ശിക്ഷയെക്കുറിച്ചും ഏതാണ്ട് പൂർണ്ണമായ നിശ്ശബ്ദത പാലിക്കുന്നതായും തോന്നും. "**ദൈവം ശിക്ഷിക്കുന്നില്ല**" എന്ന് ആവർത്തിച്ചു പറയുമ്പോൾ ബൈബിൾ ഊന്നിപ്പറയുന്ന നിത്യശിക്ഷയും നരകാഗ്നിയുമൊക്കെ വിസ്മരിക്കപ്പെടുന്നു. ഏകപക്ഷീയമായ ഊന്നൽ ജീവിതത്തെത്തന്നെ വളരെ ലാഘവബുദ്ധിയോടെ വീക്ഷിക്കാനും കാര്യമായ പാപബോധവും ഭയവും കൂടാതെ കുറ്റകൃത്യങ്ങൾ ആവർത്തിക്കാനും പ്രേരകമായിത്തീരുന്നു.

അതേസമയം നേരെമറിച്ച് അനാവശ്യമായ കുറ്റബോധം സൃഷ്ടിച്ച് മനുഷ്യരെ നിരാശയിലേക്ക് നയിക്കാനും ചില ധ്യാന

പ്രസംഗങ്ങളും കൗൺസിലിംഗുകളും കാരണമായിത്തീരുന്നുണ്ട്. തന്നെയുമല്ല, മനുഷ്യനിൽ കുറ്റബോധം കുത്തിവച്ച് അതിലൂടെ ഗണ്യമായ സാമ്പത്തിക ലാഭമുണ്ടാക്കാനും ചിലരെല്ലാം ശ്രമിക്കുന്നതായും കാണാം. കഴിഞ്ഞ കാലത്തു ചെയ്തുപോല തെറ്റുകൾക്കും പൂർവ്വികരുടെ പാപങ്ങൾക്കും പരിഹാരം എന്ന നിലയിലാണ് ചിലരെങ്കിലും വലിയ തുകകൾ ചിലവഴിക്കാൻ ആവശ്യപ്പെടുന്നത്.

മരിച്ചുപോയ പൂർവ്വികരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതും ദിവ്യബലി അർപ്പിക്കുന്നതും നല്ലതാണ്. സഭ ഇതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. എന്നാൽ ഒരാത്മാവിനുവേണ്ടി ആയിരം കുർബാന ചൊല്ലിക്കണം, പൂർവ്വികർ വരുത്തിവച്ച ഉത്തരിപ്പുകടത്തിന് പലിശയടക്കം കുർബാനയും ഒപ്പീസും ചൊല്ലിക്കണം എന്നൊക്കെ ചില ധ്യാനഗുരുക്കന്മാരും കൗൺസിലർമാരും നിർദ്ദേശിക്കുന്നത് കുർബാനയെയും മറ്റു കൂദാശകളെയും പ്രാർത്ഥനയെത്തന്നെയും അവഹേളിക്കുന്നതിനു തുല്യമാണ്; പാവപ്പെട്ട മനുഷ്യരെ വലിയ സാമ്പത്തിക ബാധ്യതകൾക്കും തീരാത്ത കുറ്റബോധത്തിനും ഇരകളാക്കുന്ന, അക്ഷന്തവ്യമായ ഒരു കുറ്റകൃത്യമായേ ഇതിനെ കാണാൻ കഴിയൂ.

പലവിധത്തിലുള്ള അന്ധവിശ്വാസങ്ങളും ചില ധ്യാനപ്രസംഗകർ ജനമധ്യത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. പിശാചുക്കളുടെ സ്വഭാവം, സ്വാധീനം തുടങ്ങി ചെയ്യുന്ന തൊഴിൽ, വീടിന്റെ സ്ഥാനം മുതലായ അനേകം കാര്യങ്ങളിൽ ഈ അന്ധവിശ്വാസങ്ങളുടെ സ്വാധീനം കാണാം. ചില ധ്യാനഗുരുക്കന്മാർ ആശീർവദിച്ച വസ്തുക്കൾക്ക് പ്രത്യേക ശക്തിയുണ്ട് എന്ന് കരുതുന്നവർ ഏറെ. ചില ധ്യാനകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന പ്രാർത്ഥന എഴുതിയ കടലാസ് കത്തിച്ച് ചാരം വെള്ളത്തിൽ കലക്കി കുടിച്ചാൽ രോഗശാന്തി ലഭിക്കും എന്ന് വിശ്വസിച്ച്, കുടിച്ച്, രോഗിയായി ചികിത്സ തേടിയവരെ കുറിച്ചും ചുരുക്കമായെങ്കിലും കേൾക്കുന്നുണ്ട്.

ഇതരമതങ്ങളോടും മതാചാരങ്ങളോടും ആദരവും ബഹുമാനവും പ്രകടിപ്പിക്കണം എന്ന കത്തോലിക്കാസഭയുടെ പ്രബോധനത്തിനു കടകവിരുദ്ധമായ നിലപാടുകൾ അനേകം ധ്യാനഗുരുക്കന്മാർ പ്രചരിപ്പിക്കുന്നുണ്ട്. മറ്റു മതങ്ങളിലെ നന്മ കാണാനും അംഗീകരിക്കാനും ശ്രമിക്കുന്നതിനുപകരം ശത്രുതാമനോഭാവത്തോടെയും അവജ്ഞയോടെയും അവയെ വീക്ഷിക്കുന്നത് ഒരാ

വശ്യമായി പഠിപ്പിക്കുന്നവരുമുണ്ട്. സ്വന്തം ക്രിസ്തീയ വിശ്വാസത്തിനു നിരക്കാത്ത ഒന്നും ഒരു ക്രൈസ്തവൻ സ്വീകരിക്കരുത്, പ്രവർത്തിക്കുകയുമരുത്. എന്നാൽ മറ്റുള്ളവർക്ക് അവരുടേതായ ബോധ്യങ്ങൾ സൂക്ഷിക്കാൻ അവകാശമുണ്ടെന്ന് അംഗീകരിക്കണം. മതസൗഹാർദ്ദം, മതാന്തരസംവാദം, സർവ്വമത പ്രാർത്ഥന, സാംസ്കാരികാനുരൂപണം, അക്രൈസ്തവരുടെ രക്ഷ എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ച് കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാട് പല ധ്യാനഗുരുക്കന്മാർക്കും അറിവില്ല. അതിനാൽത്തന്നെ പലപ്പോഴും അനാവശ്യമായ പ്രകോപനങ്ങൾക്ക് അവരുടെ പ്രബോധനങ്ങളും ഉപദേശങ്ങളും കാരണമായിത്തീരുന്നു.

ചില വ്യക്തികളുടെയും കേന്ദ്രങ്ങളുടെയും പ്രബോധനങ്ങൾ സഭയുടെ പഠനങ്ങൾക്കു വിരുദ്ധമാണെന്നും അവയിൽ കത്തോലിക്കാവിശ്വാസികൾ പങ്കെടുക്കരുതെന്നും രൂപതാധ്യക്ഷന്മാർ ദൈവജനത്തെ ഔദ്യോഗികമായി അറിയിക്കാറുണ്ട്. എന്നാൽ ഈ വിലക്കുകളെ അറിഞ്ഞോ അറിയാതെയോ അനേകർ ലംഘിക്കാറുമുണ്ട്. ഇങ്ങനെ സഭ വിലക്കു കല്പിച്ചിട്ടുള്ള ശുശ്രൂഷകളിൽ ചില കത്തോലിക്കാവൈദികർ സഹകരിക്കുന്നതായും കാണാം. ഇത് സഭാസമൂഹത്തിൽ ആശയക്കുഴപ്പത്തിനും ഉതപ്പിനും കാരണമാകുന്നുണ്ട്. ദേവാലയങ്ങളിലും ഇടവകാകേന്ദ്രങ്ങളിലും പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ള വ്യക്തികളും ടീമുകളും പൊതുവായ സമ്മേളനശാലകളും പ്രസംഗമണ്ഡപങ്ങളും വാടകയ്ക്കെടുത്ത് ധ്യാനങ്ങൾ നടത്തുകയും അതിലേക്ക് ജനങ്ങളെ ആകർഷിക്കുകയും ചെയ്യുന്നുണ്ട്. ഇവിടെയും ചുരുക്കം ചില വൈദികരുടെ സേവനം അവർക്കു ലഭിക്കാറുമുണ്ട്. വിശ്വാസസമൂഹം ജാഗ്രത പാലിക്കേണ്ട ഒരു മേഖലയാണിത്.

### ഉപസംഹാരം

ക്രിസ്തീയ ജീവിതത്തെ ശക്തിപ്പെടുത്തുന്നതിനും വിശ്വാസപരിശീലനത്തിനും ഏറ്റം ഉത്തമമായ ഒരു മാർഗ്ഗമാണ് ധ്യാനങ്ങൾ. വിശ്വാസികളെ ഏറ്റം കൂടുതൽ സ്വാധീനിക്കാനും ധ്യാനഗുരുക്കന്മാർക്കും ധ്യാനകേന്ദ്രങ്ങൾക്കും കഴിയും. അതിനാൽ കാലാകാലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പാകപ്പിഴകളും മാർഗ്ഗഭ്രംശങ്ങളും പരിഹരിച്ച് നേരായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക സഭയുടെ ഔദ്യോഗികമായ കടമയാണ്. അതിന് ദൈവജനത്തിന്റെ മുഴുവൻ സഹകരണം ആവശ്യമാണ്.

# 7

# തിരുവോണം

പുരാതനകാലം മുതലേ കേരളത്തിൽ ഒരു ദേശീയോത്സവംപോലെ ആഘോഷിക്കുന്നതാണ് തിരുവോണം. ഓണക്കോടിയും ഓണസദ്യയും ഓണക്കളികളും പൂക്കളങ്ങളും എല്ലാം ഈ ആഘോഷത്തിന്റെ ബാഹ്യരൂപങ്ങളാണ്. ഏറെ കാലമായി ക്രൈസ്തവരും ഓണം ആഘോഷിച്ചു വരുന്നു. എന്നാൽ അടുത്ത കാലത്ത് ചില ധ്യാനഗുരുക്കന്മാരും ആധ്യാത്മിക നേതാക്കളും ക്രിസ്ത്യാനികൾ ഓണം ആഘോഷിക്കുന്നതു ശരിയല്ല, അതു വിഗ്രഹാരാധനയും അതിനാൽത്തന്നെ ക്രിസ്ത്യാനികൾക്കു നിഷിദ്ധവുമാണെന്ന് പല മാധ്യമങ്ങളിലൂടെ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. തന്നെയുമല്ല, വിജാതീയർ ആരാധിക്കുന്നതു പിശാചുക്കളെയാണെന്നും അതിനാൽ മാവേലി, വാമനൻ മുതലായ സങ്കല്പങ്ങൾ ദൈവവിരുദ്ധമായ വിഗ്രഹങ്ങളാണെന്നും പറഞ്ഞു പ്രചരിപ്പിക്കുന്നു. ഇതു ശരിയാണോ? ക്രൈസ്തവൻ ഓണം ആഘോഷിക്കുന്നതു ദൈവ കല്പനയ്ക്കു വിരുദ്ധവും പാപവുമാണോ?

ധ്യാനപ്രസംഗങ്ങളും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളും വഴി ഇപ്പോൾ നടക്കുന്ന ഓണവിരുദ്ധമായ പ്രചരണങ്ങൾ തീർച്ചയായും ശ്രദ്ധയർഹിക്കുന്നു. പ്രത്യക്ഷത്തിൽ വിഗ്രഹാരാധനയെന്നു ചിലർക്കു തോന്നാവുന്ന ഓണാഘോഷവും അതിലെ ചില ആചാരങ്ങളും അതിനു പിന്നിൽ നില്ക്കുന്ന വിശ്വാസവും ചിന്താഗതികളും എന്തെന്നു മനസിലാക്കുക ആവശ്യമാണ്. ഇവയുടെ അപഗ്രഥനത്തിലേക്കു കടക്കുന്നതിനുമുമ്പേ ആമുഖമായി ഒരു കാര്യം സൂചിപ്പിക്കട്ടെ.

**മതാന്തരസംവാദം**

ഇതരമതങ്ങളുമായുള്ള ബന്ധങ്ങളെക്കുറിച്ച് കത്തോലിക്കാസഭയുടെ ഏറ്റം ആധികാരികമായ രേഖയാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പുറപ്പെടുവിച്ച "*നോസ്ത്രാ എത്താതെ*" (നമ്മുടെ ഈ കാലഘട്ടത്തിൽ) എന്ന പ്രബോധനം. ചോദ്യവി

ഷയത്തിൽ സഭയുടെ നിലപാടിലേക്കു വെളിച്ചം വീശുന്ന ചില പ്രഖ്യാപനങ്ങൾ ഉദ്ധരിക്കട്ടെ.

*"മനുഷ്യകുലം ദിനംതോറും പരസ്പരം കൂടുതൽ അവഗാഢം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും വിവിധ ജനങ്ങൾ തമ്മിലുള്ള ബന്ധം വർദ്ധമാനമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാല ഘട്ടത്തിൽ, സഭ തനിക്ക് അക്രൈസ്തവമതങ്ങളോടുള്ള നില പാട് എന്താണെന്ന് കൂടുതൽ ശ്രദ്ധയോടെ പരിശോധിക്കുക യാണ്. മനുഷ്യർ തമ്മിൽ, പോരാ, ജനപദങ്ങൾ തമ്മിലുള്ള ഐക്യവും സ്നേഹവും വളർത്തുകയെന്ന തന്റെ കടമയിൽ സഭ ആദ്യമായി ഇവിടെ ചിന്തിക്കുന്നത് മനുഷ്യർക്കു പൊതുവായു ള്ളവയും പരസ്പര കൂട്ടായ്മയിലേക്ക് നയിക്കുന്നവയും എന്തൊ ക്കെയാണെന്നാണ്"* (§1).

അന്യമതങ്ങളുടെ വിശ്വാസസംഹിതകളെയും ആചാരങ്ങ ളെയും ഒറ്റയടിക്ക് നിഷേധിക്കുകയല്ല, അവയെ അനുഭാവപൂർവ്വം പരിശോധിച്ച്, സ്വീകാര്യമായവയെ അംഗീകരിക്കാനും സാഹോ ദര്യവും പരസ്പരമുള്ള കൂട്ടായ്മയും വളർത്തിയെടുക്കാനും സഭ പ്രതിജ്ഞാബദ്ധയാണെന്ന് ഈ ആമുഖത്തിൽത്തന്നെ വ്യക്ത മാക്കുന്നു. ഇപ്രകാരം, നാം വസിക്കുന്ന നാട്ടിലെ ഇതരമതവി ശ്വാസികളുമായുള്ള സ്നേഹബന്ധവും ഐക്യദാർഢ്യവും പ്രക ടിപ്പിക്കാനും നമ്മളെല്ലാം ആത്യന്തികമായി ഒരേ നാടിന്റെ, ഒരേ ദൈവത്തിന്റെ മക്കളാണെന്നു പരസ്യമായി പ്രഖ്യാപിക്കാനും സഹായിക്കുന്ന ഒരവസരമാണ് ഓണാഘോഷം എന്നതിൽ സം ശയത്തിനു വകയില്ല. എന്നാൽ, ഓണാഘോഷത്തെക്കുറിച്ചു പറ യുമ്പോൾ മൂന്നു വ്യത്യസ്ത മേഖലകളിലേക്ക് ശ്രദ്ധ തിരിക്കേ ണ്ടതുണ്ട്. 1. സാമൂഹികാചാരം. 2. ആചാരത്തിനു പിന്നിലെ വിശ്വാ സങ്ങൾ. 3. ആ വിശ്വാസങ്ങളുമായി ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചത്തിലുള്ള സംവാദം, അഥവാ സഭയുടെ നിലപാട്.

### 1. ഓണം – സാംസ്കാരികാഘോഷം

ചിങ്ങമാസത്തിലാണല്ലോ നാം ഓണം ആഘോഷിക്കുക. കർക്കടകമാസത്തെ കള്ളക്കർക്കടകം, പഞ്ഞകർക്കടകം എന്നൊ ക്കെ വിശേഷിപ്പിക്കാറുണ്ട്. കാരണം മഴക്കാലമാണ്. മണ്ണിൽ ജോലി ചെയ്യാൻ പ്രയാസം. വിഭവങ്ങൾ ഒന്നും മണ്ണിൽനിന്നു ശേഖരിക്കാറില്ല. എങ്ങും മ്ലാനത. പല വീട്ടിലും തീപുകയുന്നില്ല. ഈ സാഹചര്യത്തിൽ കർക്കടകം ഏതോ ദുർദേവതയുടെ ആധി പത്യകാലമാണെന്നു പുരാതന മനുഷ്യൻ കരുതി. അതിനാൽ

കർക്കടകമാസത്തിൽ വിവാഹം അരുത്, വീട്ടിൽ കയറിക്കൂടരുത് എന്നിങ്ങനെ ഒരുപാടു വിലക്കുകൾ. യാത്രപോലും കഴിവതും ഒഴിവാക്കാൻ നിർദ്ദേശിക്കും. ദുർദേവതയുടെ ശാപം എന്നു പുരാതന മനുഷ്യൻ വിശേഷിപ്പിച്ച കാലാവസ്ഥയുടെ പ്രാതികൂല്യമാണിതിനെല്ലാം പിന്നിലെ പ്രേരകശക്തി.

എന്നാൽ ചിങ്ങമാസം വ്യത്യസ്തമാണ്. പൊന്നും ചിങ്ങം എന്നല്ലേ നാം സ്നേഹത്തോടെ, സന്തോഷത്തോടെ ആ മാസത്തെ വിളിക്കുന്നത്. കാരണമുണ്ട്. മഴക്കാലം കഴിഞ്ഞു. ആകാശം മൂടിനിന്ന കാർമേഘങ്ങളെ കീഴടക്കി സൂര്യൻ വീണ്ടും ഭൂമിയിൽ പ്രകാശം ചൊരിയാൻ തുടങ്ങി. ഇലകൊഴിച്ച് കണ്ണീർ വാർത്ത സസ്യലതാദികൾ പുതുനാമ്പുകൾ പുറപ്പെടുവിക്കുന്നു. വയലുകളും മലകളും പച്ചയുടുത്ത് പുഞ്ചിരിക്കുന്നു. പക്ഷികളുടെ കളകളാരവം മുഴങ്ങുന്നു. മേഘങ്ങൾ മാറിയ മാനം തെളിയുന്നു, മഴയിൽ കലങ്ങിയ അരുവികളിലൂടെ ഇപ്പോൾ തെളിനീരൊഴുകുന്നു. പ്രകൃതി ഉണർന്നെഴുന്നേല്ക്കുന്ന പ്രതീതി. എങ്ങും സന്തോഷം.

സന്തോഷത്തിനു മുഖ്യമായ മറ്റൊരു കാരണം കൂടിയുണ്ട്. ചിങ്ങമാസം കൊയ്ത്തുകാലമാണ്. വയലുകൾ പൊന്നണിയുന്നു. കർക്കടകത്തിന്റെ പട്ടിണിയകറ്റാൻ ഭൂമി നല്കുന്ന അന്നദാനം. കൊയ്തെടുത്തുവയ്ക്കുന്ന പുത്തിരി സന്തോഷത്തിന്റെ, സമൃദ്ധിയുടെ അടയാളമാണ്. അതാണ് നാം ആഘോഷിക്കുന്നത്, ഓണം എന്നപേരിൽ. അത് ഒരു കാർഷികോത്സവമാണ്; നാടിന്റെ മുഴുവൻ ദേശീയോത്സവം. ഉത്സവം എന്നാൽ സന്തോഷവും ആഹ്ലാദവും പ്രകടിപ്പിക്കുന്ന ആഘോഷം എന്നാണല്ലോ അർത്ഥം. വയറുനിറയെ ചോറുണ്ണുക എന്നതു തന്നെയാണ് വിശക്കുന്നവനെ സംബന്ധിച്ച ഏറ്റം വലിയ ആഘോഷം. അതിന്റെ കൂടെ വിവിധയിനം പച്ചക്കറികളും പായസവും കൂടിയാകുമ്പോൾ “ആനന്ദലബ്ധിക്കിനിയെന്തു വേണം?” എന്ന കവിയുടെ ചോദ്യം മനസിൽ ഉയരും.

വയറുനിറയെ ആഹാരം കഴിഞ്ഞാൽ പിന്നെ വേണ്ടതു വിനോദങ്ങളാണ്. അതിനായി ഓണക്കളികൾ. അതു പന്തുകളിയാവാം, വടംവലിമത്സരമാവാം. നൃത്തങ്ങളാവാം, കൈകൊട്ടിക്കളിയാവാം. അങ്ങനെ തനിനാടൻ ആഘോഷങ്ങൾ. ഉള്ളിലെ ആനന്ദം പുറമെ പ്രകടിപ്പിക്കാൻ പുതിയ വസ്ത്രമണിയുന്നു, ഓണക്കോടി. പാവപ്പെട്ടവർക്ക് മിക്കവാറും ആണ്ടിൽ ഒരിക്കൽ മാത്രമാവും പുതിയൊരു വസ്ത്രം ലഭിക്കുക.

ഇതിനെല്ലാം മുമ്പേ മുറ്റത്ത് പൂക്കളം ഒരുക്കുന്നു. അത് വയലിൽനിന്നു പിഴുതെടുത്ത വയൽപ്പൂക്കളായിരിക്കും അധിക പങ്കും. പച്ചയുടുത്ത അമ്മ ഭൂമിയെ പട്ടുടുപ്പിക്കാൻ കുഞ്ഞുങ്ങൾ ശേഖരിച്ച്, അമ്മമാർ തയ്യാറാക്കുന്ന പൂക്കളങ്ങൾ. ഇതൊക്കെയല്ലേ സാധാരണ ഓണാഘോഷത്തിന്റെ ഭാഗങ്ങൾ? ഇവയിൽ ഏതെങ്കിലും ക്രിസ്തീയ വിശ്വാസത്തിനു വിരുദ്ധമെന്നു പറയാനാകുമോ? ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസം കൂടാതെ, എല്ലാവരും ഉണർന്നെഴുന്നേല്ക്കുന്ന ഭൂമിയോടു ചേർന്ന് സന്തോഷിക്കുന്നു, ആഹ്ലാദിക്കുന്നു, സൗഹൃദം പങ്കുവയ്ക്കുന്നു. ഇതിൽ എന്തെങ്കിലും അപാകതയോ വിഗ്രഹാരാധനയോ ആരോപിക്കുന്നത് ഒന്നുകിൽ അജ്ഞതകൊണ്ട്, അല്ലെങ്കിൽ ഔദ്ധത്യം കൊണ്ട് അല്ലേ എന്നു ചോദിച്ചെന്നുവരാം. എന്നാൽ ഇതു മാത്രമല്ലല്ലോ ഓണവും ഓണാഘോഷവും.

## 2. ആചാരങ്ങൾക്കു പിന്നിലെ വിശ്വാസങ്ങൾ

ഓണാഘോഷത്തിന്റെ പിന്നിലെ പുരാണകഥ ഏവർക്കും സുപരിചിതമാണ്. മാവേലി എന്ന അസുരരാജാവിന്റെ ഭരണകാലത്ത് പ്രജകളെല്ലാം സന്തോഷത്തിലും സമൃദ്ധിയിലും സഹോദരങ്ങളായി കഴിഞ്ഞു. രാജാവിന്റെ പ്രതാപവും ശക്തിയും തങ്ങൾക്കു ഭീഷണി ആയേക്കും, മാവേലി തങ്ങളെ കടന്ന് ആക്രമിച്ചേക്കും എന്നു ഭയന്ന ദേവന്മാരുടെ പ്രാർത്ഥന മാനിച്ച് മഹാവിഷ്ണു വാമനനായി അവതരിച്ചു. ഉദാരമതിയായ രാജാവ് ന്യായമായ യാതൊരു യാചനയും തിരസ്കരിക്കുകയില്ല എന്നതു പ്രസിദ്ധമായിരുന്നു. ഇതു പരീക്ഷിക്കാനും അതേസമയം രാജാവിന്റെ ഔദാര്യത്തെ അയാൾക്കെതിരേ പ്രയോഗിക്കാനുമായി വാമനൻ രാജസന്നിധിയിൽ എളിയൊരു യാചന അർപ്പിച്ചു. ഒന്നിരിക്കാൻ മൂന്നടി മണ്ണ്.

രാജാവ് ദാനം നല്കി. പെട്ടെന്ന് വാമനന്റെ ഭാവംമാറി. ആകാശം മുട്ടെ വളർന്നവൻ ഒറ്റ അടികൊണ്ട് ഭൂമി മുഴുവൻ അളന്നു. രണ്ടാമത്തെ അടികൊണ്ട് ആകാശവും. ഇനി എവിടെ മൂന്നാമത്തെ അടിവയ്ക്കാൻ സ്ഥലം? രാജാവ് തല കുനിച്ചുകൊടുത്തു. മൂന്നാമത്തെ അടി ശിരസിൽ അമർത്തി വാമനൻ മാവേലിയെ പാതാളത്തിലേക്കയച്ചു; ഭരണം അവസാനിപ്പിച്ചു.

പാതാളത്തിലേക്കയയ്ക്കുന്നതിനുമുമ്പ് ഒരു ആനുകൂല്യം നല്കി. ആണ്ടിൽ ഒരിക്കൽ തന്റെ പ്രജകളെ സന്ദർശിക്കാനായി ഭൂമിയിലേക്കു വരാം. അങ്ങനെ ആണ്ടിലൊരിക്കൽ സന്ദർശന

ത്തിനു വരുന്ന മാവേലിയെ സ്വീകരിക്കാനാണ് പൂക്കളം ഒരുക്കുന്നത്; വരവേല്ക്കാനാണ് വിശിഷ്ടവസ്ത്രങ്ങളും വിരുന്നും കളികളും എല്ലാം... ഇതാണ് ചുരുക്കത്തിൽ ഓണാഘോഷത്തിന്റെ വിശ്വാസപശ്ചാത്തലമായി അവതരിപ്പിക്കുന്നത്. ഇതെല്ലാം അതേപടി സ്വീകരിച്ചാൽ ഓണാഘോഷത്തിന്റെ ലക്ഷ്യവും സ്വഭാവവും മാറും. അപ്പോഴും ഇതു ക്രൈസ്തവനു സ്വീകാര്യമാണോ എന്ന ചോദ്യം വീണ്ടും ഉയരും.

### 3. സഭയുടെ നിലപാട്

ഈ വിവരണത്തിന്റെ വിശദാംശങ്ങളും ചോദ്യത്തിനുത്തരവും തേടുന്നതിനുമുമ്പേ, മാർഗ്ഗദർശകമായി സഭയുടെ പ്രബോധനത്തിലേക്കു തന്നെ തിരിയാം. മേലുദ്ധരിച്ച പ്രമാണരേഖയിൽ ഹൈന്ദവ വിശ്വാസത്തെക്കുറിച്ചു പറയുന്ന കാര്യങ്ങൾ ഏറെ ശ്രദ്ധേയമാണ്. പുരാതനമതങ്ങൾ പൊതുവേ പ്രപഞ്ചത്തിൽ ദൈവികസാന്നിധ്യം കണ്ടെത്തുകയും ആ ബോധ്യം കൈമാറുകയും ചെയ്തിരുന്നു എന്നു പറഞ്ഞുവച്ചതിനു ശേഷമാണ് ഭാരതീയ മതവിശ്വാസങ്ങൾ പരമാർശവിഷയമാകുന്നത്.

"*അങ്ങനെ, ഹിന്ദു ധർമ്മത്തിൽ ആളുകൾ ദൈവരഹസ്യം സസൂക്ഷ്മം ആരായുകയും ഇതിഹാസങ്ങളുടെ അക്ഷയമായ സമ്പന്നത വഴിയും ആഴ്ന്നിറങ്ങുന്ന തത്വശാസ്ത്ര പരിശ്രമങ്ങളിലൂടെയും അവതരിപ്പിക്കുകയും ചെയ്യുന്നു...*" ഹിന്ദുമതവും ബുദ്ധമതവും മറ്റ് സമാനമതങ്ങളും മനുഷ്യൻ നേരിടുന്ന സകല ക്ലേശങ്ങളിലും ദുഃഖങ്ങളിലും നിന്നു ദൈവിക സാന്നിധ്യത്തിൽ മോചനം തേടുന്നുവെന്ന് എടുത്തു പറഞ്ഞതിനുശേഷം കൗൺസിൽ രേഖ തുടരുന്നു:

"*ഈ മതങ്ങളിൽ സത്യവും വിശുദ്ധവുമായവ ഒന്നും കത്തോലിക്കാസഭ നിഷേധിക്കുന്നില്ല. ആത്മാർത്ഥമായ ബഹുമാനത്തോടെ ആ പ്രവർത്തനരീതികളെയും ജീവിതശൈലികളെയും പരിഗണിക്കുന്നു. സഭ മുറുകെപ്പിടിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നവയിൽനിന്ന് പല കാര്യങ്ങളിലും അവ വ്യത്യസ്തമാണെങ്കിലും പലപ്പോഴും എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ നിത്യസത്യത്തിന്റെ രശ്മി അവ പ്രതിഫലിപ്പിക്കുന്നുണ്ട്. സഭയാകട്ടെ, ഇടവിടാതെ "വഴിയും സത്യവും ജീവനുമായ*" (യോഹ 14, 6) മിശിഹായെ പ്രഘോഷിക്കുന്നു; പ്രഘോഷിക്കാൻ അവൾ കടപ്പെട്ടിരിക്കുന്നു. അവനിലാണ് മനുഷ്യർ മതജീവിതത്തിന്റെ

പൂർണ്ണത കണ്ടെത്തുന്നതും ദൈവം സർവ്വത്തെയും തന്നോട് തന്നെ അനുരഞ്ജിപ്പിച്ചതും.

"അതുകൊണ്ട് മറ്റു മതാനുയായികളോട് വിവേകത്തോടും സ്നേഹത്തോടും കൂടെയുള്ള സംവാദവും സഹകരണവും വഴി വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും സാക്ഷ്യം വഹിച്ചു കൊണ്ട്, അവരിൽ കാണുന്ന ആധ്യാത്മിക, ധാർമ്മിക നന്മക ളെയും സാമൂഹിക, സാംസ്കാരിക മൂല്യങ്ങളെയും അംഗീകരി ക്കുകയും സൂക്ഷിക്കുകയും വളർത്തുകയും ചെയ്യണമെന്ന് സഭ സ്വസന്താനങ്ങളെ ഉദ്ബോധിപ്പിക്കുന്നു" (§2).

ഇതരമത വിശ്വാസങ്ങളോടും അനുഷ്ഠാനങ്ങളോടും കത്തോലിക്കാസഭ സ്വീകരിക്കുന്നതും നിർദ്ദേശിക്കുന്നതുമായ നിലപാട് ഈ പ്രസ്താവനയിൽനിന്നു വ്യക്തമാണ്. സത്യത്തിന്റെ അംശം എല്ലാ മതങ്ങളിലും വ്യത്യസ്തരീതികളിൽ സന്നിഹിത മാണ്. അതു കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക, സ്വാംശീകരി ക്കുക, ക്രൈസ്തവമാക്കി മാറ്റുക. അഥവാ ക്രിസ്തുസംഭവത്തിന്റെ വെളിച്ചത്തിൽ പുനർവ്യാഖ്യാനം ചെയ്ത് ഒരു മതാന്തര സംവാ ദത്തിലേക്കും സത്യത്തിന്റെ പൂർണ്ണതയിലേക്കും നീങ്ങാൻ ശ്രമി ക്കുക. അപ്പോൾ എന്താണ് ഓണാഘോഷത്തിനു പിന്നിലെ പുരാ ണകഥയിൽ വ്യംഗ്യമായിരിക്കുന്ന സത്യം എന്ന അന്വേഷണം അനിവാര്യമാകുന്നു.

## സത്യം കഥാരൂപത്തിൽ

മനുഷ്യന് അജ്ഞാതമായ പരമസത്യത്തിന്റെ ആഴങ്ങളി ലേക്കു കടന്നുചെല്ലാൻ സഹായിക്കുന്ന മാധ്യമങ്ങളാണ് *മിത്ത്* (myth) എന്നു പാശ്ചാത്യർ വിശേഷിപ്പിക്കുന്ന *പുരാണകഥകൾ*. ഇവിടെ പ്രത്യക്ഷപ്പെടുന്ന വ്യക്തികൾക്കും സ്ഥലങ്ങൾക്കും സംഭ വങ്ങൾക്കും എല്ലാം പ്രാതിനിധ്യസ്വഭാവമുണ്ട്. അവയൊന്നും അതേപടി ചരിത്രവസ്തുതകളായി ആരും എടുക്കാറില്ല; എടു ത്താൽ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ പോകും. എന്നാൽ യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്ത വെറും കെട്ടുകഥക ളായി ഇവയെ അവഗണിക്കാനുമാവില്ല. ചരിത്രവസ്തുതകളിലും വ്യക്തികളിലും അടിയുറച്ച, അതേസമയം ഭാവനാസമ്പന്നമായി വിവരിക്കുന്ന കഥകളാണ് ഇവ.

ഇപ്രകാരമുള്ള വിവരണങ്ങൾ മിക്കവാറും എല്ലാ പുരാതന മതങ്ങളിലുമുണ്ട്. മനുഷ്യൻ നേരിടുന്ന ഏറ്റം പ്രധാനപ്പെട്ടതും ആത്യന്തികവുമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ഇപ്രകാ

രമുള്ള വിവരണങ്ങളിലൂടെ ലഭിക്കുന്നത്. ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി? ഈ പ്രപഞ്ചത്തിൽ എന്താണ് മനുഷ്യന്റെ സ്ഥാനം? ഞാൻ എവിടെ നിന്നുവരുന്നു? എങ്ങോട്ടു പോകുന്നു? എന്തേ എന്റെ ജീവിതം ക്ലേശപൂർണ്ണമാകുന്നു? എന്തേ മനുഷ്യഹൃദയത്തിൽ വെറുപ്പും വിദ്വേഷവും നിറയുന്നു? എന്തേ ഏറ്റം വലിയ മോഹവും തീവ്രമായ ആഗ്രഹവുമായ ജീവൻ മരണത്തിൽ ചെന്നവസാനിക്കുന്നു? ഇങ്ങനെയുള്ള അടിസ്ഥാനപരമായ ചോദ്യങ്ങൾക്കാണ് മിത്തുകളിലൂടെ ഉത്തരം തേടുന്നത്.

ക്രൈസ്തവർ ദൈവവചനമായി വിശ്വസിക്കുന്ന ബൈബിളിലും ഇപ്രകാരമുള്ള ഉത്തരങ്ങൾ കാണാം. പ്രപഞ്ചസൃഷ്ടിയെയും മനുഷ്യൻ അനുഭവിക്കുന്ന ക്ലേശങ്ങളെയും കുറിച്ചു വിവരിക്കുന്ന ബൈബിളിന്റെ ആദ്യത്തെ മൂന്നധ്യായങ്ങൾ ഈ ശൈലി പ്രകടമാണ്. രൂപരഹിതമായ ആദിജലത്തെ രണ്ടായി പിളർന്ന്, ആകാശവും ഭൂമിയും സൃഷ്ടിക്കുന്നു, പ്രളയജലത്തെ ആകാശത്തിനു മുകളിലും ഭൂമിക്കടിയിലും ആയി ഒതുക്കിനിർത്തുന്നു എന്നിങ്ങനെയുള്ള സൃഷ്ടിയുടെ ആദ്യവിവരണത്തിൽ മിത്ത് എന്ന സാഹിത്യരൂപത്തിന്റെ സ്വാധീനം കാണാം.

മനുഷ്യനെ മണ്ണിൽനിന്നു മെനഞ്ഞെടുത്തു, അവന്റെ മൂക്കിലേക്ക് ജീവന്റെ ശ്വാസം ഊതി, പുരുഷന്റെ വാരിയെല്ലിൽനിന്ന് സ്ത്രീക്കു രൂപം നല്കി എന്നിങ്ങനെയുള്ള മനുഷ്യ സൃഷ്ടിയുടെ രണ്ടാം വിവരണത്തിലും ഈ സാഹിത്യരൂപം വ്യക്തമാകുന്നു. ഇതൊന്നും ചരിത്രത്തിന്റെ യതാതഥ വിവരണമായി ആരും ഇന്നു കരുതുന്നില്ല. ഇതുതന്നെയാണ് പറുദീസായുടെയും പാമ്പിന്റെയും പഴത്തിന്റെയും കഥയിലും സംഭവിക്കുന്നത്. കായേന്റെയും ആബേലിന്റെയും കഥയിലും ഇതേ സാഹിത്യരൂപം തുടരുന്നു. ഇപ്രകാരമുള്ള സാഹിത്യരൂപത്തിന്റെ സവിശേഷത അറിയാതെ എല്ലാം ചരിത്രമായി വ്യാഖ്യാനിക്കുകയും വ്യത്യസ്തമായ വിശദീകരണങ്ങൾക്കെതിരേ വാളെടുക്കുകയും ചെയ്യുമ്പോൾ ദൈവം വെളിപ്പെടുത്തുന്നതും ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നതുമായ സത്യം ഗ്രഹിക്കാൻ കഴിയാതെ പോകും.

എല്ലാം ദൈവമാണു സൃഷ്ടിച്ചത്; സ്ത്രീപുരുഷന്മാർ തുല്യമഹത്വവും അവകാശവുമുള്ള, ഇണയും തുണയുമായി കഴിയേണ്ട വ്യക്തികളാണ്. അവർ ദൈവത്തോടൊന്നിച്ചായിരിക്കുമ്പോൾ തികച്ചും സൗഭാഗ്യവാന്മാരാണ്. എന്നാൽ ദൈവകല്പന ലംഘിച്ചതിനാൽ ആ സൗഭാഗ്യാവസ്ഥ അവർക്കു നഷ്ടപ്പെട്ടു. മനുഷ്യന്റെ

നന്മയിലും മഹത്വത്തിലും അസൂയപൂണ്ട പിശാചിന്റെ പ്രലോഭനമാണ് ദൈവകല്പന ലംഘിക്കാൻ പ്രേരകമായത്. ദൈവത്തിൽ നിന്ന് അകന്ന മനുഷ്യർ, തങ്ങൾ സഹോദരങ്ങളാണെന്ന സത്യം മറന്നും അവഗണിച്ചും പരസ്പരം ശത്രുക്കളായി. അങ്ങനെ മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും ഉറവിടം പാപമാണ്. പാപത്തിന്റെ രണ്ടു മുഖങ്ങളാണ് ദൈവനിഷേധവും സഹോദര നിഷേധവും. ഈ സത്യങ്ങളെല്ലാം മറന്ന് കഥയുടെ അക്ഷരാർത്ഥത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവർ ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ ഇരുൾവഴികളിൽ അലയുന്നു.

**മാവേലിയുടെ കഥയും ബൈബിളും**

*"മാവേലി നാടുവാണീടുംകാലം,*
*മാലോകരെല്ലാരും ഒന്നുപോലെ*
*ആമോദത്തോടെ വസിക്കുംകാലം*
*ആപത്തൊന്നാർക്കുമൊട്ടില്ലതാനും*

*കള്ളവുമില്ല, ചതിയുമില്ല*
*എള്ളോളമില്ല പൊളിവചനം*
*കള്ളപ്പറകളും നാഴികളും*
*കള്ളത്തരങ്ങൾ മറ്റൊന്നുമില്ല"*

മാവേലിയുടെ ഭരണത്തെ വിശേഷിപ്പിക്കുന്ന ഈ ഈരടികൾ കുഞ്ഞുനാളിലേ പാടിപ്പഠിച്ചതാണ്, അർത്ഥമൊന്നും മനസിലാക്കാതെ തന്നെ. എന്നാൽ അർത്ഥം ഗ്രഹിക്കാൻ പ്രായമായപ്പോൾ ചില ചോദ്യങ്ങൾ മനസിൽ ഉണർന്നു. ഇതു സാധ്യമോ? ഇങ്ങനെ ഒരു പൂർവ്വകാലം മനുഷ്യനുണ്ടായിരുന്നോ? എങ്കിൽ എത്ര നീതിമാനായിരുന്നു, നിസ്വാർത്ഥനായ മാവേലി രാജാവ്! നുണ പറഞ്ഞു വഞ്ചിച്ച്, അദ്ദേഹത്തിന്റെ ഔദാര്യം ദുരുപയോഗിച്ച്, ആ മഹാരാജാവിനെ പാതാളത്തിലേക്കു ചവുട്ടിതാഴ്ത്തിയ ആളെ എങ്ങനെ ദൈവമായി അഥവാ ദൈവത്തിന്റെ അവതാരമായി കരുതാനാവും? ഉത്തരംതേടി പുരാണേതിഹാസങ്ങളിലേക്കു കടന്നാൽ ആശ്ചര്യമായിരിക്കും ഫലം. ദേവാസുര സങ്കല്പങ്ങൾ തന്നെ ചോദ്യവിഷയങ്ങളാകും. അവയുടെ വിശദാംശങ്ങളിലേക്കു കടക്കുക ഈ ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങുന്ന കാര്യമല്ല. ചർച്ചാവിഷയം ഗ്രഹിക്കാൻ അങ്ങനെയൊരു ഗവേഷണം ആവശ്യവുമില്ല.

ആദ്യമേ അംഗീകരിക്കേണ്ട കാര്യം മാവേലിയും വാമനനും മാവേലി നാടും ഒന്നും ചരിത്രവസ്തുതകളായല്ല, ഒരു സത്യം വിശദീകരിക്കാൻ ഉപയോഗിക്കുന്ന പ്രതീകാത്മവിവരണം അഥവാ മിത്ത് ആയി കാണണം എന്നതത്രെ. പുരാണ വിവരണങ്ങളുടെ ലക്ഷ്യവും അതുതന്നെയാണല്ലോ. മനുഷ്യാത്മാവിന്റെ അഗാധമായ സ്വപ്നങ്ങളാണ് സന്തോഷം, സമാധാനം, സുഖം, സ്നേഹം, സാഹോദര്യം, നിത്യജീവൻ മുതലായവ. എന്നാൽ ആനുകാലിക യാഥാർത്ഥ്യങ്ങൾ എക്കാലത്തും ഈ തീവ്രമായ അന്തർദാഹത്തിനു വിപരീതമായി നിലകൊള്ളുന്നു. സന്തോഷത്തിനുപകരം ദുഃഖം; സാഹോദര്യത്തിനുപകരം ശത്രുത, സ്നേഹത്തിനുപകരം വിരോധം. എന്നും ജീവിക്കാനുള്ള ആഗ്രഹം മരണം എന്ന മറികടക്കാനാവാത്ത കോട്ടയിൽ തട്ടിത്തകരുന്നു. എന്തേ ഇങ്ങനെ? എന്താണിതിനു കാരണം! ഇതാണോ ദൈവം സൃഷ്ടിച്ച അവസ്ഥ? ഇതെല്ലാം ദൈവത്തിന്റെ തന്നെ സൃഷ്ടിയോ?

എല്ലാ മതങ്ങളും എക്കാലത്തും ഉയർത്തിയിരുന്ന ഈ ചോദ്യങ്ങൾക്ക് പലതരത്തിലുള്ള ഉത്തരങ്ങൾ നല്കപ്പെട്ടു. അതിൽ ഒന്നാണ് ആദിയിലെ പറുദീസായുടെ കഥ. ബൈബിളിൽ ഏദേൻ എന്ന തോട്ടത്തെ പറുദീസായായി ചിത്രീകരിക്കുന്നു. അവിടെ മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ ആഗ്രഹവും പദ്ധതി അനുസരിച്ചായിരുന്നു മനുഷ്യന്റെയും ആഗ്രഹം. അങ്ങനെ ദൈവ ഭരണത്തിൽ മനുഷ്യൻ സന്തുഷ്ടനായി കഴിഞ്ഞ അവസ്ഥ. അതാണ് പറുദീസാ. ഇതുപോലൊരു ആദി പറുദീസായുടെ ചിത്രം മിക്ക പുരാതന മതങ്ങളിലുമുണ്ട്. പേർഷ്യൻ മതങ്ങളിൽ "*ദിൽമുൻ*" എന്നാണ് ഈ പറുദീസാ അറിയപ്പെട്ടിരുന്നത്. മനുഷ്യന്റെ തന്നെ തെറ്റുവഴി പറുദീസാ നഷ്ടപ്പെട്ടതാണ് ഇന്നനുഭവിക്കുന്ന ദുഃഖങ്ങൾക്കെല്ലാം കാരണം എന്നു പറുദീസാ നഷ്ടത്തിന്റെ കഥകൾ സമർത്ഥിക്കുന്നു.

ഇപ്രകാരമൊരു പറുദീസായുടെ ചിത്രം മാവേലി നാടിന്റെ പിന്നിലും തെളിയുന്നതായി കാണാൻ കഴിയും. സത്യം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, നീതി കാരുണ്യം എന്നിങ്ങനെ വിലപ്പെട്ട എല്ലാ മൂല്യങ്ങളും യാഥാർത്ഥ്യമായിരുന്ന മനുഷ്യന്റെ അവസ്ഥ. അപ്പോൾ മാവേലി ഭരണത്തിന്റെ ചിത്രത്തിലൂടെ നഷ്ടപ്പെട്ട പറുദീസായുടെ ചിത്രമാണ് അവതരിപ്പിക്കുന്നത് എന്ന് കരുതാനാവും. ഇത് കേരളക്കാരുടെയോ മറ്റേതെങ്കിലും ജനവിഭാഗത്തിന്റെയോ സ്വന്തവും തനതുമായ ഒരു വിശ്വാസമല്ല. മനുഷ്യവർഗ്ഗത്തിനു പൊതുവായ അനുഭവത്തിൽ വേരൂന്നിയ വിശ്വാസ

മാണ്; അഥവാ ആനുകാലിക യാഥാർത്ഥ്യങ്ങൾക്ക് കഥാരൂപ ത്തിൽ നല്കുന്ന വിശദീകരണമാണ്.

## പറുദീസാ നഷ്ടം

അതിമനോഹരവും ആനന്ദകേന്ദ്രവുമായിരുന്ന പറുദീസാ എങ്ങനെ നഷ്ടപ്പെട്ടു എന്ന ചോദ്യത്തിന് ഉത്തരം തേടിയ മനു ഷ്യൻ ചെന്നെത്തിയത് വലിയൊരു വഞ്ചനയുടെ കഥയിലാണ്. ബൈബിളിലെ പറുദീസാ വിവരണത്തിൽ അത് നന്മതിന്മയുടെ അറിവിന്റെ പഴവും അതു തിന്നാൻ പ്രേരിപ്പിക്കുന്ന തിന്മയുടെ പ്രതീകമായ സർപ്പത്തിന്റെ വഞ്ചനയുമാണ്. ദൈവം വിലക്കിയ കനി തിന്നാൽ ദൈവതുല്യരാകും എന്ന നുണ, വ്യർത്ഥവാഗ് ദാനം, വിശ്വസിച്ച നിഷ്കളങ്കനായ മനുഷ്യൻ, തിന്നു. കണ്ണു തു റന്നു. താൻ നഗ്നനാണെന്നു തിരിച്ചറിഞ്ഞു. അതോടെ അവൻ പറുദീസായ്ക്കു പുറത്തായി. ജീവിതം ദുഃസഹമായി, മരണം കട ന്നുവന്നു. ഇതു ബൈബിളിലെ വിവരണം, അഥവാ വിശദീക രണം.

തിരുവോണത്തിന്റെ കഥയിലും സമാനമായൊരു ആശയ മുണ്ട്. എന്നാൽ ഊന്നലുകൾ വ്യത്യസ്തമത്രേ. തിരുവോണക്ക ഥയിൽ മനുഷ്യന്റെ സന്തോഷകരമായ അവസ്ഥയിൽ അസ്വസ്ഥ രാകുന്നത് ദേവലോകം മുഴുവനുമാണ്. അവിടെ മനുഷ്യന്റെ പൊതുവായ സന്തുഷ്ടാവസ്ഥയെക്കാൾ അവരെ ഭരിക്കുന്ന രാ ജാവിന്റെ ശക്തിയും മഹത്വവുമാണ്, അസ്വസ്ഥതയുടെ കാരണം. മാവേലി രാജാവ് ഇനി ദേവലോകം ആക്രമിച്ചു കീഴടക്കിയേ ക്കുമോ എന്ന ഭയം അസൂയയിലേക്കും ശത്രുതയിലേക്കും നയി ക്കുന്നു. അതിനാൽ ഏതുവിധേനയും മാവേലിയെ സ്ഥാനഭ്രഷ്ഠ നാക്കണം, ഊന്മൂലനം ചെയ്യണം എന്ന തീരുമാനം ഉടലെടു ക്കുന്നു.

അതിനു കണ്ട മാർഗ്ഗം തികച്ചും വിചിത്രം! ദേവാധിദേവനായ വിഷ്ണു തന്നെ പ്രഛന്നവേഷത്തിൽ മാവേലിയെ സമീപിച്ച് ദാന ത്തിനായി യാചിക്കുക. ഉദാരമനസ്കനായ മഹാരാജാവിന്റെ ഔദാ ര്യത്തെയും സത്യസന്ധതയെയും ചൂഷണം ചെയ്ത് അയാളെ പാതാളത്തിലേക്കയയ്ക്കുക. അതോടെ തങ്ങൾ നേരിടുന്ന ഭീഷണി ഒഴിവാകും. ഒരുപക്ഷേ മനുഷ്യവർഗ്ഗത്തിന്റെമേൽ തങ്ങൾക്ക് ആധിപത്യം ലഭിക്കും എന്ന ഒരു നിഗൂഢലക്ഷ്യവും ഇതിനു പിന്നിൽ ഉണ്ടാകാം.

പദ്ധതി വിജയിച്ചു. മാവേലി വാക്കു പാലിച്ചു. ആകാശംമുട്ടെ വളർന്ന വാമനന്റെ ചവിട്ടേറ്റ് പാതാളത്തിലേക്കു താണു. എല്ലാം ശുഭം! ആർക്ക്? ഇവിടെയാണ് കഥയുടെ പിന്നിൽ തെളിയുന്ന മറ്റൊരു ചിത്രം പ്രസക്തമാകുന്നത്. ജനങ്ങളുടെ അപേക്ഷയെ മാനിച്ച് ആണ്ടിലൊരിക്കൽ ഒരു ദിവസത്തേക്കു മടങ്ങിവരാൻ മാവേലിക്ക് അനുവാദം ലഭിച്ചു. ആ ദിവസം തിരുവോണമായി, സമൃദ്ധിയുടെയും സമാധാനത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും സന്തോഷത്തിന്റെയും ദിവസമായി, ആഘോഷിക്കുന്നു.

## അധിനിവേശത്തിന്റെ അനുസ്മരണ

പുരാണകഥയുടെ, അഥവാ മിത്തിന്റെ ഭാഷയിൽനിന്ന് യാഥാർത്ഥ്യങ്ങളുടെ ലോകത്തിലേക്ക് ഈ കഥ വിവർത്തനം ചെയ്താൽ തികച്ചും ശ്രദ്ധേയവും ആനുകാലികപ്രസക്തവും സുപ്രധാനവുമായ ചില സത്യങ്ങൾ വെളിവാകും. അതിന് ആദ്യമേ ചോദിക്കേണ്ട ചോദ്യം. ആരാണീ മാവേലി, ആരാണീ വാമനൻ എന്നതാണ്. ദേവാസുരസങ്കല്പങ്ങളുടെ പിന്നിലേക്കു ചെന്നാൽ ഒരു അധിനിവേശത്തിന്റെ, കടന്നുകയറ്റത്തിന്റെയും പിടിച്ചടക്കലിന്റെയും ചിത്രങ്ങൾ തെളിയുന്നതു കാണാം. ദേവാസുര സങ്കല്പങ്ങളുടെ പിന്നിൽ ആര്യ-ദ്രാവിഡ സംസ്കാരങ്ങളെ കാണാൻ കഴിയില്ലേ?

മതാത്മകതയുടെ ചായം പുരട്ടി അവതരിപ്പിക്കുന്ന പല പുരാണകഥകളുടെയും പിന്നിൽ ഈ സാംസ്കാരികാധിനിവേശത്തിന്റെയും അതിനെതിരേ നടന്ന, നടക്കുന്ന വിഫലമായ ചെറുത്തുനില്പുകളുടെയും ഉദാഹരണങ്ങൾ കാണാൻ കഴിയും. മൂന്നടി മണ്ണിനുവേണ്ടി യാചനാപൂർവ്വം കടന്നുവന്ന വാമനൻ ഇതിന്റെ വ്യക്തമായൊരുദാഹരണമാണ്. ലക്ഷ്യം ആധിപത്യം ഉറപ്പിക്കുക എന്നതായിരുന്നു. ആകാശത്തോളം വളരാൻ കഴിവുള്ള മഹാവിഷ്ണു എന്തേ ഒരു ദരിദ്രഭിക്ഷുവിന്റെ വേഷമണിഞ്ഞുവന്ന് യാചിക്കുന്നു? മാവേലിയെ നേരിട്ട് യുദ്ധം ചെയ്തു തോല്പിച്ചാൽ മതിയായിരുന്നില്ലേ? കഥയിൽ ചോദ്യമില്ല എന്നു പറയുമെങ്കിലും ഈ ചോദ്യം തികച്ചും പ്രസക്തവും സുപ്രധാനവുമാണ്.

കച്ചവടക്കാരായി കടന്നുവന്ന് നാട്ടുരാജാക്കന്മാരുടെ ആനുകൂല്യങ്ങൾ മുതലെടുത്ത്, സാവകാശം വളർന്ന് ഭാരതം മുഴുവൻ കീഴടക്കി ഭരിച്ച ബ്രിട്ടീഷ് ആധിപത്യം ഇപ്രകാരം ഒരു ചരിത്രമല്ലേ

അവതരിപ്പിക്കുന്നത്? മാവേലി എന്ന രാജാവിന്റെ കീഴിൽ സമാധാനത്തിൽ കഴിഞ്ഞിരുന്ന ദ്രാവിഡ ജനതയുടെ ഔദാര്യവും സത്യസന്ധതയും ചൂഷണം ചെയ്ത്, രാജാവിനെ നശിപ്പിച്ച്, ജനതയുടെമേൽ ആധിപത്യം സ്ഥാപിക്കുന്ന വാമനനും ദേവന്മാരും ആര്യസംസ്കാരത്തിന്റെ പ്രതീകങ്ങളല്ലേ? സമാധാനത്തിൽ കഴിഞ്ഞിരുന്ന ഒരു ജനതയെ വഞ്ചിച്ച് സ്വന്തം ആധിപത്യത്തിൻ കീഴിലാക്കിയതിന്റെ കഥാരൂപത്തിലുള്ള അവതരണമല്ലേ ഈ മാവേലി – വാമനകഥ?

മതാത്മകതയുടെ പരിവേഷം ചാർത്തുമ്പോൾ ചോദ്യം ചെയ്യാൻ പാടില്ലാത്ത, വെളിപ്പെടുത്തപ്പെട്ട സത്യങ്ങളായി അക്രമത്തിന്റെയും അനീതിയുടെയും, അതേസമയം ഭീരുത്വത്തിന്റെയും വഞ്ചനയുടെയും ചരിത്രം പരിണമിക്കുന്നു. എന്നാലും തനിനിറം മറച്ചുവയ്ക്കാൻ അധിനിവേശശക്തിക്കു കഴിയാതെ പോകുന്നതിന്റെ തെളിവല്ലേ വാമനന്റെ നുണയും വഞ്ചനയും? ഇവിടെ ആരാണു മെച്ചം? ഉദാരമതിയും സത്യസന്ധനും, സ്വന്തം ജീവൻ കൊടുത്തും വാക്കു പാലിക്കുന്നവനുമായ മാവേലിയോ? അതോ നുണയനും ഭീരുവും വഞ്ചകനുമായ വാമനനോ? സ്വത്വം മറച്ചുവച്ച്, ഭീക്ഷുവിന്റെ വേഷം കെട്ടി, രാജാവിനെ വഞ്ചിച്ച ഒരാൾ എങ്ങനെ ദൈവത്തിന്റെ അവതാരമാകും? ഇവിടെയാണ് സാംസ്കാരിക-രാഷ്ട്രീയ അധിനിവേശത്തിന്റെ ചിത്രം തെളിയുന്നത്. ഒപ്പം ചെറുത്തുനില്പിന്റെയും.

ദ്രാവിഡരാജാവിനെ രാക്ഷസനും ദ്രാവിഡജനത്തെ വാനരപ്പടയുമായി ചിത്രീകരിച്ച് യുദ്ധം നയിച്ച് വിജയം നേടുന്ന രാമകഥയിലും ഇതുപോലെ ഒരു അധിനിവേശത്തിന്റെ ചിത്രം മിന്നിമറയുന്നില്ലേ? സമാധാനത്തിൽ കഴിഞ്ഞിരുന്ന രാജ്യങ്ങളെയും ജനതകളെയും തമ്മിൽ തല്ലിച്ച്, മാറിമാറി പക്ഷംചേർന്ന്, അവസാനം അവരുടെമേൽ സർവ്വാധിപത്യം സ്ഥാപിക്കുന്ന കൊളോണിയൽ ശൈലിയല്ലേ പരുതാനകഥകളുടെ പരിവേഷത്തിനു പിന്നിൽ പ്രത്യക്ഷപ്പെടുന്നത്?

## ഓണം ഒരു സ്വപ്നം

ആണ്ടിലൊരിക്കൽ വിരുന്നുവരുന്ന മാവേലി ഒരു ഓർമ്മയാണ്; ഓർമ്മപ്പെടുത്തലാണ്; പോരാ ഒരു പ്രതീക്ഷയും ആഹ്വാനവുമാണ്. മാവേലി വാണ നാട് കഴിഞ്ഞുപോയ ഒരു നല്ല കാലം എന്നതിനേക്കാൾ പ്രതീക്ഷകളുടെ ചക്രവാളത്തിൽ വിരിയുന്ന

ഭാവിയുടെ സ്വപ്നമാണ്; വെളിപാടുപുസ്തകത്തിൽ കാണുന്ന പുതിയ ആകാശവും പുതിയ ഭൂമിയുംപോലെ (വെളി 21-22). ദൈവം മനുഷ്യനോടൊത്തു വസിക്കുന്ന, കണ്ണീർ തുടച്ചുമാറ്റുന്ന, വിശപ്പും ദാഹവും, വേർപാടും മരണവുമില്ലാത്ത സൗഭാഗ്യപൂർണ്ണമായ നിത്യാനന്ദം. അതാണ് ബൈബിൾ വരച്ചുകാട്ടുന്ന പുതിയ ലോകം, പറുദീസാ. ഓണാഘോഷങ്ങളും അറിയാതെ പറയുന്നതും അവതരിപ്പിക്കുന്നതും ഈ പറുദീസായുടെ ഒരു ചിത്രം തന്നെയല്ലേ?

## മഹാബലി

മാവേലിയിലേക്കു തന്നെ തിരിച്ചുവരാം. നമ്മുടെ പുരാണ കഥയിൽ മാവേലി ഒരു അസുരരാജാവാണ്. ദേവന്മാരാണ് അയാളെ ഭയന്നതും വഞ്ചനയിലൂടെ നശിപ്പിച്ചതും. അതേസമയം മാവേലി സത്യസന്ധനും ഉദാരമതിയും സ്വന്തം വാക്കുപാലിക്കാൻ വേണ്ടി സ്വതന്ത്രമനസ്സോടെ ജീവൻ സമർപ്പിച്ചവനുമാണ്. വാമനന്റെ വഞ്ചനയിൽനിന്ന് മാവേലിയുടെ അന്ത്യത്തിലേക്കു ശ്രദ്ധ തിരിക്കുമ്പോൾ തികച്ചും വിസ്മയകരമായ മറ്റൊരു ചിത്രം തെളിയുന്നു. ഒരു "മഹാബലി"യുടെ ചിത്രം. അധികമാരും ശ്രദ്ധിക്കാതെ കിടക്കുന്ന ഒരു പ്രവചനം ഈ ചിത്രത്തിനു പിന്നിൽ കാണാൻ കഴിയും.

ജനം മുഴുവൻ യേശുവിന്റെ പിന്നാലെ പോകുന്നു. തങ്ങൾക്ക് അണികളെല്ലാം നഷ്ടപ്പെടുന്നു എന്നു ഭയന്ന യഹൂദനേതാക്കൾ ഏതുവിധേനയും യേശുവിനെ ഉന്മൂലനം ചെയ്യാൻ എടുക്കുന്ന തീരുമാനം ദേവലോകം മാവേലിയെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചതിനു സമാനമാണ്. യേശുവിന്റേതു ചരിത്രം; മാവേലിയുടേത് പ്രവചനം, അഥവാ പുരാണരൂപത്തിലുള്ള മുന്നറിയിപ്പ്. ഇവിടെ പ്രധാന പുരോഹിതന്റെ പ്രവചനം ശ്രദ്ധയർഹിക്കുന്നു.

"*അപ്പോൾ പുരോഹിത പ്രമുഖൻമാരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി പറഞ്ഞു നാം എന്താണ് ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നല്ലോ. അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധ സ്ഥലത്തെയും ജനത്തെയും നശിപ്പിക്കും. അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു: നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ. ജനം മുഴുവൻ നശിക്കാതിരി*

*ക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നതു യുക്തമാണെന്നു നിങ്ങൾ മനസിലാക്കുന്നുമില്ല. അവൻ ഇതു സ്വമനസ്സാ പറഞ്ഞതല്ല; പ്രത്യുത; ആ വർഷത്തെ പ്രധാന പുരോഹിതൻ എന്ന നിലയിൽ ജനത്തിനുവേണ്ടി യേശു മരിക്കേണ്ടിയിരിക്കുന്നു എന്നു പ്രവചിക്കുകയായിരുന്നു - ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചു കൂട്ടുന്നതിനുവേണ്ടിയും*" (യോഹ 11, 47-52).

യഹൂദനേതൃത്വം യേശുവിനെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചത് അവരുടെ അസൂയയും ഭയവും നിമിത്തമായിരുന്നു. ദേവന്മാർ മാവേലിയെ ചവുട്ടിതാഴ്ത്തിയതും അതേ വികാരത്തിന്റെ പേരിലാണെന്നു തോന്നും. എന്നാൽ യേശുവിന്റെ ഭാഗത്തുനിന്ന്, ദൈവികപദ്ധതിയുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ തികച്ചും വ്യത്യസ്തമായൊരു ചിത്രം തെളിയുന്നു. മനുഷ്യവർഗ്ഗം മുഴുവനെയും പാപത്തിന്റെ, തിന്മയുടെ ആധിപത്യത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി നടത്തിയ ഒരു "മഹാബലി" ആയിരുന്നു യേശുവിന്റെ കുരിശുമരണം; പിതാവായ ദൈവത്തിന്റെ അനന്ത സ്നേഹത്തിന്റെ ഏറ്റം വ്യക്തവും ശക്തവുമായ പ്രകടനം. "*അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ മാത്രം; ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു*" (യോഹ 3, 16).

അതേസമയം നിരുപാധികമായ അനുസരണത്തിന്റെയും സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെയും ദൃശ്യമായ പ്രകടനവുമായിരുന്നു ആ മഹാബലി. "*പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കാ 22, 42). ദൈവഹിതത്തിനുള്ള ഈ സമർപ്പണം കുരിശിൽ പൂർത്തിയായി. "എല്ലാം പൂർത്തിയായിരിക്കുന്നു*" (യോഹ 19, 30). "*പിതാവേ, അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു*" (ലൂക്കാ 23, 46).

യേശുവിൽ പൂർത്തിയായത് മനുഷ്യരക്ഷയെ സംബന്ധിച്ച ദൈവിക പദ്ധതിയായിരുന്നു. ഭൂമിയെ സ്വർഗ്ഗവുമായി, മനുഷ്യനെ ദൈവവുമായി രമ്യതപ്പെടുത്തുന്ന മഹാബലി. ഈ ബലിയുടെ ഒരു മുൻസൂചനയായും മാവേലിയുടെ ജീവിതാന്ത്യത്തെ

കാണാൻ കഴിയും. വിശദാംശങ്ങളിൽ വ്യത്യാസങ്ങൾ ഏറെയുണ്ടെങ്കിലും "മഹാബലി" എന്ന പേരു സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിൽ വ്യക്തമായൊരു സാമ്യമുണ്ട്. അതിനാൽത്തന്നെ സമാധാനത്തിന്റെയും സമൃദ്ധിയുടെയും വിളഭൂമിയായ മാവേലിനാടിനെ "*നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും*" (റോമാ 14, 17) ആയ ദൈവരാജ്യത്തിന്റെ, പുരാണകഥയിൽ ആവിഷ്കരിക്കുന്ന, ഒരു പ്രതീകമായി കാണാൻ കഴിയും. അതോടൊപ്പം മഹാബലിയെ സ്വന്തം ആത്മബലിയിലൂടെ ലോകരക്ഷ യാഥാർത്ഥ്യമാക്കിയ യേശുവിന്റെ ഒരു മങ്ങിയ മുന്നോടിയും പ്രതീകവുമായും.

## മർദ്ദിതന്റെ പ്രത്യാശ

ആണ്ടിൽ ഒരിക്കൽ ആവർത്തിച്ചാഘോഷിക്കുന്ന തിരുവോണം നഷ്ടപ്പെട്ട പറുദീസായുടെ ഓർമ്മ എന്നതിലുപരി ഇനിയും വരാനിരിക്കുന്ന ഒരു പുതിയ രാജ്യത്തിന്റെ പ്രതീകമായി കാണണം. ഇത് ഭീരുവിന്റെ ദിവാസ്വപ്നമല്ല, മർദ്ദകസംവിധാനങ്ങളെ തകിടം മറിച്ച്, മർദ്ദകശക്തികളുടെ കിരീടങ്ങൾ തട്ടിയെറിഞ്ഞ്, മർദ്ദിതജനത്തിനു വിമോചനം നല്കുന്ന ദൈവത്തിന്റെ പ്രവൃത്തിയിലുള്ള വിശ്വാസം ഏറ്റു പറയുന്ന അവസരമാകണം. കള്ളവും ചതിയും, പൊള്ളവാക്കും ഭീഷണിയും മർദ്ദനവും ചൂഷണവും ഇല്ലാത്ത, എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളും അതിനാൽത്തന്നെ തുല്യമഹത്വവും തുല്യ അവകാശങ്ങളും ഉള്ളവരുമെന്ന് അംഗീകരിക്കപ്പെടുന്ന ഒരു അവസ്ഥ ദൈവം തന്നെ ഈ ഭൂമിയിൽ സംജാതമാക്കും എന്ന പ്രത്യാശ ഏറ്റു പറയുന്ന ദിവസമാകണം തിരുവോണം.

പ്രത്യാശ നമ്മെ നിരാശരാക്കില്ല. അതേസമയം ഈ പ്രത്യാശയുടെ സാക്ഷാൽക്കാരത്തിനായി അധ്വാനിക്കാനുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് അനുസ്മരിപ്പിക്കുന്ന ദിവസവുമാണ് തിരുവോണം. ഇത് മർദ്ദിതന്റെ ഉയിർത്തെഴുന്നേല്പിന് ആഹ്വാനം ചെയ്യുന്നു. മനുഷ്യരെ പല തട്ടുകളാക്കി തിരിക്കുന്ന, അനേകരെ അധഃകൃതരും അഗതികളും അശുദ്ധരുമാക്കി മുദ്രകുത്തി പുറത്താക്കുന്ന വേലിക്കെട്ടുകൾ പിഴുതെറിഞ്ഞ്, സമത്വവും സ്വാതന്ത്ര്യവും സമാധാനവും പുനഃസ്ഥാപിക്കാനുള്ള ഒരു വെല്ലുവിളിയും തിരുവോണനാൾ ഉയർത്തുന്നുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ടവന്റെ സ്വപ്നങ്ങൾ സാക്ഷാൽക്കരി

ക്കപ്പെടാനുള്ള ശ്രമങ്ങൾക്ക് ആഹ്വാനവും പിന്തുണയും ഉയർത്തുന്ന, മാവേലിയുടെ മടങ്ങിവരവ്, അഥവാ വാർഷികസന്ദർശനം ആഘോഷിക്കുന്ന തിരുവോണത്തിരുന്നാൾ മർദ്ദകശക്തിയുടെ വിജയം ആഘോഷിക്കുന്ന "വാമനജയന്തി" ആയി പരിവർത്തനം ചെയ്യാൻ അടുത്തകാലത്തു നടക്കുന്ന സംഘടിതശ്രമങ്ങൾ തിരിച്ചറിയാനും തിരുവോണാഘോഷങ്ങൾ സഹായിക്കണം.

**ഉപസംഹാരം**

സാർവ്വലൗകിക സാഹോദര്യത്തിന്റെയും മതമൈത്രിയുടെയും പ്രതീകമായി തിരുവോണത്തെ കാണാനും ആഘോഷിക്കാനും കഴിയണം. ഇത് ഏതെങ്കിലും ഒരു മതത്തിന്റെയോ ജാതിയുടെയോ മാത്രം ഉത്സവദിനമല്ല. സകല മനുഷ്യരും ലക്ഷ്യംവയ്ക്കുന്ന, സമ്പൂർണ്ണ സമാധാനവും സ്വാതന്ത്ര്യവും സന്തോഷവും സമൃദ്ധിയും നിലനല്ക്കുന്ന, ദൈവരാജ്യത്തിന്റെ മുന്നാസ്വാദനമാകണം; അതോടൊപ്പം ദൈവരാജ്യത്തിന്റെ മൂല്യങ്ങളാകുന്ന സത്യം, നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയ്ക്കുവേണ്ടി സ്വയം സമർപ്പിക്കാനുള്ള ആഹ്വാനവുമാകണം തിരുവോണം.

കാലാവസ്ഥയും വിളവെടുപ്പുമായി ബന്ധപ്പെട്ട, കാർഷികോത്സവമായ തിരുവോണം എല്ലാ മതങ്ങളും കാത്തുസൂക്ഷിക്കുന്ന വലിയ പ്രത്യാശയുടെ, സ്വപ്നങ്ങളുടെ പ്രതീകമാണ്. ഇതു ജാതി-മതചിന്തകൾക്കതീതമായി ആഘോഷിക്കാൻ കഴിയണം. ഇത് പുതിയൊരു സമൂഹം, സത്യത്തിലും സാഹോദര്യത്തിലും നീതിയിലും അടിയുറച്ച പുതിയ മാനവസമൂഹം നിർമ്മിക്കുന്നതിനുള്ള പ്രചോദനമാകണം. എല്ലാ പരിമിതികൾക്കും വ്യത്യാസങ്ങൾക്കും ഉപരി, മനുഷ്യർ എന്ന നിലയിൽ എല്ലാവരും ദൈവമക്കളാണെന്ന യാഥാർത്ഥ്യത്തിലേക്കു കണ്ണുതുറക്കാൻ, സഹോദരങ്ങളായി പരസ്പരം കൈകോർത്ത് മുന്നേറാൻ, തിരുവോണം ആഹ്വാനം ചെയ്യുന്നു. "മഹാബലി" അതിനു ശക്തിയും പ്രചോദനവും മാതൃകയും നല്കുന്നു.

മുറ്റത്തു വിരിയുന്ന പൂക്കളങ്ങളും അണിയുന്ന ഓണപ്പുടവയും ഉയരുന്ന ഓണപ്പാട്ടുകളും ഹർഷാരവങ്ങളും എല്ലാം സാർവ്വലൗകിക സാഹോദര്യത്തിന്റെ ഉണർത്തുപാട്ടുകളാവട്ടെ, "മഹാബലി"യ്ക്കുള്ള ആഹ്വാനങ്ങളും.

# 8

## ദീപാവലി - പ്രകാശത്തിന്റെ ആഘോഷം

ഇന്ത്യയിൽ ഉടനീളം, പ്രത്യേകിച്ചും വടക്കെ ഇന്ത്യയിൽ ആഘോഷിക്കപ്പെടുന്ന വലിയൊരു ഉത്സവമാണ് ദീപാവലി. ദീപാളി, ദീവാലി, ദിവാളി എന്നൊക്കെ പറയാറുണ്ട്. പ്രകാശ ത്തിന്റെ കൂട്ടം എന്ന് വാച്യാർത്ഥം. അനേകം വിളക്കുകൾ തെളിച്ച് ആഘോഷിക്കുന്നതിനാലാവാം ഈ പേരുണ്ടായത്. പ്രകാശ ത്തിന്റെ ആഘോഷമാണ് ദീപാവലി. ഈ ആഘോഷത്തിന്റെ ഉത്ഭവം, അതിനു നല്കുന്ന വിശദീകരണങ്ങൾ, ആഘോഷിക്കുന്ന വിധങ്ങൾ മുതലായവ ചുരുക്കമായി കണ്ടതിനുശേഷം ഈ ഉത്സവാഘോഷത്തിന് ക്രിസ്തീയ വിശ്വാസത്തിലും ബൈബി ളിലും കാണുന്ന ഏതെങ്കിലും സംഭവങ്ങളോടോ ആചാരങ്ങ ളോടോ എന്തെങ്കിലും ബന്ധമോ സാമ്യമോ ഉണ്ടോ എന്ന് പരി ശോധിക്കുന്നു. അതോടൊപ്പം ദീപാവലി എന്ന ഉത്സവത്തെ ക്രൈ സ്തവമായൊരു കാഴ്ചപ്പാടിൽ അംഗീകരിക്കാനും സ്വീകരി ക്കാനും കഴിയുമോ എന്നും ചർച്ച ചെയ്യുന്നു.

### ദീപാവലി – ഒരു കാർഷികോത്സവം

കൊയ്ത്തുകാലത്തിന്റെ ആരംഭത്തിൽ ആഘോഷിക്കുന്ന തിരുവോണംപോലെ തന്നെ വിളവെടുപ്പുമായി ബന്ധപ്പെട്ട ഒരു ഉത്സവമാണ് ദീപാവലിയും. കൊയ്ത്തുകാലം കഴിയുമ്പോഴാണ് ഈ ഉത്സവം ആഘോഷിക്കുക. ലഭിച്ച വിളവിനു നന്ദി പറയുക, കിട്ടിയ അനുഗ്രഹങ്ങളിൽ സന്തോഷിക്കുക, തുടർന്നും ദൈവ കൃപയാൽ നല്ലവിളവും സമൃദ്ധിയും നല്കണേ എന്നു യാചി ക്കുക - ഇതൊക്കെ ആയിരുന്നിരിക്കണം ഈ ഉത്സവത്തിന്റെ തുടക്കത്തിൽ ലക്ഷ്യംവച്ചിരുന്നത്.

ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിൽ കാണുന്ന “പന്തക്കുസ്ത” തിരുനാളുമായി ഇതിനു സാമ്യമുണ്ട്. കൊയ്ത്തു ആരംഭിക്കുമ്പോൾ പുത്തരിതിരുനാൾ ആഘോഷിച്ചത് പെസഹായുമായി പില്ക്കാലത്ത് ബന്ധപ്പെടുത്തി. അങ്ങനെ

കാർഷികോത്സവം രക്ഷാചരിത്രത്തിന്റെ ഭാഗമായി പരിഗണിക്കപ്പെട്ടു. അതുപോലെ ധാന്യവിളവെടുപ്പു കഴിയുമ്പോൾ ആഘോഷിച്ചിരുന്ന പന്തക്കുസ്താ (50-ാം ദിവസം) സീനായ് ഉടമ്പടിയുടെ അനുസ്മരണമായി രൂപാന്തരപ്പെട്ടു. ഇതുപോലെ ഒരു രൂപാന്തരീകരണം ദീപാവലിക്കും സംഭവിച്ചതായി കാണാം.

## പ്രകാശത്തിന്റെ ആഘോഷം

കാർഷികോത്സവമായാണു തുടക്കമെങ്കിലും ആഘോഷിക്കുന്ന കാലഘട്ടത്തിന്റെ പ്രത്യേകതയിൽനിന്ന് ദീപാവലിയെ സംബന്ധിച്ച ചില പ്രത്യേക വ്യാഖ്യാനങ്ങൾ രൂപപ്പെട്ടു. തുലാമാസത്തിലെ (ഒക്ടോബർ - നവംബർ) കറുത്തവാവിനു രണ്ടു ദിവസം മുമ്പു തുടങ്ങി, കറുത്ത വാവിനുശേഷം രണ്ടു ദിവസം കൂടി, മൊത്തം അഞ്ചുദിവസം ദീർഘിക്കുന്നതാണ് ദീപാവലി ആഘോഷങ്ങൾ. തുലാമാസത്തിലെ കറുത്ത വാവുതന്നെ ദീപാവലിയാഘോഷങ്ങളുടെ കേന്ദ്രം. ഇവിടെ രണ്ടു കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു, കറുത്ത വാവും തുലാമാസവും.

രാത്രിയിൽ ചന്ദ്രന്റെ പ്രകാശം അല്പം പോലും കിട്ടാത്തതാണല്ലോ കറുത്തവാവ്, അഥവാ അമാവാസി. രാത്രി മുഴുവൻ ചന്ദ്രപ്രകാശം കിട്ടുന്നത് വെളുത്ത വാവ്, അഥവാ പൗർണ്ണമി. പൗർണ്ണമിക്കുശേഷം ഓരോ രാത്രിയിലും ചന്ദ്രപ്രകാശം കുറഞ്ഞ്, അമാവാസിയിൽ എത്തുമ്പോൾ രാത്രി പൂർണ്ണമായും അന്ധകാരമയമാകുന്നു. പിന്നീട് ഓരോ രാത്രിയും പ്രകാശം വർദ്ധിച്ച് പൗർണ്ണമിയിൽ എത്തുമ്പോൾ രാത്രി മുഴുവൻ പ്രകാശപൂർണ്ണമാകുന്നു. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ, കാർഷികജീവിതവുമായി ബന്ധപ്പെട്ട്, പല വ്യാഖ്യാനങ്ങൾക്കും ഉറവിടമായി.

അന്ധകാരവും പ്രകാശവും തമ്മിലുള്ള നിരന്തര പോരാട്ടമായി പ്രപഞ്ചചരിത്രം തന്നെ വ്യാഖ്യാനിക്കപ്പെട്ടു. സൂര്യപ്രകാശത്തെ സംബന്ധിച്ചും ഇതുപോലൊരു വ്യാഖ്യാനം രൂപപ്പെട്ടിട്ടുണ്ട്. മാർച്ച് 21, സെപ്തംബർ 21 - ഈ രണ്ടുദിവസങ്ങൾ രാവും പകലും തുല്യമാണ്. എന്നാൽ ഭൂമധ്യരേഖയ്ക്കു വടക്കുഭാഗത്തു വസിക്കുന്നവർക്ക് മാർച്ച് 21-നുശേഷം പകൽ രാത്രിയേക്കാൾ ദീർഘമാകുന്നു. ജൂൺ 21 ആകുമ്പോഴേക്കും പകലിന്റെ ദൈർഘ്യം ഏറ്റം അധികമാകുന്നു. തുടർന്ന് പകലിന്റെ ദൈർഘ്യം ക്രമേണ കുറയുകയും രാത്രി സാവകാശം കൂടുതൽ ദീർഘമാവുകയും ചെയ്യുന്നു. ഈ പ്രക്രിയ തുടർന്ന് ഡിസംബർ 21 ആകു

മ്പോൾ ഏറ്റം ദീർഘമായ രാത്രി. ഇത് അന്ധകാരം പ്രകാശ ത്തിന്റെ മേൽ നേടുന്ന വിജയമായി പരിഗണിക്കപ്പെട്ടു. അന്ധ കാരത്തിനെതിരേ പൊരുതിയ സൂര്യൻ ഡിസംബർ 21-ന് മരി ക്കുന്നു. എന്നാൽ പിറ്റേദിവസം കൂടുതൽ ശക്തിയാർജ്ജിച്ചു തിരി ച്ചുവരുന്നു. അങ്ങനെ അന്ധകാരത്തെ സ്വന്തം മരണത്തിലൂടെ തോല്പിച്ച അജയ്യസൂര്യന്റെ ജന്മദിനം അഥവാ ഉത്ഥാനദിനമായി ഡിസംബർ 25 ആഘോഷിക്കപ്പെടാൻ തുടങ്ങി. ഇതിൽ നിന്നാണ് പില്ക്കാലത്ത് ക്രൈസ്തവർ ലോകത്തിന്റെ പ്രകാശം എന്നു സ്വയം വിശേഷിപ്പിക്കുന്ന യേശുവിന്റെ ജന്മദിനമായി ഡിസം ബർ 25 ആഘോഷിക്കാൻ തുടങ്ങിയത്.

ചന്ദ്രന്റെ വൃദ്ധിക്ഷയത്തിലേക്കു തന്നെ തിരിച്ചുവരാം. സെപ് തംബർ 21-നുശേഷം രാത്രി പകലിനേക്കാൾ കൂടുതൽ ദീർഘ മാകുന്നു എന്നു മുകളിൽ പറഞ്ഞുവച്ചു. പ്രകാശം ക്ഷയിക്കുകയും അന്ധകാരം കൂടുതൽ ശക്തിയാർജിക്കുകയും ചെയ്യുന്നതായി കണ്ടപ്പോൾ പ്രകാശത്തെ പിടിച്ചുനിർത്താൻ മനുഷ്യൻ ആഗ്ര ഹിച്ചു; അഥവാ അങ്ങനെ ഒരു ചിന്ത കടന്നുവന്നു. രാത്രിയിൽ അന്ധകാരം വ്യാപിക്കുന്നതിനെ ചെറുത്തുനില്ക്കാൻ വിളക്കു കൾ കൊളുത്തി. അനേകം മൺചിരാതുകൾ ഒരുമിച്ചു തെളിക്കു മ്പോൾ പ്രകാശത്തിന്റെ ഒരു കൂട്ടം, അഥവാ ആ വലി ഉണ്ടാ കുന്നു. അതിനെ ദീപാവലി എന്നു വിളിക്കുന്നു. അങ്ങനെ ദീപാ വലി പ്രകാശത്തിന്റെ ആഘോഷമാകുന്നു. അന്ധകാരം തങ്ങളെ കീഴടക്കാൻ ഇടയാക്കരുതേ എന്ന പ്രാർത്ഥനയോടെ പ്രകാശം എപ്പോഴും കൂടെ ഉണ്ടായിരിക്കണമേ എന്ന യാചനയോടെ, തെളിച്ച വിളക്കുകൾ ഒരേസമയം ആഘോഷത്തിന്റെയും പ്രാർ ത്ഥനയുടെയും, അതോടൊപ്പം അന്ധകാരത്തിനെതിരേയുള്ള ചെറുത്തുനില്പിന്റെയും പോരാട്ടത്തിന്റെയും അടയാളവും പ്രതീ കവുമായി മാറി.

## പുരാണങ്ങളുടെ ഭാഷയിൽ

അനുദിന ജീവിതത്തിൽ അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങ ളുടെ അർത്ഥവും ആഴവും തേടിയ മനുഷ്യൻ അവയെ അവത രിപ്പിക്കാൻ കണ്ടെത്തിയ ഒരു മാർഗ്ഗമാണ് പുരാണങ്ങൾ അഥവാ മിത്ത് (Myth). പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ഉത്ഭവം, മനു ഷ്യൻ അനുഭവിക്കുന്ന ക്ലേശങ്ങളുടെയും ദുഃഖങ്ങളുടെയും ആത്യ ന്തികമായി മരണത്തിന്റെയും കാരണവും തുടക്കവും അർത്ഥവും

ഇപ്രകാരം പുരാണകഥകളുടെ വിഷയമായി. അപ്രകാരം ഒന്ന് ഇവിടെയും സംഭവിച്ചു. അങ്ങനെ ദീപാവലിക്ക് പല വ്യാഖ്യാനങ്ങൾ നല്കപ്പെട്ടു.

സമൃദ്ധിയുടെ ദേവതയായ ലക്ഷ്മിയുടെ ജന്മദിനമായി ദീപാവലി കാണുന്നവരുണ്ട്. തിന്മയുടെയും മരണത്തിന്റെയും വിവിധ രൂപങ്ങൾ പ്രാപിച്ച മഹിഷാസുരനെ ജീവന്റെ ദേവതയായ ദുർഗ്ഗ വധിച്ചതിന്റെ അനുസ്മരണമായി ദീപാവലി മറ്റുചിലർക്ക്. അന്ധകാരം തിന്മയുടെയും അജ്ഞതയുടെയും അവിദ്യയുടെയും ആത്യന്തികമായി മരണത്തിന്റെയും പ്രതീകമായി കരുതപ്പെട്ടു. ഇതിന്റെയെല്ലാം മൂർത്തരൂപമാണു മഹിഷാസുരൻ. അവനെ വധിച്ച ദുർഗ്ഗ ജീവന്റെയും പ്രകാശത്തിന്റെയും ജ്ഞാനത്തിന്റെയും മൂർത്തരൂപവും ഉറവിടവുമായി പരിഗണിക്കപ്പെട്ടു.

വനവാസവും അതിനിടെ നടന്ന രാവണവധവും കഴിഞ്ഞ് ശ്രീരാമൻ രാജഭരണം ഏറ്റെടുക്കാൻ തിരിച്ചെത്തിയതിന്റെ ഓർമ്മയായി ദീപാവലി ആഘോഷിക്കുന്നവരുണ്ട്. ഇവിടെ രാവണൻ തിന്മയുടെയും അന്ധകാരത്തിന്റെയും പ്രതീകമായി ചിത്രീകരിക്കപ്പെടുന്നു. 10 തലയും 20 കൈകളും വലിയ ശക്തിയുടെ പ്രതീകങ്ങളായി അവതരിപ്പിക്കുന്നു. ഇവിടെയും തിന്മയുടെ പ്രതീകമായ അന്ധകാരശക്തികളുടെ മേൽ നന്മയുടെ പ്രതീകമായ പ്രകാശം വിജയം വരിക്കുന്നതാണ് മുഖ്യപ്രമേയം. എന്തുകൊണ്ട് ലങ്കാധിപനായ രാവണൻ രാക്ഷസനും തെന്നിന്ത്യയിലെ മനുഷ്യർ വാനരന്മാരുമായി ചിത്രീകരിക്കപ്പെടുന്നു എന്ന ചോദ്യം പ്രസക്തമാണ്.

ബാലിയും സുഗ്രീവനും ഹനുമാനും എല്ലാം എങ്ങനെ കുരങ്ങന്മാരായി? ഹനുമാൻ എന്ന കുരങ്ങനെ കൂട്ടുപിടിച്ച രാമൻ യുദ്ധം നയിക്കാൻ വാനരപ്പടയെ ഉപയോഗിക്കുന്നതും ശ്രദ്ധേയം. ആര്യസംസ്കാരം ദ്രാവിഡസംസ്കാരത്തിൻമേൽ നടത്തിയ കടന്നുകയറ്റത്തിന്റെ അവശിഷ്ടമല്ലേ ഈ ചിത്രങ്ങൾ എന്ന ചോദ്യം ഒഴിവാക്കാനാവില്ല. രാക്ഷസനും അസുരനും വാനരനും എല്ലാം ആര്യന്മാർ ശത്രുക്കളായി കണ്ട് ദ്രാവിഡർക്കു നല്കിയ വിശേഷണങ്ങളല്ലേ എന്ന ചോദ്യവും പ്രസക്തമാകുന്നു. വാമനനും മാവേലിയും പോലെ ഇവിടെ ശ്രീരാമനും രാവണനും ആര്യ-ദ്രാവിഡ സംസ്കാരങ്ങളുടെ പ്രതീകങ്ങളായി നില്ക്കുന്നു എന്നു കരുതാനാവും.

ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ച്, അയാൾ തടവുകാരാക്കി സൂക്ഷിച്ചിരുന്ന 16,000 യുവതികളെ മോചിപ്പിച്ചതിന്റെ ഓർമ്മയാണ് ദീപാവലി എന്നു മറ്റൊരു വ്യാഖ്യാനം. ജ്ഞാനത്തിന്റെ പ്രതീകവും ഉറവിടവുമായ സരസ്വതിയുടെ ജന്മദിനമായി ദീപാവലി കാണുന്നവരുണ്ട്. സരസ്വതിയെ പ്രസാദിപ്പിച്ച്, അവിദ്യ അകറ്റി, യഥാർത്ഥജ്ഞാനം സമ്പാദിക്കുക ഈ ആഘോഷത്തിന്റെ ലക്ഷ്യമായി മാറുന്നു. അതേസമയം മരണത്തിന്റെ ദേവനായ യമനെ പ്രസാദിപ്പിച്ച് ജീവൻ നിലനിർത്താൻവേണ്ടി നടത്തുന്നതാണ് "യമദീപം" എന്ന പേരിൽ അറിയപ്പെടുന്ന ദീപാവലി എന്ന വ്യാഖ്യാനവും ഉണ്ട്.

ഓരോ കാലഘട്ടത്തിലും സ്ഥലസാഹചര്യങ്ങളിലും മനുഷ്യരുടെ ഭാവനയിൽ വിരിഞ്ഞ വിവിധങ്ങളായ വ്യാഖ്യാനങ്ങളാണിവയെല്ലാം. ഇതിൽ ഒന്നുപോലും ചരിത്രസംഭവമായി പരിഗണിക്കാനാവില്ല. മറിച്ച് ഒരേ യാഥാർത്ഥ്യത്തിന്റെ വിവിധ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ആയേ മനസ്സിലാക്കാൻ കഴിയൂ. പുരാണകഥകളിലെ വിശദാംശങ്ങളല്ല, ഈ കഥകളിലൂടെ കൈമാറാൻ ശ്രമിക്കുന്ന ആത്യന്തിക യാഥാർത്ഥ്യങ്ങളാണ് പ്രധാനം. അതാകട്ടെ അന്ധകാരത്തിൽനിന്ന്, തിന്മയിൽനിന്ന്, മോചനം അഥവാ പ്രകാശത്തിന്റെ, നന്മയുടെ ആത്യന്തികമായ വിജയം തന്നെ. അതിനാൽ ദീപാവലി പ്രകാശത്തിന്റെ ആഘോഷമാണ്.

### ആഘോഷങ്ങൾ - ചടങ്ങുകൾ

അഞ്ചുദിവസം ദീർഘിക്കുന്ന ദീപാവലിയാഘോഷങ്ങളിൽ അനേകം ചടങ്ങുകൾ നടക്കാറുണ്ട്. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ പല രീതികളിലായിരിക്കും ഈ ചടങ്ങുകൾ. വടക്കെ ഇന്ത്യയിൽ മാത്രമല്ല തമിഴ്നാട്ടിലും കർണ്ണാടകത്തിലും കുറച്ചുകാലമായി കേരളത്തിലും ദീപാവലി ആഘോഷിക്കാറുണ്ട്. ഇവിടെയെല്ലാം പൊതുവായി കാണുന്ന ചില ചടങ്ങുകൾ ഉണ്ട്.

വീടും പരിസരങ്ങളും അടിച്ചുവൃത്തിയാക്കുകയാണ് ആദ്യമേ ചെയ്യുക. മുറ്റത്തും തിണ്ണയിലും പൂക്കളം ഒരുക്കുക, ചായംകൊണ്ട് പൂക്കളം വരയ്ക്കുക മുതലായവയും ഈ ഒരുക്കത്തിൽപ്പെടും. അനേകം ദീപങ്ങൾ, പ്രത്യേകിച്ചും മൺചിരാതുകൾ തെളിക്കുന്നത് ദീപാവലിയാഘോഷങ്ങളിലെ മുഖ്യ ഇനമാണ്. കരിമരുന്ന് കലാപ്രകടനങ്ങൾ സുപ്രധാനം. അതോടൊപ്പം പുതുവസ്ത്രം അണിയുക. സമൃദ്ധമായ വിരുന്നുകൾ നടത്തുക, പുട

വകളും ആഭരണങ്ങളും അടക്കം വിലപിടിപ്പുള്ള സമ്മാനങ്ങൾ കൈമാറുക മുതലായവയും ദീപാവലി ആഘോഷങ്ങളുടെ ഭാഗം തന്നെ. സന്തോഷം, സമൃദ്ധി, സമാധാനം, സാഹോദര്യം ഇതെല്ലാം പ്രകടമാക്കുന്ന അവസരമാണ് ദീപാവലി.

ദീപാവലി ആഘോഷങ്ങളിലെ സുപ്രധാനമായൊരു ഘടകമാണ് ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നത്. മാതാപിതാക്കളും മക്കളും തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും സഹോദരങ്ങൾ തമ്മിലുമുള്ള ബന്ധങ്ങൾ ദൃഢപ്പെടുന്നതിനു സഹായകമായ ആഘോഷാചാരങ്ങൾ ഓരോ ദിവസത്തേയും പ്രത്യേകതയായിരിക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ ആദരവും സ്ഥാനവും നല്കുന്ന രീതിയിലായിരിക്കും ആഘോഷങ്ങൾ ക്രമീകരിക്കുക.

വളരെ നല്ല ലക്ഷ്യത്തോടുകൂടെ അരംഭിച്ചതാണെങ്കിലും ആഘോഷങ്ങൾ പലപ്പോഴും ലക്ഷ്യം പിഴയ്ക്കാറുണ്ട്. സമ്പന്നർക്ക് തങ്ങളുടെ പ്രൗഢി പ്രകടിപ്പിക്കാനുള്ള അവസരമായി ദീപാവലിയാഘോഷങ്ങൾ പരിണമിക്കുന്നു. അതേസമയം, ദരിദ്രരെങ്കിലും മറ്റുള്ളവരുടെ മുമ്പിൽ ചെറുതാകാൻ മടി കാരണം കടം വാങ്ങിയും വീടും സ്ഥലവും പണയപ്പെടുത്തിയും ആഘോഷിക്കാൻ നിർബന്ധിതരാകുന്നവരും ചുരുക്കമല്ല. ഇതിന്റെ ബാക്കിപത്രമാണ് "ദീവാളി കുളിക്കുക" എന്ന പദപ്രയോഗം തന്നെ. ദീപാവലി ആഘോഷിച്ച് കൂടുതൽ ദരിദ്രരാവുക, എല്ലാം നഷ്ടപ്പെടുത്തുക എന്നൊക്കെ അർത്ഥം.

വഴിതെറ്റാം എന്ന സാധ്യത നിലനില്ക്കുമ്പോഴും ദീപാവലി മനോഹരമായൊരു തിരുനാളാണ്, വിശുദ്ധമായൊരു ഓർമ്മപ്പെടുത്തൽ, പ്രത്യാശാജനകമായ വിശ്വാസത്തിന്റെ ആഘോഷം. അന്ധകാരത്തിനുമേൽ പ്രകാശം, മരണത്തിന്മേൽ ജീവൻ, അവിദ്യയുടെ മേൽ ജ്ഞാനം, വിദ്വേഷത്തിന്മേൽ സ്നേഹം, വിജയം വരിക്കുന്നതിന്റെ ആഘോഷം. ഈ കാഴ്ചപ്പാടിൽ ദീപാവലി ഏതെങ്കിലും ഒരു മതത്തിന്റേയോ രാജ്യത്തിന്റേയോ ജാതിയുടെയോ മാത്രം ആഘോഷമല്ല, സ്ഥലകാലങ്ങൾക്കതീതമായി എല്ലാ മനുഷ്യർക്കും അർത്ഥവത്തും അനുകരണാർഹവുമായ ഒരു തിരുനാളാണ്. ഇതിനു സമാനമായി ബൈബിളിലും ക്രിസ്തീയ വിശ്വാസത്തിലും എന്തെങ്കിലും കാണാനാകുമോ എന്നതാണ് അടുത്തതായി പരിശോധനാവിഷയമാക്കുന്നത്.

## പ്രകാശത്തിന്റെ ആഘോഷം ബൈബിളിൽ

അന്ധകാരത്തിനുമേൽ പ്രകാശം വരിക്കുന്ന വിജയം ആഘോഷിച്ചുകൊണ്ടാണ് ബൈബിൾ തുടങ്ങുന്നത് തന്നെ. സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ, എങ്ങും അന്ധകാരം വ്യാപിച്ചിരുന്ന അവസ്ഥയിൽ, ദൈവത്തിന്റെ വചനം ആദ്യമേ സൃഷ്ടിക്കുന്നതു പ്രകാശത്തെയാണ്. "*ദൈവം അരുളിച്ചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. അവിടുന്നു വെളിച്ചത്തെ ഇരുളിൽനിന്ന് വേർതിരിച്ചു. വെളിച്ചത്തിനു പകലെന്നും ഇരുളിനു രാത്രിയെന്നും പേരിട്ടു. സന്ധ്യയായി, പ്രഭാതമായി. ഒന്നാം ദിവസം*" (ഉൽപ 1, 3-5).

പ്രകാശം സൃഷ്ടിച്ച് അന്ധകാരത്തെ പരാജയപ്പെടുത്തി ഒതുക്കി നിർത്തുന്ന ഈ പ്രവൃത്തിക്ക് ദീപാവലിയുമായി ബന്ധപ്പെട്ട പുരാണകഥകളിൽ കണ്ടതിനോട് ഏറെ സാമ്യമുണ്ട്. പുരാണകഥകളിൽ അന്ധകാരശക്തികൾക്കെതിരേ കഠിനമായ യുദ്ധം ചെയ്താണ് പ്രകാശത്തിന്റെ ദേവതകൾ വിജയം വരിക്കുന്നത്. അതോടൊപ്പം പ്രകാശത്തെ ദൈവമായി ചിത്രീകരിക്കാനുള്ള പ്രവണതയും പുരാണകഥകളിൽ കാണാം. എന്നാൽ ബൈബിളിലെ വിവരണത്തിൽ യുദ്ധവും സംഘട്ടനവുമില്ല. ഒറ്റവാക്കാൽ ദൈവം പ്രകാശം സൃഷ്ടിക്കുന്നു. അന്ധകാരം നിയന്ത്രണത്തിലാകുന്നു. അതോടൊപ്പം പ്രകാശം ദൈവമല്ല, ദൈവത്തിന്റെ സൃഷ്ടി മാത്രമാണ് എന്ന ബൈബിളിന്റെ നിലപാടും ശ്രദ്ധിക്കണം. സൂര്യനെയും ചന്ദ്രനെയും മറ്റു പ്രകാശഗോളങ്ങളെയും ദൈവങ്ങളായി കരുതി ആരാധിച്ചിരുന്ന ഒരു സാഹചര്യത്തിൽ ബൈബിളിന്റെ ഈ നിലപാട് തികച്ചും വ്യത്യസ്തമാണ്.

പ്രകാശം ദൈവത്തിന്റെ സൃഷ്ടി മാത്രമാണ് എന്നു പറയുമ്പോഴും ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി പ്രകാശത്തെ ബൈബിൾ അവതരിപ്പിക്കുന്നുണ്ട് എന്നതും മറക്കാതിരിക്കാം: പ്രകാശം എന്നും അഗ്നി എന്നും ഒരേ യാഥാർത്ഥ്യത്തെത്തന്നെ വിശേഷിപ്പിക്കുന്നു. അബ്രാഹവുമായി ദൈവം ഉടമ്പടി ഉറപ്പിക്കുമ്പോൾ മുറിച്ചിട്ട ബലി മൃഗങ്ങളുടെ കഷ്ണങ്ങളുടെ ഇടയിലൂടെ കടന്നുപോയ തീനാളം (ഉൽപ 15, 17-18) ദൈവത്തിന്റെ പ്രതീകമായിരുന്നു. ഉടമ്പടി ചെയ്യുന്നവർ ബലിയർപ്പിക്കുന്ന മൃഗങ്ങളെ വെട്ടിമുറിച്ച് കഷ്ണങ്ങളാക്കി, രണ്ടുനിരയിൽ ഒരുക്കിവച്ച്, അതിനു മധ്യേ കൈകോർത്തു പിടിച്ചു നടന്നുകൊണ്ടായി

രുന്നു ഉടമ്പടി ഉറപ്പിക്കുക. ജീവൻതന്നെ വിലയായി കൊടുത്തും ഉടമ്പടി പാലിക്കും എന്നതിന്റെ പ്രതീകാത്മക പ്രഖ്യാപനമായിരുന്നു ഇത്. അതേസമയം ഉടമ്പടി ലംഘിച്ചാൽ, ലംഘിക്കുന്നവൻ ഈ മൃഗത്തെപ്പോലെ കൊല്ലപ്പെടും എന്ന സൂചനയും ഈ പ്രതീകത്തിനു പിന്നിലുണ്ട്. ഇവിടെ ദൈവം മാത്രമാണ് ബലിമൃഗക്കഷ്ണങ്ങൾക്കു മധ്യേ നീങ്ങുന്നത്; ദൈവം അബ്രാഹാമിനെ നിരുപാധികം സംരക്ഷിക്കും എന്ന ഉറപ്പു നല്കുന്ന പ്രതീകം.

സീനായ് മലയിൽവച്ച് കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽ നിന്നുയരുന്ന അഗ്നി ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി മോശയ്ക്ക് അനുഭവപ്പെട്ടു (പുറ 3, 1-6). ഒരു വലിയ വിമോചന പ്രക്രിയയുടെ തുടക്കമായിരുന്നു അത്. ഒപ്പം അടിമകളുടെ നിലവിളി കേട്ട് അവരെ മോചിപ്പിക്കാൻ ഇറങ്ങിവരുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലും. തുടർന്നങ്ങോട്ട് അനേകം തവണ ദൈവം അഗ്നിയിൽ അനുഭവവേദ്യനാകുന്ന സംഭവങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ട്. മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ അഗ്നിസ്തംഭത്തിലൂടെ ദൈവം ജനത്തെ നയിക്കുന്നു (പുറ 13, 21; 14, 24); സീനായ് മലയിൽ അഗ്നിയുടെ മധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു (പുറ 19,17); ദൈവിക സാന്നിധ്യം ജനത്തിന് അനുഭവവേദ്യമാക്കുന്ന സമാഗമകൂടാരം പ്രതിഷ്ഠിച്ചു കഴിഞ്ഞപ്പോൾ "*രാത്രി സമയത്ത് മേഘത്തിൽ അഗ്നി ജ്വലിച്ചിരുന്നു*" (പുറ 40, 38). വാഗ്ദാനപേടകം ദേവാലയത്തിൽ പ്രതിഷ്ഠിച്ചു കഴിഞ്ഞപ്പോൾ ദൈവിക സാന്നിധ്യംകൊണ്ട് ദേവാലയം നിറഞ്ഞു. "*ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു... കർത്താവിന്റെ തേജസ്സ് ആലയത്തിൽ നിറഞ്ഞുനിന്നു*" (2 രാജാ 8, 10-11).

സമാഗമകൂടാരത്തിലും പിന്നീട് ജറുസലെം ദൈവാലയത്തിലും ദൈവത്തിന്റെ സ്ഥിരസാന്നിധ്യത്തിന്റെ അടയാളമായി വിളക്കുകാൽ ഉണ്ടായിരുന്നു, ഏഴു ശാഖകൾ ഉള്ളതും "മെനോറാ" എന്നറിയപ്പെടുന്നതുമായ ഈ ദീപപീഠം പ്രകാശത്തിന്റെ അടയാളമാണ്. പ്രകാശത്തിന്റെ മധ്യത്തിലാണ് ദൈവം വസിക്കുന്നത് എന്ന് അനേകം തവണ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവാചകത്വത്തിലേക്കുള്ള തന്റെ വിളി വിവരിക്കുമ്പോൾ ഇപ്രകാരം ഒരു ചിത്രം എസെക്കിയേൽ അവതരിപ്പിക്കുന്നുണ്ട്: "*ഞാൻ നോക്കി ഇതാ വടക്കുനിന്ന് ഒരു കൊടുങ്കാറ്റ് പുറപ്പെടുന്നു. വലിയ മേഘവും അതിനു ചുറ്റും പ്രകാശം പരത്തി*

*ജ്വലിക്കുന്ന തീയും തീയുടെ നടുവിൽ മിന്നിത്തിളങ്ങുന്ന വെള്ളോടുപോലെ എന്തോ ഒന്നും*" (എസെ 1, 4). "*വസ്ത്രമെന്നപോലെ അങ്ങ് പ്രകാശം അണിഞ്ഞിരിക്കുന്നു*" (സങ്കീ 104, 2) ഈ സങ്കീർത്തന വാക്യം മറ്റൊരുദാഹരണം.

## കൂടാരത്തിരുനാൾ (*സുക്കോത്ത്*)

ഇവയ്ക്കു പുറമെ ഇസ്രായേൽ ജനം ആചരിച്ചിരുന്ന പല തിരുനാളുകളും പ്രകാശത്തിന്റെ ആഘോഷമായിരുന്നു. അവയിൽ ഏറ്റം പ്രധാനപ്പെട്ടതാണ് കൂടാരത്തിരുനാൾ. വാഗ്ദത്ത ഭൂമിയിലേക്കു മരുഭൂമിയിലൂടെ നടത്തിയ യാത്രാമധ്യേ ജനം കൂടാരങ്ങളിൽ വസിച്ചിരുന്നതിന്റെ ഓർമ്മ ആചരിക്കുന്നതായിരുന്നു എട്ടു ദിവസം നീണ്ടുനിന്ന കൂടാരത്തിരുനാൾ. കൂടാരങ്ങൾ എന്നർത്ഥമുള്ള "*സുക്കോത്ത്*" എന്ന പേരിലാണ് ഈ തിരുനാൾ അറിയപ്പെടുന്നത്. "*യോം കിപ്പൂർ*" (പാപപരിഹാരദിനം) എന്നറിയപ്പെടുന്ന തിരുനാൾ കഴിഞ്ഞ് അഞ്ചുദിവസങ്ങൾക്കുശേഷം സെപ്റ്റംബർ മാസത്തിന്റെ രണ്ടാം പകുതിയിൽ ആണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. അതേസമയം പഴങ്ങൾ ശേഖരിച്ചു കഴിയുന്ന കാലവുമാണിത്. പെസഹാ – പന്തക്കുസ്താ തിരുനാളുകൾ ധാന്യക്കൊയ്ത്തുമായി ബന്ധപ്പെടുന്നതുപോലെ കൂടാരത്തിരുനാൾ മുന്തിരി, അത്തി മുതലായ പഴങ്ങൾ ശേഖരിച്ചു കഴിയുമ്പോൾ ആഘോഷിച്ചിരുന്ന ഒരു ഉത്സവമാണ്. കാലക്രമത്തിൽ അതിനെ രക്ഷാചരിത്രവും, പ്രകാശമായി വഴി നടത്തിയ ദൈവിക പരിപാലനയുമായി ബന്ധപ്പെടുത്തി. ഈ തിരുനാളിലെ ഒരു പ്രധാന ചടങ്ങായിരുന്നു ദീപശുശ്രൂഷ.

40 ഏക്കറിൽ നിറഞ്ഞുനിന്ന ജറുസലെം ദേവാലയ സമുച്ചയത്തിലെ ഒരു ഭാഗം സ്ത്രീകളുടെ അങ്കണം (Court of Women) എന്ന് അറിയപ്പെട്ടിരുന്നു. കുഞ്ഞുങ്ങളും സ്ത്രീകളും അടക്കം സകല ഇസ്രായേൽക്കാർക്കും കടന്നുവരാൻ അനുവാദമുള്ള വിശാലമായൊരു അങ്കണമായിരുന്നു ഇത്. കൂടാരത്തിരുനാളിന്റെ ഭാഗമായി ഇവിടെ നാലു വലിയ ദീപസ്തംഭങ്ങൾ സ്ഥാപിക്കും. 75 അടി (21 മീറ്റർ) ഉയരമുള്ള ഈ സ്തംഭങ്ങൾ ഓരോന്നിന്റെയും മുകളിൽ നാലു സ്വർണ്ണക്കോപ്പകൾ വീതം ഉണ്ടായിരിക്കും. അതിൽ നിറച്ച് എണ്ണയൊഴിച്ച് തിരുനാളിന്റെ ആദ്യദിവസത്തെ സായാഹ്നബലിക്കു ശേഷം പുരോഹിതന്മാർ കോവണിയിലൂടെ മുകളിൽ കയറി ദീപം തെളിക്കും. എണ്ണയിൽ ഇടാൻ ആവശ്യ

മായ തിരികൾ ഉണ്ടാക്കിയിരുന്നത് പുരോഹിതന്മാരുടെയും ലേവ്യരുടെയും പഴയ വസ്ത്രങ്ങൾ ഉപയോഗിച്ചായിരുന്നു.

ജറുസലെം പട്ടണത്തിന്റെ ഏതു ഭാഗത്തു നിന്നാലും ദേവാലയ മുറ്റത്ത് 21 മീറ്റർ ഉയരത്തിൽ നിന്നു കത്തിജ്വലിക്കുന്ന പതിനാറു വലിയ ദീപശിഖകൾ കാണാമായിരുന്നു. ഏതാണ്ട് 15 കിലോമീറ്റർ അകലം വരെ ഇതിന്റെ പ്രകാശം എത്തുമായിരുന്നത്രെ! കൂടാരത്തിരുനാളിന്റെ എട്ടു ദിവസങ്ങളിലും രാത്രിമുഴുവൻ ഈ ദീപങ്ങൾ തെളിഞ്ഞുനില്ക്കും. ഇതിനും പുറമേ വീടുകളുടെ പരിസരത്തു നിർമ്മിക്കുന്ന കൂടാരങ്ങളിൽ വസിക്കുന്ന ജനം തിരികൾ കത്തിച്ച് പ്രകാശത്തിന്റെ ഉത്സവം ആഘോഷിച്ചിരുന്നു. അതു മെനോറകളാവാം; വെറും മെഴുകുതിരികളുമാകാം. ഏതായാലും പ്രകാശത്തിന്റെ ആഘോഷണമാണ് പ്രധാനം. ഈ ദീപങ്ങൾ ദൈവികസാന്നിധ്യത്തിന്റെയും ദൈവം എന്നും നല്കുന്ന സംരക്ഷണത്തിന്റെയും അടയാളങ്ങളായി പ്രശോഭിച്ചു; ഭക്തർക്കു പ്രത്യാശയും ധൈര്യവും സന്തോഷവും പ്രദാനം ചെയ്തു. പകലും രാവും തുല്യമാകുന്ന സെപ്റ്റംബർ 21നു തൊട്ടുപിന്നാലെ വരുന്ന ഈ ആഘോഷം സാവകാശം കനക്കുന്ന അന്ധകാരത്തിനെതിരേ പ്രകാശം വിജയിക്കണം എന്ന ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും പ്രതീകവുമായി കരുതനാവും. ഈ തിരുനാളിന്റെ പശ്ചാത്തലത്തിലാണ് "*ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു*" (യോഹ 8, 12) എന്നു യേശു പ്രഖ്യാപിച്ചത്.

## പ്രതിഷ്ഠാതിരുനാൾ (ഹനുക്കാ)

ഇസ്രായേൽ ജനത്തിനിടയിൽ ഇന്നും വളരെ പ്രധാനപ്പെട്ട ഒരു തിരുനാളാണ് "*ഹനുക്കാ*" എന്നറിയപ്പെടുന്ന പ്രതിഷ്ഠാതിരുനാൾ. സ്വയം ദൈവം എന്നു വിശേഷിപ്പിച്ച്, "പ്രത്യക്ഷനായ ദൈവം" എന്ന അർത്ഥത്തിൽ "*എപ്പിഫാനെസ്*" എന്ന പേരു സ്വീകരിച്ച അന്തിയോക്കസ് നാലാമൻ എന്ന സിറിയൻ രാജാവിനെ തോല്പിച്ച്, സിറിയാക്കാർ അശുദ്ധമാക്കിയ ദേവാലയം വിശുദ്ധീകരിച്ച്, ദൈവശുശ്രൂഷയ്ക്കായി പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മയാചരിക്കുന്ന തിരുനാളാണിത്. ബി.സി. 164-ലാണിതു സംഭവിച്ചത്. കിസ്ലേവ് മാസം (നവംബർ-ഡിസംബർ) 25-ാം തിയതി ആരംഭിച്ച് എട്ടു ദിവസത്തേക്കു ദീർഘിക്കുന്ന ഈ തിരുനാളിന്റെ കേന്ദ്രമാണ് പ്രകാശത്തിന്റെ ആഘോഷം. ഈ തിരുനാൾ പ്രകാശത്തിന്റെ തിരുനാൾ എന്ന രീതിയിലാണ് അറിയ

പ്പെടുന്നതും ആഘോഷിക്കുന്നതും. എല്ലാ വീടുകളിലും വളരെ ആഹ്ലാദത്തോടെ, വിരുന്നുകൾ നടത്തി ആഘോഷിക്കുന്ന ഈ തിരുനാൾ, രക്ഷകന്റെ പിറവിത്തിരുനാൾ ആഘോഷിക്കുന്ന ക്രിസ്മസുമായി സാമ്യമുണ്ടെങ്കിലും, തികച്ചും വ്യത്യസ്തമാണ്. യഹൂദ പഞ്ചാംഗവും ഇന്നു പൊതുവെ നിലവിലിരിക്കുന്ന ഗ്രിഗോറിയൻ പഞ്ചാംഗവും തമ്മിൽ വ്യത്യാസമുള്ളതിനാൽ തിരുനാളിന്റെ തിയതി നിശ്ചയിക്കുമ്പോൾ ദിവസത്തിന്റെ കാര്യത്തിൽ ആണ്ടുതോറും മാറ്റങ്ങൾ വരാം.

യഹൂദ പഞ്ചാംഗത്തിലെ കിസ്ലേവ് എന്നറിയപ്പെടുന്ന മാസം ഇന്നു പൊതുവേ ഉപയോഗത്തിലിരിക്കുന്ന, ഇംഗ്ലീഷ് മാസം എന്നു നാം വിശേഷിപ്പിക്കാറുള്ള, ഗ്രിഗോറിയൻ പഞ്ചാംഗം അനുസരിച്ച് നവംബർ-ഡിസംബർ മാസങ്ങളിലാണ് വരുക. എന്നാൽ യഹൂദ പഞ്ചാംഗത്തിലെ മാസങ്ങളും ദിവസങ്ങളും എപ്പോഴും ഗ്രിഗോറിയൻ പഞ്ചാംഗവുമായി പൊരുത്തപ്പെട്ടുപോകുന്നില്ല. അതിനാൽ ചിലപ്പോൾ കിസ്ലേവ് മാസം 25-ാം തിയതി ഡിസംബർ അവസാനത്തിലായെന്നും വരാം. അപ്പോൾ ക്രിസ്മസിന്റെ തന്നെ ഒരാഘോഷമല്ലേ ഇതെന്നു തോന്നാം. എന്നാൽ ആ തോന്നൽ ശരിയല്ല. രണ്ടും പ്രകാശത്തിന്റെ ആഘോഷമാണെന്ന സത്യം നിലനില്ക്കുമ്പോഴും ചരിത്രപരമായ അനുസ്മരണങ്ങളിൽ വ്യത്യാസമുണ്ട്.

യൂദാസ് മക്കബേയൂസിന്റെ നേതൃത്വത്തിൽ ദേവാലയം ശുദ്ധീകരിച്ച ഇസ്രായേൽക്കാർ ദേവാലയത്തിലെ മെനോറാ എന്നറിയപ്പെടുന്ന വിളക്കു കത്തിക്കാൻ ശ്രമിക്കുമ്പോൾ വിജാതീയർ തൊട്ട് അശുദ്ധമാകാത്ത എണ്ണ വളരെ കുറച്ചു മാത്രമേ അവശേഷിച്ചിരുന്നുള്ളൂ, ഒരു ദിവസത്തേക്ക് ആവശ്യമായതു മാത്രം. അത് മെനോറായുടെ കോപ്പകളിൽ ഒഴിച്ച് ദീപം തെളിച്ചു. എന്നാൽ അവർ ഭയന്നതുപോലെ എണ്ണ വറ്റിയില്ല. എട്ടു ദിവസത്തേക്ക് ദീപം കത്തിക്കൊണ്ടേയിരുന്നു. ഇതി വലിയൊരു അത്ഭുതമായി കണ്ട അവർ, പ്രതിഷ്ഠാതിരുനാളിനോടനുബന്ധിച്ച് എട്ടുദിവസം എല്ലാ വീടുകളിലും ദീപം തെളിച്ച് ആഘോഷിക്കാൻ തീരുമാനിച്ചു. ഇതാണ് പ്രതിഷ്ഠാതിരുനാളും പ്രകാശത്തിന്റെ ആഘോഷവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം. പുരാണകഥകളിൽ കാണുന്നതുപോലുള്ള ഒരു വിവരണശൈലി ഒരുപക്ഷേ ഈ വിവരണത്തിനു പിന്നിലും ഉണ്ടാവാം. വിശദീകരണം

എന്തുതന്നെ നല്കിയാലും, പ്രകാശത്തിന്റെ ആഘോഷമാണിത് എന്നതിൽ സംശയമില്ല. ഡിസംബർ 21-ാം തിയതി ഏറ്റം ദീർഘമായ രാത്രിയാണ്. അതിനാൽ ഡിസംബറിൽ ആഘോഷിക്കുന്ന ഈ തിരുനാളും അന്ധകാരത്തിനുമേൽ പ്രകാശം വരിക്കുന്ന വിജയത്തിന്റെ ആഘോഷമായി കരുതണം.

## യേശു ലോകത്തിന്റെ പ്രകാശം

ലോകത്തിന്റെ പ്രകാശമായിട്ടാണ് യോഹന്നാൻ സുവിശേഷകൻ ആരംഭം മുതലേ യേശുവിനെ അവതരിപ്പിക്കുന്നത്. "*അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ ലോകത്തിന്റെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല*" (യോഹ 1,4-5). പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിലെന്നതുപോലെ ഇവിടെയും ഇരുളും വെളിച്ചവും തമ്മിലുള്ള സംഘട്ടനവും വെളിച്ചത്തിന്റെ വിജയവുമായി ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയെ ബൈബിൾ അവതരിപ്പിക്കുന്നു. ആരംഭത്തിൽ കണ്ട പുരാണകഥകളിലെ ഇരുളും വെളിച്ചവും തമ്മിലുള്ള സംഘട്ടനങ്ങളുടെ മറ്റൊരു രീതിയിലുള്ള അവതരണമായി ഇതിനെ കാണാൻ കഴിയും.

പഴയ നിയമത്തിൽ പ്രകാശം ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി അവതരിപ്പിക്കപ്പെടുമ്പോൾ പുതിയ നിയമത്തിൽ ദൈവം തന്നെ പ്രകാശമായി അവതരിക്കുന്നതായി കാണാം. "*ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും*" (യോഹ 8, 12) എന്ന യേശുവിന്റെ പ്രസ്താവന സംശയത്തിനു പഴുതിടുന്നില്ല. യോഹന്നാൻ എഴുതിയ ലേഖനത്തിൽ പ്രകാശത്തിനു വലിയ പ്രാധാന്യം നല്കുന്നുണ്ട്. "*ദൈവം സ്നേഹമാകുന്നു*" (1 യോഹ 4,8) എന്നു പഠിപ്പിക്കുന്ന യോഹന്നാൻ "ദൈവം പ്രകാശമാകുന്നു" എന്നും പഠിപ്പിക്കുന്നുണ്ട്. "*ദൈവം പ്രകാശമാകുന്നു. ദൈവത്തിൽ അന്ധകാരമില്ല*" (1 യോഹ 1,5).

പ്രകാശം ദൈവമാണെന്നല്ല, ദൈവം പ്രകാശമാണെന്ന സത്യമാണ് ഇവിടെ വെളിപ്പെടുത്തുക. അതാകട്ടെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, വിളക്കുകളും പന്തങ്ങളും പ്രസരിപ്പിക്കുന്ന ഭൗതിക പ്രകാശമല്ല, മനുഷ്യന്റെ അന്തരംഗത്തെ, ആത്മാവിനെ, പ്രകാശിപ്പിക്കുന്ന, നേർവഴിക്കു നയിക്കുന്ന, ജീവന്റെ പ്രകാ

ശമാണ്. ഭൗതികമായ പ്രകാശങ്ങളും വിളക്കുകളും എല്ലാം ഈ ആത്മീയ പ്രകാശത്തിന്റെ പ്രതീകങ്ങളായി കാണണം. ആത്യന്തികമായി പ്രകാശം എന്നു പറയുമ്പോൾ ഈ ആഴമേറിയ സത്യത്തിലേക്ക് ഒരു സൂചനയുണ്ട് എന്നതും മറക്കാനാവില്ല.

ദൈവപുത്രനായ യേശു ഈ ഭൂമിയിലേക്കുവന്നതിന്റെ ഉദ്ദേശ്യം തന്നെ പ്രകാശമാകുക, കാഴ്ച നല്കുക എന്നതായിരുന്നു. യേശു ബേത്‌ലെഹെമിൽ അർദ്ധരാത്രിക്കു ജനിച്ചപ്പോൾ വലിയൊരു പ്രകാശം തെളിഞ്ഞു (ലൂക്കാ 2, 9). കിഴക്ക് ഒരു നക്ഷത്രം ഉദിച്ചു; അതിന്റെ പ്രകാശത്തിൽ ജ്ഞാനികൾ യേശുവിന്റെ സവിധത്തിലേക്ക് ആനയിക്കപ്പെട്ടു (മത്താ 2, 2–9). യേശുവിന്റെ ജനനസമയത്ത്, ആടുകൾക്കു കാവലിരുന്ന ഇടയന്മാർ വലിയൊരു പ്രകാശം ദർശിച്ചു: "*കർത്താവിന്റെ മഹത്വം അവരുടെമേൽ പ്രകാശിച്ചു*" (ലൂക്കാ 2,9).

നസ്രത്തിലെ സിനഗോഗിൽവച്ച് നടത്തിയ നയപ്രഖ്യാപനത്തിൽ (ലൂക്കാ 4, 16–30) താൻ വന്നിരിക്കുന്നതിന്റെ മുഖ്യമായ ലക്ഷ്യം അന്ധർക്കു കാഴ്ച നൽകുകയാണ് എന്ന് ഏശയ്യാ 61, 1–2 ഉദ്ധരിച്ചുകൊണ്ട് യേശു പ്രഖ്യാപിച്ചു. ദരിദ്രർക്കു സദ്വാർത്ത, ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം, കർത്താവിനു സ്വീകാര്യമായ വത്സരം എന്നിങ്ങനെ അഞ്ചു കാര്യങ്ങൾ എടുത്തു പറയുമ്പോൾ അവയുടെ കേന്ദ്രമായിട്ടാണ് "കാഴ്ച" അവതരിപ്പിക്കുന്നത്. പ്രകാശം കാഴ്ച നല്കുന്നു; കാഴ്ച രക്ഷയിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കുന്നു. അങ്ങനെ ലോകത്തിന്റെ പ്രകാശമായവൻ എല്ലാവരെയും അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു.

യേശുവിന്റെ ജനനസമയത്ത് പാതിരാത്രിക്കു പ്രകാശം ഉദിച്ചു. എന്നാൽ യേശുവിന്റെ മരണവേളയിൽ, നട്ടുച്ചയ്ക്കു സൂര്യൻ അസ്തമിച്ചു, ഭൂമിയിൽ അന്ധകാരം വ്യാപിച്ചു (ലൂക്കാ 23, 44). അന്ധകാരത്തിന്റെ ആധിപത്യത്തിൽ ആണ്ടുപോയ മനുഷ്യൻ ജീവന്റെ പ്രകാശത്തെ മനഃപൂർവ്വം കുത്തിക്കെടുത്തി എന്നതിന്റെ പ്രതീകമായും ഈ അന്ധകാരത്തെ കാണാനാവും. എന്നാൽ മരിച്ച യേശു മരണത്തെ കീഴടക്കി ഉത്ഥാനം ചെയ്തു. അതോടെ അന്ധകാരത്തിന്മേൽ പ്രകാശത്തിന്റെ ആധിപത്യം പൂർണ്ണമായി. അങ്ങനെ "തമസോമാ ജ്യോതിർഗമയാ" എന്ന

ഭാരതത്തിന്റെ അന്തരാത്മാവിൽ നിന്നു നിരന്തരം ഉയരുന്ന പ്രാർത്ഥനയ്ക്ക് ദൈവത്തിന്റെ ഉത്തരമായി, ലോകത്തിന്റെ പ്രകാശമായ യേശുവിലൂടെ.

## ക്രിസ്മസ് – ദനഹാ

യേശു തന്നെയാണ് ലോകത്തിന്റെ പ്രകാശം. യേശുവിന്റെ ജീവിതം മുഴുവൻ ലോകത്തെ പ്രകാശിപ്പിക്കുന്നതായിരുന്നു. അവിടുത്തെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുതന്നെ ഇപ്രകാരം ഒരു വെളിപ്പെടുത്തലോടെയാണ് മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നത്. "*സ്നാപകൻ ബന്ധനസ്ഥനായെന്നു കേട്ടപ്പോൾ യേശു യൂദയായിൽനിന്ന് ഗലീലിയിലേക്കു പിൻവാങ്ങി, അവിടെ കഫർണാമിൽ ചെന്നു വസിച്ചു. "സമുദ്രത്തിലേക്കുള്ള വഴിയിൽ, ജോർദ്ദാന്റെ മറുകരയിൽ... അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾ വലിയൊരു പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും കഴിഞ്ഞിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു*" (മത്താ 4, 13–16). ഇരുട്ടകറ്റുന്ന വെളിച്ചം, ഭയമകറ്റുന്ന ശക്തി, മരണത്തെ പരാജയപ്പെടുത്തുന്ന ജീവൻ, അതാണ് യേശു. ആ യേശുവിന്റെ ജനനവും പ്രത്യക്ഷീകരണവും പ്രകാശത്തിന്റെ തിരുനാളുകളായി നാം ഇന്ന് ആഘോഷിക്കുന്നു.

ക്രിസ്മസ് പ്രകാശത്തിന്റെ ആഘോഷമാണല്ലോ. രാത്രി ഏറ്റം കനത്ത ഡിസംബർ 21–നുശേഷം പ്രകാശം കൂടുതൽ കൂടുതൽ ശക്തിയാർജിച്ചുവരുന്നു. അങ്ങനെ അജയ്യസൂര്യന്റെ ജന്മദിനമായി ആഘോഷിച്ചിരുന്ന ഒരുത്സവം ലോകത്തിന്റെ പ്രകാശമായ യേശുവിന്റെ ജന്മദിനമായി ആചരിക്കുന്നു. അതിനാൽത്തന്നെ ധാരാളം വിളക്കുകൾ തെളിക്കുക, പ്രകാശം പ്രസരിപ്പിക്കുക ഈ തിരുനാൾ ആചരണത്തിന്റെ ഒരു സവിശേഷതയായി. പള്ളികളിലും പുൽക്കൂടുകളിലും മാത്രമല്ല, വീടുകളിലും വഴികളിലും പൊതുസ്ഥലങ്ങളിലും എല്ലാം ധാരാളം ദീപാലങ്കാരങ്ങൾ നടത്തി പ്രകാശത്തിന്റെ ഉത്സവമായി ക്രിസ്മസ് ആഘോഷിക്കുന്നു; ക്രിസ്ത്യാനികൾ മാത്രമല്ല, ജാതിമതഭേദമെന്നിയേ മിക്കവാറും എല്ലാവരും തന്നെ.

ഏതാണ്ട് ഇതുപോലെ തന്നെയാണ് ദനഹാത്തിരുനാളിന്റെ കാര്യത്തിലും സംഭവിക്കുക. "പ്രത്യക്ഷീകരണം" എന്നാണ് "*ദനഹാ*" എന്ന സുറിയാനി വാക്കിനർത്ഥം. "*എപ്പിഫനി*" എന്ന

ഗ്രീക്കുവാക്കിനും അർത്ഥം ഇതുതന്നെ. ദൈവപുത്രനും ലോക രക്ഷകനുമായി യേശു വെളിപ്പെടുത്തപ്പെട്ടതിന്റെ ആഘോഷമാണ് ഈ തിരുനാളിൽ നടക്കുന്നത്. എന്നാൽ യേശുവിന്റെ ജീവിത ത്തിലെ ഏതു സംഭവത്തെയാണിതു സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ പാശ്ചാത്യ-പൗരസ്ത്യസഭകൾ തമ്മിൽ അഭിപ്രാ യവ്യത്യാസമുണ്ട്. പാശ്ചാത്യസഭയിൽ, കിഴക്കുനിന്നുവന്ന ജ്ഞാ നികളുടെ സന്ദർശനമാണ് എപ്പിഫനി തിരുനാളിൽ അനുസ്മരി ക്കുന്നത്; പൗരസ്ത്യ സഭകളിലാകട്ടെ മാമ്മോദീസായുടെ വേള യിൽ യേശുവിനെ ദൈവപുത്രനായി പിതാവുതന്നെ പ്രഘോ ഷിച്ചതിന്റെയും.

ഈ തിരുനാളുമായി ബന്ധപ്പെട്ട് തിരി തെളിക്കൽ എന്നൊരു ചടങ്ങ് കേരളത്തിന്റെ ചില ഭാഗങ്ങളിൽ നിലനില്ക്കുന്നുണ്ട്. “പിണ്ടി കുത്തിപ്പെരുന്നാൾ” എന്നും “പിണ്ടിപ്പെരുന്നാൾ” എന്നും ഇത് അറിയപ്പെടുന്നു. തികച്ചും കേരളീയ ശൈലിയിൽ, വാഴപ്പി ണ്ടിയിൽ പന്തങ്ങൾ കുത്തിനിർത്തി, അതിനുചുറ്റും നൃത്തം ചെയ്യുന്ന ഒരു പതിവുമുണ്ട്. നൃത്തച്ചുവടുകൾക്കൊത്ത് “*ഏൽപയ്യാ*” എന്ന് താളത്തിൽ പാടുകയും ചെയ്യുന്നു. “ദൈവം പ്രകാശമാകുന്നു” എന്നാണീ വാക്കുകൾക്ക് അർത്ഥം. അങ്ങനെ യേശുവിനെ ലോകത്തിന്റെ പ്രകാശമായി, അന്ധകാരമകറ്റുന്ന രക്ഷകനായി ഏറ്റു പറയുന്നു.

## അസ്തമിക്കാത്ത പ്രകാശം

രാവും പകലും, അന്ധകാരവും പ്രകാശവും മാറിമാറി വരുന്ന ഈ അവസ്ഥയ്ക്കു മാറ്റം വരും എന്ന് ബൈബിൾ പഠിപ്പിക്കു ന്നുണ്ട്, തിന്മയുടെ പ്രതീകമായ അന്ധകാരം എന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെടുന്ന ഒരു യുഗാന്തദർശനമാണ് ബൈബി ളിന്റെ ആത്യന്തികമായ പ്രബോധനം. “*പ്രഭാതം പൊട്ടിവിടരു കയും പ്രഭാതനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്ന പോലെ പ്രവാചകവചനങ്ങളെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്*” (2 പത്രോ 1, 19). ഒരിക്കലും അസ്തമിക്കാത്തതാണ് പത്രോസ് സൂചി പ്പിക്കുന്ന പ്രഭാതം. അതു ഹൃദയത്തിൽ പ്രകാശം പരത്തും, നിത്യമായ പ്രകാശം.

വെളിപാടുപുസ്തകമാണ് അസ്തമിക്കാത്ത പ്രകാശത്തെക്കു റിച്ച് ഏറ്റം വ്യക്തമായ സൂചന നല്കുന്നത്. പുസ്തകത്തിന്റെ

ആരംഭത്തിൽ യേശുവിന്റെ സഭയെ സ്വർണ്ണദീപപീഠങ്ങളായും യേശുവിനെ ഏഴു സ്വർണ്ണദീപപീഠങ്ങൾക്കു മേധ്യ നടക്കുന്നവനായും ചിത്രീകരിക്കുന്നതിലൂടെ (വെളി 1, 13-20) പ്രകാശമായ യേശു സഭയിൽ സദാ സന്നിഹിതനാണെന്നു സൂചിപ്പിച്ചു. വെളിച്ചവും അന്ധകാരവും തമ്മിൽ, നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നടക്കുന്ന ഒരു യുദ്ധമായി രക്ഷാചരിത്രത്തെ അവതരിപ്പിക്കുന്ന വെളിപാടു ഗ്രന്ഥകാരൻ, ഈ സംഘട്ടനങ്ങളുടെ അവസാനം സംജാതമാകുന്ന പുതിയ ആകാശവും പുതിയ ഭൂമിയും വർണ്ണിക്കുമ്പോഴാണ് നിത്യമായ പ്രകാശത്തെക്കുറിച്ചു സൂചിപ്പിക്കുന്നത്.

സ്വർഗ്ഗം, സ്വർഗ്ഗീയ ജറുസലെം, പുതിയ ജറുസലെം എന്നെല്ലാം വിശേഷിപ്പിക്കുന്ന, ദൈവം മനുഷ്യനോടൊത്തു വസിക്കുന്ന "*നഗരത്തിനു പ്രകാശം നല്കാൻ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമുണ്ടായിരുന്നില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു. അതിന്റെ ദീപം കുഞ്ഞാടാണ്. അതിന്റെ പ്രകാശത്തിൽ ജനതകൾ സഞ്ചരിക്കും*" (വെളി 21, 23-24). വിശപ്പും ദാഹവുമില്ലാത്ത, നിലവിളിയും കണ്ണീരുമില്ലാത്ത, മരണവും വേർപാടുമില്ലാത്ത നിത്യജീവൻ, ദുഃഖത്തിന്റെ കലർപ്പില്ലാത്ത ശാശ്വതസന്തോഷം, സമാധാനം ഒരിക്കലും അസ്തമിക്കാത്ത പകൽ. ദൈവം തന്നെ ദൈവാലയം, ദൈവം തന്നെ സ്വർഗ്ഗം, ദൈവം തന്നെ മനുഷ്യനു വസിക്കാൻ കൂടാരം, ദൈവം തന്നെ നിത്യപ്രകാശം, സനാതന സൗഭാഗ്യം; ഇതാണ് ബൈബിൾ വരച്ചുകാട്ടുന്ന രക്ഷാചരിത്രത്തിന്റെ ലക്ഷ്യം. ഇതു സാക്ഷാൽകൃതമാകുന്നതുവരെ പ്രകാശവും അന്ധകാരവും തമ്മിലുള്ള സംഘട്ടനം തുടർന്നുകൊണ്ടേയിരിക്കും.

**ഉപസംഹാരം**

മുഖ്യമായും ഹൈന്ദവരും അതോടൊപ്പം സിക്ക്, ജൈന, ബുദ്ധമതസ്ഥരും ആഘോഷിക്കുന്ന പ്രകാശത്തിന്റെ ഉത്സവമാണ് ദീപാവലി. കാർഷികജീവിതവും കാലത്തിന്റെ അവസ്ഥയുമായി ബന്ധപ്പെട്ട് രൂപം കൊണ്ട ഈ ഉത്സവം കാലക്രമത്തിൽ പുതിയ അർത്ഥമാനങ്ങൾ കൈകൊണ്ടു. അനുദിന ജീവിതാനുഭവങ്ങളുടെ ആഴങ്ങൾ തേടിപ്പോയ മനുഷ്യർ പുരാണകഥകളിലൂടെ ആ അനുഭവങ്ങളുടെ വിവിധങ്ങളായ അർത്ഥതലങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചു. ചരിത്രസംഭവങ്ങളായി അംഗീകരിക്കാനാവില്ലെങ്കിലും

പുരാണകഥകൾ ജീവിതത്തിന് ഉപകാരപ്രദവും പ്രചോദനകര വുമായ ഉൾക്കാഴ്ചകൾ നല്കുന്നു.

എന്നും നാം കാണുന്നതാണ് പകലും രാത്രിയും, ഇരുളും വെളിച്ചവും മാറിമാറി വരുന്നത്. ചിലപ്പോൾ പകലിനായിരിക്കും കൂടുതൽ ദൈർഘ്യം, ചിലപ്പോൾ രാത്രിക്കും. രാവും പകലും തമ്മിൽ, ഇരുളും വെളിച്ചവും തമ്മിൽ, നന്മയും തിന്മയും തമ്മിൽ നിരന്തരം നടക്കുന്ന പോരാട്ടമായി ഇതിനെ പുരാണങ്ങളുടെ ഭാഷയിൽ ചിത്രീകരിക്കുന്നു, വ്യാഖ്യാനിക്കുന്നു. പ്രകാശം അന്ധ കാരത്തിനുമേൽ വിജയം വരിക്കുന്നതിന്റെ അനുസ്മരണവും ആഘോഷവുമായി ദീപാവലി പ്രത്യക്ഷപ്പെടുന്നു. പുരാണകഥ കളെ, ചില ആത്യന്തിക സത്യങ്ങൾ വ്യാഖ്യാനിക്കാൻ കണ്ടുപി ടിച്ച കഥകൾ മാത്രമായി പരിഗണിക്കുമ്പോൾ, ദീപാവലി ആഘോ ഷം ഇതരമതസ്ഥർക്കെന്നതുപോലെ ക്രൈസ്തവർക്കും സ്വീകാ ര്യമാണെന്നതിൽ തർക്കത്തിനു കാരണമില്ല.

ബൈബിൾ തന്നെ ഈ സത്യം വിവിധങ്ങളായ പ്രതീകങ്ങ ളിലൂടെ അവതരിപ്പിക്കുന്നുണ്ട്; ആഘോഷിക്കുന്നുമുണ്ട്. മരുഭൂ മിയിൽ വഴികാട്ടിയ ദീപസ്തംഭവും, സമാഗമകൂടാരത്തിലും ദേവാ ലയത്തിലും നിറഞ്ഞുനിന്ന പ്രകാശപൂർണ്ണമായ മേഘവും എല്ലാം ദൈവിക സാന്നിധ്യത്തിന്റെ പ്രതീകങ്ങളായി. ഏഴു ദീപശിഖ കൾ വഹിക്കുന്ന മെനോറായും ദൈവിക സാന്നിധ്യത്തിന്റെ അട യാളമായി. സുക്കോത്ത് എന്നറിയപ്പെടുന്ന കൂടാരത്തിരുനാളും ഹനുക്കാ എന്നറിയപ്പെടുന്ന പ്രതിഷ്ഠാതിരുനാളും പ്രകാശ ത്തിന്റെ ആഘോഷങ്ങളായി. രക്ഷാചരിത്രത്തിന്റെ പൂർത്തീകര ണമാകുമ്പോൾ ദൈവപുത്രൻ തന്നെ ലോകത്തിന്റെ പ്രകാശ മായി അവതരിക്കുന്നു. അവന്റെ ജനനവും പുനരുത്ഥാനവും അന്ധകാരത്തിന്മേൽ പ്രകാശം നേടുന്ന ആന്ത്യന്തിക വിജയമു ഹൂർത്തങ്ങളാകുന്നു; ക്രിസ്മസും ദനഹായും ഉയിർപ്പുതിരുനാളും എല്ലാം പ്രകാശത്തിന്റെ ആഘോഷാവസരങ്ങളും.

ഇങ്ങനെ നോക്കുമ്പോൾ ദീപാവലിയും ക്രിസ്മസും ദന ഹായും സമാനമായ സത്യത്തിനു സാക്ഷ്യം വഹിക്കുന്ന തിരു നാളുകൾ, ഉത്സവദിനങ്ങളായി കാണാൻ കഴിയും. അന്ധകാര ത്തിനുമേൽ പ്രകാശം വിജയം നേടുന്നതിന്റെ ഈ അനുസ്മര ണവും ആഘോഷങ്ങളും ഏതാനും തിരികൾ അഥവാ ബൾബു കൾ തെളിക്കുകയും വിരുന്നാഘോഷിക്കുകയും ചെയ്യുന്നതിൽ

ഒതുങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. ദീപാവലി ആഘോഷിക്കുമ്പോഴും അന്ധകാരശക്തികൾ കൂടുതൽ ഭീകരമായി വളർന്നുവരുന്നത് കാണാതെ പോകരുത്.

പ്രകാശത്തിന്റെ ആഘോഷം വ്യക്തമായൊരു പക്ഷംചേരലിനു പ്രേരിപ്പിക്കണം. സമൂഹജീവിതത്തിന്റെ എല്ലാ തലങ്ങളിലും പെരുകി വരുന്ന അക്രമവും അനീതിയും, സകല വിലങ്ങുകളും വിലക്കുകളും തകർത്ത് സംഹാരതാണ്ഡവമാടുന്ന ആസക്തികളും അന്ധകാരത്തിന്റെ വിവിധാവതാരങ്ങളായി കാണണം. അതിനെതിരേ ശക്തമായൊരു ചെറുത്തുനില്പിന് ദീപാവലി ഉത്സവം ആഹ്വാനം ചെയ്യുന്നതായി തിരിച്ചറിയണം.

ഉത്സവങ്ങൾ ആഘോഷങ്ങളുടെ അവസരങ്ങളാണ്. അതേസമയം ചില ബോധ്യങ്ങളുടെയും നിലപാടുകളുടെയും പ്രകടനങ്ങളും ആകണം. "*ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും*" (യോഹ 8, 12) എന്ന യേശുവചനം ദീപാവലിയുടെ അർത്ഥവും ആഴവും ക്രൈസ്തവ കാഴ്ചപ്പാടിൽ വ്യഖ്യാനിക്കാൻ സഹായിക്കുന്നു.

ദീപാവലി പ്രത്യാശയുടെ ഉത്സവമാണ്. അന്ധകാരം എത്ര ശക്തമാണെങ്കിലും പ്രകാശം അതിനേക്കാൾ ശക്തമാണെന്നും ആത്യന്തിക വിജയം ഇരുട്ടി നല്ല, വെളിച്ചത്തിനായിരിക്കും എന്നും ഉറക്കെ പ്രഘോഷിക്കുന്ന ഉത്സവം. "തമസോമാ ജ്യോതിർഗമയാ" എന്ന പ്രാർത്ഥനയ്ക്ക് യേശുക്രിസ്തുവിലൂടെ ദൈവം ഉത്തരം നല്കുന്നതിന്റെ ഓർമ്മയും ആഘോഷവുമായി ഈ ഉത്സവത്തെ സകലർക്കും കാണാൻ കഴിയും. അത് ഒരിക്കലും അസ്തമിക്കാത്ത പ്രത്യാശ നല്കും; ഒരിക്കലും തോറ്റുപിന്മാറാത്ത പ്രതിബദ്ധതയും.